# SCP റീഡർ

ഡൈ്വറ്റ് സ്മിത്ത്

# വിഷയാനുക്രമം

**അദ്ധ്യായം 1 – പേജ് 3**

നിങ്ങൾ നിങ്ങളുടെ രാജ്യത്തിന്റെ ചരിത്രം രചിക്കുകയാണ്

**അദ്ധ്യായം 2 – പേജ് 9**

എന്തു ചെയ്യുവാനാണ് ദൈവം നമ്മോട് ആവശ്യപ്പെടുന്നത്

**അദ്ധ്യായം 3 – പേജ് 17**

എന്തിനുവേണ്ടിയാണ് സഭ നിലനിൽക്കുന്നത്?

**അദ്ധ്യായം 4 – പേജ് 26**

സഭയ്ക്ക് ദൈവം നേതൃത്വത്തെ നൽകിയത് എന്തിനാണ്?

**അദ്ധ്യായം 5 – പേജ് 47**

സഭ അതിന്റെ വിജയത്തെ എങ്ങനെ നിർവ്വചിക്കും?

**അദ്ധ്യായം 6 – പേജ് 61**

നിങ്ങളുടെ ഗ്രാമത്തിലെയും പട്ടണത്തിലെയും ഓരോ സ്ത്രീപുരുഷന്മാരി
ലേക്കും, കുട്ടികളിലേക്കും എത്തിച്ചേരുന്നു

**അദ്ധ്യായം 7 – 74**

പുതിയ വിശ്വാസികളെ വിശ്വാസജീവിതത്തിലേക്കും സഭയുടെ ഉദ്ദേശ്യത്തിലേക്കും സമന്വയിപ്പിക്കുന്നു

**അദ്ധ്യായം 8 – 100**

പുതിയ സഭകൾ സ്ഥാപിക്കുന്നു

**അദ്ധ്യായം 9 – 112**

മറ്റു സഭകളെ അനുഗ്രഹിക്കുന്നു

**അദ്ധ്യാം 10 – 115**

ലോകത്തിലേക്ക് മിഷണറിമാരെ അയയ്ക്കുന്നു

**അദ്ധ്യായം 11 – 122**

ഇന്ന് അവസരത്തിന്റെ ദിനമാണ്

## അദ്ധ്യായം 1

## നിങ്ങൾ നിങ്ങളുടെ രാജ്യത്തിന്റെ ചരിത്രം രചിക്കുകയാണ്

''ദൈവം ചെയ്തിരിക്കുന്നത് നോക്കൂ'' എന്ന് പറയത്തക്കവണ്ണമുള്ള കാര്യങ്ങൾ ഓരോ തലമുറകൾക്കും ഉണ്ടാകും. തന്റെ ജനത്തിനു വേണ്ടി ചെറുതും വലുതുമായ അത്ഭുതങ്ങൾ ചെയ്ത് തന്റെ സുവിശേഷത്തെ തെളിയിക്കുന്നവനാണ് ദൈവം. സകലരിലേക്കും സുവിശേഷം എത്തിക്കേണമെന്നുള്ള അവന്റെ കല്പനയുടെ നിബന്ധന വച്ചുനോക്കിയാൽ ഇന്നുവരെ ഒരു തലമുറയും ആ നിലയിലേക്ക് കടന്നിട്ടില്ല. നവോത്ഥാനത്തിന്റെ ചുവടുപിടിച്ച് ധാരാളം വേർപാടു സംഘടനകൾ രൂപം പ്രാപിക്കുന്ന പുതുതരംഗം തന്നെ ഉണ്ടായി. 18-ാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ ഏകദേശം 1900 നോടടുത്ത്, പാശ്ചാത്യരായ, പ്രത്യേകിച്ച് ബ്രീട്ടീഷുകാർ ആണ് ഈ ഗതിയെ നയിച്ചത്. 1800 മുതൽ 1900 ന്റെ അവസാനപാദത്തിൽ വരെ തുടർന്ന ഈ ചലനം അമേരിക്കൻ മിഷണറിമാരുടെ ഉദയം വരെ തുടർന്നു. എണ്ണമനുസരിച്ച് നോക്കിയാൽ സഭ കണ്ട ഏറ്റവും വലിയ തോതിലുള്ള ദൗത്യസംഘങ്ങളെ അയയ്ക്കുവാൻ WWII പ്രചോദിപ്പിക്കപ്പെട്ടു.

20-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടുകൂടി വളരെ ആഴത്തിൽ വ്യത്യസ്തമായ ആത്മപ്രവർത്തി ഉളവായി. അനേകം രാജ്യങ്ങളിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സുവിശേഷസന്ദേശവുമായി ധാരാളം മിഷണറിമാർ യാത്രതിരിച്ചു. അവരിലാരും തന്നെ പടിഞ്ഞാറൻ രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നില്ല. ഇതിലൂടെ ലോകത്തിലുള്ള ക്രൈസ്തവസഭ അവരുടെ ഇടയിലുള്ള പാശ്ചാത്യ പ്രവണതകളെ വേരോടെ പുറന്തള്ളുകയായിരുന്നു. 1900 വർഷങ്ങളായി കാണാതിരുന്ന സഭയുടെ മുഴു അർത്ഥവും പൂർണ്ണതയും ആഗോളവ്യാപകമായി ദശലക്ഷക്കണക്കിന് ക്രിസ്തീയ വിശ്വാസികൾ വെളിപ്പെടുത്തുകയായിരുന്നു. ഇന്ന് സഭ അതിന്റെ ശക്തിയോടും സ്ഥിരതയോടും കൂടെ ലോകമെമ്പാടും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. യേശുക്രിസ്തുവിന്റെ സഭ എന്നത് എല്ലാ ഗോത്രവും, എല്ലാ ഭാഷയും, എല്ലാ രാജ്യങ്ങളും കൂടിയതാണ്.

ഈ അനുഗ്രഹിക്കപ്പെട്ട കാലയളവിലാണ് ഉക്രെയ്നിയൻ സഭപോലെ അനേകം സഭകൾ സ്ഥാപിക്കപ്പെട്ടത്. കഴിഞ്ഞ ചില പതിറ്റാണ്ടുകളായി ഉക്രെയ്ൻ സഭയിലും സഭ മുഖാന്തരവും സുവിശേഷത്തിന്റെ ശക്തിയും സ്ഥിരതയും വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. 1990 കൾക്ക് ശേഷം എണ്ണത്തിൽ 1000 മാത്രമുണ്ടായിരുന്ന സഭകൾ ഇന്ന് 13,000 ത്തിലധികമായി പെരുകി. 1989 ൽ പതിനായിരത്തോളം വരുന്ന ക്രൈസ്തവാനുയായികൾ മാത്രമാണുണ്ടായിരുന്നതെങ്കിൽ ഇന്ന് അത് പത്ത് ലക്ഷത്തോളം വരുന്ന വിശ്വാസികളായി വർദ്ധിച്ചു. അതുപോലെ നൂറുകണക്കിന് എന്നതിൽ നിന്ന് ആയിരക്കണക്കിന് മിഷണറിമാരെ ലോകത്തിന്റെ വിവിധയിടങ്ങളിലേക്ക് അയയ്ക്കുന്ന സഭയായി ഇത് മാറി. 21-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ വിവിധ സംഘടനകൾ ഒരുമിച്ചുകൂടി രണ്ട് ചോദ്യങ്ങൾ അവർ ഉന്നയിച്ചു. ഒന്ന്, ഉക്രെയിന് വേണ്ടി ദൈവം എന്താണ് ആഗ്രഹിക്കുന്നത്? രണ്ട്, ഈ ജനതയിൽ ദൈവം ആഗ്രഹിക്കുന്നതെന്തും ചെയ്യുമ്പോൾ അത് എപ്രകാരമുള്ളതായിരിക്കും?

ഉക്രെയ്നിലുള്ള ഓരോ സ്ത്രീപുരുഷന്മാരും ഓരോ കുട്ടിയും തുടർമാനമായി ദൈവത്തോടു നിരപ്പു പ്രാപിക്കുന്നത് കാണുവാനാണ് ദൈവം ആഗ്രഹിക്കുന്നത് എന്ന് അവർ ഒരുമിച്ചുകൂടി ഈ കാര്യത്തിന് തീർപ്പു കണ്ടെത്തി. ഇത് പരിശോധിച്ച് ഉറപ്പാക്കുവാനായി അവർ രണ്ട് കാര്യങ്ങളിൽ ദൈവത്തിൽ വിശ്വാസം അർപ്പിച്ചു. ഒന്നാമതായി, ഉക്രെയിനിൽ 28,000 സഭകൾ സ്ഥാപിച്ച് കാണേണം.

അല്ലെങ്കിൽ, ഒരോ ഗ്രാമത്തിലും അതിന്റെ അയൽപക്കങ്ങളിലുള്ള ഒരോ പട്ടണങ്ങളിലും ഒരോ സഭ വീതം സ്ഥാപിക്കപ്പെടണം. രണ്ടാമതായി, 10,000 മിഷണറിമാരെ അയച്ചുകൊണ്ട് ലോകസുവിശേഷീകരണത്തിന് ചുമൽ കൊടുക്കേണം.

ക്രിസ്തുവിന്റെ ശരീരത്തിന് ഈ ദർശനം ഒരു പുതുമയല്ല. എന്റെ ജീവിതയാത്രയിൽ ഈ അനുഭവങ്ങൾ പല അവസരങ്ങളിലും കണ്ടിട്ടുണ്ട്. കഴിഞ്ഞ മുപ്പത് വർഷങ്ങളിലായി ഫിലിപ്പയിൻസ്, ഇന്ത്യ, ഗ്വാട്ടിമല തുടങ്ങിയ മറ്റ് ദേശീയ സഭകൾ എല്ലാം തന്നെ ഇതേ ദർശനം ഏറ്റെടുത്തിട്ടുണ്ട്. തങ്ങളുടെ ജീവിതകാലത്തുതന്നെ തങ്ങളുടെ മുഴു ദേശത്തിലും സുവിശേഷം എത്തിക്കേണമെന്ന് ദൈവം ആവശ്യപ്പെട്ടതായി 1974 ൽ ഫിലിപ്പിയൻസിലെ സഭകൾ മനസ്സിലാക്കി! ആ കാലത്ത് ഏകദേശം നാലായിരം സഭകൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. 2000-ാം ആണ്ട് ആകുമ്പോഴേക്കും തങ്ങളുടെ ദേശത്ത് 50,000 സഭകൾ എങ്കിലും യേശുവിന്റെ സുവിശേഷം അറിയിക്കുവാനായി ആവശ്യമുണ്ടെന്നുള്ളത് അവർ തിരിച്ചറിഞ്ഞ് അതിനായി പ്രവർത്തിച്ചു എന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. വിശ്വാസത്താൽ അവരുടെ ആ ദർശനം പ്രഖ്യാപിച്ചുകൊണ്ട് ചില പതിറ്റാണ്ടുകൾ നീണ്ട കഠിന പ്രവർത്തനത്തിലൂടെ 2000-ാം ആണ്ടിൽ 50,000 സഭകൾ എന്ന ഫിലിപ്പിയൻ സഭയുടെ ദർശനം പൂർത്തീകരിച്ചു. ഈ ലക്ഷ്യം പൂർത്തീകരിക്കുവാനായി ദൈവം തന്റെ ശക്തിയെ അവർക്കായി പകർന്നു നൽകിയതിന് ദൈവത്തെ സ്തുതിക്കുന്നു.

1980 കളുടെ മദ്ധ്യകാലഘട്ടങ്ങളിൽ, 150,000 ത്തിൽ അധികം സഭകൾ ഭാരതത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഉക്രെയിനിലെ സഭാ നേതാക്കന്മാർ ചോദിച്ച അതേ രണ്ട് ചോദ്യങ്ങൾ തന്നെ ഭാരതത്തിലെ സഭാ നേതാക്കന്മാരും ചോദിച്ചു. ഭാരതത്തിലെ സഭയുടെ ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം വളരെ വ്യക്തമായിരുന്നു. ഭാരതത്തെ മുഴുവനും സുവിശേഷീകരണത്തിലേക്ക് നയിക്കേണ്ടതിന് പത്തു ലക്ഷം സഭകളെങ്കിലും സ്ഥാപിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ ഇരുപതു വർഷങ്ങൾക്കിടയ്ക്ക് നാലു ലക്ഷം സഭകൾ സ്ഥാപിക്കുകയും, ഒരു ലക്ഷത്തി അമ്പതിനായിരം സുവിശേഷകന്മാരെയും സഭാ സ്ഥാപകരെയും വാർത്തെടുക്കുകയും ചെയ്തു. ചില കണക്കുകളിൻ പ്രകാരം 25,000 പേരിൽനിന്ന് ഏകദേശം 150 ദശലക്ഷം വിശ്വാസികൾ ഉള്ള സഭയായി ഭാരതത്തിലെ സഭ വളർന്നു എന്ന് കണക്കാക്കുന്നു. തങ്ങളുടെ രാജ്യം ക്രിസ്തുവിന്റെ ശിഷ്യരാകുന്നത് കാണുവാനുള്ള ആഗ്രഹത്തോടെ ഇവരെല്ലാം ആയിരിക്കുന്നു.

ഈ സഭകൾ നമ്മെ പഠിപ്പിക്കുന്ന ചില തത്ത്വങ്ങൾ എന്തൊക്കെയാണ്? ഏറ്റവും കുറഞ്ഞത് നാല് കാര്യങ്ങൾ ഉണ്ട്. ഒന്ന്, ദൈവം പ്രവർത്തിക്കുമ്പോൾ തദ്ദേശീയരായ ജനത്തിലൂടെയാണ് പ്രവർത്തിക്കുന്നത്. നാം മനസ്സിലാക്കിയ ഇക്കാര്യം പ്രധാനമായും മറ്റു സംസ്ക്കാരങ്ങളിൽ പ്രവർത്തിക്കുന്ന മിഷണറിമാരെ ഉദ്ദേശിച്ചാണ്. എല്ലാ നിലയിലും വച്ച് ദൈവം തന്റെ സഭയിലൂടെ ചെയ്തെടുക്കുന്ന പ്രവർത്തിയിൽ ഏറ്റവും പ്രധാനപ്പെട്ട വഴിയാണിത്. എല്ലാ ഗ്രാമങ്ങളിലും പട്ടണങ്ങളിലും അതിന്റെ പ്രാന്തപ്രദേശങ്ങളിലും യേശു തങ്ങളിൽ ജീവിക്കുന്നു എന്ന് മറ്റുള്ളവർ കാണത്തക്കവണ്ണം ക്രിസ്തുവിന്റെ ക്രൂശു മുഖാന്തരം രൂപാന്തരം പ്രാപിച്ച സാധാരണ ജനങ്ങളുടെ സാന്നിദ്ധ്യം ആവശ്യമുണ്ട്. എല്ലാ ജോലിസ്ഥലത്തും എല്ലാ തെരുവുകളിലും എല്ലാ അവധിക്കാല വിനോദസ്ഥലങ്ങളിലും ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തി വെളിപ്പെട്ട അവന്റെ അനുയായികളുടെ സാന്നിദ്ധ്യം ആവശ്യമാണ്. ഇവർ എല്ലാവരും തങ്ങൾക്ക് ലഭിച്ച അതുല്യമായ കൃപയുടെ സാക്ഷ്യങ്ങൾ പറയണം (എഫെസ്യർ 3:10-11). ഇവർ എല്ലാവരും ഉയർത്തെഴുന്നേറ്റ യേശുവിനെക്കുറിച്ചും ആ സുവിശേഷത്താൽ അവർ പ്രാപിച്ച രൂപാന്തരത്തെക്കുറിച്ചും പറയേണം. ഇപ്രകാരം, ദൈവം തന്റെ പുത്രനിലൂടെ വെളി

പ്പെടുത്തപ്പെടുത്തിയ കണ്ടതും, തൊട്ടതും, കേട്ടതുമായ നിരപ്പിന്റെ സന്ദേശം എല്ലാ തുറകളിലുമുള്ള മാനുഷിക ബന്ധങ്ങളിലേക്ക് പകരും. സ്വർഗ്ഗീയ പിതാവിനോടും അവന്റെ വചനത്തോടുമുള്ള തികഞ്ഞുവരുന്ന അനുസരണത്താൽ കല്ലറ തികച്ചും ശൂന്യമാക്കപ്പെട്ടിരിക്കുന്നു എന്നുള്ള സുവിശേഷസത്യത്തിന്റെ മൂർത്തീകരണം നമ്മിലൂടെ വെളിപ്പെടുത്തപ്പെടുന്നു.

രണ്ടാമത്, ദൈവം പ്രവർത്തിക്കുമ്പോൾ സഭയുടെ മഹനീയമായ ഐക്യതയുടെ മദ്ധ്യത്തിൽ പ്രവർത്തിക്കുന്നു. ഏതു ദേശമായാലും സഭയുടെ തനിമയെ ശിഥിലമാക്കുവാൻ കഴിയുന്ന ധാരാളം കാര്യങ്ങളുണ്ടാകാം. എന്നാൽ, ആഴമേറിയതും നിത്യവുമായ യാഥാർത്ഥ്യങ്ങൾ അവരെ ഐകമത്യപ്പെടുത്തുന്നതാണെന്ന് അവർ മനസ്സിലാക്കിയിരിക്കുന്നതുകൊണ്ട് യേശുവിന്റെ സുവിശേഷത്താൽ തങ്ങളുടെ രാജ്യത്തെ ഏറെക്കുറെ പൂർണ്ണമായും അവർ ശിഷ്യരാക്കുന്നു. സംഘടനകളുടെ വൈവിധ്യം അങ്ങനെതന്നെ തുടരുന്നുമുണ്ട്. പക്ഷേ ഐക്യത ഉരുത്തിരിയുന്നത്, ദൈവത്തിന്റെ കല്പനയ്ക്കനുസാരമായി ക്രിസ്തുവിന്റെ സഭയ്ക്കുവേണ്ടി നാം ഇനിയും എന്താണ് ചെയ്യേണ്ടത് എന്ന് തിരിച്ചറിയുമ്പോഴാണ്. അതിലൂടെ മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റുവാൻ കഴിയും. ഉക്രെയ്നിലും ഇത് കുറവൊന്നുമല്ലായിരുന്നു. അവിടെ പത്തുലക്ഷം വരുന്ന വേർപെട്ട വിശ്വാസികൾ ഉണ്ടെങ്കിൽ, ഇതിനർത്ഥം ഇതുവരെ 47,000,000 ഓളം ഉക്രെയിനിലെ ജനങ്ങൾ സ്വർഗ്ഗീയ പിതാവിനോടുള്ള നിരപ്പിന്റെ വാഗ്ദത്തത്തെ വേണ്ടവിധം മനസ്സിലാക്കി അതിനോടു പ്രതികരിച്ചിട്ടുണ്ട് എന്നുള്ളതാണ്. പ്രശ്നങ്ങളെ യാഥാർത്ഥ്യങ്ങളുമായി താരതമ്യം ചെയ്തു നോക്കുമ്പോൾ പ്രശ്നങ്ങൾക്ക് സ്ഥാനമില്ലാതാവുകയാണ്.

മൂന്നാമത്, ദൈവം പ്രവർത്തിക്കുമ്പോൾ ഉള്ള സഭകൾ വളരുന്നു എന്നതിനേക്കാൾ പുതിയ സഭകൾ പെരുകുന്നു എന്നുള്ളതാണ് ദൈവീക പ്രവർത്തി. അപ്പൊസ്തല പ്രവർത്തികളുടെ പുസ്തകത്തിൽ നിന്നും ഈ പാഠമാണ് നാം പഠിക്കുന്നത്. അതിൽ സഭാ സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠിപ്പിക്കുകയോ എങ്ങനെയാകണമെന്ന് വിശദീകരിക്കുകയോ ഒന്നും ചെയ്യുന്നില്ല, പക്ഷേ അത് ഊഹിച്ചെടുക്കാവുന്നതേയുള്ളൂ. റോമാ സാമ്രാജ്യത്തിനകത്ത് അപ്പൊസ്തലന്മാരാൽ സുവിശേഷം എത്തപ്പെടുകയും, സഭയിലെ സാധാരണ അംഗങ്ങളിലൂടെ അത് വ്യാപിക്കുകയും ചെയ്തപ്പോൾ സുവിശേഷത്തോട് ആളുകൾ പ്രതികരിക്കുവാൻ തുടങ്ങി. പ്രതികരിക്കുവാൻ തുടങ്ങിയ ആളുകൾ സമൂഹമായി കൂടി വന്നു. അതാണ് സഭ.

ഇതേ പാഠം തന്നെയാണ് ഫിലിപ്പയിൻസിൽ നിന്നും ഇന്ത്യയിൽ നിന്നും നമുക്ക് പഠിക്കുവാനുള്ളത്. ജനങ്ങൾ സുവിശേഷത്തോട് പ്രതികരിക്കുവാൻ തുടങ്ങിയതോടെ സുവിശേഷം അവരുടെ ഗ്രാമങ്ങളിലേക്ക് കടന്നുവരുവാൻ ആരംഭിച്ചു. ഇതു പലവഴികളിലൂടെയും സംഭവിക്കാവുന്നതാണ്. എന്നാൽ, ഭൂമിശാസ്ത്രപരമായി ഏറെ അടുത്ത ഗ്രാമത്തിലോ പട്ടണത്തിലോ ഉള്ള ആളുകളുമായി തദ്ദേശീയരായ ആളുകൾ, പ്രത്യേകിച്ചും സ്വന്തം ഗ്രാമത്തിലെ ആളുകളുമായി ഇടപഴകുമ്പോഴാണ് ഇത് ഏറെ ഫലവത്തായിത്തീരുന്നത്. ഇപ്രകാരം മറ്റുള്ളവർ സുവിശേഷം കേട്ടു എന്നതിനേക്കാൾ കണ്ടു എന്ന സ്ഥിതിവിശേഷത്തിലേക്ക് വരും. ഇങ്ങനെ സുവിശേഷം അവരുടെ സ്വന്തം ഭാഷയിലും സംസ്ക്കാരത്തിലും അനുഭവവേദ്യമാകുവാൻ ഇടയാകും. അതുതന്നെയായിരുന്നു ഫിലിപ്പയിൻസിലും ഇന്ത്യയിലും സംഭവിച്ചത്. യേശുവിന്റെ അനുഗാമികളായിരിക്കുന്ന കൂട്ടം അഥവാ സഭ ഏതു രാജ്യത്തുണ്ടോ, അവിടെയുള്ള ഓരോ പുരുഷന്റെയും സ്ത്രീയുടെയും കുട്ടിയുടെയും അടുക്കൽ സുവിശേഷം എത്തും. തീർച്ചയായും ചില സഭകൾ വളരെയധികമായി വളരെയധികമായി വളരും. എന്നാൽ ആ വളർച്ചയുടെ മഹത്വം അവർക്കു വേണ്ടിയിട്ടല്ല. അവർക്ക് എത്തിപ്പെടാൻ

പറ്റുന്ന ഗ്രാമങ്ങളിലും സമീപപ്രദേശങ്ങളിലും മറ്റ് ഇടങ്ങളിലും ഒക്കെ ദൈവാത്മാവിന്റെ കരങ്ങളിൽ ഉപയോഗിക്കപ്പെടുവാനുള്ള ഉപകരണങ്ങളും മാധ്യമങ്ങളും ആണ് അവരുടെ ആ വളർച്ചയിലൂടെ സംഭവിച്ചിരിക്കുന്നത്. ആ വളർച്ചയെ ദൈവം സുവിശേഷത്തിന്റെ പ്രഖ്യാപനത്തിനും സഭാസ്ഥാപനങ്ങൾക്കുമായി ഉപയോഗപ്പെടുത്തുന്നു.

നാലാമത്, ദൈവം പ്രവർത്തിക്കുമ്പോൾ തങ്ങളുടെ ദേശത്തിനുവേണ്ടി അവേശത്തോടെ പ്രാർത്ഥിക്കുന്ന ജനം മുഖാന്തരം പ്രവർത്തിക്കുന്നു. ഇത് അനുഗ്രഹങ്ങളാൽ നിറഞ്ഞിരിക്കുന്ന നിഗൂഢമായ ഒരു കാര്യമാണ്. ഞാൻ ചില ആളുകൾക്കും ചില സ്ഥലങ്ങൾക്കുമായി പ്രത്യേകമായി പ്രാർത്ഥിക്കുവാൻ സമർപ്പിച്ചപ്പോൾ ഞാൻ തന്നെ ദൈവത്താൽ എന്തോ ചെയ്യുന്നതിനായി ഉപയോഗിക്കപ്പെടുവാനുള്ള ഒരു ഉപാധിയായിത്തീരുന്നത് എനിക്ക് എന്റെ ഹൃദയത്തിൽ അനുഭവിക്കുവാൻ കഴിഞ്ഞു. എന്റെ ഹൃദയത്തിൽ മുമ്പെങ്ങുമില്ലാത്ത വിധത്തിലായിരുന്നു ആ അനുഭവം. ഉത്തരം ലഭിക്കേണം എന്ന് എന്റെ ഹൃദയം ആവശ്യപ്പെടുകയും നിർബന്ധിക്കുകയും ചെയ്യുന്നില്ല എങ്കിൽ എനിക്കറിയാവുന്ന മുഖങ്ങൾക്കും ആളുകൾക്കും വേണ്ടി എനിക്ക് പ്രാർത്ഥിക്കുവാൻ കഴിയില്ല. എന്നാൽ അതിനും അപ്പുറത്ത് ചിലത് സംഭവിച്ചു. സുവിശേഷത്തെ പ്രതി ആ പ്രദേശത്തെ ആളുകളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കേണം എന്ന ആഗ്രഹത്തോടെ ഞാൻ പ്രാർത്ഥിച്ചപ്പോൾ ആളുകൾ സുവിശേഷത്തോട് മുമ്പത്തേതിലും അധികമായി പ്രതികരിക്കുന്നവരായി മാറി. ഞങ്ങൾ അതിന്റെ നിഗൂഢതയുമായി ഇന്നും ശേഷിക്കുന്നു. ഇത് എന്റെ പ്രാർത്ഥനയ്ക്കുള്ള ദൈവത്തിന്റെ മറുപടിയായിരുന്നുവോ, അതോ ആളുകൾ സുവിശേഷത്തെ മുമ്പ് കണ്ടതിനേക്കാൾ എന്നിലൂടെ ദർശിച്ചതായിരുന്നുവോ. അവരുടെ കണ്ണിനുമുമ്പിൽ സുവിശേഷം ശക്തിയായി അവതരിക്കുവാൻ കഴിഞ്ഞതിനാൽ അവർ സുവിശേഷത്തോട് അത്യധികമായി പ്രതിരിച്ചു. എന്റെ പ്രാർത്ഥനയുടെ മറുപടിയായി ദൈവം പ്രതികരിച്ച പ്രവർത്തിയാകുന്നു ഏറ്റവും വലിയ രഹസ്യം.

രാജ്യത്തോടുള്ള ദൈവത്തിന്റെ താൽപര്യം പോലെ ദൈവത്തിന്റെ ആത്മാവ് ആസൂത്രണം ചെയ്ത ഒരു ശക്തമായ ഉപകരണമാണ് ഇതുപോലെയുള്ള പ്രാർത്ഥന എന്ന വലിയ ചാലകശക്തി. തദ്ദേശത്തുള്ളതോ സമീപപ്രദേശങ്ങളിലുള്ളതോ ആയ സഭമുഖാന്തരം ഇതുപോലെയുള്ള പ്രാർത്ഥന ഉളവായാൽ അതിന്റെ ശക്തി ഗ്രാമങ്ങളിലേക്കും സമീപപ്രദേശങ്ങളിലേക്കും ഇറങ്ങിച്ചെല്ലുവാൻ തുടങ്ങും. പ്രദേശങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനേക്കാൾ വ്യക്തികളെയും കുടുംബങ്ങളെയും കേന്ദ്രീകരിച്ചു പ്രാർത്ഥിക്കുകയും കരുതുകയുമാണ് വേണ്ടത്. ഇത്തരത്തിലുള്ള പ്രാർത്ഥന ഉയരുമ്പോൾ സഭയ്ക്കകത്തു തന്നെ ഐക്യത രൂപപ്പെട്ടുവരും. കാരണം ദേശത്തിലെ ജനത്തിന് യേശുവിലൂടെ നമ്മുടെ പിതാവായ ദൈവത്തോടു നിരപ്പു പ്രാപിക്കേണ്ടുന്നതിന്റെ ഏറ്റവും വലിയ ആവശ്യകതയുടെ മുമ്പാകെ, നമ്മുട ഇടയിലുള്ള വിഭാഗീയതയ്ക്ക് സ്ഥാനമില്ല എന്നതു തന്നെ.

നമ്മുടെ ഇന്നത്തെ ലോകത്തിൽ ദൈവം തന്റെ പരമാധികാരത്തിൽ ചെയ്തിരിക്കുന്ന പ്രവർത്തിയിലൂടെ ചില സാഹചര്യങ്ങൾ ഒരുങ്ങിവന്നിരിക്കുന്നു. വളരെ ചരിത്രപശ്ചാത്തലങ്ങളുള്ള ചില സംഘടനകൾ തിരിച്ചറിഞ്ഞിരിക്കുന്ന ഒരു കാര്യമാണ്, തമ്മിൽ തമ്മിൽ സഹകരണം സംജാതമാകേണ്ടത് ഏറെ ആവശ്യമാണെന്നുള്ളത്. അതുപോലെ തന്നെ മറ്റുള്ള എല്ലാ സംഘടനകളും ഒരുമിച്ചു നിന്ന് ദൈവാത്മാവിന്റെ കരങ്ങളിൽ ഉപയോഗിക്കപ്പെടുന്ന നല്ല ഉപകരണങ്ങളായി രാജ്യത്തെ മുഴുവനുമായും നേടേണം എന്ന ചിന്തയും വളരെ പ്രകടമാണ്. ഇത്തരത്തിലുള്ള ഐക്യതയിൽ ഉയരുന്ന അഭ്യർത്ഥനകൾ വളരെ നിസ്സാരമായ കാര്യങ്ങളാണ്.

ഒന്ന്, നമ്മുടെ ഈ കാലയളവിൽത്തന്നെ, നാം ഒരുമിച്ചു ദൈവത്തെ വിശ്വസിക്കുവാൻ മനസ്സു വയ്ക്കുകയും രാജ്യത്തെ മുഴുവനും നേടത്തക്കവണ്ണം സഭ മുന്നേറുകയും വേണം. രണ്ട് പ്രധാനപ്പെട്ട യാഥാർത്ഥ്യങ്ങളെ ചരിത്രം വിശദീകരിക്കുന്നു. അതിൽ ഒന്നാമത്തേത്, നാം ചിന്തിക്കുന്നതിനേക്കാൾ സഭ ബൃഹത്തായതാണ്. ഞാൻ വിശ്വസിക്കുന്നതെന്താണോ അതുതന്നെ വിശ്വസിക്കുന്ന ആളുകളേക്കാളും അത് വലുതാണ്. തിരുവചനം വിശദീകരിച്ചു നൽകുന്നത് ഓർക്കേണ്ടതാണ്, എന്നാൽ ദൈവശാസ്ത്രം, അത് ദൈവനിശ്വാസീയമല്ല. ദൈവം എന്തു പറയുന്നുവോ, അതിൽ യാതൊരുവിധ പിഴവുകളുമില്ല. എന്നാൽ ദൈവത്തെക്കുറിച്ച് മനുഷ്യൻ എന്തെങ്കിലും പറഞ്ഞാൽ അതിൽ എല്ലായ്പ്പോഴും പിഴവുകൾ വരാവുന്നതാണ്.

രണ്ട്, ഒരുമയോടെ പ്രാർത്ഥിക്കുവാൻ എപ്പോഴും നാം സന്നദ്ധതയുള്ളവരാകണം. അപ്രകാരമുള്ള ഒരു പ്രാർത്ഥനാമുന്നേറ്റം ഒരിക്കലും നമ്മെ മാത്രം കേന്ദ്രീകരിക്കുന്നതായിരിക്കില്ല. മറിച്ച്, രാജ്യത്തിൽ നാം ചെയ്യുവാൻ മറന്നുപോയത് എന്താണോ അത് നാം ചെയ്യേണമെന്നതാണ് ദൈവഹിതം എന്ന് നാം മനസ്സിലാക്കുന്നു. മറ്റ് സഭകളുടെ മേലും സംഘടനകളുടെ മേലും ദൈവാനുഗ്രഹം വരേണ്ടതിന് പ്രാർത്ഥിക്കരുത് എന്നല്ല അതിനർത്ഥം. തീർച്ചയായും നാം അത് ചെയ്യേണ്ടതുമാകുന്നു. എന്നാൽ ഇതിന്റെ അർത്ഥം, ഇതിലെല്ലാറ്റിലുമുപരി ദൈവഹൃദയത്തോടു ചേർന്ന് നാം പ്രാർത്ഥിക്കുക എന്നതാണ്. ഓരോ പുരുഷനും സ്ത്രീയും ഓരോ കുഞ്ഞും ദൈവത്തിന്റെ നിരപ്പിനെക്കുറിച്ച് കേൾക്കുവാനും, സ്പർശിക്കുവാനും, അനുഭവിക്കുവാനും കഴിയേണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

നമുക്ക് ഒരുമിച്ചു പ്രാർത്ഥിക്കുവാനായി ധാരാളം വഴികളുണ്ട്. നാം വസിക്കുന്ന പ്രദേശത്തുള്ള അടുത്തടുത്ത സഭകളിലെ സഭാംഗങ്ങളും നേതൃത്വനിരയിലുള്ളവരും ഒരുമിച്ചു ചേർന്ന് തൊട്ടടുത്ത ഒരു ഗ്രാമത്തിലോ പട്ടണത്തിലോ ഒരു സ്ഥലം കണ്ടെത്തി ഒരു മാസത്തിൽ അല്ലെങ്കിൽ ആഴ്ചയിലൊരിക്കൽ ഒരു ദിവസം തിരഞ്ഞെടുത്ത് പ്രാർത്ഥന ആരംഭിക്കുക. അതുകൂടാതെ ധാരാളം പേർ ഒരുമിച്ചു കൂടത്തക്കവിധത്തിൽ ഒരു പ്രത്യേക സ്ഥലം തിരഞ്ഞെടുത്ത് ഒരു ദിവസം മുഴുവനുമായോ അതിൽ കൂടുതൽ ദിനങ്ങളോ കൂടിവന്ന് രാജ്യത്തെ ഗ്രാമങ്ങൾക്കും പട്ടണങ്ങൾക്കും സമീപപ്രദേശങ്ങൾക്കും വേണ്ടി പ്രാർത്ഥനയ്ക്ക് അവസരമുണ്ടാക്കാവുന്നതാണ്. അതുപോലെ സംഘടനാ നേതാക്കന്മാർക്കും ഇത് ചെയ്യാവുന്നതാണ്. ക്ലിപ്തപ്പെടുത്തിയ സമയക്രമപ്രകാരം കൂടിവന്ന് സുവിശേഷം കേട്ടിട്ടില്ലാത്ത ദേശങ്ങൾക്കും ദേശവാസികൾക്കും വേണ്ടി പ്രാർത്ഥിക്കാവുന്നതാണ്.

മൂന്ന്, നമുക്ക് ഒരുമിച്ച് നിന്ന് ലക്ഷ്യങ്ങൾ സ്വന്തമാക്കുവാൻ കഴിയും. ദൈവം ഇതാണ് ആഗ്രഹിക്കുന്നത് എന്നുള്ള നമ്മുടെ വിശ്വാസത്തെ ഉറപ്പിക്കുന്നതിനു വേണ്ടി നമുക്കെല്ലാവർക്കും സംരംഭത്തിൽ അഥവാ മുന്നേറ്റത്തിൽ ചേരുവാൻ കഴിയും. അത് എന്തെന്ന് വച്ചാൽ, ആവശ്യത്തിന് സഭകൾ സ്ഥാപിക്കപ്പെടുക, ഒരോ പുരുഷനും സ്ത്രീയും ഓരോ കുട്ടിയും സുവിശേഷം കേൾക്കുവാനും അതിനോടു അനുകൂലമായി പ്രതികരിക്കുവാനുമുള്ള സാഹചര്യം ഉണ്ടാകുക എന്നതാണത്. ഇതിനോടനുബന്ധിച്ച് വിഭാവനം ചെയ്യപ്പെടുന്ന സെമിനാറുകളിലും മറ്റ് കാര്യാദികളിലും പുതുക്കപ്പെട്ട പ്രതീക്ഷാമനോഭാവത്തോടെ ഏവരും പങ്കെടുക്കുകയും തന്മൂലം നാം ഓരോരുത്തരും പുതിയ സഭാ സ്ഥാപന പ്രവർത്തികളിലേക്ക് തിരിഞ്ഞും ദൈവം സന്തോഷിക്കുന്ന നമ്മുടെ ഒത്തൊരുമിക്കുന്ന അനുഭവങ്ങളും ഉണ്ടാകുകയും വേണം. അങ്ങനെ തുടർമാനമായി പുതുകിവരുന്ന നമ്മുടെ അനുസരണമനോഭാവം നമുക്ക് അവന്റെ സന്തോഷത്തിൽ കാണുവാൻ കഴിയും. അതുപോലെ നഷ്ടപ്പെടുന്ന രാഷ്ട്രത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാനും കഴിയും.

അവസാനമായി, സുവിശേഷ ഘോഷണത്തിനായി ദൈവം ഉപയോഗിക്കുന്ന ആളുകൾക്ക് പുറമേ നമ്മുടെ ഈ ജീവകാലത്തു തന്നെ നമ്മുടെ സ്വന്തം ശ്രമങ്ങളെ ഇരട്ടിയാക്കുവാൻ കഴിയും. അനേകം സഭകളെ മറ്റനേകം പുതിയസഭകൾ സ്ഥാപിക്കുവാനായി നമുക്ക് പഠിപ്പിക്കാം. ആദ്യ ചുമതലയായി പുതിയ സഭകൾ സ്ഥാപിക്കുവാൻ അനേകം നേതാക്കന്മാരെ നമുക്ക് പരിശീലിപ്പിക്കാം. സുവിശേഷ സന്ദേശം വഹിക്കുവാനായി എല്ലാ മാർഗ്ഗങ്ങളും നമുക്ക് മൂർച്ചകൂട്ടി തയ്യാറാകാം. നമ്മുടെ പ്രസംഗങ്ങളും, പരിപാടികളും, പത്രമാധ്യമങ്ങളും ഈ ലക്ഷ്യത്തെ പൂർണ്ണമായും കേന്ദ്രീകരിച്ചു കൊണ്ടാകട്ടെ.

ഉക്രയ്നിലും അതിനപ്പുറത്തും ഇന്നാണ് അതിന് പറ്റിയ അവസരം. ഇതുപോലെ ഒരു അവസരത്തിന്റെ ജാലകം എന്നേക്കും തുറന്നിരിക്കണമെന്നില്ല. വരും വർഷങ്ങളിലേക്ക് സമർപ്പണത്തിന്റെ ഉച്ചസ്ഥായിലേക്കുള്ള ചുവടുവയ്പ്പും, ഐക്യതയും, പദ്ധതിയ്ക്കാവശ്യമായ മാർഗ്ഗങ്ങളുടെ ലഭ്യതയും എല്ലാം ഉണ്ടാകുവാനായി നമ്മൾ പ്രാർത്ഥിക്കുന്നു. താങ്കളുടെ രാജ്യത്തിന്റെ ചരിത്രം താങ്കൾ എഴുതുകയാണ്, എന്നാൽ അത് ഇപ്പോൾ വാസ്തവമായിട്ടില്ല!

## അദ്ധ്യായം 2

## എന്തു ചെയ്യുവാനാണ് ദൈവം നമ്മോട് ആവശ്യപ്പെടുന്നത്?

മുഴുലോകത്തോടുമുള്ള ദൈവത്തിന്റെ സ്നേഹം ബൈബിൾ വളരെ വ്യക്തമായി വരച്ചു കാണിച്ചിട്ടുണ്ട്. അത്രമേൽ ദൈവത്തിന്റെ സ്നേഹം ലോകത്തോട് ഉണ്ടായിരുന്നതുകൊണ്ടാണ് ദൈവം തന്റെ ഏകപുത്രനെ ലോകത്തിലേക്ക് അയച്ചത്. ദൈവത്തോടു നിരപ്പു പ്രാപിച്ച് അവനുമായി ഉറ്റ സ്നേഹബന്ധത്തിലേക്ക് ഓരോ മനുഷ്യനെയും വീണ്ടും മടക്കിക്കൊണ്ടു വരുവാൻ തന്റെ മകനെ ദൈവം യാഗമരണത്തിന് ഏൽപ്പിച്ചു. ദൈവത്തോടു നിരപ്പു പ്രാപിക്കുവാനായുള്ള ഓരോരുത്തരുടെ മേലും തന്റെ കൃപ പകർന്ന്, അവരിലൂടെ ദൈവത്തിന്റെ സ്നേഹം ഭൂമിയിലെ ഓരോ പുരുഷനെയും സ്ത്രീയെയും കുഞ്ഞിനെയും ദർശിപ്പിക്കുക എന്നതാണ് അവന്റെ ഉദ്ദേശ്യം.

ദൈത്തോട് നിരപ്പു പ്രാപിച്ച മനുഷ്യരുടെ കൂട്ടം അറിയപ്പെടുന്നത് യേശുവിന്റെ സഭ എന്നാണ്. ഇങ്ങനെ നിരപ്പു പ്രാപിച്ച ഓരോ മനുഷ്യനും അതേപോലെയുള്ളവരുമായി ലോകത്തിലെ ലക്ഷക്കണക്കിന് പ്രാദേശിക സഭകളിൽ പരസ്പരം കണ്ടുമുട്ടുന്നു. ഈ പ്രാദേശിക സഭകൾ തങ്ങളുടെ സമീപപ്രദേശങ്ങളിൽ ദൈവീക സ്നേഹത്തിന്റെ സുവിശേഷം എത്തിക്കുന്നതിനായുള്ള ദൈവത്തിന്റെ പ്രാഥമിക വാഹനത്തോടാണ് പ്രതിനിധാനം ചെയ്യുന്നത്. പ്രാദേശിക സഭകൾ തങ്ങൾക്ക് വേണ്ടിയല്ല നിലനിൽക്കുന്നത്, അവ അവരോടു കൂടി അവസാനിക്കുന്നതുമല്ല. അവ ഓരോന്നും ദൈവത്തിനു വേണ്ടിയുള്ളതും തന്റെ കൃപയുടെ സുവിശേഷം തങ്ങളുടെ പ്രാന്തപ്രദേശങ്ങളിൽ പൂരിതമാക്കുക എന്ന ഉദ്ദേശത്തിനും വേണ്ടിയാണ് നിലനിൽക്കുന്നത്.

ഈ പുസ്തകം എഴുതിയതിന്റെ കാരണം തന്നെ, ഇപ്പോൾ ഉള്ളതും അതോടെപ്പം പുതിയതുമായ സഭകളിൽ ഇപ്പറഞ്ഞ ചില പ്രശ്നങ്ങളെ പരിചിതപ്പെടുത്തുവാനും അതുമൂലം അടിസ്ഥാനപരമായി തങ്ങൾ ഇവിടെ നിലനിൽക്കുന്നതിന്റെ പിമ്പിൽ ദൈവത്തിന്റെ ഉദ്ദേശ്യം എന്തെന്ന് തിരിച്ചറിയുവാനും കൂടിയാണ്. നിലവിലുള്ളതും പിന്നീട് പുതുതായി ആരംഭിച്ചതുമായ ഓരോ സഭകളിലും ദൈവോദ്ദേശ്യം നിറവേറുന്നത് എപ്പോഴാണെന്നാൽ:

1. ദൈവം തങ്ങൾക്ക് നൽകിയിരിക്കുന്ന ഓരോ വിഭങ്ങളെയും/സാധ്യതകളെയും സ്വരുക്കൂട്ടുവാനും ദൈവജനത്തെ ശക്തിപ്പെടുത്തുവാനുമായി സഭയുടെ നേതാക്കന്മാർ ഒരുങ്ങുമ്പോൾ.

2. ദൈവജനം ദിവസേന തങ്ങൾക്ക് ലഭിക്കുന്ന ദൈവകൃപയിൽ ജീവിക്കുന്നതിനാലും ദൈവീക കൃപാവരങ്ങളെ ഉപയോഗിക്കുന്നതിനാലും തങ്ങളുടെ പിതാവായ ദൈവത്തോട് ഊഷ്മളമായ സ്നേഹബന്ധത്തിന് ഒരുങ്ങുമ്പോൾ.

3. സഭയോടു ചേർന്നുള്ളതും ചുറ്റുവട്ടത്തുള്ളതും ആയ ഓരോ പുരുഷനും, സ്ത്രീയും കുഞ്ഞും തങ്ങൾക്ക് ഗ്രഹിക്കത്തക്കതും തങ്ങളുടെ സംസ്ക്കാരത്തിനിണങ്ങുന്നതുമായ നിലയിൽ തുടർമാനമായി സുവിശേഷം സ്വീകരിക്കുമ്പോൾ.

തൽദേശത്തുള്ള ഓരോ പുരുഷനും സ്ത്രീയും ഓരോ കുഞ്ഞും തുടർമാനമായി സുവിശേഷം കേൾക്കുമ്പോൾ, സകലരുടെ അടുക്കലും സുവിശേഷം എത്തിക്കുവിൻ എന്ന യേശുവിന്റെ നിയോ

ഗം അവിടെയുള്ള ഏവരും തിരിച്ചറിയും. ലോകമെങ്ങും ലക്ഷക്കണക്കിനു വരുന്ന സഭകൾ തങ്ങളുടെ സമീപപ്രദേശങ്ങളിലെല്ലാം ദൈവീക സ്നേഹമാകുന്ന സുവിശേഷവും ദൈവത്തിന്റെ കൃപ കടാക്ഷങ്ങളും കൊണ്ട് നിറയ്ക്കുമ്പോൾ സാർവ്വലൗകികമായ ദൈവോദ്ദേശ്യം നിറവേറും.

## നിലവിലുള്ളതും പുതിയതും

നിലവിലുള്ള സഭകളും പുതിയ സഭകളും ഒരുമിച്ചു ചേർന്ന് സഭയുടെ ദൗത്യത്തിലേക്ക് തിരിയുവാൻ കഴിയും. ഇപ്പോൾ നിലവിലുള്ള സഭാസംഘടനകളെ സംബന്ധിച്ച്, ഇപ്പോഴുള്ള കൽപിതമായ മാതൃകയും പ്രവർത്തനരീതിയും വിട്ട് ജീവിതവും ചെയ്തിയും ഉള്ള പുതിയ നിലവാരത്തിലേക്ക് ഒരു വലിയ പരിവർത്തനം ആവശ്യമായിരിക്കുന്നു.

ഈ സഭകൾക്ക് മുമ്പാകെയുള്ള ഏറ്റം പ്രധാനപ്പെട്ട ഒരു വെല്ലുവിളി എന്നു പറയുന്നത്, വളരെക്കാലങ്ങൾക്കു മുമ്പ് സ്ഥാപിക്കപ്പെട്ടതും പാരമ്പര്യങ്ങളെ വിശ്വസ്തതയോടെ കാത്തുസൂക്ഷിക്കേണ്ടുന്നത് കടമയായി കരുതപ്പെടുന്നതുമെല്ലാം അവരെ മാറ്റത്തിലേക്ക് ചുവടുവയ്ക്കുവാൻ ഭയപ്പെടുത്തുന്നു എന്നുള്ളതാണ്. ഏതാനും വർഷം മാത്രം പഴക്കം ചെന്ന ഒരു സഭയെ സംബന്ധിച്ച് മാറാനുള്ള വെല്ലുവിളി അത്ര വലുതല്ല. ഏതെങ്കിലും ഒരു രീതി പതിവായക്കഴിഞ്ഞാൽ താമസിയാതെ അത് കടുത്ത പാരമ്പര്യമായി മാറുവാൻ വളരെ എളുപ്പമാണ്.

എല്ലാ പ്രാദേശിക സഭയ്ക്കും നിലവിലുള്ള ചില അവസ്ഥകൾ കണ്ടേക്കാം:

1. ചില മാതൃകാപരമായ കാര്യങ്ങൾ – അവ ദൈവത്തിന്റെ പദ്ധതിക്കുവേണ്ടി പൂർണ്ണമായും ചുമൽ കൊടുക്കുകയും അതിനായി പ്രാമാണീകരിക്കപ്പെട്ടതും ആയിരിക്കും.

2. ചില നിഷേധാത്മകമായ കാര്യങ്ങൾ – ഭാവി പുരോഗതിയെ തടസ്സപ്പെടുത്താൻ പാടില്ലാത്തതാണെങ്കിൽ, ചില കാര്യങ്ങളെ നേരിടേണ്ടതായും പരിഹരിക്കേണ്ടതായും ഉണ്ട്. പഠിച്ചുവച്ച പഴയ കാര്യങ്ങളെ മനസ്സിൽ നിന്ന് പറച്ചുമാറ്റുവാനും ചെയ്തുപോന്നതും ചിന്തിച്ചുപോന്നതുമായ പഴയ രീതികളെ പൊളിച്ചുകളയുവാനും കഴിയുന്നതിനേക്കാൾ ബുദ്ധിമുട്ടാണ് പുതിയ കാര്യങ്ങളെ പഠിച്ചെടുക്കുവാനും പ്രയോഗത്തിൽ വരുത്തുവാനും എന്നത് നിസ്തർക്കമായ കാര്യമാണ്.

അതുകൊണ്ട്, ഇപ്പോൾ നിലവിലുള്ള (പഴയ) സഭകൾ, എല്ലാം ഉൾക്കൊള്ളുന്നതും ആഴത്തിലുള്ളതുമായ കാര്യങ്ങളെ പ്രതിഫലിപ്പിക്കുവാനും അതിന്റെ മാറ്റത്തിനും മുഖം കൊടുക്കേണ്ടതുണ്ട്. ഏറ്റവും നിസ്സാരമായിട്ടാണെങ്കിൽപ്പോലും, രണ്ട് പ്രധാനപ്പെട്ട മാറ്റങ്ങളായ മാനസികാവസ്ഥയിലും സ്വാഭാവത്തിലും സംഭവിക്കേണ്ടവ, ഏതെന്നാൽ:

1. നടപടിക്രമത്തിൽ നിന്ന് ഉദ്ദേശ്യത്തിലേക്ക്. സഭാ നടപടിക്രമങ്ങളും പരിപാടികളും നടത്തപ്പെടുന്നുണ്ടോ എന്നുള്ള കാര്യത്തേക്കാൾ പ്രധാനമായി ദൈവ ഉദ്ദേശ്യത്തെ കണ്ടെത്തുക എന്ന നിലയിലേക്ക് വരണം.

2. ആഭ്യന്തരമായതിൽ നിന്ന് ബാഹ്യകാര്യങ്ങളിലേക്ക്. ഒരു വലിയ സഭയോ സമുച്ചയമോ പണിതുണ്ടാക്കുന്നതിനും ഉപരിയായി ചുറ്റുപാടുമുള്ള ഓരോ സ്ത്രീപുരഷന്മാരുടെയും കുഞ്ഞു

ങ്ങളുടെയും അടുക്കൽ സുവിശേഷം എത്തിക്കുക എന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യപദ്ധതിയിലേക്ക് വരേണം.

ദൈവത്തിന്റെ ഉദ്ദേശ്യം കണ്ടെത്തേണ്ടതിനു വേണ്ടിയുള്ള പരിശ്രമവും പുതിയ സഭകൾ സ്ഥാപിക്കപ്പെടുക എന്നതും ഒരുപോലെ സാദ്ധ്യവുമാണ് ആവശ്യവുമാണ്. ആദ്യ നോട്ടത്തിൽ, നിലവിലുള്ള സംഘടനകളേക്കാൾ/പഴയ സഭകളേക്കാൾ പുതിയ സഭകൾക്ക് ആവശ്യം വന്നാൽ അവരുടെ ലക്ഷ്യത്തിലേക്കെത്തുവാനുള്ള പദ്ധതികളുടെ പുനർ വിന്യാസവും തന്ത്രങ്ങൾ മെനയുവാനും സാധിക്കുന്ന ആശ്വാസകരമായ അനുകൂലസാഹചര്യങ്ങൾ ഉണ്ട്. അവരുടെ ഇടയിലില്ലാത്ത ചില കാര്യങ്ങൾ:

1. പുനർ രൂപകല്പനയ്ക്കായുള്ള നേതൃത്വം

2. ആഴത്തിൽ വേരുപിടിച്ച ചില ആചാരങ്ങൾ

3. പാവനമെന്ന് കരുതുന്ന ചിലതിനെ ഇല്ലായ്മ ചെയ്യൽ

4. നീണ്ടുനില്ക്കുന്ന വിഭാഗീയതയെ സുഖപ്പെടുത്തുക എന്ന ആവശ്യം

തത്വത്തിൽ, കാഴ്ചപ്പാടിലും കാര്യക്രമങ്ങളിലും അവരുടെ ശൈലിയിലും പുതിയ സഭകൾ പൂർണ്ണമായും വെടിപ്പോടുകൂടിയാണ് ആരംഭിച്ചത്. എന്തായാലും അവരുടെ പ്രവൃത്തിയിലും, രീതിയിലും ദൈനംദിന ക്രമീകരണങ്ങളിലും മറ്റും തങ്ങളുടെ മാതൃസഭാ സ്ഥാപകരിൽ നിന്നും കടമെടുത്തിരിക്കുന്നതു തന്നെയാണ് അവരും പിൻതുടരുന്നത്. പുതുതായി ആരംഭിക്കപ്പെട്ട സഭകൾ വളരെ മുമ്പെ തന്നെ ഭൂരിഭാഗത്താൽ അംഗീകരിക്കപ്പെട്ട പഴയ സഭകളെപ്പോലെ ലക്ഷ്യബോധമില്ലാത്ത നിത്യാനുഷ്ഠാനങ്ങളിലും അപ്രസ്ക്തമായ കാര്യങ്ങളിലും കുരുങ്ങിപ്പോകാമായിരുന്നു.

ആയതിനാൽ, തുടക്കത്തിൽത്തന്നെ പുതുതായി സ്ഥാപിതമായിരിക്കുന്ന സഭകൾ തങ്ങളുടെ ദർശനവും ലക്ഷ്യവും കാലേക്കൂട്ടി ഉറപ്പുവരുത്തേണ്ടത് അത്യന്താപേക്ഷിതമാകുന്നു. ഈ ഗ്രന്ഥത്തോടൊപ്പം ഉള്ള പരിശീലന പുസ്തകം, യാതൊരു തടസ്സവും കൂടാതെ പുതിയ സഭകളുടെ വികസനവും അതിന്റെ തുടർമാനതയും എങ്ങനെയാകണമെന്ന് നല്ല ഒരു അടിസ്ഥാനം ഇട്ടുതരുന്നു. അവരെ പ്രാപ്തമാക്കുന്നത് എങ്ങനെയെന്നാൽ:

1. ഒരുപക്ഷെ അവർ നേരിട്ട തടസ്സങ്ങൾ നേരിടാതെ നിലനില്ക്കുവാനും വിപുലീകരിക്കപ്പെടുവാനും.

2. എണ്ണമില്ലാതവണ്ണം സഭകൾ സ്ഥാപിക്കപ്പെടുവാനും അതിലൂടെ സഭാസ്ഥാപനം എന്ന മുന്നേറ്റത്തിന്റെ വിത്തുകൾ പാകപ്പെടുവാനും.

3. സഭയുടെ ചുറ്റുപാടുകളിൽ ഉള്ള ഓരോ സ്ത്രീ പുരുഷന്മാരുടെയും കുഞ്ഞുങ്ങളുടെയും അടുക്കൽ സുവിശേഷം എത്തിക്കണമെന്നുള്ള ലക്ഷ്യം കേന്ദ്രീകരിക്കുക.

## ആദർശവും യാഥാർത്ഥ്യവും

ദൗത്യത്തിനായി ഉത്തരവാദിത്തമേറ്റെടുത്ത, പഴക്കം ചെന്നതോ പുതുതായി സ്ഥാപിക്കപ്പെട്ടതോ ആയ ഓരോ സഭയും, ആദർശത്തിന്റെയും ഇപ്പോഴത്തെ യാഥാർത്ഥ്യത്തിന്റെയും ഇടയിൽക്കിടന്ന് അനുഭവിക്കുന്ന വേദന പലപ്പോഴും പ്രകടമാണ്. എത്തിച്ചേരേണ്ടുന്ന സ്ഥാനത്തെക്കുറിച്ച ദർശനവും ലക്ഷ്യവും എത്രമാത്രം ഉണ്ടോ, അത്രമാത്രം വ്യക്തതയോടെ സഭയുടെ ദൈവോദ്ദേശ്യം പൂർത്തീകരിക്കുന്നതിനോടുള്ള ബന്ധത്തിൽ ഇപ്പോഴത്തെ കുറവുകൾ ദർശിക്കത്തക്കതായിരിക്കും.

ആദർശങ്ങളെ മുറുകെ പിടിക്കുന്ന സഭയും, യാഥർത്ഥ്യബോധമുള്ള സഭയും തമ്മിലുള്ള വ്യത്യാസം വളരെ വ്യക്തമായി ദർശിക്കാവുന്നതാണെങ്കിലും അവയുടെ മുന്നോട്ടുള്ള ഗമനം പൂർത്തിയാക്കുമോ എന്ന കാര്യം കാഴ്ച്ചയ്ക്കപ്പുറമാണ്. പ്രാദേശിക സഭയ്ക്ക് തന്റെ ഇപ്പോഴത്തെ പ്രകടമായിക്കാണുന്ന അസാദ്ധ്യതകളെയും എവിടെയാണ് സഭ ചെന്നെത്തേണ്ടത് എന്ന കാഴ്ചപ്പാടിനെയും നേരിടേണ്ടതും അവ തമ്മിലുള്ള വിടവ് മറികടക്കേണ്ടതുമുണ്ട്.

വിജയകരമായി ഈ വിടവ് മറികടക്കുവാൻ ദൈവത്തിന്റെ സഹായം കൂടിയേ കഴിയൂ എന്ന തിരിച്ചറിവ് സഭയ്ക്ക് ആവശ്യമാണ്. ദൈവസഹായം കൂടാതെ എത്തപ്പെടേണ്ട സ്ഥാനത്ത് സഭ ചെല്ലുകയില്ല എന്നുള്ളതാണ് ഇതിന്റെ യാഥാർത്ഥ്യം. ദൈവത്താൽ സകല കാര്യങ്ങളും സാദ്ധ്യമാണ്. ദൈവസഹായത്തോടെയാണ് മുന്നോട്ടുള്ള ഗമനം എങ്കിൽ, ചില അവസരങ്ങളിൽ അധൈര്യപ്പെടുത്തുന്ന കാര്യങ്ങൾ വന്നേക്കാം. എങ്കിലും ഇത് എളുപ്പം നിർവ്വഹിക്കാവുന്നതും ലക്ഷ്യം പുൽകാവുന്നതുമേയുള്ളൂ.

## അടിസ്ഥാനവും ഘടനയും

നമ്മുടെ ചിന്തകളും തത്വങ്ങളും ആകാരത്തിലും, രീതിയിലും, ഘടനയിലും മാത്രം കേന്ദ്രീകരിക്കരുത്. ആരാധനാ സമ്പ്രദായങ്ങളിൽ അനുവർത്തിക്കേണ്ടുന്ന രീതി, അതിലെ ഘടകങ്ങൾ എന്നിവയെല്ലാം പ്രധാനപ്പെട്ടവയാണ്. എന്നാൽ അവ സഭയുടെ പ്രകൃതത്തിനും ഈ ലോകത്തിൽ ദൈവത്തിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കപ്പെടേണ്ടുന്നതിന്റെ മുഖ്യകാര്യങ്ങളും അല്ല. ദൈവത്തിന്റെ ആശ്ചര്യപ്പെടുത്തുന്ന കൃപയിൽ, ഏതൊരാളാണോ വ്യത്യസ്തമായ രീതികളും ഘടനകളും സ്വയം തിരഞ്ഞെടുക്കുന്നത് അവരിലൂടെ ദൈവം തന്റെ പ്രവർത്തികളെ ചെയ്തെടുക്കും.

കേവലം ഭൗതികത്തെ കേന്ദ്രീകരിച്ചുള്ള വഴികളിലൂടെ നടത്തപ്പെടുന്ന പദ്ധതികളിലൂടെയല്ല ദൈവം പ്രവർത്തിക്കുന്നത്. ഇവ സംസ്ക്കാരങ്ങൾ, സമയം എന്നിവയെ ആശ്രയിച്ചാണ് ഇരിക്കുന്നതും. അതുകൊണ്ടു തന്നെ ഇത് സാർവ്വത്രികമയി പ്രാവർത്തികവുമല്ല. ഇത്തരം പദ്ധതികളും പരിപാടികളും സഭയുടെ കൃത്യം നിറവേറ്റേണ്ടതിനുള്ള കേവലം സാമഗ്രികൾ/സാദ്ധ്യതകൾ മാത്രം. അതുപോലെ ഇവ സാന്ദർഭികമായി ഉപയുക്തവും സഹായകവും ആകുന്നെങ്കിൽ ഉത്സാഹത്തോടെ അതിനെ സ്വീകരിക്കാം, അതല്ല ഇവയെക്കൊണ്ട് മേലിലും ആവശ്യമില്ലെന്ന് തോന്നുന്നുവെങ്കിൽ അതേ ഉത്സാഹത്തോടെ അവയെ പുറന്തള്ളേണം.

ഈ പുസ്തകം അടിസ്ഥാനപരമായ ചില കാര്യങ്ങളെ കൈകാര്യം ചെയ്യുന്നു. ആ കാര്യങ്ങൾ കൂടാതെ നാം ദൈവത്തിന്റെ ഉദ്ദേശത്തെ പൂർത്തീകരിപ്പാനായി ഇറങ്ങിത്തിരിച്ചാൽ നമുക്ക് വിഭവന

ഷ്ടങ്ങളും ഊർജ്ജ നഷ്ടവും മാത്രമേ ഉണ്ടാകുകയുള്ളൂ. ബൈബിൾ ആടിസ്ഥാനങ്ങൾ നമ്മുടെ ലക്ഷ്യത്തെയും പ്രതീക്ഷയെയും സ്വപ്നത്തെയും രൂപപ്പെടുത്തുന്നതിന് ഉപകരിക്കുന്നു. അടിസ്ഥാനപരമായ തത്വങ്ങൾ സഭയ്ക്കുവേണ്ടിയുള്ള ദൈവ പദ്ധതിയുടെ കാതലായ കാര്യങ്ങളാണ്.

ഈ അടിസ്ഥാനങ്ങളിന്മേൽ നിലനിന്നുകൊണ്ട് ഓരോ സമയത്തും പ്രത്യേക ഇടങ്ങളിലും സഭയ്ക്കു വേണ്ടിയുള്ള ദൈവീക പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കായി എളുപ്പം വഴങ്ങുന്ന രീതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. ഇത് ഉദ്ദേശ പൂർത്തീകരണത്തിനുള്ള അടിസ്ഥാനങ്ങളാണ്. അല്ലാതെ, ആഗോളമായി പരിപാടികൾ നടത്തേണ്ടുന്ന മാനദണ്ഡങ്ങളോ, ഓരോ രീതികൾ വിശദീകരിക്കുന്ന ചട്ടക്കൂടുകളോ മറ്റ് നിയമാനുസൃതമായ കാര്യങ്ങളോ ഒന്നുമല്ല. ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളെ താഴെ പറയുന്ന രീതിയിൽ ക്രോഡീകരിക്കാം:

അനേകരെ വാർത്തെടുക്കുവാനായി ക്രിസ്തുവിനാൽ നേതൃനിരയിലേക്ക് വിളിക്കപ്പെട്ടവർ മുഖാന്തരം, ഒരുക്കപ്പെട്ട ദൈവജനത്തിലൂടെയും ദൈവജനത്തിനിടയിലും പരിശുദ്ധാത്മാവ് തന്റെ പ്രവർത്തി വെളിപ്പെടുത്തുന്നതാണ് സഭയുടെ ശക്തി എന്നത്. ഈ നേതാക്കന്മാർ, അപ്പൊസ്തലത്വ, പ്രവചന, സുവിശേഷക, അദ്ധ്യാപക, ഇടയപരിപാലന വൃത്തിയിലൂടെ ജനത്തെ സഹകരിപ്പിച്ചും ഏകോപിപ്പിച്ചും അവരെ മുന്നോട്ട് നയിച്ച്:

1. പിതാവായ ദൈവത്തോട് ആഴമായ സ്നേഹബന്ധത്തിലേക്ക് അടുപ്പിക്കുന്നു.

2. ദൈവകൃപയിൽ തങ്ങൾക്ക് ലഭിച്ച അനുഭവകഥകളെ അവരുടെ ബന്ധങ്ങളിലേക്ക് എത്തിക്കുവാൻ പ്രാപ്തരാക്കുന്നു.

3. അവരിൽ ദൈവം നല്കിയിരിക്കുന്ന കൃപാവരങ്ങളെ തിരിച്ചറിഞ്ഞ് അതിനുവേണ്ട പരിശീലനങ്ങൾ നല്കി അത് പ്രകാശിപ്പിക്കുവാൻ അവരെ സഹായിക്കുന്നു.

4. അവരുടെ വ്യക്തിബന്ധങ്ങളുടെ ഇടയിൽ അവരിലുള്ള ആത്മഫലങ്ങളെ വെളിപ്പെടുത്തുവാനും അതിൽ വളരുവാനുമുള്ള കാര്യങ്ങളിലേക്ക് നയിക്കുന്നു.

5. അവരിലുള്ള മൂല്യവത്തായ കാര്യങ്ങളുടെ നല്ല മേൽനോട്ടക്കാരനാകുന്നതിലൂടെ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കായി അവരെ ഉപയുക്തരാക്കുന്നു.

ഇതിന്റെ അനന്തരഫലം എന്നു പറയുന്നത്, ദൈവം അനുവദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ സഭയുടെ ചുറ്റുപാടുമുള്ള എല്ലാ സ്ത്രീ-പുരുഷന്മാരുടെയും കുട്ടികളുടെയും ഇടയിൽ നിരപ്പിന്റെ സന്ദേശം എത്തിച്ചു എന്നതിന്റെ കണക്ക് ബോധ്യപ്പെടുത്തുവാൻ കഴിയുന്നു എന്നുള്ളതാണ്.

## യാത്രയും അനന്തരഫലവും

ഈ പുസ്തകവും ഇതനോടൊപ്പമുള്ള പരിശീലന ക്രമീകരണങ്ങളും സഭയുടെ തൽസ്ഥിതിയിൽ നിന്ന് തങ്ങൾ ആഗ്രഹിക്കുന്ന ലക്ഷ്യസ്ഥാനത്തേക്ക്, അതായത്, യേശുക്രിസ്തുവിന്റെ കർതൃത്വത്തിന്റെ സന്ദേശം അതിന്റെ ചുറ്റുപാടുമുള്ള ഇടങ്ങളിലെ ഓരോ വ്യക്തിയുടെ അടുക്കലും എത്തി

ക്കുക എന്നതിന്റെ പടിപടിയായുള്ള ക്രമങ്ങളാണ് ഇതിലുള്ളത്. ദൗത്യ കേന്ദ്രീകൃതമായ ഒരുക്കമുള്ള സഭയെ താഴെ പറയുന്ന വിധത്തിൽ ചിത്രീകരിക്കാം:

1. എവിടേക്ക് പോകുന്നു എന്ന് ഇതിന് നല്ല നിശ്ചയമുണ്ട്. തങ്ങളുടെ ലക്ഷ്യസ്ഥാനത്തെക്കുറിച്ച് വ്യക്തമായ ചിത്രം അവരുടെ പക്കലുണ്ട്. അതിന് അവർക്ക് കഴിയുന്നത്:

a) സഭയുടെ തൽസ്ഥിതിയെക്കുറിച്ച് നല്ല കാഴ്ചപ്പാടും അതിന്റെ ചുറ്റുപാടുകളെക്കുറിച്ച് നല്ല തിരിച്ചറിവും ഈ സഭയ്ക്കുണ്ട്. ഒരിക്കൽ അവരുടെ കൃത്യം പൂർത്തീകരിച്ചാൽ അവർ ആ ലക്ഷ്യസ്ഥാനത്ത് എത്തി എന്നു ചുരുക്കം.

b) സഭയുടെ ചുറ്റുപാടുമുള്ള എല്ലാ സ്ത്രീപുരുഷന്മാരും, കുഞ്ഞുങ്ങളും സുവിശേഷം ആവർത്തിച്ച് കേൾക്കുകയും അവർക്ക് അത് മനസ്സിലായി എന്നും, ഇത് ദൈവത്തിന്റെ ഉദ്ദേശ്യമാണെന്ന് തിരിച്ചറിയുകയും ചെയ്യുന്നതിലൂടെ എല്ലാവർക്കും യേശുക്രിസ്തുവിലൂടെ ദൈവത്തോടു നിരപ്പ് പ്രാപിക്കുവാൻ കഴിയുന്നതിനുള്ള അവസരങ്ങൾ ലഭിച്ചു എന്നത് ഉറപ്പാക്കുന്നു.

2. എപ്രകാരം നീങ്ങേണമെന്നും അത് എങ്ങനെ ക്രമീകരിക്കണമെന്നും സഭയ്ക്കറിയാം.

ഇതിന്റെ ദിശ ഏങ്ങോട്ടാകേണമെന്ന് ഇതിന് നല്ല നിശ്ചയമുണ്ട്. ഇതിലുള്ള അടിസ്ഥാന പ്രശ്നങ്ങളെ കൈകാര്യം ചെയ്യുവാനും ലക്ഷ്യസ്ഥാനത്ത് എത്തുവാനുമായി തന്റെ ഗതിയെ മുന്നോട്ടുതന്നെ നയിക്കുവാനും ഇതിനു കഴിവുണ്ട്. പ്രവർത്തനക്ഷമമായ ഒരു സഭയെന്നാൽ:

a. ദീർഘകാല ലക്ഷ്യത്തോടെ ഇതിന്റെ പ്രശ്നങ്ങളെ പരിഹരിക്കുന്നു.

b. നിയതമായ അടിസ്ഥാനമൂല്യങ്ങളുടെ ബലത്താൽ ഇവ പ്രവർത്തിക്കുകയും അതിന്റെ യാത്ര തുടരുകയും ചെയ്യുന്നു.

c. നിർവ്വചിക്കപ്പെട്ട കർശനമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ദർശനങ്ങളെ കൃത്യസ്ഥലത്തും കാലത്തും ചെയ്തെടുക്കുന്നു.

d. ദർശനങ്ങൾ കൈവരിക്കേണ്ടതിന് യാഥാർത്ഥ്യബോധത്തോടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ ക്രമീകരിച്ച് ഒരുക്കുന്നു.

3. കൈവശമുള്ള ഉപാധികളെ എങ്ങനെ പ്രവർത്തനക്ഷമം ആക്കാമെന്ന് ഇതിനറിയാം. ഇതിന്റെ നേതാക്കന്മാർ:

a. തങ്ങളുടെ കൃപാവരങ്ങളും അതിന്റെ ഉപയോഗങ്ങളും എന്തെന്ന് അവർക്ക് വ്യക്തതയുണ്ട്. ഇവ എങ്ങനെ മറ്റു നേതാക്കന്മാരുടെ കൃപാവരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും എങ്ങനെ പ്രയോജനപ്പെടുത്താമെന്നും അവർക്കറിയാം.

b. തുടർമാനമായി സഭയുടെ പല മേഖലകളിലേക്കും ആവശ്യമുള്ള പുതിയ നേതൃത്വങ്ങളെ

പഠിപ്പിച്ച് പുറത്തെടുക്കുന്നു.

c. സഭയുടെ ഉദ്ദേശ്യം, മൂല്യങ്ങൾ എന്നിവ സംഘടിതമായിത്തന്നെ ചർച്ച ചെയ്യുകയും, ഏവരും ഇതിന്റെ നടത്തിപ്പിനായി പരസ്പരം ഉത്സാഹിപ്പിച്ചും, ഏതെങ്കിലും എതിർപ്പിന്റെ സ്വരം ഉയർന്നാൽ വളരെ തന്മയത്വത്തോടെ അതിനെ കൈകാര്യം ചെയ്തും മുന്നോട്ടു കൊണ്ടുപോകുന്നു.

d. ദൈവത്തോടുള്ള സ്നേഹബന്ധം വർദ്ധിപ്പിക്കുവാനായി എല്ലാ ദൈവജനത്തെയും ഉത്തേജിപ്പിക്കുന്നു. അതിലൂടെ ജനങ്ങൾ തമ്മിൽത്തമ്മിലുള്ള ബന്ധത്തിന് ദൃഢത കൈവരുന്നു. അവരിലുള്ള കൃപാവരങ്ങളെ ഉപയോഗപ്പെടുത്തി അവരെ ദൈവസ്നേഹത്തിന് സാക്ഷികളാകുവാൻ സജ്ജരാക്കുന്നു.

4. തങ്ങളുടെ ചുറ്റുപാടുകളെയും എങ്ങനെ സ്വാധീനിക്കണമെന്ന് അവർക്ക് നന്നായിറിയാം.

തങ്ങളുടെ ചുറ്റുപാടുകളിലും സുവിശേഷം എത്തിക്കേണമെന്നുള്ള ശുദ്ധമായ സമർപ്പണം ഇതിനുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ തങ്ങളുടെ ചുറ്റുപാടുമുള്ള ഓരോ സ്ത്രീപുരുഷന്മാരും കുഞ്ഞുങ്ങളും സുവിശേഷം കേൾക്കണമെന്ന ആഗ്രഹത്തോടെ ദൈവകൃപയിലാശ്രയിച്ചുകൊണ്ട് അതിനുള്ള തന്ത്രങ്ങൾ രൂപീകരിക്കുന്നു. ഈ ലക്ഷ്യം പൂർത്തീകരിക്കപ്പെടേണ്ടതിന് പ്രവർത്തനക്ഷമമായ സഭ ചെയ്യുന്നതെന്തെന്നാൽ:

a. സമീപപ്രദേശങ്ങളിലെ സകലർക്കും വേണ്ടി തീക്ഷ്ണമായ പ്രാർത്ഥന സംജാതമാകേണ്ടതിന് ആവശ്യമായിരിക്കുന്ന ക്രമീകരണങ്ങളെ ക്രോഡീകരിക്കുന്നു.

b. കൂടുതൽ ഫലപ്രദമായ നിലയിൽ സുവിശേഷീകരണം നടക്കേണ്ടതിന് തന്ത്രപ്രധാനമായ വിവരസമാഹരണം നടത്തുന്നു.

c. തങ്ങളുടെ ഇടയിലെ ഓരോ വിഭാഗക്കാരെയും പ്രത്യേകമയി കേന്ദ്രീകരിച്ച് തുടർമാനമായ സുവിശേഷ പ്രവർത്തനങ്ങൾ നടത്തുന്നു.

d. ശിഷ്യഗണങ്ങൾ പുതിയ ശിഷ്യന്മാരെ വിശ്വാസജീവിതത്തിലേക്ക് കൈ പിടിച്ചു നടത്തിയും സഭയുടെ ശുശ്രൂഷയിൽ പങ്കാളികളാക്കുവാനും അവരെ ഏകോപിപ്പിക്കുന്നു.

e. പുതിയ കൂട്ടങ്ങളെ സൃഷ്ടിച്ചും കൂടുതൽ സഭകൾ സ്ഥാപിച്ചും സഭ തന്റെ സ്വാധീനം സമൂഹത്തിൽ ഉണ്ടാക്കിയെടുക്കുന്നു.

f. സാധ്യമാണെങ്കിൽ അടുത്ത സഭകളെ കൂടെക്കൂട്ടി പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നു.

g. ദൂരെയുള്ള മറ്റു സഭകളുമായി ചേർന്ന് അവരോടൊപ്പം അവരുടെ സമീപപ്രദേശങ്ങളിൽ സുവിശേഷവേലയ്ക്ക് പങ്കാളിത്തം നൽകുന്നു.

h. തങ്ങളുടെ സ്വകാര്യ നന്മകളും വസ്തുക്കളും സാധ്യമാകുന്ന നിലയിൽ ദൈവരാജ്യത്തിന്റെ വർദ്ധനവിനായി ഉപയോഗിപ്പാൻ ശ്രമിക്കുന്നു.

i. തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായുള്ള യാത്രയ്ക്കിടയിൽ ഏതെങ്കിലും പാതയിൽ വ്യതിചലിച്ചു പോയിട്ടുണ്ടോ എന്ന് തുടർമാനമായി പരിശോധിക്കുവാനുള്ള രൂപരേഖ കൂടി അവർ ക്രമീകരിക്കുന്നു.

## അദ്ധ്യായം 3

## എന്തിനുവേണ്ടിയാണ് സഭ നിലനിൽക്കുന്നത് ?

ലോകമെമ്പാടും അനേകം ആളുകൾ ഇന്ന് ചോദിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ചോദ്യമാണ്, ‘‘സഭ എന്തിന്?’’ നേതൃത്വങ്ങളിൽ പലരും ഇതിന്റെ ഉത്തരം അറിയേണ്ടതിന് വേണ്ടി തുനിയുന്നുണ്ട്. എല്ലാ പരിശീലന കേന്ദ്രങ്ങളിലും ഈ വിഷയം പഠിപ്പിക്കാറുണ്ട്. പ്രാദേശിക സഭകളിൽ ശുശ്രൂഷകന്മാർ ഇത് പ്രസംഗിക്കാറുണ്ട്. സഭേതര സംഘടനകളിൽ പലരും ഇതിനെക്കുറിച്ച് പഠിപ്പിക്കുതിനു വേണ്ടി നറപ്പകിട്ടാർന്ന പരസ്യങ്ങൾ നൽകാറുമുണ്ട്. എന്നാൽ അവ വളരെ വിലപിടിപ്പുള്ള സാധനസാമഗ്രികളും ചില ദിവസങ്ങൾ നീളുന്ന സെമിനാറുകളും ഉൾപ്പെടുന്നത് ആയിരിക്കും. കുറഞ്ഞപക്ഷം ഈ ചോദ്യത്തിനുള്ള ഉത്തരം ഇതിൽ നിന്നും പ്രതീക്ഷിക്കാം. വലിയ സംഘടനാനേതാക്കൾ ചില ഒഴിവുവേളകൾ നോക്കി ലോകത്തിന്റെ നാനാ മേഖലകളിൽ ഇതിനെക്കുറിച്ച് അറിയുവാൻ വിശപ്പോടെ ഇരിക്കുന്നവരെ കൂട്ടി ഇപ്രകാരമുള്ള പ്രകടനങ്ങളും ചോദ്യോത്തരവേളകളും സംഘടിപ്പിക്കാറുണ്ട്.

എന്നാൽ, ഈ ലോകത്തിൽ സഭയുടെ കടമ എന്തെന്ന് വാസ്തവമായും നാം അറിയുന്നുവെങ്കിൽ, പടിഞ്ഞാറൻ നാടുകളിലുള്ള ചില അസന്തുഷ്ടരായ ആളുകൾ സംഘടിത ക്രിസ്തീയതയ്ക്കെതിരെ ശബ്ദമുർത്തുന്നു? ഒരു പൊതുസമൂഹത്തിൻ മദ്ധ്യേ രസകരമായ ചില കഥകൾ പറയുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ സ്ഥിതിവിവര കണക്കുകൾ അവതരിപ്പിക്കുമ്പോൾ സംഭവിക്കുന്നു. അവർ ചില പ്രത്യാഘാതങ്ങളെ ഉയർത്തിക്കാണിക്കുന്നില്ല എങ്കിൽ, അവർ ഒരു പ്രവണതയുടെ സൂചനയാണ് നൽകുന്നത്. പടിഞ്ഞാറൻ ക്രിസ്തീയ സംഘടനകളുടെ ഭാവിജീവിതം ഏറ്റവും മോശമായ നിലയിൽ വംശനാശം  സംഭവിക്കുവാൻ പോകുന്നു എന്നുള്ള കാര്യം ഇന്നത്തെ പ്രവണതകളുടെ സൂചനകൾ കാണുമ്പോൾ എനിക്ക് പറയുവാൻ കഴിയും. എന്നെ തെറ്റിദ്ധരിക്കരുത്. സുവിശേഷത്തിന് മരണം സംഭവിക്കും എന്നല്ല ഞാൻ പറഞ്ഞത്, അതുപോലെ ക്രിസ്തീയ വിശ്വാസികൾ നമ്മുടെ രാജ്യത്ത് തുടരുകയില്ല എന്നുമല്ല ഞാൻ പറഞ്ഞത്. എന്നാൽ നൂറുകണക്കിന് വർഷങ്ങളായി നമുക്ക് ചിരപരിചിതമായ സംഘടനകളുടെ ചില പൊതുഘടനാ രീതികൾ വലിയ കുഴപ്പത്തിലാണ് എന്നാണ് ഞാൻ പറഞ്ഞത്.

ഈ അവസരത്തിൽ നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാകാം. ഇതുമായിട്ട് എനിക്കെന്താ ബന്ധം? ഞാനൊരു മിഷണറിയാണ് അല്ലെങ്കിൽ, പടിഞ്ഞാറൻ നാടുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു നാട്ടിലെ ഒരു പ്രമുഖ സഭയുടെ പ്രമുഖനായ നേതാവാണ്. നിങ്ങളെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള ഒരു വ്യക്തിയാണ് നിങ്ങൾ, കാരണം നൂറു കണക്കിന് വർഷങ്ങളായി തുടർന്നു വരുന്ന പാശ്ചാത്യ സഭാരീതികൾ ലോകത്തിന്റെ നാനാ തുറകളിലേക്കും കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. നിങ്ങളുടെ കൈകളിലുള്ള വിത്തിൽ നിന്ന് തനതു സ്വഭാവമുള്ള വിത്തുമാത്രമേ ഉത്പാദിപ്പിക്കുവാൻ കഴിയൂ. ലോകമെമ്പാടും ആയിരക്കണക്കിന് പുതിയ സഭകൾ സ്ഥാപിതമയാരിക്കുന്നു എങ്കിൽ, ബൈബിളിൽ നിന്ന് ലഭിച്ചിരിക്കുന്ന വിത്തും ആയിരക്കണക്കിന് തവണ പൊട്ടിക്കിളിർക്കുവാൻ കഴിവുണ്ടായിട്ടും അതിനെ ഭൂഖനികളിൽ നിക്ഷേപിക്കാതെ, അതിന്റെ പ്രത്യുല്പാദനത്തിനെതിരെ പ്രവർത്തിക്കുന്ന കരങ്ങളിൽ ഇരിക്കുന്നതും അതിനോട് പലതും കൂട്ടിച്ചേർത്തും രൂപമാറ്റം വരുത്തിയതുമായ വിത്തുമാണ് നമ്മുടെ കൈവശം ഇരിക്കുന്നത്. എന്റെ ദീർഘമായ പര്യടനം, സഭ ഒരു വസ്തുവാണെന്ന ചിന്താധാരയിൽ നിന്ന് എന്നെ പറിച്ചെടുത്തിട്ട്, സഭയുടെ പ്രകൃതം എന്തെന്നും സ്വയമായും സ്വാഭാവികമായും അത് പ്രത്യുത്പാദിപ്പിക്കപ്പെടുന്നു എന്ന നിലയിൽ എങ്ങനെയാണ്

ഈ പ്രകൃതം ദൈവം ഉളവാക്കിയതെന്നും അത് സ്വീകരിക്കുവാൻ കഴിയുന്ന എല്ലായിടത്തും പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു എന്നുമുള്ള പുതിയ തിരിച്ചറിവിലേക്ക് നടത്തി.

എനിക്ക് മുപ്പത് വയസ്സ് പ്രായമുള്ളപ്പോൾ, പാറ്റിയും ഞാനും ഏകദേശം പത്തു വർഷത്തോളം മണവാട്ടിയെ ശുശ്രൂഷിക്കേണ്ടതിന് ചിലവഴിച്ചു. ആദ്യം അമേരിക്കയിലെ സഭായുവജനങ്ങളോടൊപ്പവും, പിന്നീട് ലാറ്റിനമേരിക്കയിൽ മിഷണറിമാരായിട്ടും. ഇപ്പോൾ തെക്കൻ കാലിഫോർണിയയിലുള്ള വളരുന്ന ഒരു സഭയിൽ ആയിരിക്കുന്നു. വചനം പ്രസംഗിക്കുന്നു, ആളുകൾ അതിനോട് അനുകൂല മനോഭാവം കാണിക്കുന്നു, നൂറു കണക്കിന് ആളുകൾ ശരീരമായ സഭയോടു ചേരുന്നു എന്ന എന്റെ സ്വപ്നത്തിലായിരുന്നു ജീവിച്ചിരുന്നത്. സഭയെക്കുറിച്ച് ആളുകൾക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു എങ്കിൽ, അത് ഞാൻ തീർച്ചയായും ചെയ്തിരിക്കുന്നു. എല്ലാത്തിനുമുപരി ഏറ്റവും ജനപ്രീതിയുള്ള എഫെസ്യ ലേഖനത്തിന്റെ പരമ്പര ഞാൻ പൂർത്തിയാക്കിയില്ലേ?

പക്ഷേ ദൈവം, ക്ഷണിക്കപ്പെടാതെ എന്റെ സ്വസ്ഥതയിലേക്ക് കടന്നുകയറി, ഈ ആളുകൾ എല്ലാം എവിടെ നിന്നാണ് വരുന്നതെന്ന് ചോദിക്കുവാൻ എന്നെ നിർബന്ധിച്ചു. കണ്ടെത്തിയ കാര്യങ്ങൾ അത്ര സുഖമുള്ളതായിരുന്നില്ല. എന്റെ ജീവിതത്തിൽ ആദ്യമായി വളരെ വ്യക്തമായി കണ്ട കാഴ്ചയോടൊപ്പം ദൈവം ഈ ചോദ്യം ചോദിച്ചു, ''ഡൈറ്റ്, എന്റെ ജനത്തെ ഒരു ഗോഡൗണിലേക്ക് വിളിച്ചുവരുത്തി നിന്നിൽ നിന്ന് അവർക്ക് കേൾക്കുവാനും, ചിലർക്ക് പാടുവാനും, മറ്റു ചിലർക്ക്...'' എന്തിനാണ് സഭ?

എനിക്കറിയില്ല എന്ന് എനിക്ക് സമ്മതിക്കേണ്ടി വന്നു. ഒന്നുകിൽ എന്റെ പാസ്റ്റർമാർ എന്നെ വിഢ്ഢിയാക്കുകയായിരുന്നു, അല്ലെങ്കിൽ അവർക്ക് അതിനെക്കുറിച്ച് അറിവില്ലായിരുന്നു. ബിരുദ പഠനത്തിനു ശേഷം ഈ അനുഭവം ഉണ്ടാകുന്നതിന് ചില വർഷങ്ങൾക്കു മുമ്പ്, എന്റെ മിക്ക പ്രൊഫസർമാർക്കു പോലും മനസ്സിലാകാത്ത വിധത്തിൽ മറച്ചുവച്ച ഒരു വികാരം എനിക്കുണ്ടായിരുന്നു. നാം ആരാണ്, ഇവിടെ നാം ആയിരിക്കുന്നത് എന്തുകൊണ്ടാണ്, സഭയെ എങ്ങനെ രൂപപ്പെടുത്തണം എന്നതിന്റെ അടിസ്ഥാനത്തിൽ ഇതെല്ലാം വഹിക്കുന്നത് എന്താണ്? ഏറെ പ്രധാനമായി, ഭൂരിപക്ഷം ദൈവ ജനങ്ങളും ലോകത്തിന്റെ പല ഭാഗങ്ങളിലായി ചിതറിക്കിടക്കുകയാണ്. അവർ അവരുടെ ജീവിതം അവിടവിടങ്ങളിൽ ചിലവഴിക്കുന്നു. ഇങ്ങനെയുള്ള അവസരത്തിൽ എന്തു സ്വാധീനമാണ് ഇവരുടെ ഇടയിൽ ചെലുത്തുവാൻ കഴിയുക?

പ്രസംഗം എന്നപോലെ തന്നെ പ്രധാനമാണ്, ആരാധനയും, ചെറിയ കൂട്ടായ്മകളും അതുപോലെ സുവിശേഷീകരണവും. എന്നാൽ ഇതൊന്നുമല്ല സഭയുടെ ഉദ്ദേശ്യമെന്ന് പിന്നീട് എനിക്ക് ബോദ്ധ്യപ്പെട്ടു. സഭ എന്തല്ല എന്ന കാര്യത്തിൽ ബലവത്തായ ആശയം എനിക്ക് ലഭിച്ചെങ്കിലും, സഭയുടെ ഉദ്ദേശ്യം എന്തെന്ന് ആഴത്തിൽ ഉറച്ച നിലയിൽ മനസ്സിലാക്കുവാൻ അടുത്ത പത്ത് വർഷത്തേക്ക് എനിക്ക് കാത്തിരിക്കേണ്ടി വന്നു. ഇതോടൊപ്പം തന്നെ നേതൃത്വത്തെക്കുറിച്ച് ചില പ്രധാനപ്പെട്ട പാഠങ്ങൾ ദൈവം എന്റെ ഉള്ളിൽ നിക്ഷേപിച്ചു. ആ പാഠങ്ങൾ പൂർണ്ണമായും ഗ്രഹിച്ചെടുക്കുവാൻ തക്കവണ്ണം ഞാൻ ആ സ്ഥാനത്തായിരുന്നില്ല.

ഇതേ വിഷയവുമയി ബന്ധപ്പെട്ട്, സഭയുടെ ഉദ്ദേശ്യവുമായി ബന്ധപ്പെട്ട്, ദൈവാത്മാവുമായി ഞാൻ കൂട്ടിമുട്ടുന്നത് അടുത്ത അഞ്ച് വർഷങ്ങൾക്ക് ശേഷമായിരുന്നു. പത്ത് വർഷങ്ങൾക്ക് ശേഷം എനിക്ക് ഇതിന്റെ ഉത്തരം വളരെ വ്യക്തമായി ലഭിച്ചു. ഒരു പ്രസംഗത്തിൽ നൂറു പേർ പങ്കെടുക്കുവാനായി ലഭിച്ചാൽ ചെറിയ ഫലം മാത്രമുള്ളിടത്ത് ആയിരങ്ങൾക്ക് പ്രസംഗം കേൾക്കുവാൻ കഴിഞ്ഞാലോ? കൃത്യമായി അറിവില്ലെങ്കിലും, ഏകദേശം 1979 ഒക്ടോബർ മാസത്തിൽ, ഞങ്ങൾ തന്നെ ഒരു പുതിയ

സഭ തുടങ്ങുന്നതുമായി ബന്ധപ്പെടുകയും ആയിരക്കണക്കിന് ആളുകൾ കൂടിവരുന്ന നിലയിലേക്ക് അത് വളരെ വേഗം അഭിവൃത്തി പ്രാപിക്കുകയും ചെയ്തു. ഏകദേശം പത്ത് വർഷത്തോളം അതിന്റെ നേതൃസ്ഥാനങ്ങളിലിരുന്ന ശേഷം മറ്റൊരു സഭ സ്ഥാപിച്ചു. എല്ലാ ആഴ്ചകളിലും സ്നാനം കഴിപ്പിക്കുകയും സഭ എണ്ണത്തിൽ പെരുകുകയും ചെയ്തു (അഞ്ച് വർഷങ്ങൾ കൊണ്ട് 2,200 ഓളം വിശ്വാസികൾ). ഏതൊരു സഭയുടെ ആഗ്രഹിക്കുന്നതുപോലെ, വലിയ അളവിലുള്ള സ്തോത്രക്കാഴ്ചകൾ, വലിയ ആരാധനാ ക്രമീകരണങ്ങൾ മുതലായവ ഞങ്ങൾക്കുണ്ടായിരുന്നു. ഒരുപക്ഷേ ജീവിതത്തിൽ എനിക്ക് ആദ്യമായി തോന്നിയ ഒരു അനുഭവമാണ്, സഭയുടെ ശരിയായ ഉദ്ദേശ്യത്തിലേക്ക് ഞങ്ങൾ കൂടുതൽ അടുത്തുകൊണ്ടിരിക്കുന്നു എന്നുള്ളത്. എല്ലാറ്റിനും ശേഷം അമേരിക്കയിലെ എല്ലാ സഭകൾക്കും അസൂയ ഉളവാകത്തക്കവണ്ണം സഭ വളർന്നുകൊണ്ടിരുന്നു, ആളുകൾ രക്ഷിക്കപ്പെടുന്നു, മിഷൻ പ്രവർത്തനങ്ങളും നന്നായി നടക്കുന്നുണ്ടായിരുന്നു.

എന്നാൽ ചോദ്യങ്ങൾ ചോദിക്കുവാനായി ദൈവാത്മാവ് എന്നെ നയിച്ചത് ഏറെക്കാലം മുമ്പായിരുന്നില്ല. ഞാൻ ഇവിടെ ചോദിക്കുന്ന ചോദ്യങ്ങൾ വളരെ ശ്രദ്ധിച്ച് കുറിച്ചു വയ്ക്കണം. എന്താണ് ആളുകളുടെ പ്രേരണ എന്നോ, അവർ നേടിയെടുത്ത നല്ല കാര്യങ്ങളെക്കുറിച്ചോ ഞാൻ ചോദിക്കുവാനില്ല. വളരെ ലളിതമായി ചോദിച്ചാൽ, ''എന്താണ് ഇവിടെ നടക്കുന്നത്?'' ചുരുക്കിപ്പറഞ്ഞാൽ, എന്റെ വിശ്വാസത്തിൽ ഞങ്ങൾ കണ്ടെത്തിയത് ഇതായിരുന്നു:

1. ഈ സഭയോട് ചേർന്നു വന്ന ബഹുഭൂരിപക്ഷം ആളുകളും യഥാർത്ഥത്തിൽ മറ്റു സഭകളിൽ നിന്ന് ''കടം വാങ്ങപ്പെട്ടവർ'' ആയിരുന്നു.

2. ആറു മാസങ്ങൾക്കു ശേഷം, യേശുക്രിസ്തുവിനെ രക്ഷകനായി ഏറ്റുപറഞ്ഞ ഒരു വലിയ കൂട്ടം പുതിയ വിശ്വാസികളെ സഭയിൽ പിന്നീട് കണ്ടെത്തുവാൻ കഴിഞ്ഞില്ല. അതേസമയം തന്നെ, ഞങ്ങൾ പാർത്തിരുന്ന പ്രദേശത്തുള്ളതായ, ഞാൻ പങ്കാളിത്തം വഹിച്ചിരുന്നതുമായ നേതാക്കന്മാരുടെ ഒരു കൂട്ടത്തിൽ ''സഭ'' എന്നതിനെക്കുറിച്ചും- മുമ്പ് ചോദിച്ച അതേ ചോദ്യം- ഞാൻ കണ്ടെത്തിയ കാര്യങ്ങളെക്കുറിച്ചും ഞാൻ ചോദിച്ചു. അതുപോലെ ഞങ്ങളുടെ സഭയിൽ ഞങ്ങൾ സ്വയം കണ്ടെത്തിയ കാര്യങ്ങളെ വിലയിരുത്തുകയും ചെയ്തു.

ഞങ്ങൾ കണ്ടെത്തിയ ഒരു കാര്യം എന്നുള്ളത്, ഏറെ വിശ്വാസികൾ തങ്ങളുടെ സമീപപ്രദേശങ്ങളിലുള്ള ആളുകളുമായി അത്ര നല്ല ബന്ധത്തിലല്ല എന്നതാണ്. കൂടാതെ, ഞങ്ങളുടെ അടുത്ത സ്ഥലങ്ങളിലുള്ള സഭകളെല്ലാം നോക്കിയാൽ അവിടെ സഭാവളർച്ച ഉണ്ടാകുവാൻ കാരണം അവരിൽ കൂടുതൽ ശതമാനം പേരും ഈ ദേശത്തേക്ക് സ്ഥലം മാറി വന്നു എന്നുള്ളതിനാലാണ്. ഇവിടെയുള്ള സഭകളിലെ ഞങ്ങളുടെ കുട്ടികൾ എല്ലാവരും യേശുവിനെ അനുഗമിക്കുവാൻ തീരുമാനമെടുത്താൽ പോലും ഇവിടുത്തെ സഭാവളർച്ചയുടെ കണക്കെടുപ്പ് നോക്കിയാൽ ഞങ്ങൾ കണക്കാക്കിയതിലും വളരെയേറെ കുറവാണ് ഇവിടെയുള്ള യഥാർത്ഥ സഭാവളർച്ച. എന്തിനാണ് സഭ?

ദൈവസഭയെക്കുറിച്ചുള്ള ശരിയായ തിരിച്ചറിവ് ലഭിക്കേണ്ടതിനു വേണ്ടി ഈ സംഭവിച്ചതെല്ലാം എന്നെ തിരികെ ദൈവവചനത്തിൽ ഗൗരവമായി അന്വേഷിക്കുന്നതിലേക്ക് നയിക്കുകയായിരുന്നു. ഞാൻ കണ്ടെത്തിയ കാര്യങ്ങൾ സഭയും ഈ ലോകത്തിൽ അതിനെക്കുറിച്ചുള്ള ദൈവത്തിന്റെ കാര്യനിർവ്വഹണ പദ്ധതിയിൽ പെട്ട സഭയുടെ പ്രധാനപ്പെട്ട കർത്തവ്യവും എന്റെ കാഴ്ചപ്പാടിനെ എന്നേക്കും മാറ്റം വരുത്തുന്നതായിരുന്നു. എന്റെ കഥനത്തിന്റെ ഏറ്റവും ദുഃഖകരമായ ഭാഗം എന്നു പറയുന്നത്, ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളൊന്നും എന്നിൽ നിന്നും ഒരിക്കലും ദൂരത്തല്ലായിരുന്നു എന്നുള്ളതാണ്. അവ തിരുവചനത്തിൽ വ്യക്തമായി പ്രതിപാദിട്ടുണ്ട്. അവ പ്രധാനമായും

പൗലോസിനാൽ വിരചിതമായിരിക്കുന്ന ഏഫെസ്യ ലേഖനത്തിലാണ് ഉള്ളത്. ഇതിനൊപ്പം, ഇത് കണ്ടെത്തിയ ആദ്യത്തെ ആളല്ല ഞാൻ, ഇതിനെക്കുറിച്ച് താല്പര്യമെടുത്ത ആദ്യത്തെ വ്യക്തിയും ഞാനല്ല. ക്രിസ്തുവിന്റെ സഭയുടെ രമണീയതയും അതിന്റെ ഫലപ്രദമായ രൂപകല്പനയെക്കുറിച്ചും മനസ്സിലാക്കിയ സ്ത്രീയും പുരുഷനുമടക്കം ധാരാളം പേർ ചരിത്രത്തിൽ ഇടം നേടിയിട്ടുണ്ട്.

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ദൈവം മാനവ ചരിത്രത്തിൽ അത്ഭുതകരമായി ഇടപെട്ടു. മിശിഹ വന്ന് ഞങ്ങളെ രക്ഷിക്കും എന്ന് ഉത്ക്കണ്ഠയോടെ കാത്തിരുന്ന യഹൂദന്മാരുടെ ഇടയിൽ സ്വയം മനുഷ്യജഡം സ്വീകരിച്ച് യേശു വന്നു. ആവേശഭരിതനായ ഈ മനുഷ്യന്റെ വരവ് ശ്രദ്ധേയമായിരുന്നെങ്കിലും അത് അധികം നീണ്ടുനിന്നില്ല. കുറഞ്ഞപക്ഷം സ്വാതന്ത്ര്യം ലഭിക്കുന്നത്രയും നാൾ വരെയും നീണ്ടുനിന്നില്ല ആ ജീവിതം. ജയിക്കുവാനുള്ള ദൈവത്തിന്റെ വിതസ്ഥലത്ത് തോൽവി പ്രകടമയിരുന്നു. യേശുവിന്റെ മരണം തക്കസമയത്ത് ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിന് അടിസ്ഥാനമിടുകയായിരുന്നു. യഹൂദന്മാരുടെ രാജാവാകുമെന്ന് ഏറ്റവും കുറഞ്ഞത് പ്രതീക്ഷിച്ചത് സംഭവിച്ചില്ല, എന്നാൽ അവൻ ലോകത്തിന് രക്ഷകനായി മാറി. മൂന്ന് ദിവസങ്ങൾക്ക് ശേഷമുള്ള യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് ദൈവത്തിന്റെ ഇടപെടലിന്റെ മുദ്രയായിരുന്നു. യേശു ലോക രക്ഷിതാവ് ആണെന്നുള്ളതിനെ അത് ഉറപ്പിക്കുന്നതായിരുന്നു. അപ്പൊസ്തലന്മാരുടെ മനസ്സിൽ വിജയം ചക്രവാളത്തിൽ ഒരിക്കൽക്കൂടെ തെളിഞ്ഞു കാണുവാൻ തുടങ്ങിയ സമയത്ത്, അതാ യേശു സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു! ഇതും ദൈവീക ഇടപെടലിന്റെ ഒരു ഘട്ടത്തെ, ത്രിത്വ രൂപീകരണത്തിന്റെ ഒരു ഭാഗമായിരുന്നു. അവന്റെ മരണം ഒരു അടിസ്ഥാനവും, അവന്റെ ഉയർത്തെഴുന്നേൽപ്പ് ഒരു മുദ്രയുമാകുന്നു. എന്നാൽ, പൗലോസ് എഫെസ്യ ലേഖനം 2:10–3:11 ൽ പറയുന്നതുപോലെ സഭ എന്നത് അവന്റെ മർമ്മമാകുന്നു!

സഭയെക്കുറിച്ച് സമഗ്രമായ വിവരണം നൽകുന്നതാണ് ബൈബിളിലെ ഈ വാക്യങ്ങൾ. 11–18 വരെയുള്ള വാക്യങ്ങളിൽ പൗലോസ് സഭയുടെ അടിസ്ഥാനത്തെക്കുറിച്ച് പ്രസ്താവിക്കുന്നു. ജാതീയരായ വായനക്കാരോട് അവരുടെ മുന്നത്തെ ആത്മീക നൈരാശ്യ ജീവിതത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു. മിശിഹ എന്ന വാഗ്ദത്ത രക്ഷകൻ ഇല്ലാത്ത ഒരു ജാതി. മനുഷ്യനെന്ന പരിഗണന പോലും ലഭിക്കാത്തവരും ദൈവത്തിന്റെ ജനത്തോട് യാതൊരുവിധ സംബന്ധവുമില്ലാത്തവരും ആയിരുന്നു അവർ. സൃഷ്ടാവും, പരിപാലകനുമായിരിക്കുന്ന ദൈവത്തിൽ നിന്ന് യാതൊരുവിധ എഴുതപ്പെട്ട വാഗ്ദത്തങ്ങളും ഇല്ലാത്തവർ. അങ്ങനെ, തങ്ങൾക്ക് ദൈവമില്ലാത്തതിനാൽ പ്രത്യാശയ്ക്ക് വകയില്ലാത്ത ഒരു ജാതി! ഈ ശൂന്യവസ്ഥയിലേക്ക് ദൈവം അത്യത്ഭുതകരമായി ഇടപെട്ട് യേശുവിനെ യഹൂദന്മാരുടെ ഇടയിൽ നിന്നുതന്നെ എഴുന്നേൽപിച്ച്, അവർക്ക് വേണ്ടി മാത്രമല്ല, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും രക്ഷകനായി അയച്ചു. അവൻ എതിരെ നിന്നിരുന്ന രണ്ടുകൂട്ടരേയും പരസ്പരവും പിന്നീട് തന്നോടും നിരപ്പിച്ചു. അവർ അവന്റെ പുതിയ സൃഷ്ടിയാകുന്ന സഭയും തന്റെ സ്വന്തവുമാകുന്നു! ഭൂമിയിലെ ഒരു മാനുഷിക സംഘടനകൾക്കും ദൈവത്തിന് സ്വന്തമായ തന്റെ സഭയെ, സ്വന്ത ഇഷ്ടപ്രകാരം നിയന്ത്രിക്കുവാനോ നിർവ്വചിക്കുവാനോ അനുവാദമില്ല.

19–21 വരെയുള്ള വാക്യങ്ങളിൽ പൗലോസ് ദൈവത്തിന്റെ പുതിയ സൃഷ്ടിയായിരിക്കുന്ന സഭയുടെ അതുല്യമായ പ്രകൃതിയെ ഈ അത്ഭുതകരമായ അടിസ്ഥാനത്തിലൂടെ നമുക്ക് കാണിച്ചുതരുന്നു. ഈ മൂന്ന് ചെറിയ വാക്യങ്ങളിലൂടെ പൗലോസ് ദൈവത്തിന്റെ കൈവേലയായ സഭയുടെ നാല് രൂപകാലങ്കാരത്തെ വർണ്ണിക്കുന്നു. ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിലൂടെ യഹൂദനും ജാതിയും ഒരുമിച്ചു ചേർന്ന് തുല്യതയുള്ള ഒരു ജനത എന്ന കാഴ്ചപ്പാട് നൽകിത്തരുന്നു. അവർ ദൈവത്തിന്റെ ജനതയാണ്. അവർക്ക് ഒരു പുതിയ പരമ്പരയെ നൽകികൊടുക്കുന്നു. അത്

തന്റെ പുത്രനായ ക്രിസ്തുവിലൂടെയുള്ള പരമ്പരയാണ്. അവർ പുതിയ ഒരൊറ്റ കുടുംബമാണ്. അവരെ ഒരു പുതിയ കെട്ടിടമെന്ന നിലയിൽ പണിതെടുത്തു, വാസ്തവത്തിൽ അതിലും ഉന്നത മായ നിലയിൽ, ദൈവം വാസം ചെയ്യുന്ന മന്ദിരമായി അവരെ വാർത്തെടുത്തു. പഴയ നിയമകാലത്തെ ആരാധനയുടെയും കാർമ്മികത്വത്തിന്റെയും ഇടത്തിൽ നിന്ന്, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ, ദൈവത്തിന്റെ പുതിയ പവിത്രസ്ഥാനമായി മാറി. മനുഷ്യരിലുള്ള ദൈവത്തിന്റെ ഈ നിവാസത്തിന്റെ പ്രകൃതം ഏറെ അതുല്യമാണ്. അപ്പൊസ്തലന്മാരുടെയും പ്രവാചകന്മാരുടെയും ശുശ്രൂകളും എഴു ത്തുകളുമാകുന്ന ദൈവവത്തിന്റെ വചനത്തിലുള്ള വെളിപ്പാടിന്മേലാണ് അവർ പണിയപ്പെട്ടിരിക്കു ന്നത്. ഈ പുതിയ മന്ദിരം എങ്ങനെയിരിക്കും എന്ന് യേശുക്രിസ്തു തന്നിൽ തന്നെയുള്ള രൂപക ല്പനാ മാതൃകയിലാണ് വെളിപ്പെടുത്തുന്നത്. എന്നാൽ, ക്രിസ്തുവിന്റെ ജനതയിൽ ഓരോരുത്തരും വ്യക്തിപരമായും (1 കൊരി. 6:19), സമൂഹമായും (എഫെ. 2:20-21) ദൈവത്തിന്റെ വാസസ്ഥാനമാ ണ്. ഈ മന്ദിരത്തിൽ ദൈവം ആഗ്രഹിക്കുന്നിടത്ത് ഓരോ കല്ലും (വ്യക്തികൾ) അവൻ പ്രതിഷ്ഠി ക്കുന്നു. പ്രധാന പണിക്കാരനായി നിന്നുകൊണ്ട് ദൈവം, തന്റെ തികവുള്ള ഈ പണിയിൽ ക്രിസ്തു വിന്റെ ഓരോ പൈതലും ദൈവവചനത്തിൽക്കൂടെ ദൈവാത്മാവിനാൽ പ്രബലമായ നിലയിൽ വള രുന്നു. അങ്ങനെ ദൈവം ആഗ്രഹിക്കുന്നയിടത്ത്, ക്രിസ്തുവിന്റെ മറ്റുള്ള ഓരോ മനുഷ്യരുടെയും ഇടയിൽത്തന്നെ അവരെ ദൈവം നിർത്തുന്നു. അതേസമയം തന്നെ, ലോകത്തിൽ അവർ ഒരുമിച്ച് ക്രിസ്തുവിന്റെ നിറവായി നിൽക്കുമ്പോൾത്തന്നെ (എഫെ. 1:23), പ്രധാനമായും ഓരോ ചെറിയ കൂട്ടമായി (വ്യക്തികളും കുടുംബവും) സുവിശേഷവെളിച്ചത്തിന്റെ പ്രഭയായി സമീപെ വസിക്കുന്ന വരിലും, തെരുവോരങ്ങളിലും ലോകത്തിൽ മറ്റെല്ലായിടത്തും വെളിച്ചം വിതറുകയാണ് ചെയ്യുന്നത്.

ഇപ്രകാരം കുടുംബങ്ങളും പ്രാദേശിക സഭകളും തങ്ങളുടെ വെളിച്ചം പ്രസരിപ്പിക്കുന്നതിലൂടെ സഭയ്ക്കകത്തും പുറത്ത് ലോകത്തിലും ദൈവാത്മാവ് ഇവരെ ഓരോരുത്തരെയും ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലേക്ക് അനേകം പുതിയ കല്ലുകളെ (അ.പ്ര. 2:42) കൂട്ടിച്ചേർക്കേണ്ടതിനായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഒരു ദിവസം, പരിശുദ്ധാത്മാവിനാൽ ക്രിസ്തുവിന്റെ ജനതയി ലൂടെ സജീവമാക്കപ്പെട്ടതും പ്രസ്താവിക്കപ്പെട്ടതുമായ സുവിശേഷ പ്രചരണ ശുശ്രൂഷ തികയു മ്പോൾ, ക്രിസ്തു തിരികെ വരും (മത്താ. 24:14). ക്രിസ്തുവിന്റെ പിൻഗാമികളായവരിൽ വളർച്ച യിലും പക്വതയിലും സ്വഭാവപരമായി വ്യതിരിക്തതയുള്ള ഓരോരുത്തരും തങ്ങളുടെ ചുറ്റുപാടു മുള്ള എല്ലാ സ്ത്രീപുരുഷന്മാരോടും കുഞ്ഞുങ്ങളോടും സുവിശേഷം അവർക്ക് മനസ്സിലാകത്തവി ധത്തിലും, സ്വീകരിക്കുവാനോ തിരസ്ക്കരിക്കുവാനോ ഉള്ള അവസരങ്ങൾ അനുവദിച്ചുകൊണ്ട് അറിയിച്ചിട്ടുണ്ട് എന്നാ നാം പലപ്പോഴും പറഞ്ഞേക്കാം. സ്വഭാവപരമായി വളർച്ചയിലുള്ള വ്യതിരി ക്തസ്ഥിതിയിൽ നിന്ന് എണ്ണത്തിലുള്ള പെരുപ്പം സഭയിൽ സംഭവിച്ചേക്കാം. ഇത് ദൈവം ക്രിസ്തു വിന്റെ ശരീരമാകുന്ന സഭയിൽ പാരമ്പര്യമെന്ന പ്രകാരം നെയ്തു ചേർത്തിരിക്കുന്ന ഒരു പ്രകൃതമാ ണ്.

ഇതാണ് സഭയെക്കുറിച്ചുള്ള പൗലോസിന്റെ ഏറ്റവും പ്രധാനവും അന്തിമവുമായ വെളിപ്പാട്. ഏറ്റവും ശ്രേഷ്ഠവും എന്നാൽ ലളിതവുമായ ദൈവത്തിന്റെ ഈ പുതിയ രൂപകല്പന ഇന്നു നമ്മിൽ പലരും അമിതവൽക്കരിച്ച് വിളിക്കുന്ന സഭ എന്ന സ്ഥാപനം അതിന്റെ ഉദ്ദേശ്യത്തിൽ നിന്ന് വ്യതിചലിച്ചു പോയി. എഫെസ്യ ലേഖനം 3:10-11 വാക്യങ്ങളിൽ അഞ്ച് പ്രധാനപ്പെട്ട യാഥാർത്ഥ്യങ്ങൾ കാണു ന്നു. ഒന്നാമത്തേത്, ഉല്പ്പത്തി മുതലേ ദൈവത്തിന് ഒരേയൊരു ഉദ്ദേശ്യമേ ഉണ്ടായിരുന്നുള്ളൂ. ദൈവ ത്തിന്റെ ഉദ്ദേശ്യം എന്നത് ഏകവചനം ആയിട്ടാണ് പൗലോസ് ഊന്നിപ്പറയുന്നത്. അത് വ്യാകരണ ത്തിലും ഏകവചന സ്വഭാവമാണ്, അനാദികാലം മുതലുള്ള ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന പ്രവർത്തിക്കും ഏകവചന സ്വാഭമാണ് പൗലോസ് നല്കിയിരിക്കുന്നത്. ഇത് വ്യക്തമായി കാണു

വാൻ കഴിയുന്നില്ലെങ്കിലും, ആദമും ഹവ്വയും പാപം ചെയ്തതു മുതൽ ഇതിന്റെ പ്രവർത്തികൾ ചരിത്രത്തിൽ കാണുവാൻ കഴിയും. ദൈവത്തിന്റെ പ്രേരണയും വെളിപ്പാടും വളരുകയും അത് സമയം/ കാലഘട്ടം എന്ന വ്യവസ്ഥിതിയിൽ സൂക്ഷിക്കപ്പെടുകയും ചെയ്തു. യേശുക്രിസ്തുവിന്റെ വരവിന്റെ സമയം വരെ. മുമ്പേ തന്നെ അതിന്റെ ഒരുക്കങ്ങൾ ആരംഭിക്കുകയും അതേത്തുടർന്ന് അതിന്റെ പൂർത്തീകരണവും സംഭവിച്ചു.

രണ്ടാമത്തേത്, ഇക്കാലത്ത് ഭൂമിയിൽ ദൈവത്തിന് ഒറ്റ മാദ്ധ്യമം മാത്രമേയുള്ളൂ, അത് സഭയാണ്. സമീപ പ്രദേശങ്ങളിലും, പട്ടണങ്ങളിലും ഓരോ സംസ്ഥാനങ്ങളിലും, ലോകത്തിലെ ഓരോ രാജ്യങ്ങളിലും ദൈവം എന്തു ചെയ്യുവാൻ പോകുന്നുവോ, അവയെല്ലാം ദൈവം തന്റെ സഭയാകുന്ന ക്രിസ്തുവിന്റെ ജനങ്ങളിലൂടെ ചെയ്യുന്നു. ഒരാൾക്കുപോലും സുവിശേഷം അറിയിക്കാതെ ഒഴിഞ്ഞുമാറുവാൻ കഴിയില്ല. ക്രിസ്തുവിൽ അതിരില്ലാത്ത ദൈവത്തിന്റെ കൃപ (എഫെ. 3:8), വ്യക്തിഗതമായതും, അതുല്യമായതും, സമഗ്രമായതും, സാർവ്വലൗകികമായി വെളിപ്പെടുന്നതുമായ ക്രിസ്തുവിന്റെ ജനതയായിരിക്കുന്ന ഓരോരുത്തരിലും പ്രവർത്തിക്കുന്നത് കാണുവാൻ കഴിയും. ഇപ്പോൾ യേശു ദൈവത്തിന്റെ വലത്തുഭാഗത്തി ഇരിക്കുന്നെന്നുള്ളതും തന്റെ കൃപയുടെ പ്രവർത്തന കഥനങ്ങളും എല്ലാം യേശുവിന്റെ അനുഗാമികളായിരിക്കുന്ന ഓരോരുത്തരിലൂടെയും ദൈവം പറയും. ഈ ഉദ്യമത്തിൽ ആരും അപ്രസ്ക്തരല്ല. ആരും ഒഴിവാക്കപ്പെട്ടവരുമല്ല!

മൂന്നാമത്തേത്, ഈ നിത്യപദ്ധതിയുടെ ഉദ്ദേശ്യം, കൃപയുടെ സുവിശേഷ കഥ വെളിപ്പെടുത്തേണ്ടതിനെന്നവണ്ണം ചരിത്രത്തിൽ ക്രിസ്തുവിന്റെ വരവിനായി അനേക ഒരുക്കങ്ങൾ പ്രദർശിപ്പിച്ചു. പൗലോസ് പറയുന്നത്, ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം ക്രിസ്തുവിന്റെ ശരീരമായ സഭയെന്ന മാദ്ധ്യമത്തിലൂടെ കാണുവാൻ കഴിയുന്നു എന്നാണ്. വ്യക്തിഗതമായതും, അതുല്യമായതും, സമഗ്രമായതും, സാർവ്വലൗകികമായി വെളിപ്പെടുന്നതുമായ സഭ മുഖാന്തരം പറയുക എന്ന കൃപയുടെ ശുശ്രൂഷയെക്കുറിച്ച് മുൻപിലത്തെ ഖണ്ഡികയിൽ ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. ഇത് വ്യതിരിക്തമായതാണ് അഥവാ പ്രത്യേകമായുള്ളതാണ്, കാരണം ക്രിസ്തുവിന്റെ ഓരോ മനുഷ്യനും ഇത് സ്വീകരിച്ചിട്ടുണ്ട്. ഇത് അതുല്യമായതാണ്, കാരണം ഓരോരുത്തരും ശ്രേഷ്ടരുമാണ്. അതേ ശ്രേഷ്ഠമായ നിലയിലാണ് ഇത് സ്വീകരിച്ചിരിക്കുന്നതും. ഓരോരുത്തരുടെയും കഥ ഓരോരുത്തരിൽ നിന്നും വ്യത്യസ്തമാണ്. അതുകൊണ്ട് പൗലോസ് ഇതിനെ ബഹുവിധം എന്നു വിളിക്കുന്നു. യേശുക്രിസ്തുവിന്റെ അനുഗാമി ആയി കൃപയിലേക്ക് വന്ന ഓരോ വ്യക്തിയുടെയും ഒരോ കഥയും ദൈവത്തിന്റെ കയ്യിലിരിക്കുന്ന ബ്രഷുകൊണ്ട് ദൈവം വരയ്ക്കുന്ന ഓരോ വരയാണ്. അതിനെ വിളിക്കുന്ന പേരാണ് കൃപ. അവർ ഓരോരുത്തരും ഇല്ലാതെ ഇത് പൂർണ്ണമല്ല, അതുപോലെ അവർ ഏവരും ചേരുമ്പോഴാണ് ഈ കഥ പൂർണ്ണമാകുന്നത്. ആ കഥയാണ് ദൈവം പറയുവാൻ ആഗ്രഹിക്കുന്ന കഥ. ഇത് സമഗ്രമായ ഒന്നാണ്, കാരണം, ഓരോ പ്രത്യേകവും ശ്രേഷ്ടവുമായ കഥകൾ ഓരോ ദിവസവും മുഴു കഥയോടും ചേർത്തുകൊണ്ടിരിക്കും. കൃപയേക്കാളും വലുതല്ല ഒരു പാപവും! ഇത് ആത്യന്തികമായി സാർവ്വ ലൗകികമാണ് എന്നതിനാൽ ഇത് ലോകം മുഴുവൻ പ്രസംഗിക്കപ്പെടുകയും ശേഷം അവസാനിക്കുകയും ചെയ്യും. എല്ലാ ഗോത്രങ്ങളിൽ നിന്നും, ഭാഷകളിൽ നിന്നും, രാജ്യങ്ങളിൽ നിന്നുമുള്ള ആളുകൾ ഇതു കേൾക്കുകയും ഇതിനാൽ രൂപാന്തരം സംഭവിക്കുകയും ചെയ്യും.

നാലാമത്തേത്, ദൈവകൃപയുടെ ഈ സവിശേഷവും, സമഗ്രവും, സാർവ്വത്രികവുമായ പ്രദർശനം ക്രിസ്തുവിന്റെ ജനങ്ങളിലൂടെ പ്രവർത്തിക്കന്നത് നിത്യതയിൽ വസിക്കുന്ന അദൃശ്യ ശക്തികൾക്ക് എക്കാലത്തും ഒരു സമസ്യ ആണ്. സാത്താനും കൂട്ടർക്കും നമ്മെ അറിയാവുന്നതുകൊണ്ട് ഇത്

അവർക്ക് മനസ്സിലാകുന്നില്ല. ശിക്ഷിക്കുവാൻ ദൈവത്തിന് ഒരു കാരണം ആവശ്യമാണെങ്കിൽ, അവരുടെ പക്കൽ ഇവയെക്കുറിച്ചുള്ള സകല വിശദാംശങ്ങളുമുണ്ട്. പാപത്തെ അവയ്ക്ക് അറിയാം, പക്ഷേ കൃപ എന്നതിനെ അവർക്ക് ഗ്രഹിക്കുവാൻ കഴിയുന്നില്ല. ഗബ്രിയേലിനും ദൂതസഞ്ചയങ്ങൾക്കും ക്രിസ്തു, ദൈവപുത്രൻ, ലോക സൃഷ്ടിതാവ് എന്നാൽ ആരെന്ന് അറിയാം. എന്തിനാണ് അവൻ ജഡരൂപമെടുത്തത്? അത്, നിത്യതയുടെ അപ്പുറവും ഇപ്പുറവും, നന്മയ്ക്കും തിന്മയ്ക്കും വേണ്ടിയും, ക്രിസ്തുവിന്റെ ആളുകളായ ഓരോരുത്തർക്കു വേണ്ടിയും – ലക്ഷക്കണക്കിനു വരുന്ന മുതലാളിത്ത വ്യവസ്ഥിയിലുള്ളവരെക്കുറിച്ച് ഒന്നും പറയുന്നില്ല – വ്യതിരിക്തമായതും, അതുല്യമായതും, സമഗ്രമായതും സാർവ്വത്രികവുമായ കൃപയുടെ സമസ്യയുടെ പ്രസ്താവന ആകുന്നു.

അഞ്ചാമത്, രക്ഷയ്ക്കായുള്ള ഒരു നല്ല പദ്ധതി പാപത്താൽ മോശമാക്കാൻ ശ്രമിച്ചു എന്ന പൗലോസിന്റെ ഈ വിവരണ ചിത്രങ്ങൾ, താനും മറ്റ് അപ്പൊസ്തലന്മാരും നിമിഷനേരം മുട്ടിന്മേൽ ഇരുന്നപ്പോൾ ലഭിച്ച ദൈവം ചെയ്ത തമാശയല്ല. അല്ല, അത് അവിടുത്തെ ശാശ്വതമായ ക്രമത്തോട് കൃത്യമായി അനുരൂപപ്പെടുന്ന കാര്യങ്ങളാണ്. ഈ സമയത്തേക്കു മാത്രമല്ല, നിത്യതയോളം നീണ്ടു നിൽക്കുന്നതുമായ, ക്രിസ്തുവിന്റെ ജനത്തിലൂടെ പ്രവർത്തിക്കുന്ന ദൈവത്തിന്റെ കൃപയെന്ന സമസ്യയുടെ പ്രത്യക്ഷ പ്രകടനമാണ് ഇത്.

അവസാനമായി... ഇവിടെ എനിക്ക് വ്യക്തമായി കാണുവാനുണ്ടായിരുന്നു! പ്രസംഗിക്കുവാനും ആരാധിക്കുവാനും വേണ്ടി കൂടിവരുന്ന ഒരു സംഭരണശാല അല്ലായിരുന്നു സഭ. മുതിർന്നവർക്കും ചെറിയവർക്കും നല്ല മൂല്യങ്ങളെ പകർന്നു കൊടുക്കുവാനും പരിശീലിപ്പിക്കുവാനും അതിനു പറ്റിയ പരിപാടികൾ അവതരിപ്പിക്കുവാനും ഉള്ള ഇടമല്ലായിരുന്നു സഭ. പുതിയ ബന്ധങ്ങളെ സൃഷ്ടിക്കുവാനും കൂട്ടായ്മ ആചരിക്കുവാനും ഉള്ള ഒരു സോഷ്യൽ ക്ലബുമല്ലായിരുന്നു സഭ. ഇവയെല്ലാം നമ്മുടെ പ്രകൃതത്തിൽ നിന്നു തന്നെ ഉരുത്തിരിയുന്നവയാണ്. എന്നാൽ, ഇവയൊന്നും നമ്മുടെ ഉദ്ദേശ്യത്തിൽ പെട്ട കാര്യവുമല്ല ഇവ നമ്മുടെ പ്രധാനപ്പെട്ട പ്രവർത്തനകാര്യങ്ങളുമല്ല. നമ്മെ പരവേശപ്പെടുത്തുവാൻ തക്ക സങ്കീർണ്ണതകളൊന്നും തന്നെ ക്രിസ്തുവിന്റെ ശരീരമായ സഭയുടെ രൂപകല്പനയിൽ ഇല്ലെന്നാണ് നമ്മിൽ പലരുടേയും ധാരണ. എന്നാൽ ഇത്, ഇതിന്റെ ലാളിത്യമാണ്. നിലനില്പിൽ സുരക്ഷിതത്വം കണ്ടെത്തേണ്ടതിനു വേണ്ടി ആളുകൾ സഭയെ സംഘടനയായി കെട്ടിപ്പടുക്കുവാൻ നിലവിളിക്കുകയാണ്. നാം (നേതാക്കന്മാർ) അതിന്റെ പ്രാധാന്യതയ്ക്കു വേണ്ടി അതിന്റെ ചട്ടക്കൂടനുസരിച്ച് പ്രവർത്തിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിന് അതിന്റ ചട്ടക്കൂട് ആവശ്യമാണ്. അതിലെ ആളുകൾ പാപത്തിൽ പെടാതെ സുരക്ഷിതരാകേണം, നേതാക്കന്മാർ പോലും പാപത്തിൽ പെടാതെ തങ്ങളുടെ പ്രാധാന്യതയെ സൂക്ഷിക്കണം. പക്ഷേ, സ്ഥാപനത്തെ അതിന്റെ ചട്ടക്കൂട് നിയന്ത്രിക്കുമ്പോൾ, സുവിശേഷത്തെ പ്രതി അതിന്റെ ഉദ്ദേശ്യത്തിൽ മുഴുകാതെ സുരക്ഷിതത്വത്തെ മാത്രം തിരഞ്ഞെടുക്കുമ്പോൾ, ദൈവത്തിന്റെ കൃപയുടെ രൂപകല്പന അനുസരിച്ച് ജനത്തെ നിയോഗിച്ചാക്കേണ്ടതിനു പകരം നേതാക്കന്മാർ സ്ഥാപനത്തിന്റെ പ്രാധാന്യതയെ തിരഞ്ഞെടുക്കുമ്പോൾ, നാം ഏവരും പാപത്തിന് വഴങ്ങിക്കൊടുക്കുകയാണ് ചെയ്യുന്നത്. മനുഷ്യർ, പരിശുദ്ധാത്മാവിന് പുറമേ തന്റെ കൃപയുടെ സന്ദേശം ഈ ലോകവുമായി ഇടപെടേണ്ടതിന് ദൈവം ഉപയോഗിക്കുന്ന ഏറ്റവും പ്രധാനമായ ഉപകരണം, അതിനെ നാം ഒഴിവാക്കുന്നത് ഏറ്റവും ദയനീയം!

ഇവയെല്ലാം നമുക്ക് അടിസ്ഥാനം രൂപീകരിക്കുവാൻ കഴിയുന്ന നിലയിൽ നാലു വിധത്തിലുള്ള അന്തിമ തീരുമാനത്തിലേക്ക് എന്നെ നടത്തി:

1. ക്രിസ്തുവിന്റെ ജനങ്ങളെ പ്രവർത്തനക്ഷമമാക്കുക. 2. പുതിയ സഭകളെ സ്ഥാപിക്കുക. 3. ഓരോ സമീപപ്രദേശങ്ങളിലും, പട്ടണങ്ങളിലും, മേഖലകളിലും, രാജ്യം മുഴുവനും എല്ലാ സ്ത്രീപുരുഷ

ന്മാരും കുഞ്ഞുങ്ങളും ദൈവത്തിന്റെ കൃപയാൽ ലഭിച്ച യേശുക്രിസ്തുവിന്റെ സുവിശേഷം കേട്ടു എന്നും അവരത് മനസ്സിലാക്കി സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യുവാൻ അവർക്ക് അവസരം ലഭിച്ചു എന്നും ഉറപ്പാക്കണം. ഒന്നാമത്, ദൈവം ഈ ലോകത്തിൽ എന്താണോ ചെയ്യുവാൻ പോകുന്നത് അവയെല്ലാം ക്രിസ്തുവിന്റെ ജനതയിലൂടെ ചെയ്യുന്നു. രണ്ടാമത്, ദൈവം ഈ ലോകത്തിൽ എന്താണോ ചെയ്യുവാൻ പോകുന്നത് അവയെല്ലാം ക്രിസ്തുവിന്റെ ജനതയിലൂടെ അത്, നേതാക്കന്മാർ തങ്ങൾക്ക് ലഭിച്ച പ്രത്യേക കൃപാവരങ്ങൾക്കപ്പുറത്ത്, അവരുടെ സഹകരിച്ചുള്ള പ്രവർത്തിയിലൂടെ ക്രിസ്തുവിന്റെ ജനത്തെ ശക്തീകരിക്കുക എന്ന പരമപ്രധാനമായ ശുശ്രൂഷയിലൂടെയും ആണ് ചെയ്യുന്നത്. മൂന്നാമത്, ദൈവം ഈ ലോകത്തിൽ എന്താണോ ചെയ്യുവാൻ പോകുന്നത് അവയെല്ലാം ക്രിസ്തുവിന്റെ ജനതയിലൂടെ, അത് പ്രാഥമികമായും വികേന്ദ്രീകൃതമായ, അതായത്, മറ്റുള്ളവരിലേക്ക് ശുശ്രൂഷകൾ പകർന്നു കൊടക്കുന്ന, ഘടനയിലൂടെയാണ് ചെയ്യുന്നത്. നാലാമത്, ദൈവം ഈ ലോകത്തിൽ എന്താണോ ചെയ്യുവാൻ പോകുന്നത് അവയെല്ലാം അകലെയുള്ള സഭകളേക്കാൾ പ്രാദേശികമായ സഭകളുടെ ഉത്തരവാദിത്തത്തിലാണ് ചെയ്യുന്നത്. പ്രാദേശിക സഭകളിൽ ദൈവം ഇടപെട്ട് അവരിലൂടെ സുവിശേഷ വേലയ്ക്ക് പ്രാപ്തരാക്കുന്നതിലൂടെയും, വേലയ്ക്ക് അയയ്ക്കുന്നതിലൂടെയും, സഹകരിപ്പിക്കുന്നതിലൂടെയും, പങ്കാളികളാക്കുന്നതിലൂടെയും ദൈവം പ്രവർത്തിക്കുന്നു. തന്മൂലം അവർ സുവിശേഷത്തിന്റെ വ്യാപനത്തിന് ഉത്തരവാദിത്തമുള്ളവരായിരിപ്പാനും ദൈവം ഇടയാക്കുന്നു.

ഇവയെല്ലാം എന്നെ മറ്റൊരു ഉപസംഹാരത്തിലേക്കു കൂടി നയിച്ചു, അത്, സഭയെ ദൈവംതന്നെ രൂപകല്പന ചെയ്ത ഉദ്ദേശ്യനിവർത്തീകരണത്തിനു വേണ്ടി കർമ്മനിരതരാക്കുക എന്നതാണത്. ക്രിസ്തുവിന്റെ ജനത്തെ ശാക്തീകരിക്കുന്നതിനു വേണ്ടി നാം ശ്രമിക്കുന്നതുപോലെ തന്നെ വളരെ ശക്തമാണ് വ്യക്തിപരമായി ചതിക്കപ്പെടാനുള്ള സാധ്യതയും. നമ്മുടെ ഇടയിൽ കെട്ടിടങ്ങൾക്കുള്ളിൽ വച്ച് നടക്കുന്ന ഓരോ പ്രവർത്തികളും പരിപാടികളും നമ്മുടെ അളവുകോൽ വച്ച് അളന്ന് അത് ഫലപ്രാപ്തിയിലെത്തി എന്ന് പറഞ്ഞ് നേതാക്കന്മാരായ നമ്മെത്തന്നെ ആ അളവുകോലിൽ തളച്ചിടുവാൻ തക്കവണ്ണം സഭയെക്കുറിച്ച് നമുക്കുള്ള ദൈവശാസ്ത്ര ബോധം വളരെ ശോഷിച്ചതും അപൂർണ്ണവുമാണ്. നമ്മുടെ സഭ ആളുകളെ കൂട്ടുന്നതിനു വേണ്ടിയുള്ളതാണ് എന്ന് നാം ആത്മാർത്ഥമായി വിശ്വസിക്കുന്നവരാണെങ്കിൽ... അല്ലെങ്കിൽ സംതൃപ്തിയുള്ള.... അതുമല്ലെങ്കിൽ ആത്മനിറവുള്ള, (വിട്ടുപോയത് നിങ്ങൾക്ക് പൂരിപ്പിക്കാം!), അങ്ങനെ നാം നമ്മുടെ ഉദ്ദേശ്യം പൂർത്തീകരിക്കുന്നു എന്ന വിശ്വാസം മിഥ്യാധാരണയുടെ മന്ത്രണങ്ങൾ ആളുകളിലേക്കും നേതാക്കന്മാരിലേക്കും വമിപ്പിക്കുന്നതിന് കാരണമാകുന്നതാണ്. യാഥാർത്ഥ്യത്തിൽ, ഇന്ന് നാം സാധാരണമായി പാശ്ചാത്യരിൽ കാണുന്നതുപോലെ, മനുഷ്യന് ദൈവത്തോടുള്ള അടുത്ത ബന്ധം നഷ്ടപ്പെടുത്താം, അങ്ങനെയായാൽ നമ്മുടെ പട്ടണത്തിലെ സഭയുടെ എണ്ണത്തിൽ കുറവുണ്ടാകും. എന്നാൽ, നാം വളരുകയാണ്, അല്ലെങ്കിൽ സംതൃപ്തരാണ് എങ്കിൽ, നമുക്ക് ഒരു കുഴപ്പവുമില്ലാത്തവരാണ്. തീർച്ചയായും, ഒരു കുഴപ്പവുമില്ലാത്തവരാണ് എന്നതിനേക്കാൾ, നാം മറ്റുള്ളവർക്ക് മാതൃകയുള്ളവരാണ്, വേണമെങ്കിൽ മത്സരിക്കാം!

സംഭരണശാല പോലെ പ്രവർത്തിക്കുന്നതും ഒരു കൂട്ടം ആളുകളെ അതിനുള്ളിൽ മനഃശാസ്ത്രപരമായി സമീപിക്കുന്നതിൽ കൂടുതൽ ഒന്നുംതന്നെ യഥാർത്ഥത്തിൽ സംഭവിക്കുന്നില്ല എന്നു തിരിച്ചറിഞ്ഞ് നാശത്തിന്റെ ചതിക്കുഴിയിൽ നിന്നും ഞാൻ സ്വയം ഒഴിയേണ്ടതിന് വേണ്ടി ബൈബിളിന്റെ അടിസ്ഥാനത്തിൽ സഭയെ സംബന്ധിച്ച് ഞാൻ തിരിച്ചറിഞ്ഞ പ്രായോഗിക തന്ത്രങ്ങൾ ഉപയുക്തമാക്കുവാൻ തീരുമാനമെടുക്കേണ്ടതായി വന്നു. ഈ പ്രായോഗിക തന്ത്രങ്ങളെ സാമൂഹ്യമായ ഉത്തരവാദിത്തങ്ങൾ എന്ന് എനിക്ക് വിളക്കേണ്ടതായി വന്നു. ഞങ്ങൾക്ക്, ഞങ്ങളുടെ പ്രാദേശിക സഭയ്ക്കു

ചുറ്റും ഭൂമിശാസ്ത്രപരമായി ഏതു മേഖലയിൽ ഞങ്ങളുടെ എല്ലാ സാധ്യതകളെയും കാര്യക്ഷമമാക്കി, ക്ലിപ്ത സമയത്തിനുള്ളിൽ ഓരോ സ്ത്രീപുരുഷന്മാരും, കുഞ്ഞുങ്ങളും സുവിശേഷം കേട്ട് മനസ്സിലാക്കി അതിനോട് പ്രതികരിക്കുവാൻ അവർക്ക് അവസരം ലഭിച്ചു എന്ന് ഉറപ്പാക്കുവാൻ പരിശുദ്ധാത്മാവാം ദൈവത്തോട് ചോദിക്കുക എന്നതാണ് സാമൂഹ്യ ഉത്തരവാദിത്തങ്ങൾ ചെയ്യുന്നത്. അങ്ങനെ പ്രാദേശിക സഭയോട് ബന്ധപ്പെട്ട് വിശ്വാസ ജീവിതത്തിലേക്ക് വരുന്നവരെ: 1. പിതാവായ ദൈവത്തോട് അടുത്ത ബന്ധം പുലർത്തുന്നതിൽ വളരുവാനും അവരുടെ പൗരോഹിത്യ ജീവിതം അനുഭവയോഗ്യമാക്കുവാനും അവരെ ശക്തീകരിക്കുക. 2. പരിശുദ്ധാത്മാവ് അവർക്ക് നൽകിയിരിക്കുന്ന കൃപാദാനങ്ങളെ സംബന്ധിച്ച് വിശ്വസ്തരായിരിക്കുവാനും അവ തങ്ങളുടെ അടുപ്പമുള്ളവരോട് പങ്കുവയ്ക്കുവാനും അവരെ ശക്തീകരിക്കുക. 3. തങ്ങളിലുള്ള കൃപാവരങ്ങൾ തിരിച്ചറിയുവാനും അവ സഭയിൽ ഉപയോഗിക്കത്തക്കവണ്ണമുള്ള സാഹചര്യങ്ങളെ ഒരുക്കുവാനും അവരെ അതിനായി ശക്തീകരിക്കുക. എന്നാൽ അവയുടെ ഉപയോഗം അവർ കൂടുതലായി ചിലവഴിക്കുന്ന പുറമെയുള്ള ലോകത്തിൽ ആകണമെന്നത് വളരെ പ്രധാനപ്പെട്ടതുമാണ്.

സാമൂഹ്യമായ ഉത്തരവാദിത്തങ്ങൾ ഞാൻ സ്വായത്തമാക്കിയിരുന്ന ദൈവശാസ്ത്രത്തിൽ നിന്നും തികച്ചും വിപരീതമായിരുന്നു. ഞാൻ മുമ്പെ ചിന്തിച്ചിരുന്നത്, ഞാൻ സാധാരണയായി വിളിച്ചിരുന്ന അകം പുറം മനനം എന്ന രീതിയിൽ നമ്മുടെ ഫലപ്രാപ്തിയെ അളക്കാമെന്നായിരുന്നു. കൃത്യമായി പറഞ്ഞാൽ, അളക്കുക എന്നാൽ നമ്മിൽ നിന്ന് നമ്മിലേക്ക്, നമ്മുടെ ചേതോവികാരം... സുരക്ഷ... ചിലപ്പോൾ മോടിയും സൗന്ദര്യവും. നമ്മുടെ ശരിയായ ഫലപ്രാപ്തി അളക്കുന്നത് എങ്ങനെയെന്നാൽ, അതിന് നാം ഏത് ആത്മീക പദങ്ങൾ ഉപയോഗിച്ചിരുന്നുവോ, അവയെല്ലാം നാം വളർന്നോ ഇല്ലയോ എന്നതിനാലായിരുന്നു. ഇവർ എവിടെ നിന്നാണ് വന്നത്, അവരുടെ വിശ്വാസത്താൽ അവർ എന്തു ചെയ്യുന്നു... അവരുടെ കുടുംബങ്ങളിലും, ബന്ധങ്ങളിലും... ഫലത്തിൽ ഇവയെല്ലാം രണ്ടാമത്തെ കാര്യമായിരുന്നു. എന്നാൽ, നാം ചിന്തിക്കുന്നതിനും പുറമെ, നാം ജീവിക്കുന്ന സമൂഹത്തിന്റെ യാഥാർത്ഥ്യങ്ങളുടെ നടുവിൽ, വളരെ വിശാലമായ യേശുക്രിസ്തുവിന്റെ ശരീരവുമായുള്ള സഹകരണത്തിൽ, അതേ സമൂഹത്തിൽ, സുവിശേഷത്തിന്റെ ഉദ്ദേശ്യം എന്തെന്ന് സഭയോട് പ്രസ്താവിക്കുകയാണ്. ‘‘നാം ജീവിക്കുന്ന സമൂഹത്തിൽ അളവിനു യോഗ്യമായ നിലയിൽ സുവിശേഷം പ്രസ്താവിക്കപ്പെട്ടിട്ടുണ്ടോ?’’ എന്ന കാതലായ ചോദ്യം ഉയരുകയാണ്. ഈ ചോദ്യം എളുപ്പത്തിൽ അളന്നു നോക്കാവുന്നതുമാണ്.

എന്റെയും നിങ്ങളുടെയും മുമ്പാകെ ശേഷിക്കുന്ന ഒരേ ഒരു ചോദ്യം ഇതാണ്, എത്ര ശതമാനം ആളുകളാണ് നമ്മുടെ സഭകളിൽ സന്നിഹിതരാകുന്നത്, നമുക്ക് സംതൃപ്തി ലഭിക്കത്തക്കവണ്ണം തങ്ങളുടെ വിശ്വാസത്താൽ അവർ ഒന്നും പ്രവർത്തിക്കാത്തതും എന്താണ്? ഈ ചോദ്യത്തിന് നാം നൽകുന്ന ഉത്തരം ചില വസ്തുതകളെ നിർണ്ണയിക്കും. എന്താണ് നിങ്ങളുടെ ആളുകളുടെ ഉദ്ദേശ്യം എന്നും അവർ തങ്ങൾ ജീവിക്കുന്ന ഈ ലോകത്തിൽ വാസ്തവമായും ആ ഉദ്ദേശ്യത്തിൽ വ്യാപൃതരാകുമോ ഇല്ലയോ എന്നും.

## അദ്ധ്യായം 4

## സഭയ്ക്ക് ദൈവം നേതൃത്വത്തെ നൽകിയത് എന്തിനാണ്?

പാശ്ചാത്യ സംഘടനകളുടെ വ്യത്യസ്തമായ നടത്തിപ്പുകളെ കണ്ടുകൊണ്ട് റോബർട്ട് ഗ്രീൻലീഫ് ഇങ്ങനെയാണ് പ്രസ്താവിച്ചത്, ''ഒരു പക്ഷേ പ്രബലമായ രണ്ട് ഘടകങ്ങളുടെ ഇടയിൽ നടക്കുന്ന വ്യത്യസ്തമായ ആശയവിനിമയം ആണ് നമ്മുടെ സ്ഥാപനങ്ങളുടെ പരാജയത്തിന്റെ വശം: താഴെക്കിടയിലുള്ള ഭാരവാഹിത്വങ്ങളും ഏക സമുന്നത ഭരണകർത്താവ് എന്ന ആശയവും.'' ഏക ഭരണകർത്താവ് എന്ന വ്യവസ്ഥയുടെ അസ്വാരസ്യത്തെ പഴിചാരിക്കൊണ്ട് താൻ തുടർന്നു, ''ഒരു ഏക സമുന്നത നേതാവ് സൂച്യസ്തംഭത്തിന്റെ അഗ്രത്ത് ഇരിക്കുന്നത് തന്നെ വിചത്രവുമാണ് അത് അഴിമതിയുമാണ്.''

ഈ പ്രസ്താവന പാശ്ചാത്യ ലോകത്തിലെ സഭാസിരാകേന്ദ്രത്തിലെ നേതൃത്വത്തെ സംബന്ധിച്ചും മറ്റ് പ്രാദേശിക സഭകളെ സംബന്ധിച്ചും അസത്യമായ കാര്യമല്ല. ഇന്നത്തെ നേതൃത്വം വരുത്തിവച്ചിട്ടുള്ള അവസ്ഥയെ സംബന്ധിച്ചും സഭയ്ക്കും സ്ഥാപനങ്ങൾക്കും വരുത്തി വയ്ക്കുന്ന കോട്ടത്തെക്കുറിച്ചും നിലവിളിക്കുന്ന ധാരാളം പുസ്തകങ്ങൾ കുമിഞ്ഞുകൂടുകയാണ്. ഈ ഫലപ്രദമില്ലായ്മ വരുത്തിവയ്ക്കുന്ന കാര്യങ്ങൾ ശ്രദ്ധാലുവായ ഒരു നിരീക്ഷകനെ നിരുത്സാപ്പെടുത്തുവാൻ പോന്ന വിധം വലിയവയാണ്. എന്നാൽ, കൂട്ടുവേലക്കാരിൽ സ്വാധീനം ചെലുത്തുക എന്നതാണ് ഇതിന്റെ ഏറ്റവും വലിയ വേദന എന്നുള്ളത്. ദൈവം നല്കിയ അനുശാസന പാലിക്കുവാൻ നേതാക്കന്മാർക്ക് കഴിയാതെ പോയാൽ ക്രിസ്തുവിന്റെ ആളുകൾ ദയനീയാവസ്ഥയിൽ ആവുകയാണ്. അവരുടെ ജീവിത മൂല്യങ്ങളും ലക്ഷ്യങ്ങളും അക്കാലത്തെ സംസ്ക്കാരങ്ങളുടെ സ്വാധീനവലയത്തിൽ പെട്ട് അവരെ അതിനുള്ളിലേക്ക് വലിച്ചിടുകയാണ്. ജീവിതത്തിൽ ഒന്നിനും സ്ഥിരതയില്ലാത്തതാകുന്നു. ക്രിസ്തുവിന്റെ ജനത്തിന് അവർക്കു ചുറ്റുമുള്ള വ്യവസ്ഥിത ലോകത്തുനിന്നു സംരക്ഷണം നല്കുന്ന നിഷ്പക്ഷമായ ഒരു ശലഭക്കൂടിനകത്ത്, ദൈവം ആഗ്രഹിക്കുന്നതു പോലെ പരിശുദ്ധാത്മാവിനോടൊപ്പം ചേർന്ന് നിന്ന് തങ്ങൾ ഉപയോഗിക്കപ്പെടുവാനായി ഒരു ദിനം വരുന്നതും കാത്ത് ജീവിക്കുവാൻ കഴിയില്ല. അവിടെ സമയം എന്ന തട്ടകത്തിൽ അവർക്ക് പരിശുദ്ധാത്മാവിനൊപ്പം ദിവ്യമായ ചുവടുവെയ്പ്പിന് സജീവമായി സഹകരിക്കുവാൻ കഴിയുകയില്ല. അവർ പിൻമാറിപ്പോയേക്കാം!

സഭയോടൊത്തുള്ള എന്റെ മുഴു ജീവിതത്തിനിടയിൽ, വിജയികളായ ക്രിസ്തു വിശ്വാസികളുടെ തലമുറകൾ തങ്ങൾക്ക് വ്യക്തമായി നൽകപ്പെട്ട വാഗ്ദാനങ്ങൾക്കും പ്രതീക്ഷകൾക്കും അനുസാരമായി ദൈവത്തിന്റെ നിറവിനനുസരിച്ച് ജീവിക്കാൻ സാധിക്കുന്നില്ല എന്ന് ധാരാളം കാരണങ്ങൾ പറഞ്ഞു കേട്ടിട്ടുണ്ട്. ഇപ്പറയുന്നവയിൽ ഒട്ടുമിക്ക ''കാരണങ്ങളും'' ഈ ലോകത്തിലെ വെല്ലുവിളികളെ കേന്ദ്രീകരിച്ചുള്ളവയും നമ്മെ ചുറ്റിപ്പറ്റി നിൽക്കുന്ന സാത്താന്റെ ആക്രമണങ്ങളും ആണ്. ശേഷമുള്ള വിലപിക്കുന്നവരിൽ ഈ ലോകത്തിലെ മോഹം അവരുടെ മനസ്സിനെ സ്വാധീനിച്ചു, എന്നിട്ട് ഇതിന്റെ കുറ്റമെല്ലാം ക്രിസ്തുവിന്റെ അനുയായികളിൽ ചുമത്തി. ഇവരുടെ വ്യത്യസ്തതകളെക്കൂടി കണക്കാക്കിക്കൊണ്ട് ഇവ രണ്ടും മൂല്യനിർണ്ണയം നടത്തിയാൽ, ഇവരിൽ സത്യത്തിന്റെ കണികകൾ ഉണ്ടെന്ന് കാണാം. അവർ നമ്മുടെ ഏറ്റവും വലിയ വെല്ലുവിളിയെ രൂപപ്പെടുത്തിയിട്ടുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നില്ല. തിരുവചനപ്രകാരം ഉത്തരവാദിത്തമുള്ള നേതാക്കന്മാർ, ഉയർത്തപ്പെട്ട കർത്താവ് സാന്നിദ്ധ്യം നൽകുന്ന നമ്മോടു കൂടെയുള്ള നേതാക്കന്മാർ തന്നെ ഈ ആരോപണത്തിന്റെ കുറ്റത്തിൽ സിംഹഭാഗവും ഏറ്റെടുക്കും. ശക്തി പകരുന്ന പരിശുദ്ധാത്മാവ് തന്നെ ഈ ഉത്തരവാദിത്തം ഭരമേൽപ്പിച്ചിരിക്കുകയാണ്.

പാശ്ചാത്യ സ്ഥാപനങ്ങളിലെ നേതൃത്വത്തിന്റെ ബലഹീനത ഗ്രീൻലീഫിന്റെ വിമർശനത്തിനനുസരിച്ച് തികച്ചും ശരിയാണ്. ''ഉന്നതസ്ഥാനീയത'' എന്ന വിലക്ഷണമായ രോഗലക്ഷണം, അത് സിഇഒ, പ്രസിഡന്റ്, സീനിയർ പാസ്റ്റർ ആരുമായിക്കൊള്ളട്ടെ, മാനുഷിക സംഘടനകളുടെ എല്ലാ ആരോഗ്യത്തെയും കാർന്നു തിന്നുന്ന കാൻസർ ആകുന്നു. ഇതേ കാൻസർ ആണ്, പ്രതീക്ഷകൾ വച്ചു പുലർത്തിയ ചെറുപ്പക്കാരായ നേതൃത്വങ്ങളിലൂടെ പടർന്ന് പരിശീലന സ്ഥാപനങ്ങൾ മുഖാന്തരം അതിന് വീണ്ടും കാഠിന്യം ഭവിച്ച് ഇന്ന് നമ്മുടെ ഇടയിൽ കാണുന്ന ഈ യാഥാർത്ഥ്യങ്ങളെല്ലാം തന്നെ. ഗ്രീൻലീഫ് ചൂണ്ടിക്കാട്ടുന്ന രണ്ടാമത്തെ കൂട്ടരായ ഉത്തരവാദിത്തം കയ്യാളുന്നവർ, രക്ഷാധികാരികൾ, അവർ എവിടെനിന്ന് വന്നവരുമാകട്ടെ, പൊതുസഭയിൽ നിന്നോ, ഭരണാധികാരികളിൽ നിന്നോ, മുതിർന്നവരുടെ ഭരണസമിതിയിൽ നിന്നോ ആകട്ടെ, ഇക്കൂട്ടരെ അധർമ്മം ചെയ്യിക്കുന്നതായ ഈ രോഗം ഇവരിലൂടെ പൂർത്തീകരിക്കപ്പെടുകയാണ് ചെയ്യുന്നത്. ഉന്നതസ്ഥാനീയത എന്ന രോഗലക്ഷണം പിന്നീട് നമ്മുടെ ഒരു സംസ്ക്കാരം ആയി മാറുകയും ഈ സംസ്ക്കാരം കൂട്ടുഭരണതലങ്ങളായ രക്ഷാധികാരികൾ മുതലായ യാതൊരുവിധ ഭരണകേന്ദ്രങ്ങളെയും സൃഷ്ടിക്കാതാക്കി. ഉന്നതസ്ഥാനീയനായ ഈ മനുഷ്യന്റെ നിർജ്ജീവ സാമർത്ഥ്യത്താലും ബലഹീനതയാലും നാം മരണം വരിക്കുവാൻ ഉപേക്ഷിക്കപ്പെട്ടവാരയി മാറി!

ചന്തസ്ഥലത്തെ ലൗകിക ആധിപത്യത്തെ സംബന്ധിച്ച് സത്യം എന്താകുന്നുവോ അതിനേക്കാൾ സത്യമാണ് സഭയുടെ ജൈവികമായ ആധിപത്യം. ഗ്രീൻലീഫ് തന്റെ മതനിരപേക്ഷമായ അഥവാ ലൗകികമായ ചില ദൃഢവിശ്വാസങ്ങൾ മുറുകെ പിടിക്കുന്നത് അത് ഉയർന്ന ധാർമ്മികത അവകാശപ്പെടുന്നതുകൊണ്ടല്ല, മറിച്ച് എല്ലാ യാഥാർത്ഥ്യങ്ങളും സാർവ്വത്രികവുമായ എല്ലാ സത്യങ്ങളും ദൈവത്തിന്റെ ആദ്യസത്യങ്ങളോട് അനുരൂപമായതുകൊണ്ടാണ്. കൂടാതെ, നേതൃത്വത്തെ സംബന്ധിച്ചുള്ള ദൈവീക സത്യത്തോട് മറ്റേതൊരു നേതൃത്വസത്യങ്ങളും അനുരൂപപ്പെടുന്നു. യഥാർത്ഥമായി ദൈവത്തിൽ നാം കാണുന്ന നേതൃത്വം അവൻ തന്നെ!

ക്രിസ്തുവിന്റെ ജനത്തെ നയിക്കുക എന്നതുമായി ബന്ധപ്പെട്ട് പുതിയ നിയമത്തിൽ മൂന്ന് വേദഭാഗങ്ങളാണ് പ്രബലമായി കാണുന്നത്. അതിനേക്കാൾ ഏറെ പറയുവാൻ കഴിയുമെങ്കിലും, ഈ വേദഭാഗങ്ങൾ മറ്റെല്ലാ അനിവാര്യമായ പ്രസ്താവനകൾക്കും മീതെ പ്രതീക്ഷകളുടെ ഒരു ചട്ടക്കൂട് നൽകുന്നു. അവ, പുതിയ നിയമ സഭയുടെ നേതൃത്വ പരിപാലനം എന്ന ''സംസ്ക്കാര''ത്തിൽ നിന്നാണ് ലഭിക്കുന്നത്. ആദ്യത്തെ വേദഭാഗം, എഫെസ്യ ലേഖനം 4:11-12 പറയുന്നതുപോലെ, എന്തുകൊണ്ട് നേതൃത്വം എന്നുള്ളതാണ്. രണ്ടാമത്തേത്, 1 കൊരിന്ത്യ ലേഖനം 12-ാം അദ്ധ്യായം നേതൃത്വത്തിന്റെ ഘടന എന്ന വിഷയം കൈകാര്യം ചെയ്യുന്നു. ഘടന എന്ന പദം ഞാൻ ഉപയോഗിച്ചിരിക്കുന്നത് നേതൃത്വത്തെ സംബന്ധിച്ച് സാർവത്രികമായും അടിസ്ഥാനപരമായും ഉള്ള വിവരണത്തിനായിട്ടാണ്, ഭരണവ്യവസ്ഥയായിട്ടല്ല. ഇത് ചരിത്രപരമായും ദൈവശാസ്ത്രപരമായും ഉള്ള ചർച്ചകൾക്കായി തുറന്നിരിക്കുകയുമാണ്. മൂന്നാമത്തെ വേദഭാഗം, മത്തായി 20-ാം അദ്ധ്യായത്തിൽ നേതൃത്വത്തെക്കുറിച്ച് യേശുക്രിസ്തുവിൽ നിന്ന് നാം സ്വീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശങ്ങളുടെ വിവരണമാണ്. നേതൃത്വത്തെക്കുറിച്ച് ദൈവശാസ്ത്രപരമായി എന്തെങ്കിലും പ്രധാനപ്പെട്ട കാര്യം പുതിയ നിയമത്തിൽ പ്രസ്താവിക്കുന്നുണ്ടോ എന്നാണെങ്കിൽ തീർച്ചയായും ഈ വേദഭാഗം ആയിരിക്കും യോജ്യം എന്ന് ഞാൻ വിശ്വസിക്കുന്നു.

പുതിയനിയമ നേതൃത്വത്തിന്റെ പ്രകൃതത്തോടും അതിന്റെ ധർമ്മത്തോടും സഹകരിക്കുവാൻ പഠിക്കുക

ആദ്യ വേദഭാഗമായ എഫെസ്യ ലേഖനം 4:11-12 വരെയുള്ള ഭാഗത്തെക്കുറിച്ച് ധാരാളം കാര്യങ്ങൾ

പ്രസ്താവിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് ഞാൻ കൂടുതൽ ഒന്നു പറഞ്ഞിട്ടില്ല എന്നു പറഞ്ഞ് ധാരാളം പേർ വിലപിക്കും. എന്നാൽ, സമർത്ഥമായ സംവാദങ്ങൾ ഒക്കെ കഴിഞ്ഞ്, അതിലെ പ്രശ്നങ്ങൾ ഒക്കെ ഉയർത്തിക്കാട്ടിയിട്ടും രണ്ട് സർവ്വപ്രധാനമായ ഘടകങ്ങൾ ശേഷിക്കുന്നു എന്ന് എനിക്ക് കാണുവാൻ കഴിഞ്ഞു. ദൈവീക കരുതലിന്റെ പൂർണ്ണമായ സ്വാധീനം നാം കാണുന്നുണ്ടെങ്കിൽ, മറ്റെല്ലാ സംവാദങ്ങളും അവസാനിപ്പിച്ച് അത്യന്താപേക്ഷിതമായവയെ ഉൾപ്പെടുത്തേണം.

എഫെസ്യ ലേഖനം 4:11–12; ‘‘അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു, അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീക വർദ്ധനയ്ക്കും ആകുന്നു.’’

ഒന്ന്, ഉൾക്കാഴ്ച എന്ന കൃപാവരമാണ് സഭയ്ക്കു വേണ്ടി ക്രിസ്തു നൽകിയിരിക്കുന്ന കൃപാവര പ്രാപ്തരായവർക്ക് താൻ നേരിട്ട് പകർന്നിരിക്കുന്നത്. ഈ കൃപാവരം പകർന്നതിലൂടെ സൂചകമാകുന്നത്, താൻ തന്റെ ശരീരത്തോടു കാണിച്ച കേവലം സ്നേഹത്തേക്കാൾ വലുതാണ് ഇതെന്നാണ്. ഈ വേദഭാഗത്തോട് ഏകദേശം സാമ്യമുള്ള ദൈവത്തിന്റെ ദീർഘദൃഷ്ടിയെ സംബന്ധിച്ചുള്ളത് മോശെയുടെ ഉല്പത്തി പുസ്തകത്തിൽ 1, 2 അദ്ധ്യായങ്ങളിൽ ഞാൻ കാണുന്നു. ദൈവത്തിന്റെ സർവ്വജ്ഞാനം ദൈവത്താൽ നിവർത്തിക്കപ്പെടുന്ന വേല പൂർത്തിയാക്കുവാൻ നൽകുന്നു. മുഴു പ്രപഞ്ചവും ദൈവത്തിന്റെ സൗന്ദര്യവും അധികാരവും അവന്റെ സ്വരൂപത്തിലുള്ള മനുഷ്യനെയും കണ്ട് ഘോഷിക്കുന്നു. എന്നാൽ, തന്റെ സകല സൃഷ്ടികളെയും അതതിന്റെ നിലയിൽ തന്റെ ശക്തമായ ഭുജം കൊണ്ട് താൻ നിയമിച്ചാക്കിയെങ്കിലും, എന്തോ ഒന്നിന്റെ അഭാവം പ്രകടമാണ്. മനുഷ്യന്റെ ചിരപരിചിതത്തിൽ നഷ്ടപ്പെട്ട ഘടകം എന്തെന്ന് ദൈവത്തിന് മാത്രമേ മുൻകൂട്ടി കാണാനാവൂ. എന്നാൽ തനിക്ക് തന്നെയും അത് പ്രത്യക്ഷത്തിൽ നിറവേറ്റുവാനും കഴിയില്ല. ആദത്തിന് ഒരു കൂട്ട് ഉണ്ടായിരുന്നേ മതിയാവൂ. പക്ഷേ അത് വെറുതെ ഏതെങ്കിലുമൊരു ചങ്ങാതി ആയാൽ പോരാ. ദൈവത്തിന്റെ സ്വരൂപം വഹിക്കുന്നവളും അവനെപ്പോലെ തന്നെയുള്ളതും ആയിരിക്കേണം. അത് മറ്റ് സൃഷ്ടികളിൽ നിന്നും വ്യത്യസ്തവും ആകേണം. എന്നാൽ അവൾ ആദത്തിൽ നിന്നുപോലും വ്യത്യസ്തമാകണം. അവരിൽ രണ്ടുപേരിൽ നിന്നും ദൈവത്തിന്റെ സ്വരൂപം, മറ്റൊരു നിലയിലുമല്ല, മനുഷ്യന്റെ എല്ലാ അനുഭവങ്ങളാലും കീഴടക്കപ്പെട്ട എന്തെങ്കിലും ഒന്നിനെ കൊണ്ടുവരികയും വേണം. ദൈവം ഈ ആവശ്യം മുന്നമേ കണ്ടിട്ട് ദൈവം ആദമിന് ഒരു പാരിതോഷികം കൊടുക്കുന്നു... ആദമിനെ പിൻതുടർന്നുള്ള തന്റെ കുലവും സമയം എന്ന ഇടനാഴിയിലൂടെ അവനെ പിൻതുടർന്നു.

കരുതുന്ന ദൈവത്തിന്റെ ഈ ദീർഘദൃഷ്ടിയുടെ അടയാളം ഞാനും വഹിച്ചേ മതിയാകൂ എന്ന് ഈ വേദഭാഗം കാണുമ്പോൾ എനിക്ക് തോന്നുന്നു. സഭയുടെ പ്രാരംഭകാലം മുതൽ ക്രിസ്തുവിന്റെ വരവോളം വരെ ഇതു തുടരണമെന്നു തന്നെയാണ് സഭയെക്കുറിച്ചുള്ള യേശുവിന്റെ കാഴ്ചപ്പാടും. എല്ലാ വിധത്തിലുമുള്ള കരുതലുകളുമുണ്ടായിട്ടും എന്തോ ഒന്നിന്റെ അഭാവം ഇപ്പോഴും ഉണ്ട്. പ്രാദേശിക സഭയുടെ നെടുംതൂണായി മൂപ്പന്മാരും, ശുശ്രൂഷകരും ഉണ്ടെങ്കിലും, ലോകത്തിൽ ചെയ്യേണ്ടുന്ന സകല കാര്യങ്ങളുടെയും തന്റെ ജനത്തിന്റെയും പിന്നിൽ പ്രേരകശക്തിയായി പരിശുദ്ധാത്മാവ് നിലനിൽക്കുന്നുണ്ടെങ്കിലും, എന്തോ ഒന്നിന്റെ അഭാവം അപ്പോഴും പ്രകടമാണ്. അപ്പൊസ്തലന്മാരും, പ്രവാചകന്മാരും, സുവിശേഷകരും, ഇടയന്മാരും, ഉപദേഷ്ടാക്കന്മാരും എല്ലാ പ്രവർത്തികളെയും

പ്രതിനിധീകരിക്കുന്നു എങ്കിലും, ജനം തങ്ങളുടെ പ്രകൃതവും വിളിയും നിറവേറ്റണം എന്ന നഷ്ട പ്പെട്ടുപോയ ഘടകത്തെക്കുറിച്ച് ക്രിസ്തുവിന് ബോധ്യം ഉണ്ടെന്നു എനിക്ക് തോന്നുന്നു. കൃപാവ രപ്രാപ്തരായ ആളുകളുടെ വേലയുടെ പങ്കിനെക്കുറിച്ച് ലോകമെമ്പാടുമുള്ള സഭാജനങ്ങൾ പിന്നീട് പ്രസ്താവിക്കും. സഭയുടെ പ്രകൃതവും അതിന്റെ ഉദ്ദേശ്യത്തെയും പിൻതുടരുന്നതിനെക്കുറിച്ച് അവർക്ക് അറിവില്ലാത്തതിനാൽ ഇപ്പോൾ അവർ, തന്റെ ശരീരത്തിനു വേണ്ടി സഭയുടെ നാഥനായ കർത്താവ് മുൻകൂട്ടി കണ്ടതിനെ കരുതുന്നതിനാൽ അവ വെളിപ്പെടുന്നു എന്നായിരിക്കും പറയു ന്നത്.

കഴിഞ്ഞ 33 വർഷത്തെ സഭാ പ്രവർത്തനങ്ങളുടെ അനുഭവങ്ങൾ എന്നെ ഒരു ചോദ്യത്തിലേക്കാണ് നയിച്ചത്, ‘‘സഭയുടെ കൃപാവര പ്രാപ്തരായ ആളുകളുടെ ശുശ്രൂഷയിൽ നിന്ന് ഏതെങ്കിലും ഒന്ന് നഷ്ടപ്പെട്ടു പോയിട്ടുണ്ടെങ്കിൽ, അത് ഏതായിരിക്കും?’’ നാം മുമ്പോട്ട് നോക്കിയാൽ, എന്തെങ്കിലും ഒന്ന് നഷ്ടമായിട്ടുണ്ടെങ്കിൽ അത് സഭയുടെ സ്വഭാവത്തിനും ഉദ്ദേശ്യത്തിനും നഷ്ടം സംഭവി ക്കുന്നതിന് കാരണമാകുന്ന ഒരു നഷ്ടം തന്നെയായിരിക്കും. അതുപോലെ തന്നെ തത്തുല്യമായി, സഭയ്ക്കു ചുറ്റുപാടുമുള്ള ലോകത്തിന് നടുവിൽ സഭ ചെലുത്തേണ്ടുന്ന സ്വാധീനവും നഷ്ടമായി പ്പോകും. എങ്ങനെയാണ് ഈ ജനങ്ങൾ തങ്ങളെത്തന്നെ ഒരുമിച്ചു കൂട്ടുന്നത്? എങ്ങനെയാണ് അവ രെത്തന്നെ തിരിച്ചറിയുന്നതും പരിശീലിപ്പിക്കുന്നതും? എവിടെ നിന്നാണ് അവർ തങ്ങളുടെ ചുമത ലകളെ കണ്ടെത്തുന്നത്? ഈ ചോദ്യങ്ങളെല്ലാം തന്നെ പ്രാഥമിക ചോദ്യത്തിനു ശേഷം വരുന്നവ യാണ്. ചുരക്കത്തിൽ, എഫെസ്യ ലേഖനത്തിൽ 4:11 ൽ പറയുന്ന മുഴു കൃപാവരങ്ങളിൽ നിന്നും അല്പംകൊണ്ട് മാത്രം മുന്നോട്ട് ഗമിക്കുന്നവരാണ് നാം. ഇതിനാൽ യേശുവിന്റെ ശരീരത്തിന് നല്ക പ്പെട്ട മുഴു കൃപാവരങ്ങളാലും പൂർണ്ണ തോതിൽ സ്വാധീനം ചെലുത്തുവാൻ പറ്റാതെ വരുന്നു. ‘സമുന്നതനായ വ്യക്തി’ പുരുഷനോ സ്ത്രീയോ ആകട്ടെ, പുനരുത്ഥാനം ചെയ്യപ്പെട്ട ക്രിസ്തുവിനാൽ കൃപാവരങ്ങൾ പ്രാപിച്ചവരോ ആകട്ടെ, ഇവരുടെ നിർജ്ജീവത്വവും ബലഹീനതകളും നമ്മെക്കൂടി നിർജ്ജീവരാകുകയാണ്. തന്മൂലം ശരീരത്തിന് അതിന്റെ സ്വഭാവത്താൽ നല്കപ്പെട്ടിരിക്കുന്ന അവ സ്ഥയിൽ അതിൽത്തന്നെ സമ്പൂർണ്ണമല്ല.

നമ്മുടെ ദീർഘനാളത്തെ പരിചയം കൊണ്ട് നമുക്കുള്ള ഈ ചിന്താക്കുഴപ്പം സ്വാഭാവികമായിട്ടുള്ള ഒരു അനുഭവമായിട്ടാണ് തോന്നാറുള്ളത്. എന്നാൽ, ആദിമ പിതാക്കന്മാർ എതിർത്തിരുന്ന അപക ടകരമായ അസ്വാഭാവിക ദുരുപദേശം പോലെ തന്നെയാണ് ഇതും. സഭയുടെ ചരിത്രം സംക്ഷിപ്ത മായി ഒന്നു പരിശോധിച്ചാൽ, സ്ഥാപന സംബന്ധമായി സഭയെ ക്രമീകരിക്കുവാൻ ശ്രമിച്ച കാലം മുതൽ ഈ ബലഹീനതകളുടെ വിത്തുകൾ അതിന്റെ ആദ്യസമയങ്ങളിൽ തന്നെ സഭയിൽ വിത യ്ക്കപ്പെട്ടതിന്റെ തെളിവുകൾ കാണാവുന്നതാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ മാത്രമാണ്, പ്രത്യേകിച്ചും എല്ലാറ്റിലും ശ്രേഷ്ടമായി പടിഞ്ഞാറൻ നാടുകളിൽ അവിടുത്തേതല്ലാത്ത സഭകൾ, ഏറെ അടി സ്ഥാനപരമായും വ്യാപകമായും അസംതൃപ്തരായി കാണുവാൻ നമുക്ക് കഴിഞ്ഞുള്ളൂ. പാശ്ചാത്യ ർക്കു പുറത്തുള്ള സഭ എഫെസ്യ ലേഖനം 4:11 ൽ പറയുന്നതുപോലെ തന്നെ വ്യത്യസ്ത നിലക ളിൽ ബൈബിളിന് അടിസ്ഥാനപ്പെട്ട് വളരുന്നതും കഴിഞ്ഞ നൂറ്റാണ്ടുമുതലേ കാണുവാൻ കഴിയു ന്നുണ്ട്. അതുപോലെ വ്യാപകമായി സഭയുടെ ഘടനയുടെ വികേന്ദ്രീകരണവും നേതൃത്വ പരിശീ ലനം നടക്കുന്നതിനും ഇടയുണ്ടായി.

ഞാനും എന്റെ ഭാര്യയും ഒരുമിച്ച് ഭൂഗോളം മുഴുവനുമായി ഏകദേശം അമ്പതിൽ പരം രാജ്യങ്ങ ളിൽ രാജ്യാന്തരസഭാ തലത്തിലെ നേതൃത്വവുമായി ബന്ധപ്പെട്ട ശുശ്രൂഷയ്ക്കായി യാത്ര ചെയ്തിട്ടു ണ്ട്. ലാറ്റിൻ അമേരിക്കയിലും, ആഫ്രിക്കയിലും, ഏഷ്യയിലും അവിടവിടങ്ങളിലായി ധാരാളം വലിയ

സഭകൾ കാണുവാനിടയായി. തീർച്ചയായും, അമേരിക്കയിലും ഇതു തന്നെ നാം ചെയ്തിട്ടുണ്ട്, എന്നാൽ അതിന്റെ വ്യത്യാസങ്ങൾ നമ്മുടെ മനസ്സിനെ പിടിച്ചുലയ്ക്കുന്നതാണ്! അമേരിക്കയിൽ ഏതെങ്കിലും വലിയ സഭകൾ ഉണ്ടെങ്കിൽ അവയിൽ പലതും ചില ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ സ്ഥാപിച്ച പുത്രികാ സഭകൾ ആയിരിക്കും. അവയിൽത്തന്നെ മിക്കവയും പ്രാഥമിക ദർശനം ലഭിച്ചതുകൊണ്ട് സ്ഥാപിക്കപ്പെട്ടവയല്ല, മറിച്ച് സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കപ്പെടാത്ത ഒരു കൂട്ടം സഭാംഗങ്ങളാലോ അല്ലെങ്കിൽ ജീവനക്കാരിൽ ആരെങ്കിലും മുഖാന്തരവും ആയിരിക്കാം.

അമേരിക്കയ്ക്ക് പുറത്ത് ഇതിന്റെ ദൃശ്യം നേരെ മറിച്ചാണ്. ലോകത്തിന്റെ മറ്റ് മേഖലകളിലുള്ള വലിയ സഭകൾ ഇപ്രകാരം വ്യവസ്ഥാനുസൃതമായി ഏറെ പുത്രികാ സഭകൾ ഒന്നും സ്ഥാപിച്ചിട്ടില്ല. എന്നാൽ അവരിൽ ഏറിയ പങ്കും നൂറു കണക്കിന് സഭകൾ സ്ഥാപിച്ചിട്ടുണ്ട്. ഒരു നല്ല പദ്ധതിയാണെന്ന് കരുതിയല്ല അവർ സഭ സ്ഥാപിച്ചിരുന്നത്, മറിച്ച് അവരുടെ ഉള്ളിൽ ഒരു പ്രത്യേക പടഹധ്വനിയായിരുന്നു ഇതിനു പിന്നിൽ. ബൃഹത്തായ സഭ പണിയുക എന്നതല്ലായിരുന്നു അവരുടെ നിലപാട്, മറിച്ച് മറ്റുള്ളവരിലേക്കും, പട്ടണങ്ങളിലേക്കും, ഓരോ സംസ്ഥാനങ്ങളിലേക്കും അതുപോലെ രാജ്യം മുഴുവനും സുവിശേഷം എത്തിക്കുക എന്നതിനായിരുന്നു അവർ നിലകൊണ്ടത്. നേതൃസ്ഥാനത്തേക്ക് പുതിയ ആളുകളെ വളർത്തിക്കൊണ്ടു വരികയും ശ്വസനപ്രക്രിയ പോലെ അതിൻഫലമായി സഭകൾ സ്ഥാപിക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്നു.

എന്തുകൊണ്ടാണ് നാടകീയമായ നിലയിൽ ഈ രണ്ടു ചിത്രങ്ങളും വ്യത്യസ്തമായിരിക്കുന്നത്? ഉത്തരത്തിന്റെ ഒരു ഭാഗം എഫെസ്യ ലേഖനം 4:11 ൽ നിന്ന് കണ്ടെത്തി എന്ന് ഞാൻ വിശ്വസിക്കുന്നു. ശരാശരി പാശ്ചാത്യ സഭകൾ ഒരു ശുശ്രൂഷകനാലോ അല്ലെങ്കിൽ ഒരു ഉപദേഷ്ടാവിനാലോ ആണ് നയിക്കപ്പെടുന്നത്. ആയതിനാൽ, ദൈവാത്മാവിനാൽ ഉളവാക്കപ്പെട്ടതിനാൽ തന്നെ, അവർ സഭയുടെയും സത്യത്തിന്റെയും പരിപാലനത്തിൽ ശ്രദ്ധിക്കുന്നു. നമ്മുടെ നേതൃത്വ വ്യവസ്ഥ അഭിലഷിക്കുന്നതുപോലെ, അവരുടെ അബലതകളാലും നിർജ്ജീവശക്തിയാലും സഭ മരണത്തിലേക്ക് നയിക്കപ്പെടുന്നു, നാം ഒറ്റപ്പെടുത്തപ്പെടുന്നു. എന്നാൽ ലോകത്തിലെ മറ്റിതര സ്ഥലങ്ങളിലെ സഭകളിലെ നേതൃത്വവ്യവസ്ഥകൾ, ചരിത്രപരമായ ഈ വേദഭാഗത്തിലെ വാദങ്ങൾ പോലെ നിർവിഘ്നമായി തങ്ങളുടെ വ്യത്യസ്തമായ നിലകൾ കൈകാര്യം ചെയ്യുന്നു.

യഥാർത്ഥത്തിൽ അവർ ഇടയശുശ്രൂഷകരോ, ഉപദേഷ്ടാക്കന്മാരോ അല്ല, മറിച്ച് അവർ അപ്പൊസ്തലന്മാരാണ്. അതിലേറെ, വ്യത്യസ്ത കൃപാവരങ്ങൾ ഉള്ളവരുമായി എങ്ങനെ സഹകരിക്കേണമെന്നു പാശ്ചാത്യർക്ക് മനസ്സിലാകാതിരിക്കുമ്പോൾ അക്കര്യങ്ങളെക്കുറിച്ച് അവർ ഉൾപ്രേരണയാൽ അവബോധം നേടിയെടുത്തവരാണ്. അതിന്റെ പരിണിതഫലമായി പരിശുദ്ധാത്മാവിനാൽ നല്കപ്പെട്ട ശക്തി അവരിലൂടെ സഭയ്ക്കകത്തും പുറത്തും ഒരുപോലെ വ്യാപിക്കുന്നു.

എന്നാൽ, യേശുവിന്റെ ശരീരമായ സഭയ്ക്ക് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനാൽ നൽകപ്പെട്ട കൃപാവരപ്രാപ്തരായ ഇവരുടെ പക്കൽ എന്തു ചെയ്യുവാനാണ് ഏല്പിച്ചിരിക്കുന്നത്? അത് ഈ വേദഭാഗത്തു നിന്നും പ്രാധാന്യത്തോടെ കാണിക്കേണ്ട രണ്ടാമത്തെ മുഖ്യവിഷയമാണ്. കൃപാവര പ്രാപ്തരായ ഓരോ വ്യക്തികളും എന്തെല്ലാം ചെയ്യണമെന്ന് പൗലോസ് വിശദമായി പ്രതിപാദിക്കുന്നില്ല, ഇതൊരു പ്രബോധനമാണ്. എന്നാൽ ഇത് ഏകീകൃതമായി ഫലപ്രദമാകണം എന്നതാണ് അദ്ദേഹത്തിന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നത്. അവരെല്ലാവരും യേശുവിന്റെ വേല തികയ്ക്കുവാൻ ആളുകളെ സജ്ജരാക്കുന്നതിനും ഉയിർക്കപ്പെട്ട യേശുവിനാൽ നല്കപ്പെട്ടവരും ആകുന്നു.

എഫെസ്യ ലേഖനം 4:13, വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലെക്കും

ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനയ്ക്കും ആകുന്നു.

ശുശ്രൂഷയുടെ ഓരോ രീതികളും പൗലോസ് എഫെസ്യലേഖനത്തിൽ രണ്ടു ഭാഗങ്ങളായി പ്രതിപാദിച്ചിരിക്കുന്നതിനോട് ചുറ്റിപ്പറ്റിത്തന്നെ ആയിരിക്കണം. ഒരു വശത്ത് വേല എന്നത്, ഓരോരുത്തരുടെയും ജീവിതവും സാക്ഷ്യവുമാണ്. രണ്ടാം അദ്ധ്യായത്തിൽ പൗലോസ് പ്രതിപാദിച്ചിരിക്കുന്നത്, നാം ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപരായ അതിമഹത്തായ സൃഷ്ടിയും, നാം ചെയ്തുപോരേണ്ടതിന് സൽപ്രവർത്തികൾ കൂടെ ദൈവം മുന്നൊരുക്കിയിരിക്കുന്നു എന്നുമാണ്.

എഫെസ്യ ലേഖനം 2:8-10, കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്, അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു, നാം ചെയ്തുപോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു.

ഏതു സംസ്ക്കാരത്തിലോ ഏതു തൊഴിലിലോ ആകട്ടെ, അവിടെ ജീവിക്കുവാൻ വിളിച്ച യേശുവിന്റെ ഓരോ അനുയായിക്കും അവിടുത്തെ സാഹചര്യം പ്രശ്നമല്ല. ഓരോ സംസ്ക്കാരവും ഓരോ തൊഴിലും യേശുവിനെക്കുറിച്ചുള്ള സുവിശേഷം പറയുവാനും സുവിശേഷാനുസാരമായ ജീവിതം നയിക്കുവാനും വേണ്ടി തന്റെ ജനത്തെ നിയോഗിക്കുന്ന ഇടങ്ങളാണ്. യേശുവിന്റെ ഓരോ അനുയായിയും ഇക്കാര്യത്തിൽ ഒരുപോലെ പ്രധാനപ്പെട്ട പണിക്കോപ്പുകളാണ്.

എന്നാൽ വേലയെ സംബന്ധിച്ച് മറ്റൊരു പ്രധാനപ്പെട്ട വീക്ഷണം കൂടിയുണ്ട്. ഇത് വിശ്വാസികളുടെ മുഴു ശരീരത്തിലും പ്രാദേശികമായും, ദേശീയമായും, ലോകം മുഴുവനും വർദ്ധിച്ചു വരുന്ന പ്രഭാവമാണ്. യോഹന്നാന്റെ സുവിശേഷം 17-ാം അദ്ധ്യായത്തിൽ യേശുവിന്റെ ശരീരത്തെക്കുറിച്ച് ഇതേ ചിത്രം തന്നെയാണ് പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ, എഫെസ്യ ലേഖനം 3:10 ലും 11 ലും പൗലോസും ഈ സ്വാധീനത്തിന്റെ പ്രാധാന്യതയെ കുറിച്ച് പ്രതിപാദിക്കുന്നു. പെന്തെക്കോസ്തു മുതൽ യേശുവിന്റെ വരവുവരെയും ഓരോ ക്രിസ്തീയ വിശ്വാസിയുടെയും കഥകൾ വരികയും അത് ജീവിക്കുന്നതും കൃപയാലാണ്, ഇത് നിത്യത വരെയും  നിലനിൽക്കുന്നതും നിത്യമായ അദൃശ്യശക്തികളുടെ മേൽ സ്വാധീനം ഉള്ളതും ആയിരിക്കും.

എഫെസ്യ ലേഖനം 3:8-11, സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനായ എനിക്ക് ജാതികളോടു ക്രിസ്തുവിന്റെ അപ്രമേയ ധനത്തെക്കുറിച്ചു പ്രസംഗിപ്പാനും സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്ന് എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായി ഈ കൃപ നല്കിയിരിക്കുന്നു. അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം, അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദിനിർണ്ണയപ്രകാരം സഭ മുഖാന്തരം അറിയായ്‌വരുന്നു.

ഇന്ന് നാം വിളിക്കുന്ന നേതാക്കന്മാർ എന്ന ക്രിസ്തുവിന്റെ കൃപാവര പ്രാപ്തരായ ആളുകളുടെ പ്രകടമായ സ്വാധീനം, ക്രിസ്തുവിന്റെ ജനങ്ങളെ അവരുടെ കാലത്തു തന്നെ, അവരുടെ സംസ്ക്കാരത്തിലും, സാഹചര്യത്തിലും, തൊഴിൽ തലങ്ങളിലും ദൈവം അവർക്കു നൽകിയിരിക്കുന്ന നിത്യമായ പദ്ധതിയുടെ കാര്യലബ്ദിക്കായി പ്രാപ്തരാക്കുവാനുള്ളതാണ്. ക്രിസ്തുവിന്റെ ജനങ്ങൾക്കായി ഏൽപിച്ചിരിക്കുന്ന, ക്രിസ്തുവിനെ വെളിപ്പെടുത്തുക എന്ന കാര്യത്തിൽ ഏതെങ്കിലും

തലമുറയുടെ നിലവാരം വളരുന്നില്ല എങ്കിൽ അത് നേതൃത്വത്തിന്റെ പരാജയത്തെയാണ് വെളിപ്പെടുത്തുന്നത്.

ഒറ്റയാൾ നേതൃത്വത്തിന്റെ മഹത്വത്തെ പ്രസ്താവിച്ച് നമ്മുടെ മനസ്സിനെ വശ്യപ്പെടുത്തത്തക്കവണ്ണം പൗലോസിന്റെ വാക്കുകളിൽ യാതൊന്നുമില്ല. അതുമാത്രമല്ല, ഒരു ചുമതലയോ ശുശ്രൂഷയോ മറ്റൊന്നിൽ നിന്ന് ഉൽകൃഷ്ടമാണെന്നും ഇല്ല. ഈ കൃപാവര പ്രാപ്തരായ ആളുകൾ സജീവമായി സഹകരിച്ചു പ്രവർത്തിക്കുകയും അവരുടെ സ്വാധീനം ശരീരത്തിൽ ഏകോപിപ്പിക്കുമെന്നും യേശു പ്രതീക്ഷിച്ചു എന്ന് പ്രത്യേകം പറയേണ്ട കാര്യമേയില്ല.

പൗലോസ് ക്രിസ്തുവിന്റെ ജനങ്ങൾക്കു വേണ്ടിയും ജനങ്ങളിലൂടെയും താൻ ഏറ്റു പറയുന്ന വലിയ ഭാരം, പ്രത്യേകിച്ചും കൊരിന്ത്യർക്കെഴുതിയ ലേഖനങ്ങളിൽ കാണുന്നതുപോലെ, ക്രിസ്തുവിന്റെ ശരീരത്തിന്മേൽ തന്റെ കൂട്ടുവേലക്കാരുടെ ശുശ്രൂഷയുടെ സ്വാധീനശക്തി വച്ച് തന്നെ പരിശോധിച്ചു നോക്കുവാൻ താൻ മനസ്സുള്ളവനായിരുന്നെന്ന കാര്യത്തെക്കുറിച്ച് നമുക്കെന്തെങ്കിലും സംശയമുണ്ടോ? ക്രിസ്തുവിന്റെ ജനം സ്വർഗ്ഗീയ പിതാവുമായുള്ള അടുത്ത സ്നേഹബന്ധത്തിൽ അളവിനനുസരിച്ച് വളരുന്നില്ല എന്നും അവന്റെ പുത്രനായ യേശുവിന്റെ സുവിശേഷത്തിന്റെ പ്രകാശനം തങ്ങളുടെ ചുറ്റുമുള്ള ലോകത്തിൽ വെളിപ്പെടുന്നുമില്ല എന്ന നിലയിലാണെങ്കിൽ, പുസ്തകങ്ങൾ എഴുതി വില്പന നടത്തുന്നതിലും, സെമിനാറിൽ പഠിപ്പിക്കുന്നതിലും, ചലച്ചിത്രം നിർമ്മിക്കുന്നതിലും ആയിരുന്നുവോ പൗലോസിന്റെ സംതൃപ്തിയടയുവാനുള്ള ശ്രമം?

അപ്പൊസ്തല പ്രവർത്തികളുടെ പുസ്തകത്തിൽ ഇപ്രകാരമുള്ള ഒരു യഥാർത്ഥ ചിത്രമല്ലായിരുന്നുവോ നാം കണ്ടത്? മറ്റുള്ളവർ പറയുന്നതുപോലെ, ഈ പുസ്തകത്തിന് പരിശുദ്ധാത്മാവിന്റെ പ്രവർത്തികൾ എന്ന തലക്കെട്ട് ആയിരുന്നു യോജ്യം. പരിശുദ്ധാത്മാവ് ലോകത്തിന് അതിന്റെ പാപത്തെക്കുറിച്ച് ബോധ്യം വരുത്തുകയും, തെറ്റുകാരൻ എന്ന തിരിച്ചറിവു നൽകുകയും, വിധിക്കുകയും ചെയ്യുക മാത്രമല്ല, അവൻ ക്രിസ്തുവിന്റെ ജനത്തെ നയിക്കേണ്ടതിനും അവരെ ഉത്സാഹിപ്പിക്കേണ്ടതിനും കൃപാവര പ്രാപ്തരായവരെ ഉപയോഗിക്കുകയും ചെയ്യുന്നു. അതോടൊപ്പം, ദൈവം രൂപകല്പന ചെയ്തതുപോലെ അവരിലൂടെ പൂർണ്ണതോതിൽ ജനങ്ങളുടെ സ്വാധീനം ഉണ്ടാകത്തക്കവണ്ണം അവരെ നിയമിച്ചുമിരിക്കുന്നു. ''ദ പോളയിൻ സർക്കിൾ'' എന്ന തന്റെ പുസ്തകത്തിൽ എഫ്. എഫ്. ബ്രൂസ് എന്ന പണ്ഡിതൻ ചൂണ്ടിക്കാട്ടുന്നത്, പൗലോസിന് തന്റെ തലമുറയിൽ തന്റെ അപ്പൊസ്തലിക ശുശ്രൂഷ സഭയിലും സഭയിലൂടെയും തികച്ചെടുക്കുവാൻ തന്നോടൊപ്പം മറ്റ് 25 ൽ പരം ആളുകൾ ഉണ്ടായിരുന്നു എന്ന് പുതിയ നിയമത്തിൽ കാണുവാൻ കഴിയും എന്നാണ്. നമുക്കും ഇതിലും കുറഞ്ഞ ഒരു സഹകരണമാണോ ആവശ്യം, അതുപോലെ കുറഞ്ഞ ഉത്തരവാദിത്തമാണോ ഉള്ളത്?

രണ്ടാമത്തെ വേദഭാഗം, 1 കൊരിന്ത്യർ 12-ാം അദ്ധ്യായത്തിൽ, എഫെസ്യ ലേഖനം 4: 11-13 വരെയുള്ള വേദഭാഗത്തിന് തികച്ചും സമാനമായത്, നേതൃത്വവുമായി ബന്ധപ്പെട്ട രണ്ട് ആശയങ്ങളിൽ ഞാൻ വീണ്ടും ശ്രദ്ധ ചെലുത്തുവാൻ ആഗ്രഹിക്കുന്നു. ശരീരം എന്ന ആശയത്തെ പൗലോസ് വരച്ചു ചേർക്കുമ്പോൾ അത് തികച്ചും ഒരു അലങ്കാരമാണ്, അതുകൊണ്ടു തന്നെ അതിന് പരിമിതമായ സാംഗത്യം മത്രമേ ഉള്ളൂ. എന്നാൽ, ഈ ആലങ്കാരികത ഈ മുഴു അദ്ധ്യായവും നിറഞ്ഞു നിൽക്കുന്നു, അതിനാൽ ഈ ആലങ്കാരിതയ്ക്ക് തീർച്ചയായും അതിനു തക്ക പ്രാധാന്യതയും നൽകണം. കൊരിന്ത്യർക്ക് എഴുതിയ സന്ദേശത്തിൽ ഇത്രയും പ്രാധാന്യതയുള്ളതും നിറഞ്ഞു നിൽക്കുന്നതുമായ എന്തെങ്കിലും ഒന്നുണ്ടെങ്കിൽ, അത് സഭയുടെ നേതൃത്വത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ സന്ദേശങ്ങളെയാണ് ചിത്രീകരിക്കുന്നത്.

“എന്നാൽ ഓരോരുത്തന് ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തിനായി നല്കപ്പെടുന്നു. ഒരുത്തന് ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും മറ്റൊരുത്തന് അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും നല്കപ്പെടുന്നു. വേറൊരുത്തന് അതേ ആത്മാവിനാൽ വിശ്വാസം, മറ്റൊരുവന് അതേ ആത്മാവിനാൽ രോഗശാന്തികളുടെ വരം, മറ്റൊരുവന് വീര്യപ്രവർത്തികൾ, മറ്റൊരുവന് പ്രവചനം, മറ്റൊരുവന് ആത്മാക്കളുടെ വിവേചനം, വേറൊരുവന് പലവിധ ഭാഷകൾ, മറ്റൊരുവന് ഭാഷകളുടെ വ്യാഖ്യാനം. എന്നാൽ ഇത് എല്ലാം പ്രവർത്തിക്കുന്നത് താൻ ഇച്ഛിക്കുംപോലെ അവനവന്നു അതതു വരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവു തന്നെ. ശരീരം ഒന്നും, അതിന് അവയവം പലതും, ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും. യഹൂദന്മാരോ, യവനന്മാരോ, ദാസന്മാരോ, സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു. ശരീരം ഒരു അവയവമല്ല പലതത്രേ. ഞാൻ കൈ അല്ലായ്കകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് കാൽ പറയുന്നു എങ്കിൽ അതിനാൽ അതു ശരീരത്തിലുള്ളതല്ല എന്നു വരികയില്ല. ഞാൻ കണ്ണ് അല്ലായ്കകൊണ്ട് ശരീരത്തിലുള്ളതല്ല എന്നു ചെവി പറയുന്നു എങ്കിൽ അതിനാൽ അതു ശരീരത്തിലുള്ളതല്ല എന്നും വരികയില്ല. ശരീരം മുഴുവൻ കണ്ണായാൽ ശ്രവണം എവിടെ? മുഴുവൻ ശ്രവണം ആയാൽ ഘ്രാണം എവിടെ? ദൈവമോ തന്റെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീരത്തിൽ വെവ്വേറെയായി വെച്ചിരിക്കുന്നു. സകലവും ഒരു അവയവം എങ്കിൽ ശരീരം എവിടെ? എന്നാൽ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നു തന്നേ. കണ്ണിനു കയ്യോടു നിന്നെക്കൊണ്ട് എനിക്ക് ആവശ്യമില്ല എന്നും, തലെക്കു കാലുകളോടു നിങ്ങളെക്കൊണ്ട് എനിക്ക് ആവശ്യമില്ല എന്നും പറഞ്ഞുകൂടാ. ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങൾ തന്നേ ആവശ്യമുള്ളതാകുന്നു. ശരീരത്തിൽ മാനം കുറഞ്ഞവ എന്നു തോന്നുന്നവയ്ക്ക് നാം അധികം മാനം അണിയിക്കുന്നു, നമ്മിൽ അഴകു കുറഞ്ഞവയ്ക്കു അധികം അഴകു വരുത്തുന്നു. നമ്മിൽ അഴകുള്ള അവയവങ്ങൾക്കു അത് ആവശ്യമില്ലല്ലോ. ശരീരത്തിൽ ഭിന്നത വരാതെ അവയവങ്ങൾ അന്യോന്യം ഒരുപോലെ കരുതേണ്ടതിനായി ദൈവം കുറവുള്ളതിന് അധികം മാനം കൊടുത്തുകൊണ്ട് ശരീരത്തെ കൂട്ടിച്ചേർത്തിരിക്കുന്നു. അതിനാൽ ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ അവയവങ്ങൾ ഒക്കെയും കൂടെ കഷ്ടം അനുഭവക്കുന്നു. ഒരു അവയവത്തിനു മാനം വന്നാൽ അവയവങ്ങൾ ഒക്കെയുംകൂടെ സന്തോഷിക്കുന്നു. എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ വെവ്വേറെയായി അവയവങ്ങളും ആകുന്നു.” (1 കൊരിന്ത്യർ 12:7-27).

ഒന്നാമതായി, ശരീരത്തിന് നൽകിയിരിക്കുന്ന കൃപാരങ്ങളോട് നേതൃത്വം അനുരൂപപ്പെടേണ്ടതുണ്ട്. യേശുവിന്റെ പിൻഗാമികളിൽ പ്രഥമവും സർവ്വപ്രധാനവുമാണ് നേതൃനിര. നേതൃത്വമല്ല അവരുടെ ആദ്യപടി, ക്രിസ്തുവിന്റെ അനുഗാമി ആകുക എന്നതാണ് അവരുടെ ആദ്യപടി. സഭയുടെ അടിസ്ഥാന പ്രകൃതത്തിന്റെ നിർവ്വചനം തീർച്ചയായും അവരിലും നിക്ഷേപിക്കപ്പെടണം. ഓരോ വിശ്വാസിക്കും പരിശുദ്ധാത്മാവ് പകർന്നിരിക്കുന്ന കൃപാവരങ്ങളെക്കുറിച്ച്, അഥവാ ആത്മാവിനാൽ സചേതനമാക്കപ്പെട്ട കഴിവുകളെക്കുറിച്ചുള്ള ആദ്യ അടിസ്ഥാനം, പൗലോസ് കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ കാണുവാൻ കഴിയുന്നു. അവ നൽകപ്പെട്ടിരിക്കുന്ന വഴിയും, നൽകപ്പെട്ടിരിക്കുന്നതിന്റെ കാരണവും, അവ ശരീരത്തോട് ഏകീഭവിക്കുന്നതിന്റെ രീതിയും നേതൃനിരയിലെ എല്ലാ വ്യക്തികളുടെ കാര്യത്തിലും ഇത് വാസ്തവമാണ്. അത് പ്രാദേശിക സഭയിലെ നേതൃത്വമായാലും ശരി, അഥവാ സഭയിലെ ഒരു കൃപാവര പ്രാപ്തനായാലും, അനേകം സഭാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആളായാലും ഇതു തന്നെയാണ് യാഥാർത്ഥ്യം. കൃപാവരങ്ങളെയും നേതൃത്വത്തെയും പറ്റി ചിന്തിക്കുമ്പോൾ, പൊതുവായ ധാരാളം കാര്യങ്ങൾ ശ്രദ്ധിക്കണം.

കൃപാവരങ്ങൾ ക്രിസ്തുവിന്റെ ഓരോ അനുയായിക്കും നല്കപ്പെട്ടിട്ടുണ്ട് (വാക്യം 7). ആത്മാവിനാൽ സചേതനമാക്കപ്പെട്ട ഒരു കഴിവെങ്കിലും പകരപ്പെടാതെ ഒരാളുപോലും ശേഷിക്കുന്നില്ല. ഒരുപക്ഷേ എല്ലാ ക്രിസ്ത്യാനിക്കും നാനാവിധമായ കൃപാവരങ്ങൾ പകരപ്പെട്ടിരിക്കാൻ സാധ്യതയുമില്ല. കൃപാവരങ്ങൾ ആത്മാവിനാൽ സചേതനമാക്കപ്പെട്ട കഴിവുകളായിട്ടാണ് ഞാൻ പ്രതിപാദിക്കുന്നത്. കാരണം, ഒരുപക്ഷേ ആത്മാവ് നമ്മിൽ ഓരോരുത്തരിലൂടെയും പ്രവർത്തിക്കുന്നത് വ്യത്യസ്ത വഴികളിലൂടെയാണെന്ന് ഞാൻ ചിന്തിക്കുന്നു. ഈ കൃപാവരങ്ങൾ എന്റെ വരങ്ങളാണ് എന്ന ആശയം തിരുത്തേണ്ടതാണ്. ഞാൻ അവയെ സ്വന്തമാക്കിയതല്ല, അവ എന്നെ സ്വന്തമാക്കിയതാണ്. ആത്മാവ് എന്നിൽ വാസം ചെയ്തുകൊണ്ട് മനുഷ്യചരിത്രത്തിൽ ദൈവത്തിനു ചെയ്തെടുക്കേണ്ടതായ ദൈവീക പദ്ധതിയായ സുവിശേഷത്തിന്റെ വ്യാപനം എന്നിലും എന്നിലൂടെയും ഈ ഭൂമിയിൽ നിവർത്തിക്കുക എന്ന കാര്യത്തിനാണത്. എന്റെ വ്യക്തിപരമായ കാര്യസാദ്ധ്യത്തിനല്ല മറിച്ച്, ദൈവത്തിന്റെ പദ്ധതിയുടെ നിവർത്തീകരണത്തിനു വേണ്ടി പരിശുദ്ധാത്മാവ് എന്റെ വ്യക്തിത്വത്തോട് ഇഴുകിച്ചേർന്നുകൊണ്ടാണ് ഇത് ചെയ്യുന്നത്. അതെ, ഈ ഉദ്യമത്തോട് ഞാനും പരിശുദ്ധാത്മാവിനോട് സഹകരിച്ചുകൊണ്ട് മുന്നോട്ട് ഗമിക്കുന്നതായി എനിക്ക് അനുഭവപ്പെടുന്നുണ്ട്. പക്ഷേ ഞാൻ എന്നെത്തന്നെ ഇതിനായി ഏല്പിച്ചിരിക്കുന്നത് എന്റെ വ്യക്തിപരമായ കാര്യസാദ്ധ്യത്തിനായിട്ടല്ല എന്നും എനിക്ക് തിരച്ചറിയുവാൻ കഴിയുന്നുമുണ്ട്.

പൊതുനന്മയ്ക്കായിട്ടാണ് കൃപാവരങ്ങൾ വർത്തിക്കുന്നത് (വാക്യം 7). സമൂഹമായി വെളിപ്പെടുന്ന ശരീരത്തിൽ അതിന്റെ ക്രമീകരണമനുസരിച്ച്, വ്യക്തിപരമായി നൽകപ്പെട്ടിട്ടുള്ള കൃപാവരങ്ങൾ പൊതുനന്മയ്ക്കായി ഉപയുക്തമാകുകയില്ല എന്നുണ്ടെങ്കിൽ, ദൈവം ഈ കൃപാവരങ്ങളെ പകരുമായിരുന്നില്ല. കൃപാവരങ്ങൾ എന്റെ അവകാശമാക്കി വയ്ക്കുവാനോ, അതിനെ താലോലിച്ചു കൊണ്ടു നടക്കുവാനോ അല്ലെങ്കിൽ നിരാകരിക്കുവാനോ വേണ്ടി തരുന്നതല്ല. അവ മറ്റുള്ളവരുടെ പൊതുനന്മയ്ക്കായിട്ടും ദൈവോദ്ദേശ്യത്തിനും വേണ്ടിയും നൽകപ്പെടുന്നതാണ്.

നാം സ്വീകരിച്ചിരിക്കുന്ന കൃപാവരങ്ങൾ പരിശുദ്ധാത്മാവിന്റെ മാത്രം തീരുമാനത്തിൽ പെട്ട കാര്യമാണ് (വാക്യം 11). ഏതു കൃപാവരം എനിക്ക് നൽകപ്പെടേണമെന്ന് ഞാനല്ല തീരുമാനിക്കുന്നത്, ഏത് കൃപാവരമാണ് തന്റെ മകന് വേണ്ടതെന്ന് ക്രിസ്ത്യാനികളായ തങ്ങളുടെ മാതാപിതാക്കന്മാരുമല്ല തീരുമാനിക്കുന്നത്. ഞാൻ പഠിച്ച ദൈവശാസ്ത്ര പരിശീലന കേന്ദ്രത്തിന് അവിടുത്തെ പരിശീലനത്തിലൂടെ അവർക്ക് ഏറ്റവും പ്രധാനപ്പെട്ടതെന്ന് തോന്നുന്ന കൃപാവരങ്ങൾ എനിക്ക് ലഭിക്കുമെന്ന് യാതൊരുവിധ ഉറപ്പും നൽകാൻ കഴിയില്ല. എന്നോടു കൂടിയാലോചന ചെയ്യാതെ ദൈവത്തിന്റെ പരമാധികാരത്തിൽ പരിശുദ്ധാത്മാവ് തന്നെ തീരുമാനിച്ചു ഏത് കൃപാവരം ആണ് ഞാൻ ഏറ്റെടുക്കേണ്ടത് എന്ന്. തീർച്ചയായും, എന്റെ വ്യക്തിത്വവും ചരിത്രവും നന്നായി അറിയുന്ന അവിടുത്തെ ജ്ഞാനത്തിൽ, എന്റെ വ്യക്തിപരമായതും ദൈവത്തിന്റേതുമായ ഉദ്ദേശ്യത്തോട് ഏറ്റവും നന്നായി സഹവർത്തിക്കും എന്ന് കരുതി ഒരിക്കലായി എന്നെ വിശ്വസിച്ച് ഭരമേല്പിച്ചതാണ്.

കൃപാവരങ്ങളുടെ ശരിയായ സ്വാധീനം എന്നത്, ശരീരത്തിലെ അവയവങ്ങൾ എന്ന് പൗലോസ് വിളിക്കുന്ന ഓരോ അംഗങ്ങളുടെയും സഹകരണത്തിലും ഏകോപനത്തിലും വിവിധ നിലകളിൽ നടക്കുന്ന ശുശ്രൂഷയിലൂടെയാണ് ഇത് വെളിപ്പെടുന്നത് (വാക്യങ്ങൾ 12-26). ഒരാൾക്ക് പോലും മറ്റൊരാളെ വിലയില്ലെന്ന് പറഞ്ഞ് തള്ളിക്കളയാനാവില്ല. ഒരു അവയവത്തിനു പോലും മറ്റ് അവയവങ്ങളുടെ കൂട്ടത്തിൽ തന്റെ സ്ഥാനമാണ് ഏറ്റവും പ്രധാനമെന്ന് ചിന്തിക്കാനുമാകില്ല. യഥാർത്ഥത്തിൽ, നമുക്ക് സുഖകരമല്ലാത്ത ചില പ്രഖ്യാപനങ്ങൾ പൗലോസ് നമുക്കായി ശേഷിപ്പക്കുന്നതെന്തെന്നാൽ, ശരീരത്തിലെ പൊതുവായി ഏറ്റവും ബഹുമാനിക്കപ്പെടുന്ന അവയവങ്ങൾ ചേർന്ന്

ശരീരത്തിലെ തന്നെ ചെറുതും മറഞ്ഞിരിക്കുന്നതുമായ അവയവങ്ങൾക്ക് ബഹുമാനം കൊടുക്കുകയും അവയെ സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് ആരോഗ്യമുള്ള ഒരു ശരീരം ചെയ്യുന്നത്. ഇന്ന് സഭയെ ബാധിച്ചിരിക്കുന്ന പരമോന്നത നേതൃത്വം എന്ന രോഗലക്ഷണത്തിൽ നിന്നും വളരെ വ്യത്യസ്തമായ ഒന്നാണിത്.

കൃപാവരങ്ങളെക്കുറിച്ചുള്ള ഈ ചെറിയ പുനരവലോകനം അവസാനിപ്പിക്കുന്നതിനു മുമ്പ് അവസാനമായി ഒരു സൂക്ഷ്മവ്യത്യാസത്തെക്കൂടെ തിരിച്ചറിയേണ്ടതുണ്ട്. കൃപാവരങ്ങളെക്കുറിച്ചും ശരീരത്തെക്കുറിച്ചും ഉള്ള കാര്യങ്ങൾ ചർച്ചയ്ക്കായി 4-7 വരെയുള്ള വാക്യങ്ങൾ നോക്കുമ്പോൾ, കുറഞ്ഞപക്ഷം ഇവതമ്മിലുള്ള പരസ്പര ബന്ധങ്ങൾ പരിഗണിച്ചാൽ തന്നെ അതിനനുസാരമായ പ്രായോഗിക കാര്യങ്ങൾക്കപ്പുറത്തേക്ക് പോകാതെ നാം ശ്രദ്ധിക്കും. ഇക്കാര്യങ്ങൾ തിരുവെഴുത്തിൽ മറ്റൊരിടത്തും ആവർത്തിക്കുന്നുമില്ല. പൗലോസ് നമ്മോടു പറയുന്നത്, ശരീരത്തെ സജ്ജീകരിക്കേണ്ടതിനായി ത്രിത്വം പരസ്പരം സഹവർത്തിക്കുന്നു. കൂടാതെ, ദൈവോദ്ദേശ്യം പൂർത്തീകരിക്കേണ്ടതിനു വേണ്ടി ശരീരത്തിലെ ഓരോ അവയവങ്ങളെക്കൂടി ഒരുക്കിയെടുക്കുന്നു. കൃപാവരങ്ങളെ പങ്കിടുന്നതിൽ പരിശുദ്ധാത്മാവ് ശ്രദ്ധിക്കുന്നു. പുത്രനായ യേശു ഈ കൃപാവരങ്ങൾ പ്രാവർത്തികമാകേണ്ടതിനു വേണ്ടി ദൗത്യസംഘങ്ങളെ നിയന്ത്രിക്കുന്നു. പിതാവായ ദൈവം കൃപാവരങ്ങളുടെയും സംഘടനകളുടെയും ഫലങ്ങളെ, അല്ലെങ്കിൽ ഞാൻ അതിനെ വിളിക്കുന്നത് ''സ്വാധീന മേഖലകൾ'' എന്നാണ്, നിയന്ത്രിക്കുന്നു. ഈ വെളിപ്പാടിന്റെ ഉദ്ദേശ്യവും അർത്ഥവും എന്താണ്?

1 കൊരിന്ത്യർ 12:4-6, എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ട്; ആത്മാവ് ഒന്നത്രേ. ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ട്; കർത്താവ് ഒരുവൻ. വീര്യപ്രവർത്തികളിൽ വ്യത്യാസം ഉണ്ട്; എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ.

ഒരുപക്ഷേ ഇതു തന്നെയായിരിക്കാം, പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം എന്നിവരിൽ കാണപ്പെടുന്ന മാതൃകാപരമായ സഹവർത്തിത്വവും ഏകോപനവും ക്രിസ്തുവിന്റെ ജനതയിൽ നിന്നും പ്രതീക്ഷിക്കുന്നത്. ഈ മൂവരിലും കാണപ്പെടുന്ന സഹവർത്തിത്വവും ഏകോപനവും ആണ് ക്രിസ്തുവിന്റെ ശരീരമായ സഭയെ ദൈവീക ഉദ്ദേശ്യത്തിനു വേണ്ടി വ്യാപൃതരാക്കുവാനും അണിനിരത്തുവാനും ഇടയാക്കുന്നത്. പിതാവായ ദൈവം ആണ് തുല്യരായ ഇവരിൽ മുന്നിൽ നിൽക്കുന്നതെന്ന് ഏവരും സമ്മതിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ത്രിത്വത്തിൽ പിതാവായ ദൈത്തിന്റെ ഈ വേഷത്തെ സാധൂകരിക്കുന്ന ധാരാളം സൂചനകൾ ബൈബിളിൽ കാണാവുന്നതാണ്. എന്നാൽ ഇന്നത്തെ പാശ്ചാത്യ ക്രൈസ്തവരെ നിയന്ത്രിക്കുന്ന സമുന്നതവ്യക്തി എന്ന രോഗലക്ഷണങ്ങളോട് പിതാവായ ദൈവത്തിന്റെ സ്വഭാവത്തെ തുലനപ്പെടുത്തുന്നതിനുള്ള ആവശ്യം ആർക്കാണുള്ളത്? യേശുവിന്റെ വാക്കുകളും മനോഭാവവും തന്നെയാണ് നമുക്ക് ഇക്കാര്യത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നത്. ''ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് ...'' (ഫിലപ്പിയൻസ് 2:5-7). ത്രിത്വം, തങ്ങളുടെ നിഗൂഢമായ രീതിയിൽ വളരെ ഊർജ്ജസ്വലരായി പരസ്പരസഹവർത്തനത്തിലൂടെ സഭയെ പൂർണ്ണമായി ശക്തീകരിച്ചുകൊണ്ട് ദൈവത്തിന്റെ ഉദ്ദേശ്യനിവൃത്തിക്കായി നിലകൊള്ളുന്നു.

തന്നെയുമല്ല, ഈ വേദഭാഗത്തിൽ കൃപാവരങ്ങളെക്കാളും നമ്മിൽ ഓരോരുത്തരിലും ധാരാളം വൈവിധ്യങ്ങളുണ്ട് എന്നതിന്റെ സൂചനകളുമുണ്ട്. ഈ വേദഭാഗത്തെ നാം ഒരു വൃത്തമായി ചിത്രീകരിക്കുന്നുവെങ്കിൽ, ആ വൃത്തത്തെ നാലു ഭാഗങ്ങളായി ദർശിക്കാം. ആദ്യത്തെ ഭാഗം എന്നത്,

ഓരോരുത്തർക്കും ദൈവാത്മാവ് നല്കിയിരിക്കുന്ന നാനാവർണ്ണങ്ങളിലുള്ള കൃപാവരങ്ങളാണ്. സർവ്വാധികാരിയും സർവ്വജ്ഞാനിയും ആയിരിക്കുന്ന ദൈവം എന്റെ ദേശത്തെക്കുറിച്ച് അറിയുന്നതുകൊണ്ടു മാത്രമല്ല, പിന്നെയോ കൃപാവരങ്ങളുടെ സഹകരണാനുഭവങ്ങൾ എന്നിലും എന്നിലൂടെയും ശരീരത്തിൽ ദൈവഹിതപ്രകാരം നടക്കേണ്ടതിനാണ് ഇങ്ങനെ നൽകിയിരിക്കുന്നതെന്ന് ന്യായമായി കരുതാമെന്ന് ഞാൻ ചിന്തിക്കുന്നു. രണ്ടാമത്തെ ഭാഗം എന്നത്, ക്രിസ്തുവിന്റെ ശരീരത്തിൽ ദൈവഹിതം നിറവേറേണ്ടതിന് നമ്മിൽ ഓരോരുത്തർക്കും ഉള്ള വ്യത്യസ്തമായ ശുശ്രൂഷാരീതികളാണ്. ഈ നൽകപ്പെട്ട കൃപാവരങ്ങൾ അപരിമിതമായ അളവിൽ ഉപയോഗിക്കാമെന്ന് മാത്രമല്ല, എനിക്ക് വ്യക്തിപരമായി നൽകപ്പെട്ടിരിക്കുന്ന നാനാവിധത്തിലുള്ള കൃപാവരങ്ങളുടെ ഉപയോഗത്തിന് പല വഴികളുണ്ട്, ഉപയോഗിക്കുവാൻ ഇടങ്ങളുണ്ട്, പല ശുശ്രൂഷകളുമുണ്ട്. യഥാർത്ഥത്തിൽ, സമ്മിശ്ര കൃപാവരങ്ങൾ ഉണ്ടെങ്കിലും  കൃപാവരങ്ങളിൽ കൂടുതലായി ഉപയോഗിക്കുന്നത് ഏതാണോ അതിനനുസരിച്ച്, എന്റെ ജീവിതകാലയളവിൽ മാറ്റം വരാം, വ്യത്യസ്തമായ ശുശ്രൂഷാമേഖലകളിൽ ഉപയോഗിക്കാം.

മൂന്നാമത്തെ ഭാഗം എന്നത്, പ്രവർത്തന ശക്തി അഥവാ കൃപാവരങ്ങളുടെ സ്വാധീനവും ക്രിസ്തുവിന്റെ ശരീരത്തിൽ ദൈവ ഉദ്ദേശ്യത്തിനു വേണ്ടി ചെയ്യുന്ന അവയുടെ ശുശ്രൂഷകളും. ഞാൻ ഇവയെ 'പ്രവർത്തനരംഗങ്ങൾ' എന്നു വിളിക്കുന്നു, കാരണം നമ്മിലും നമ്മിലൂടെയും സർവ്വശക്തനായ ദൈവം ചെലുത്തുന്ന സ്വാധീനത്തിന്റെ വ്യാപ്തിയെ അവ എനിക്ക് ചൂണ്ടിക്കാണിച്ചു തരുന്നു. തീർച്ചയായും, അഹന്ത, പിടിവാശി, വൈരം തുടങ്ങിയവ ചിലരുടെ ശുശ്രൂഷയുടെ വ്യാപ്തിയെ വെളിപ്പെടുത്തുന്നു. നല്ല വിപണന തന്ത്രത്തിന് ദൈവത്തിന്റെ രൂപകല്പനയിൽ മാറ്റം വരുത്തുവാൻ കഴിയും. എന്നാൽ, ത്രിത്വത്തിന്റെ പ്രവർത്തിയോട് നാം സഹകരിച്ചാൽ, മറ്റുള്ള ശരീര അവയവങ്ങൾക്ക് നമ്മുടെ മേലുള്ള സ്വാധീനത്തിന്റെ ഏറ്റക്കുറച്ചിലുകളോടും നാം സഹവർത്തിത്വം കാണിച്ചാൽ, നാം ഓരുരുത്തരും ആയിരിക്കേണമെന്ന് ദൈവം ആഗ്രഹിക്കുന്ന സ്ഥലത്ത് താൻ തന്റെ സർവ്വാധികാരത്താൽ ശക്തമായ സ്വാധീനം കൊണ്ടുവരും. ഒരു കാര്യം കൂടി, ഇവയൊന്നും എന്റെ സ്വന്ത മഹത്വത്തിനായിട്ടല്ല, എന്തിനേക്കാളും എന്റെ ശരീരഭാഗങ്ങളിലെ ഏതെങ്കിലും ഒന്ന് അതിന്റെ സ്വന്ത മഹത്വത്തിനായിട്ടല്ല പ്രവർത്തിക്കുന്നത്.

ത്രിത്വത്തിന്റെ സമ്പൂർണ്ണ ശുശ്രൂഷയുമായി ഇത്തരത്തിലുള്ള സജീവമായ സഹകരണം നാം കാണുമ്പോൾ, നമ്മുടെ മിക്കവരുടെയും ഉള്ളിൽ തന്നെ ആഗ്രഹങ്ങൾ നമുക്കു കാണുവാൻ കഴിയും, ക്രിസ്തുവിന്റെ ജനങ്ങളുടെ സമ്പൂർണ്ണ സമാഹരണവും, ലോകത്തിന്റെ പൂർണ്ണ സുവിശേഷീകരണവും പൂർത്തീകരിച്ചാതായി നാം കാണുന്നു. എന്നാൽ ഇവിടെ ഇനിയും ഒരു ഭാഗം കൂടി വേണം ആ വൃത്തത്തിന് പൂർണ്ണത ലഭിക്കുവാൻ. അതാണെങ്കിൽ ഏറ്റവും നിഗൂഢമായതും. അവസാനത്തെ ഭാഗം എന്നത് എന്റെ സ്വന്തം വ്യക്തിത്വമാണ്. തന്നെയും തന്റെ ഉദ്ദേശ്യങ്ങളെയും ഉയർത്തിക്കാട്ടുന്നതിനും എന്നെ അവന്റെ വെറും ഒരു കളിപ്പാവയാക്കി മാറ്റാതിരിക്കുന്നതിനും, എന്റെ ജീവിതത്തിൽ വലിയ സന്തോഷവും സമ്പൂർത്തിയും നൽകുന്ന വിധത്തിൽ ക്രിസ്തുവിന്റെ എല്ലാ ആളുകളിലും പ്രവർത്തിക്കുവാനും ദൈവത്തിന് കൃപയുടെ ഒരു മാർഗ്ഗമുണ്ട്. പ്രചോദനത്തെക്കുറിച്ചുള്ള ചരിത്രപരമായ പ്രസ്താവന വളരെ നിപുണമായി പ്രസ്താവിക്കുന്നതുപോലെ, തിരുവെഴുത്തിന്റെ എഴുത്തുകാരിൽ ദൈവം അവരുടെ വ്യക്തിത്വം നശിപ്പിക്കാതെ അവരിൽ പ്രവർത്തിച്ചിരുന്നു, ദൈവം സ്വയം നിവേശിതമായ തന്റെ വചനത്തിലൂടെ അവരോടു ആശയവിനിമയം ചെയ്യുന്നു.

ഈ യാഥർത്ഥ്യത്തെ സംബന്ധിച്ച് എന്റെ സ്വന്തം ജീവിതം തന്നെ ഇതിന് വിശദീകരണമായിരിക്കും. ശുശ്രൂഷയുടെ ആദ്യകാലങ്ങളിൽ ക്രിസ്തുവിന്റെ ശരീരത്തെ ശുശ്രൂഷിക്കുന്നതിന് നേതൃത്വം എന്നു സംബോധന ചെയ്തിരുന്നു, എന്നെ പാസ്റ്റർ എന്ന് വിളിച്ചിരുന്നു. പന്നീടുള്ള വർഷങ്ങളിൽ

ചില വൈപരീത്യങ്ങൾ ശ്രദ്ധയിൽ പെടാൻ തുടങ്ങി. ഒന്നാമതായി, ഓരോരുത്തരെ തുടർന്ന് ഒരു വ്യക്തിയോ ഒരു കൂട്ടം ആളുകളോ അടങ്ങിയവരുടെ കീഴിൽ ഞാൻ പ്രവർത്തിക്കുമ്പോൾ ആ കഥാ പാത്രത്തെ നേതാവ് എന്ന് നിർവ്വചിക്കുകയും (നേതാവ് എന്ന പദം അവരുടേതാണ്, എന്റേതല്ല, ഞാൻ നേതൃത്വത്തെക്കുറിച്ചാണ് സംസാരിക്കുന്നത്) തുടർന്നങ്ങോട്ട് ആ രീതി ഒരേപോലെ വർദ്ധി ച്ചുവരികയും ചെയ്തു. എഫെസ്യ ലേഖനം 4:11 ൽ ഞാൻ മനസ്സിലാക്കിയതിന് അനുസരിച്ച് ശരി യായ ഒരു ഇടയന്റെ കീഴിൽ ഞാൻ പ്രവർത്തിക്കുമായിരുന്നെങ്കിൽ, നേതാവ് അല്ലെങ്കിൽ പാസ്റ്റർ അതുമല്ലെങ്കിൽ യുവജന നേതാവ് എന്ന വളരെ ദയാപൂർവ്വമായുള്ള നിർവ്വചനമായിരിക്കും ഉരുത്തി രിയുക. ഈ ഉയർത്തിക്കാണിക്കുന്ന നിർവ്വചനം ആ വ്യക്തിയുടെ മനസ്സിൽ മുന്തിനിൽക്കുന്ന പ്രവർത്തികളിൽ വളരെ വ്യക്തമായി കാണുവാൻ കഴിയും. ആ ദയനീയ മനുഷ്യനെ സംബന്ധിച്ച്, നല്ല നേതാവ്, അതായത് പാസ്റ്റർ, അതായത് ഞാൻ, ഓരോ ദിവസത്തിന്റെയും നല്ലൊരു പങ്കും ഹോസ്പിറ്റൽ സന്ദർശനങ്ങൾക്കും ഭവന സന്ദർശനങ്ങൾക്കും മറ്റുമായി ആളുകളുടെ ഇടയിൽ ചിലവഴിക്കുമായിരുന്നു.

മാനേജർ പദവിയിലുള്ള ഒരു നേതാവിനുവേണ്ടി ഞാൻ പ്രവർത്തിക്കുമ്പോൾ, നേതാവിന്റെ നിർവ്വ ചനത്തിനു മേൽ അവർ മാനേജരുടെ രീതിയെ ഉയർത്തിക്കാണിക്കുകയും അങ്ങനെ തീർച്ചയായും ഒരു നല്ല മാനേജരുടെ ഏറ്റവും അഭികാമ്യമായ പ്രവർത്തികൾ അവർ പ്രതീക്ഷിക്കുകയും ചെയ്യും. അതുകൊണ്ട് എന്റെ ജീവിതത്തിലെ ഈ ഘട്ടത്തിൽ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട നല്ല പുസ്തകങ്ങൾ ഞാൻ വായിക്കേണമെന്നും, പദ്ധതി ആസൂത്രണം ചെയ്യുവാൻ പഠിക്കണമെന്നും, കമ്മറ്റി മീറ്റിംഗ് കൈകാര്യം ചെയ്യുവാൻ പഠിക്കണമെന്നും, സഹപ്രവർത്തകരുടെ ജോലികാര്യങ്ങൾ ചെയ്യുമെന്നും അവർ എന്നിൽ നിന്നും പ്രതീക്ഷിച്ചിരുന്നു.

എന്നിൽ ഉണ്ടായിരുന്നതും വെളിപ്പെട്ടിരുന്നതുംപോലെ സുഹൃത്തുക്കളോ, സഹപ്രവർത്തകരോ, മേലധികാരികളോ, ശരീരത്തിലെ മറ്റ് വരങ്ങൾക്കായി ഇതേ സഹാചര്യങ്ങളിലൂടെ കടന്നുപോയേക്കാം. എന്നിൽ ഉണ്ടായിരുന്നതും വെളിപ്പെട്ടിരുന്നതുമായ ഞാൻ ആർക്കു വേണ്ടിയാണോ പ്രവർത്തിച്ചത് അല്ലെങ്കിൽ, ആരെയാണോ ആ പ്രത്യേക പ്രവർത്തി നിവർത്തിക്കേണ്ടതിനു വേണ്ടി ദൈവം പ്രത്യേ കമായി വിളിച്ചത്, എഫെസ്യ ലേഖനത്തിൽ പൗലോസ് എണ്ണിപ്പറഞ്ഞിരിക്കുന്ന പ്രവർത്തികളോട് തികച്ചും യോജിക്കുന്ന പ്രവർത്തികളായിരുന്നു അത്. സുവിശേഷകൻ എന്ന നിലയിൽ എന്നിൽ നിന്നും പ്രതീക്ഷിക്കുന്നത് ഞാൻ ആത്മാക്കളെ നേടുന്നവൻ എന്നതാണ്. ഒരു പാസ്റ്റർ എന്ന നില യിൽ എന്നിൽ നിന്നും പ്രതീക്ഷിക്കുന്നത് എന്റെ ജീവിതം അനുകമ്പാർദ്രമായി ക്രിസ്തുവിന്റെ ജന ത്തെയും അവരുടെ ആവശ്യങ്ങളെയും സമീപിക്കണമെന്നുള്ളതാണ്. ഒരു ഉപദേഷ്ടാവ് എന്ന നില യിൽ ഞാൻ ദൈവവചനം മണിക്കൂറുകൾ നീണ്ട പഠനത്തിനു ചിലവഴിക്കുകയും ദൈവവചനത്തിന് യോഗ്യമായ നിലയിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്ന ഒരു പരിചയസമ്പന്നൻ ആകണമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒരു പ്രബോധകന്റെ നിലയിൽ ഞാൻ എത്തേണ്ടതിന് മറ്റുള്ളവരുടെ പ്രശ്ന ങ്ങളെ കേൾക്കുവാനായി മണിക്കൂറുകൾ ചിലവാക്കുവാൻ ഒരുക്കമുണ്ടാകുകയും അനുകമ്പയുള്ള ഒരു മനസ്സുണ്ടാകുകയും വേണം. നാം എല്ലാവരും നമ്മിലുള്ള കൃപാവരങ്ങളോ മറ്റ് വ്യവഹാര ങ്ങളോ മറ്റുള്ളവരിൽ ഉപയോഗിക്കുന്നതിൽ വളരെ സമർത്ഥരാണ്!

നമ്മിൽ ദൈവത്തിന്റെ വിവധങ്ങളായ പ്രവർത്തികളുടെ വഴി എനിക്ക് വ്യക്തിപരമായി മനസ്സിലാ ക്കുവാൻ വർഷങ്ങളുടെ സമയം എടുത്തു. അവ മനസ്സിലായത് പലവിധമായ പ്രതികരണങ്ങളിലൂ ടെയും അസംതൃപ്തിയുടെ അനുഭവങ്ങളിലൂടെയുമാണ്. എന്നാൽ അവയെല്ലാം അതുല്യവും ദൈവ ത്തിന് ഉപയോഗപ്രദവും ഉദ്ദേശ്യപൂർത്തീകരണത്തിനും ആണെന്ന് ഉറപ്പിക്കുവാൻ കഴിഞ്ഞു.

യാതൊരു ശങ്കയും കൂടാതെ സന്തോഷത്തോടെ എനിക്ക് ഉറപ്പാക്കുവാൻ കഴിഞ്ഞു ഞാൻ ഒരു മനേജരല്ലെന്ന്. അതുകൊണ്ട് ഭരണക്രമങ്ങളിൽ (മാനേജിംഗ്) എനിക്ക് സംതൃപ്തിപ്പെടാൻ കഴിയുന്നു എന്ന് പ്രതീക്ഷിക്കരുത്. എന്നാൽ നല്ല മാനേജർമാർ ഭരണക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സന്തോഷിക്കുന്നു. ഞാൻ നല്ലോരു സുവിശേഷനല്ല, അതിനാൽ അതുപോലെ നടിക്കുമെന്ന് എന്നിൽ നിന്ന് പ്രതീക്ഷിക്കരുത്. ഞാനൊരു നല്ല പാസ്റ്ററല്ല, അതുകൊണ്ട് ജനങ്ങളുടെ ആവശ്യങ്ങളിൽ ആദ്യമായി ഉണ്ടാകേണ്ടുന്ന അനുകമ്പാമനോഭാവം എന്നിൽ നിന്ന് പ്രതീക്ഷിക്കരുത്.

ചില നല്ല കാരണങ്ങളാൽ ഞാൻ ഈ വ്യവസ്ഥിതികളെക്കുറിച്ച് അറിയുവാൻ ധാരാളം സമയം വായനയിൽ ചിലവിടുന്നു. ഒന്നാമത്, ഞാൻ ആരല്ല എന്ന് ഉറപ്പിക്കുവാൻ ഇത് എന്നെ സഹായിക്കുന്നു. രണ്ടാമത്, ഈ കൃപാവരങ്ങളും കൃപാവര പ്രാപ്തരും ചെയ്യുന്ന കാര്യങ്ങളെ അനുമോദിക്കുവാൻ ഇത് എന്നെ സഹായിക്കുന്നു. മൂന്നാമത്, ക്രിസ്തുവിന്റെ ജനതയുടെ പരമപ്രധാനമായ കർത്തവ്യത്തെ ഉത്തേജിപ്പിക്കുന്ന വിവിധങ്ങളായ കാര്യങ്ങൾ ഒരുമിച്ച് ഇഴുകി ചേർന്നിരിക്കുന്നതിന്റെ പ്രാധാന്യതയെ ഇത് എന്നെ ഓർമ്മിപ്പിക്കുന്നു. നാലാമത്, ജനങ്ങളിൽ നിന്നും പ്രതീക്ഷിക്കാവുന്ന കാതലായ പ്രശ്നങ്ങളെ എങ്ങനെ വ്യവഹരിക്കണമെന്ന് വായനയിലൂടെയും ഈ ജനങ്ങളിലൂടെയും എനിക്ക് പഠിക്കുവാൻ കഴിഞ്ഞു. പാസ്റ്ററിൽ നിന്നും സഹാനുഭൂതിയെ പിൻതുടരുവാൻ ഞാൻ പഠിക്കുന്നു, സുവിശേഷകനിൽ നിന്നും എങ്ങനെ സാക്ഷിയാകണമെന്ന് ഞാൻ പഠിക്കുന്നു. ഉപദേഷ്ടാവിൽ നിന്നും സത്യത്തിന്റെ പ്രാധാന്യതയും അതിനെ പിന്തുടരുവാനും ഞാൻ പഠിക്കുന്നു. പക്ഷേ, അവർ ഏർപ്പെട്ടിരിക്കുന്ന ശുശ്രൂഷകൾ അല്ലെങ്കിൽ അവർ നേടിയെടുക്കുന്ന ഫലങ്ങളൊന്നും തന്നെ എന്റേതല്ല.

ദൈവാത്മാവ് എന്നിൽക്കൂടി പ്രവർത്തിക്കുന്ന കൃപാവരങ്ങളിൽ നയിക്കുന്നതിന്റെയും (അത് പിന്നീടുള്ളതാണ്) പ്രസംഗിക്കുന്നതിന്റെയും കൃപാവരങ്ങൾ പരിക്രമണം ചെയ്യുന്നു. മറ്റ് ചില കൃപാവരങ്ങളുടെ അല്പം ഭാഗങ്ങൾ എന്റെ കൃപാവരങ്ങളിൽ അന്തർഭവിച്ച് അങ്ങനെ അവ വൈവിധ്യങ്ങളാകുന്നു. പക്ഷേ, ഈ കൃപാവരങ്ങൾ പല നിലകളിലും ഉപയോഗിക്കാമെങ്കിലും കാലക്രമേണ അതിന് മാറ്റം സംഭവിക്കും. ചില സമയങ്ങളിൽ പ്രസംഗത്തിന്റെ കൃപാവരം മുൻപന്തിയിൽ നിന്നപ്പോൾ പ്രധാനമായും എന്നെ പ്രാദേശിക സഭകളിൽ കാണുവാൻ സാധിച്ചു. മറ്റ് ചില സന്ദർഭങ്ങളിൽ നയിക്കുന്ന കൃപാവരം ശക്തിപ്പെട്ടു നിന്നപ്പോൾ എന്നെ സംഘടനകളുടെ നേതൃസ്ഥാനത്ത് കണ്ടു. ഈ സന്ദർഭത്തിൽ ഒരിക്കലും ഇല്ലാത്തതുപോലെ രണ്ടും ഒരുമിച്ച് വളരുന്ന ഒരു സന്തോഷകരമായ രീതി കാണുന്നുണ്ട്. പ്രവാചകന്റെ പ്രവർത്തികൾ ഞാൻ നിവർത്തിക്കുന്നതോടൊപ്പം അപ്പൊസ്തലിക ഘടന എന്നു ഞാൻ വിളിക്കുന്നത് ഇപ്പോൾ ഞാൻ നിവർത്തിക്കുന്നു.

നയിക്കുന്നതും പ്രസംഗിക്കുന്നതുമായ കൃപാവരങ്ങളാൽ ദൈവാത്മാവ് എന്റെ ജീവിതത്തിലൂടെ ചെയ്തുകൊണ്ടിരിക്കുന്നു. സഭയിലൂടെ ലോകവ്യാപകമായി സുവിശേഷ വ്യാപനത്തിന് പുത്രനാം ദൈവം എന്നെ ശരിയായ സ്ഥലത്ത് (ശരീരത്തിന്റെ ഭാഗം) ശരിയായ സമയത്ത് നിർത്തുന്നു. പിതാവായ ദൈവം താൻ അറിയുന്നതുപോലെയും മനസ്സിലാക്കുന്നതുപോലെയും ഇതിന്റെ പ്രഭാവത്തിൽ, അനന്തരഫലത്തിൽ പ്രവർത്തിക്കുന്നു. ഇവയെല്ലാം തന്നെ ഞാനായിരിക്കുന്ന അവസ്ഥയിൽ എന്നെ തകർക്കാതെയും ഒരു യന്ത്രമനുഷ്യനെപ്പോലെ എന്നെ കരുതാതെയും ത്രിത്വം തങ്ങളുടെ പ്രവർത്തികൾ ചെയ്യുന്നു. അതെ, തിരുവെഴുത്തിന്റെയും പരിശുദ്ധാത്മാവിന്റെയും പൂർണ്ണത വരുത്തുന്ന പ്രവർത്തിക്കായി സമർപ്പിക്കപ്പെടേണമെന്ന് എന്നെക്കുറിച്ച് പ്രതീക്ഷിക്കുന്നു. പുനരുത്ഥാനത്തിന്റെ അനന്തരഫലം എന്റെ ജീവിതത്തിൽ പ്രാവർത്തികമാകേണ്ടതിന് എത്ര അധികം ഞാൻ സമ്മതിക്കുന്നുവോ, അത്രയധികം ഗുണസംബന്ധമായി യജമാനനായിരിക്കുന്ന യേശുവിനെ ഞാൻ നോക്ക

ണം. വിശാലമായി പറഞ്ഞാൽ, എന്റെ കൃപാവരങ്ങളാലും സ്വാധീനശക്തിയാലും സുവിശേഷ ഘോഷണ ശുശ്രൂഷ വളരെയധികം ഫലപ്രദമായിരിക്കും.

ത്രിത്വത്തിന്റെ ഏകോപിച്ചുള്ളതും സഹവർത്തിത്വത്തോടെയുള്ളതുമായ പ്രവർത്തിയിൽ, യേശുവിന്റെ ജനങ്ങൾക്കും അവരുടെ പ്രവർത്തനങ്ങൾക്കു വേണ്ടിയും ത്രിത്വം ഒരേപോലെ കാര്യങ്ങൾ നിർവ്വഹിക്കുന്നു. ഇവ സകലതും ഫലപ്രാപ്തിയിലേക്ക് കൊണ്ടുവരുന്ന പ്രതീക്ഷയെയും നേതൃത്വത്തെക്കുറിച്ച് ദൈവം പ്രശംസിക്കുകയും അതിനുള്ള അംഗീകാരത്തെയും, പ്രാപ്തരാക്കുക എന്ന വാക്കാണ് ഞാൻ ഉപയോഗിക്കുന്നത്. ക്രിസ്തുവിന്റെ ജനത്തിനിടയിൽ ഇപ്രകാരം നേതൃത്വത്തിന് വലിയ സ്ഥാനം നൽകി കാര്യങ്ങൾ ഭരമേല്പിക്കുന്നത് ദൈവത്തിലുള്ള വലിയ നിഗൂഢമായ വസ്തുതയാണ്. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള നമ്മുടെ പരാജയം അവന്റെ പരാജയമായി മാറുന്നു. എന്നാൽ, ഇതാണ് ദൈവത്തിലുള്ള മഹത്വം എന്നതും നമ്മിൽ അവൻ നിക്ഷേപിച്ചിരിക്കുന്ന കരുത്തിന്റെ മാതൃക എന്നതും. എന്തെങ്കിലും ചെയ്യുവാനായി തങ്ങളുടെ ഹൃദയത്തിൽ തീരുമാനിക്കാത്ത കാര്യം ചെയ്യുന്നതിനായി അവൻ ഒരു നാളും ജനത്തെ പ്രചോദിപ്പിക്കുകയില്ല. മനുഷ്യന്റെ യാഥാർത്ഥ്യങ്ങളിലും പക്വാവസ്ഥയിലും ചേർന്നു നിന്നുകൊണ്ട് തന്റെ ഉദ്ദേശ്യത്തെ പരമാധികാരത്തോടെ പൂർത്തീകരിക്കുന്ന കാര്യത്തിൽ ദൈവം സമർത്ഥനാണ്.

പരിശുദ്ധാത്മാവ് നല്കുന്ന കൃപാവരത്തോട് നേതൃത്വം യോജിച്ചു നിൽക്കേണം എന്നു മാത്രമല്ല, ശരീരത്തിന്റെ സമഗ്രമായ പ്രകൃതത്തോട് നേതൃത്വം ഇണങ്ങുകയും ചെയ്യേണം. ത്രിത്വത്തിന്റെ നേതൃത്വം, ശരീരത്തിന്റെ സമഗ്രമായ പ്രകൃതം എന്നീ രണ്ടു കാര്യങ്ങളിൽ നിന്നും ഒരുപക്ഷേ വ്യത്യസ്തമായ നേതൃത്വമാണ് വളരെ നാളുകളായി പാശ്ചാത്യരായ നമ്മുടെ നാട്ടിൽ കാണപ്പെടുന്നത്. നേതൃത്വത്തെക്കുറിച്ച് ശരീരത്തിൽത്തന്നെ വെളിപ്പാടുകളുടെ ആവശ്യകത ഉണ്ടെന്നുള്ളതാണ് ഇതിനെക്കുറിച്ച് ചിന്തിക്കുന്നതിന് കാരണമാകുന്ന പശ്ചാത്തലം. പുതിയ നിയമത്തിലുള്ള നേതൃത്വത്തെക്കുറിച്ച് പറയുമ്പോൾ, ശരീരം സംബന്ധിച്ചുള്ള യാഥാർത്ഥ്യത്തെ നമുക്ക് തള്ളിക്കളയുവാനാകില്ല. പുതിയ നിയമത്തിലെ ഏതു നേതൃത്വമാണെങ്കിലും അതിന്റെ പ്രകൃതത്തിൽ അത് ശരീരത്തിനു വേണ്ടിയുള്ളതും ശരീരത്തിലുള്ളതും ആകുന്നു. ശരീരം അതിനെ വാക്കുകൾ കൊണ്ടും ആശയങ്ങൾ കൊണ്ടും നിർവ്വചിക്കേണ്ടതുമാകുന്നു. നേതൃത്വത്തെക്കുറിച്ചുള്ള മറ്റ് ഏതു ചർച്ചകളും അഥവാ ശരീരത്തെ മെനഞ്ഞുണ്ടാക്കിയ ദൈവത്തിന്റെ ദർശനത്തിന് വിപരീതമായ എന്തും ക്രിസ്തുവിന്റെ ശരീരം തിരസ്ക്കരിക്കേണ്ടതാണ്.

1 കൊരിന്ത്യർ 12-ാം അദ്ധ്യായം ക്രിസ്തുവിന്റെ ശരീരത്തിന്റെ സമഗ്രമായ പ്രകൃതത്തെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നു. ശരീരത്തോടു ചേർത്ത് നിർമ്മിച്ചിരിക്കുന്ന ചെവി എന്ന അവയവും അതിന്റെ പ്രകൃതം സംബന്ധിച്ച് ചെവിയായിത്തന്നെ പ്രവർത്തിക്കുന്നു എന്ന് അത് മനസ്സിലാക്കുന്നു. അതുപോലെ തന്നെയാണ് മറ്റുള്ള ഓരോ അവയവങ്ങളും. അങ്ങനെ തന്നെയാണ് നേതൃത്വത്തിന്റെ പ്രകൃതവും പ്രവർത്തനങ്ങളും. നേതൃത്വം ആവിഷ്ക്കരിക്കപ്പെടേണ്ടത് എങ്ങനെയെന്നാൽ: 1) ക്രിസ്തുവിന്റെ ശരീരത്തിൽത്തന്നെ സജീവമായിരിക്കുക, ചലനാത്മകമായിരിക്കുക, പ്രവർത്തിക്കുക; 2) മുഴു ശരീരത്തിലും വൈവിധ്യം എന്ന ഈ യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടുകൊണ്ട് ശരീരത്തിന്റെ ഭാഗഭാക്കാകുക; 3) സ്വന്തമഹത്വത്തിനോ, കീർത്തിക്കോ, സ്വന്തപ്രയോജനത്തിനോ ആയിരിക്കാതെ തന്നിൽ പ്രത്യേകമായി ഭരമേല്പിക്കപ്പെട്ടിട്ടുള്ള ചുമതലയിൽ മാത്രം നിലകൊള്ളുക.

അപ്രധാനമെന്ന് പ്രത്യക്ഷത്തിൽ തോന്നുന്ന മറ്റ് അവയവങ്ങളെ, അഥവാ ബലഹീനമെന്ന് തോന്നുന്നവയെ ഒരു ആരോഗ്യമുള്ള ശരീരം കരുതുവാൻ ശ്രമിക്കുന്നതുപോലെ, നേതൃത്വവും തങ്ങളുടെ കൂട്ടത്തിലുള്ള ബലഹീനരെ കരുതുന്നതിനായി നിലനിൽക്കേണ്ടതാകുന്നു. ഒരു സുവർണ്ണ നാവ്,

അല്ലെങ്കിൽ ഫലകരമായി സംസാരിക്കുവാൻ കഴിവുള്ള വായ് എന്നിവ ഒരിക്കലും ഒരു നേതൃത്വ ത്തിന് പകരമാകില്ല. ഇപ്രകാരമുള്ള അഭിപ്രായം ശരീരരത്തിലെ ഏതെങ്കിലും ഒരു വ്യക്തി പിടിച്ചു വച്ചിരിക്കുന്നു എങ്കിൽ അവയിൽ നിന്നും ആരോഗ്യമുള്ള ശരീരത്തിലെ നേതൃത്വം ശരീരത്തെ സംരക്ഷിക്കുവാനുള്ള ക്രമീകരണങ്ങൾ നിശ്ചയമായും ചെയ്യും. കൂടാതെ ആരോഗ്യകരമായ നേതൃത്വങ്ങൾ തങ്ങളെത്തന്നെ തങ്ങളിൽ നിന്നും സംരക്ഷിക്കുക മാത്രമല്ല, ചില വ്യക്തികളുടെ പ്രവർത്തികളെ വാഴ്ത്തേണം എന്ന തരത്തിലുള്ള തെറ്റായ പ്രവണതകൾ വച്ചു പുലർത്തുന്നു എങ്കിൽ, അവയിൽ നിന്നും ഈ നേതൃത്വങ്ങൾ ശരീരത്തെ സംരക്ഷിക്കും. ഇത്തരത്തിലുള്ള നേതൃ ത്വങ്ങൾ, ശരീരത്തിന്റെ പ്രവർത്തനങ്ങളെല്ലാം, അവ അദ്ധ്യാപനം ആകാം, സുവിശേഷീകരണം ആകാം, അവയാണ് ഏറെ പ്രധാന്യമെന്നും അല്ലാതെ ആ പ്രവർത്തികൾ ചെയ്യുവാൻ ദൈവം ഉപ യോഗിക്കുന്ന വ്യക്തികൾക്കല്ല ഏറെ പ്രധാന്യം എന്നുമുള്ള കാര്യം ശരീരം മുഴുവനും ഗ്രഹിച്ചിരി ക്കേണമെന്ന് ശഠിക്കുന്നു. അവസാനമായി, ആരോഗ്യമുള്ള നേതൃത്വം, ദൈവോദ്ദേശ്യത്തിനായി ശരീരം ചെയ്യുന്ന കാര്യങ്ങൾക്കാണ് ഊന്നൽ കൊടുക്കുന്നത്. അല്ലാതെ ശരീരത്തിലെ ഒരു അവയവം ചെയ്യുന്ന പ്രവത്തികൾക്ക് അല്ല. ഈ ഉദ്ദേശ്യം പൂർത്തീകരിക്കപ്പെടുന്നിടത്താണ് നേതൃത്വം ഫലപ്രദമാണ് എന്ന് പറയുവാൻ കഴിയുന്നത്. എഫെസ്യ ലേഖനത്തിൽ പൗലോസ് പറയുന്നതുപോലെ, ശരീരം സജ്ജമാകുന്നിടത്ത് ശുശ്രൂഷയുടെ വേല നടക്കുന്നു.

ഇവയെല്ലാം കൊണ്ടാണ് ലോകത്തിലെയും കച്ചവടസ്ഥലങ്ങളിലെയും തത്വങ്ങൾ നേതൃത്വ കാര്യ ങ്ങളിൽ പ്രായോഗികമാക്കുന്നതിൽ നിന്നും സഭാനേതൃത്വം ജാഗ്രതയുള്ളവർ ആയിരിക്കണമെന്ന് പറയുവാൻ കാരണം. ആ തത്വങ്ങൾ ദൈവത്തിന്റെ ആദ്യ സത്യങ്ങളോട് അനുരൂപപ്പെടുമ്പോൾ അവ പ്രായോഗികമാകുന്നു. അത് പുതിയ സത്യങ്ങളെ വെളിപ്പെടുത്തുന്നതിനാലല്ല, മറിച്ച് അവ ദൈവം മുന്നമേ നല്കിയ സത്യങ്ങളായതുകൊണ്ടാണ് അതിനോട് അനുരൂപപ്പെടുന്നത്. ഇക്കാ ലത്തെ വ്യവസ്ഥിതിയോട് ഏറെ സഹവർത്തിച്ചാണ് അത് പോകുന്നതെങ്കിൽ, അവ എത്രമാത്രം പ്രയോജനപ്രദമായിക്കൊള്ളട്ടെ, അത് പുറന്തള്ളപ്പെട്ടേ മതിയാവൂ.

നേതൃത്വത്തെ സംബന്ധിച്ച് പഴയ നിയമം പഠിപ്പിക്കുന്നതും ഇതുതന്നെ. പഴയ നിയമത്തിൽ നേതൃ ത്വത്തെ സംബന്ധിച്ച് പഠിപ്പിക്കുന്ന സാർവ്വത്രികമായ സത്യങ്ങൾ ഇന്നത്തെ കാലത്തും എല്ലാ തല മുറകൾക്കും വളരെ പ്രധാനവും പ്രസക്തവുമായ കാര്യങ്ങളാണെന്ന് നമുക്ക് തിരിച്ചറിയുവാൻ കഴിയും. എന്നാൽ പഴയ നിയമത്തിൽ കാണുന്ന നേതൃത്വ ഘടന, പ്രത്യേകിച്ച് യിസ്രായേലിനോ ടുള്ള ബന്ധത്തിൽ ഉള്ള നേതൃത്വരീതി സഭയിലേക്ക് സന്നിവേശിപ്പിക്കുവാൻ ശ്രമിച്ചാൽ ഗുരുതര പിഴവായിരിക്കും ഫലം. സഭയെ സംബന്ധിച്ച് രക്ഷകനായ യേശു എന്ന രാജാവല്ലാതെ രാജാക്ക ന്മാരെ പരിചയമില്ല. പൗരോഹിത്യം സംബന്ധിച്ച് തങ്ങൾ ഓരോരുത്തരും പുരോഹിതന്മാരെന്ന് ഉള്ള അറിവല്ലാതെ അഹരോന്റെ പൗരോഹിത്യ മര്യാദ എന്നത് അവർക്ക് പരിചിതമല്ല. അതുപോ ലെ, ഒരു കൂടാരത്തിലോ, കെട്ടിടത്തിലോ ദൈവമന്ദിരത്തെ മേലാലും അവർ കാണുന്നില്ല. മറിച്ച് ക്രിസ്തുവിന്റെ ജനം തങ്ങളെ വ്യക്തികളായും സമൂഹമായും അവർ തന്നെയാണ് മന്ദിരവും, അവി ടെയാണ് ദൈവത്തിന്റെ വാസവും എന്നാണ് കാണുന്നത്.

ഇക്കാര്യങ്ങൾ മൂന്നാത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ, ക്രിസ്തുവിന്റെ ശരീരത്തെ സംബന്ധി ച്ചുള്ള നേതൃത്വവുമായി ബന്ധപ്പെട്ട് മറ്റൊരു വേദഭാഗത്തിലേക്ക് നമ്മെ നയിക്കുന്നു എന്ന് ഞാൻ കരുതുന്നു. അത് മത്തായി 20:20-28 വരെയുള്ള വേദഭാഗങ്ങളാണ്.

അന്ന് സെബെദിപുത്രന്മാരുടെ അമ്മ പുത്രന്മാരുമായി അവന്റെ അടുക്കെ വന്നു നമസ്കരിച്ചു അവ നോടു ഒരു അപേക്ഷ കഴിച്ചു. ‘‘നിനക്ക് എന്തു വേണം’’ എന്ന് അവൻ അവളോടു ചോദിച്ചു. അവൾ

അവനോട്: ഈ എന്റെ പുത്രന്മാർ ഇരുവരും നിന്റെ രാജ്യത്തിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ നിന്റെ ഇടത്തും ഇരിപ്പാൻ അരുളിച്ചെയ്യേണമേ എന്നു പറഞ്ഞു. അതിന് ഉത്തരമായി യേശു: ''നിങ്ങൾ യാചിക്കുന്നത് ഇന്നത് എന്ന് നിങ്ങൾ അറിയുന്നില്ല; ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്രം കുടിപ്പാൻ നിങ്ങൾക്കു കഴിയുമോ'' എന്ന് ചോദിച്ചു. കഴിയും എന്ന് അവർ പറഞ്ഞു. അവൻ അവരോട്: ''എന്റെ പാനപാത്രം നിങ്ങൾ കുടിക്കും നിശ്ചയം; എങ്കിലും എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നൽകുന്നത് എന്റേതല്ല; എന്റെ പിതാവ് ആർക്കു ഒരുക്കിയിരിക്കുന്നുവോ അവർക്കു കിട്ടും'' എന്നു പറഞ്ഞു. ശേഷം പത്തു പേർ അതു കേട്ടിട്ട് ആ രണ്ടു സഹോദരന്മാരോട് നീരസപ്പെട്ടു. യേശുവോ അവരെ അടുക്കെ വിളിച്ചു: ''ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നു എന്നും മഹത്തുക്കൾ അവരുടെ മേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നു. നിങ്ങളിൽ അങ്ങനെ അരുത്: നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നെ'' എന്നു പറഞ്ഞു.

യേശുവിന്റെയും ശിഷ്യന്മാരുടെയും സംഭാഷണങ്ങളിൽ നിന്നും അവ നിർദ്ദേശപരമായ കാര്യങ്ങളായിരുന്നു എന്ന് മനസ്സിലാക്കാം. കാരണം ഇവ യേശുവിനെയും ശിഷ്യന്മാരെയും നന്നായി തുറന്നു കാണിക്കുന്നതായിരുന്നു. ഒന്നാമതായി, ഇവിടെ യേശുവിന്റെ ക്ഷമാശീലം നാം കാണുന്നു. യേശുവിന്റെ അടുക്കൽ ഉന്നയിച്ച ചോദ്യവും, അതിന് മറ്റുള്ളവരുടെ ഇടയിലുണ്ടായ പ്രതികരണവും എല്ലാം മനുഷ്യന്റെ ദൗർബല്യതയെക്കുറിച്ച് യേശുവിന്റെ മനസ്സിനെ ഓർമ്മിപ്പിക്കുന്ന കാര്യം ഒന്നു ചിന്തിച്ചു നോക്കൂ. ആദമിൽ വീണുപോയ എല്ലാ സ്ത്രീപുരുഷന്മാരുടെയും പാപത്തിന്റെ നിത്യമായ പ്രതിഫലനങ്ങൾ ഇല്ലായ്മ ചെയ്യുവാൻ കഴിഞ്ഞെന്നാൽ പോലും, എത്രനാൾ ഇതിന് വിപരീതമായി താൻ മാതൃക കാണിച്ചും പഠിപ്പിച്ചും പോരും? അവശേഷിക്കുന്ന ജഡീകതയുടെ കടന്നാക്രമണങ്ങൾ നമ്മുടെ ചിന്തകളിലും പ്രവർത്തികളിലും ശക്തമായിത്തന്നെ ഇപ്പോഴും പ്രതിഫലിച്ചുകൊണ്ടിരിക്കുന്നു. അവ നമ്മുടെ മരണം വരെയും അല്ലെങ്കിൽ അവനോടൊപ്പം എടുക്കപ്പെടുന്നതുവരെയും നമ്മിൽ അവശേഷിക്കും.

രണ്ടാമതായി, യേശുവിന്റെ അനുഗാമികളിൽ ഏറ്റവും മികച്ച മനുഷ്യസമൂഹത്തെ നാം കാണുന്നു. ഇന്ന് നമുക്കറിയാവുന്ന ദൈവത്തിന്റെ നിത്യസത്യത്തിന്മേൽ ഈ മനുഷ്യർ അടിസ്ഥാനമിടുവാൻ പോകുന്നു. പക്ഷേ അവർ എല്ലാവരും മനുഷ്യത്വം നിറഞ്ഞവരും ആണ്. അപ്പൊസ്തല പ്രവർത്തികളിലും ലേഖനങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നതിലൂടെ വർഷങ്ങളുടെ ഇടവേളയിൽ പരിപക്വമായ നിലയിൽ അവരിൽ വന്ന മാറ്റങ്ങൾ കാണുന്നത് നമ്മെ ഉത്സാഹഭരിതരാക്കുന്നു. എന്നാൽ, ഇന്നയോളം പൂർണ്ണമായും വീണ്ടെടുക്കപ്പെട്ട മനുഷ്യനിൽ, ക്രിസ്തു ചെയ്യുന്ന രീതിക്കനുസാരമായ നിലയിൽ, സാന്ദർഭികമായി ഉയർന്നു വന്ന് മനുഷ്യനിൽ രൂഢമൂലമായി മാറിയ പ്രവർത്തനരീതികൾ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇതുപോലെ മനുഷ്യനോടുള്ള ഇടപെടലുകളെ ദൈവം കൃപയാൽ കരുതിവച്ചിട്ടുള്ളതുകൊണ്ട് നമുക്ക് ദൈവത്തോട് നന്ദി പറയുവാൻ കഴിയും. നേതൃത്വത്തെ സംബന്ധിച്ചുള്ള മറ്റെല്ലാ ചിന്താഗതികളുടെയും മേൽ തലയുയർത്തി നിൽക്കുന്ന തരത്തിൽ യേശു പറഞ്ഞുവച്ച ചില തത്വങ്ങൾ ഇതിനായിട്ടുണ്ട്. ഒന്നാമതായി, തങ്ങൾക്കു ചുറ്റും നിലവിലുള്ള മറ്റെല്ലാ വ്യവസ്ഥിതികളും തങ്ങളുടെ പ്രതീക്ഷകൾക്കും പരസ്പര വ്യവഹാരങ്ങൾക്കും നിരക്കുന്ന വിധത്തിലുള്ള രീതികളാണ് എന്ന തിരിച്ചറിവ് ഏവർക്കുമുണ്ട്. തീർച്ചയായും, അന്നത്തെ യഹൂദാ വ്യവസ്ഥിതികളും റോമാക്കാരുടെ രാഷ്ട്രീയ വ്യവസ്ഥിതികളുമെല്ലാം പീഢിപ്പിക്കുന്ന മേലാളന്മാരും അവ അനുഭവിക്കുന്ന കീഴാ

ളന്മാരും എന്ന അവസ്ഥയായിരുന്നു നിലവിലുണ്ടായിരുന്നത്. ഇവയെല്ലാം തന്നെ വീണ്ടെടുപ്പ് നടന്നിട്ടില്ലാത്ത, ഉന്നതസ്ഥാനീയത്വം വച്ചു പുലർത്തുവാൻ വെമ്പുന്ന സ്വാഭാവിക മനുഷ്യന്റെ മൂർത്തീകരണങ്ങളാണ്. ''നിങ്ങളെ ചുറ്റിപ്പറ്റി നിൽക്കുന്ന സംസ്ക്കാരം ഇതാണെന്നും, അതേ ജഡീകതയാണ് നിങ്ങളിൽ കാണുകയുള്ളൂ എന്നും എനിക്കറിയാം'' എന്നായിരിക്കാം യേശു ഒരുപക്ഷേ പറയുന്നത്.

ഉന്നതരും താണവരും, മേലേക്കിടയിലുള്ളവരും താഴേക്കിടയിലുള്ളവരും എന്ന യാഥാർത്ഥ്യമാണ് ഇന്ന് നമുക്കു ചുറ്റും കാണുന്നത്. ഇത് ശ്വാസോച്ഛ്വാസം പോലെ മനുഷ്യന് സാധാരണമായിരിക്കുന്നു. ലോകത്തിലെ വ്യത്യസ്തമായ എല്ലാ സംസ്ക്കാരങ്ങളിലും ഇതേ രീതി തന്നെയാണ് കാണുവാൻ കഴിയുന്നതും. അതേ, ഇന്ന് നാം ജീവിക്കുന്ന ഈ ലോകത്തിലെ മതപശ്ചാത്തലത്തിൽ ഇത് തല ഉയർത്തി നിൽക്കുന്നു. യേശുവിന്റെ മരണത്തിനു ശേഷം രണ്ടാം നൂറ്റാണ്ടിൽ മനുഷ്യനിൽ കാണപ്പെട്ട സന്തോഷകരമായ നേതൃത്വ മാതൃക, സമുന്നതനേതൃത്വം എന്ന ഭാവം, യേശുവിന്റെ സഭയെ കടന്നാക്രമിച്ചു.

എങ്ങനെയാണ് അവർ അത്തരമൊരു മാതൃകയെ വീണ്ടെടുക്കേണ്ടത് എന്ന് പറഞ്ഞുകൊണ്ടല്ല യേശു തന്റെ ശിഷ്യന്മാരുമായി ഇരിക്കുമ്പോൾ സംസാരിച്ചു തുടങ്ങിയത്. ഇത് ഒരു പ്രബോധനപരമായ കാര്യമാണെന്ന് ഞാൻ ചിന്തിക്കുന്നു. അതിന്റെ കാരണം, യേശുവിന്റെ സഭയ്ക്കുവേണ്ടി ശിഷ്യന്മാർ കണ്ടെത്തുവാനിരിക്കുന്ന ഈ മാതൃക, അത് വീണ്ടെക്കുവാൻ കഴിയാത്തതാണ്! തന്റെ ശിഷ്യന്മാർ ഗ്രഹിക്കേണം എന്ന് യേശു ആഗ്രഹിച്ച രണ്ടാമത്തെ തത്വം ഇതാണ്, താൻ പറഞ്ഞുവരുന്ന ഈ കാര്യം ആവർക്ക് ഇതുവരെയും അനുഭവിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. അതേ, മറ്റുള്ളവരുടെ ഇടയിൽ നേതൃത്വത്തിന്റെ ഒരു പ്രത്യേക മാതൃക നിറഞ്ഞു നിലനിൽക്കുന്ന സംസ്ക്കാരങ്ങളുടെ ലോകത്താണ് നാം ജീവിക്കുന്നത്. കൂടാതെ, അവനെ നാം കാണുന്ന നിമിഷംവരെയും നമ്മിൽ അവശേഷിക്കുന്ന ജഡത്തിന്റെ ശേഷിപ്പുകൾ, നാം എങ്ങനെയാണോ പ്രവർത്തികൾ നിറവേറ്റുന്നത്, അതിനെ ഈ ശേഷിപ്പുകൾ സ്വാധീനിക്കും. പക്ഷേ, നാം തിരുവെഴുത്തിലെ ശക്തമായ വചനങ്ങളിലും കർത്താവിലുള്ള മാതൃകയിലും പ്രതിഫലിച്ചാൽ, വളരെ വ്യത്യസ്തമായതും ഇതുവരെയും അനുഭവിച്ചിട്ടില്ലാത്തതുമായ ''മറ്റൊരു'' ശ്രേഷ്ടമായ അനുഭവം ജീവിതകാലം മുഴുവൻ നമുക്ക് കാണുവാൻ കഴിയും.

അങ്ങനെയെങ്കിൽ ഇത് മൂന്നാമത്തെ തത്വമാണ്, ''നിങ്ങളിൽ അങ്ങനെ അരുത്'' എന്ന് NIV പരിഭാഷപ്പെടുത്തിയിരിക്കുന്നത്. തന്റെ ഈ വാക്കുകളിലൂടെ ദൈവത്തിന്റെ സൃഷ്ടിയോടുള്ള ബന്ധത്തിൽ അവിടുത്തെ സ്വതസിദ്ധമായ ശൈലിയുമായി ഒത്തുനോക്കുമ്പോൾ മനുഷ്യന്റെ നേതൃത്വ രീതിയെ യേശു നിരസിക്കുകയാണ് ചെയ്യുന്നത്. ആ മാതൃകയുടെ മനുഷ്യാവതാരമാണ് യേശു. വാസ്തവമായും നമ്മുടെ ഹൃദയത്തിലുള്ളതും നമ്മുടെ ചുറ്റുപാടുള്ളതുമായ എല്ലാ ചിന്താഗതികൾക്കും നേർ വിപരീതമായ മാതൃകയാണ് യേശുവിന്റെ വാക്കുകളിലൂടെ തെളിഞ്ഞുകാണുന്നത്: ദാസൻ, അടിമ, ശുശ്രൂഷ ചെയ്യിപ്പാനല്ല, മറുവില തുടങ്ങിയ കാര്യങ്ങൾ! കടുത്ത അസമത്വങ്ങളുണ്ടെന്നു തോന്നിയാലും, സംസ്ക്കാരത്തിനും അപ്പുറത്ത് നമ്മെ ചുറ്റിപ്പറ്റി നിൽക്കുന്ന ശത്രു ഉണ്ടെന്നു വന്നാലും, അതുപോലെ നമ്മിൽ ശേഷിക്കുന്ന ജഡീകാഭിലാഷങ്ങളിലൂടെ നമ്മെ എതിർക്കുന്ന ശത്രു ഉണ്ടെങ്കിലും, നമ്മുടെ മേൽ നയിക്കുവാനായുള്ള യേശുവിന്റെ വിളിക്ക് കുറവുണ്ടാകുന്നില്ല. ആളുകളുടെ ചാപല്യങ്ങൾക്കനുസരിച്ച് പാദപൂജ ചെയ്യുന്നതാണ് നേതൃത്വം എന്നോ, അല്ലെങ്കിൽ ആളുകൾക്ക് ചവിട്ടി തേക്കുവാനുള്ള ഒന്നാണ് നേതൃത്വം എന്നോ യേശു പറയുന്നില്ല. എന്നാൽ, ഇന്ന് നാം കാണുന്ന തരത്തിൽ നമ്മെ മുടന്തന്മാരാക്കുന്ന വിധത്തിലുള്ള ഇടയ മാതൃകയും ഉന്നതപദവിയിൽ ഇരിക്കുന്ന ഏകാധിപതിക്കും നേർ വിപരീതമാണ് നേതൃത്വം എന്ന് യേശു വ്യക്തമാക്കുന്നു. ദൃഷ്ടാ

ന്തപരമായി ഇന്നത്തെ വ്യവസ്ഥിതിയെ യേശു തകിടം മറിക്കുന്നുവെങ്കിലും, നേതൃത്വത്തിന്റെ പ്രാധാന്യതയെ അവിടുന്ന് നിഷേധിക്കുന്നില്ല. യേശുവിന്റെ രാജ്യത്തിൽ നയിക്കുവാൻ അവർ ആഗ്രഹിക്കുന്നു എങ്കിൽ, അത് അവിടുത്തെ രൂപകല്പനയ്ക്കും നിലവാരത്തിനും യോജിച്ച നിലയിൽ ആയിരിക്കണം.

നമ്മെ പിടച്ചുകുലുക്കുന്ന വിധത്തിലുള്ള യേശുവിന്റെ വാക്കുകളെ ഞാൻ ഇവിടെ പ്രസ്താവിച്ചതിലൂടെ, ഏറ്റവും കുറഞ്ഞത് രണ്ട് നിഗമനങ്ങളിൽ എനിക്ക് എത്തിച്ചേരുവാൻ കഴിഞ്ഞിട്ടുണ്ട്. ഒന്നാമത്തേത്, പുതിയ നിയമത്തിലെ നേതൃത്വം എന്നത് സൂച്യസ്തംഭാകാരത്തിന്റെ അഗ്രഭാഗത്തുള്ള ഏകനേതാവ് എന്നതിൽ നിന്നും വ്യത്യസ്തമായി ഓരോ കൂട്ടങ്ങൾക്കും കേന്ദ്രീകൃത നേതൃത്വശൃംഖലകൾ എന്ന നിലയിൽ ഒരു ഉദാത്ത മാതൃക കാണപ്പെടുന്നു എന്നതാണ്. യേശുവിന്റെ ജനം ഉൾപ്പെടുന്ന സമൂഹത്തിന്റെ പരമപ്രധാനവും അടിസ്ഥാനപരവുമായ ഒന്നാണ് നേതൃത്വം എന്ന് ഈ കൂട്ടങ്ങൾ മനസ്സിലാക്കിയിരിക്കുന്നതോടൊപ്പം, നാം ഇതിനെ വ്യത്യസ്ത തലങ്ങളിലൂടെ ദർശിക്കുകയാണെങ്കിൽ, ഈ പര്യാപ്തമായ നേതൃത്വത്തിന്റെ സേവനമനോഭാവമാണ് തങ്ങളുടെ സമൂഹത്തിന്റെ നിലനില്പിനും പണിയപ്പെടലിനും അടിസ്ഥാനമെന്നും അവർ മനസ്സിലാക്കിയിരിക്കുന്നു എന്നും നമുക്ക് കാണാവുന്നതാണ്. നേതൃത്വനിരയിൽത്തന്നെ അവരുടെ ഇടയിലും, അവർക്ക് ക്രിസ്തുവിന്റെ സഭയിലെ ഓരോരുത്തരോടും നൈസർഗ്ഗികമായ ഒരു നല്ല ബന്ധം ഉണ്ടെന്നുള്ളതിലും ഈ കൂട്ടങ്ങൾക്ക് തിരിച്ചറിവുണ്ട്. കേന്ദ്രീകൃത നേതൃത്വ കൂട്ടങ്ങൾ തമ്മിൽ തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നതോടൊപ്പം, പരിശുദ്ധാത്മ നിറവിൽ കൃപാവരങ്ങളും അനുഭവകഥകളുമായി സജ്ജരാക്കപ്പെട്ട ശരീരത്തിലെ മറ്റ് അവയവങ്ങളെ ഉത്തേജിപ്പിച്ച് അയയ്ക്കുകയും ചെയ്യുന്ന നൈസർഗ്ഗീകമായ സഭയുടെ ഒരു നല്ല ചിത്രം പൗലോസ് കൊരിന്ത്യർക്കെഴുതിയ തന്റെ ഒന്നാം ലേഖനം 12-ാം അദ്ധ്യായത്തിൽ വിവരിക്കുന്നു. സാന്ദർഭികമായി ഇത് ദൈവത്താൽ ഉത്തരവാദിത്തം ഭരമേല്പിക്കപ്പെട്ടിരിക്കുന്ന നേതൃത്വത്തിന് ജനത്തെ ശക്തീകരിക്കുവാൻ ഉള്ള ഏറ്റവും നല്ല തന്ത്രപ്രധാനമായ ഒരു വഴിയാണ്. ഒരു യഥാർത്ഥ നേതൃത്വത്തിന് ഒന്നാമതും പരമപ്രധാനവുമായി വേണ്ടത് പര്സപര ബന്ധിതവും സ്വാധീനവുമാണ്.

ഈ പാഠം ഗ്രഹിക്കുവാൻ സഭാ നേതൃത്വത്തെ സംബന്ധിച്ച് മിക്കവാറും വൈഷമ്യമായ ഒന്നാണ്. ദൃശ്യമായ സഭ എന്നത് അതിന്റെ കാൽപ്പാടുകൾ കാണപ്പെടുന്നതു പോലെ തന്നെ അത് ഒരു സന്നദ്ധസംഘമാണ്. ഈ ജനങ്ങളെ പൂർണ്ണതയ്ക്കും ഫലപ്രാപ്തിക്കുമായി ശക്തി പകരുവാനുള്ള ആജ്ഞയെ സഭയുടെ നേതൃത്വം ചുറുചുറുക്കോടെ വഹിക്കുന്നുവെങ്കിൽ, ഇതിനായി അവർക്ക് നൽകിയ ഏറ്റവും പ്രധാനപ്പെട്ട ഉപകരണങ്ങളാണ് ബന്ധവും സ്വാധീനവും. ദൈവത്തിൽ നിന്ന് ലഭിക്കപ്പെട്ട ഉത്തരവാദിത്തം നിവർത്തിക്കേണ്ടത് ആരോടാണോ അതേ ആളുകളുമായി ഏറ്റവും ഊഷ്മളമായ ബന്ധം സൂക്ഷിക്കുന്നുവെങ്കിൽ, അത്രയധികം ശാക്തീകരണം അവരുടെ ശുശ്രൂഷയിൽ ഉണ്ടാകും. തീർച്ചയായും മറ്റ് പല പ്രശ്നങ്ങളും നേതൃത്വത്തിന്റെ ശാക്തീകരണത്തിന്റെ കഴിവിനെ സ്വാധീനിക്കും, എന്നാൽ ബന്ധത്തിനും സ്വാധീനത്തിനും ഉള്ള അത്രയും പ്രാധാന്യത മറ്റൊന്നിനുമില്ല. യേശുവിന് ഇവ രണ്ടും ഉണ്ടായിരുന്നു എന്ന് മത്തായി 20-ാം അദ്ധ്യായത്തിൽ നമുക്ക് കാണാവുന്നതാണ്.

ഞാൻ എത്തിച്ചേർന്ന രണ്ടാമത്തെ നിഗമനം എന്നത്, ഈ വേദഭാഗം വെളിപ്പെടുത്തുന്ന നമ്മുടെ ആദർശവുമായി ബന്ധപ്പെട്ടുള്ളതാണ്. എന്നാൽ, എന്റെ ചുറ്റുപാടുമുള്ള സംസ്ക്കാരവും അതിൽ അന്തർലീനമായിരിക്കുന്ന ജഡീകതയുമായി എപ്പോഴും യുദ്ധം ചെയ്യുന്ന ഒരു യഥാർത്ഥ ലോകത്തിലാണ് ഞാൻ ജീവിക്കുന്നത്.

യേശുവിന്റെ മാതൃകയിൽ പ്രവർത്തിക്കുന്നതിനു വേണ്ടി എടുക്കുന്ന ഒരു തീരുമാനമാണ് വ്യക്ത മായ തീരുമാനം. പലപ്പോഴും ഞാൻ എടുക്കുന്ന തീരുമാനങ്ങളെ അതുമായി ബന്ധപ്പെടുത്തി ശക്തിപ്പെടുത്തുന്നു. പിന്നീട് അത് ഞാൻ ആഗ്രഹിക്കുന്ന നിലയിൽ യുക്തിപരമായി യാഥാർത്ഥ്യ മാകാം. തീരുമാനം എടുക്കുന്നതിൽ മുന്നിട്ടു നിൽക്കുന്നതിൽ, അല്ലെങ്കിൽ ഏറ്റവും കുറഞ്ഞത് ഒരു പുതിയ രീതിയിൽ ചിന്തിക്കുന്നതും ഭാവഭേദ്യങ്ങളെ സ്വാധീനിക്കുന്നതിനേക്കാളും ഒരിക്കൽ ഇത് യുക്തിസഹമായി തീർന്നിട്ടുള്ളത് എനിക്ക് കാണുവാൻ കഴിഞ്ഞിട്ടുണ്ട്.

എന്തായാലും ഈ ഏറ്റുമുട്ടലിലാണ് ഞാൻ ജീവിക്കേണ്ടുന്നത്; എനിക്ക് ഒരിക്കലും കഴിയാത്തതും, അല്ലെങ്കിൽ പൂർണ്ണ സ്വാതന്ത്ര്യത്തോടെയും, ഇതേ നിലയിൽ എല്ലായ്പ്പോഴും പ്രവർത്തിക്കേണം. കൂടുതൽ എളുപ്പമായ നിലയിൽ എനിക്ക് പ്രവർത്തനക്ഷമം ആകണമെങ്കിൽ എന്താണോ എന്നിൽ ഉള്ളത് അതിന് ഇപ്പോഴും ഒരു മാറ്റം സംഭവിച്ചേ മതിയാകൂ, അത് എന്റെ മരണം വരെയും തുടരു കയും വേണം. പക്ഷേ എനിക്കു ചുറ്റുമുള്ള സംസ്ക്കാരം ഒരേപോലെ അധാർമ്മികവും എന്നെ പ്രതിരോധിക്കുന്നതുമാണ്. സംസ്ക്കാര സംബന്ധിയായി എത്രമാത്രം സമത്വവാദിയാകുന്നുവോ, അത്രമാത്രം യേശുവിന്റെ മാതൃകയിൽ സഹകരണംമനോഭാവം കാണുവാൻ കഴിയും. കാണുന്നു എന്നു ഞാൻ പറഞ്ഞതിന്റെ കാരണം, മനുഷ്യന്റെ ഹൃദയം എല്ലായ്പ്പോഴും കളങ്കമുള്ളതാണ്, എന്റെയും മറ്റുള്ളവരുടേയും. കൂടാതെ, അമേരിക്കയിൽ സമത്വവാദിയുടെ ഒരു നിലപാട് കാണുന്ന തോടൊപ്പം തന്നെ ഉച്ചനീചത്വ സമ്പ്രദായങ്ങളും കാണുവാൻ കഴിയുന്നു.

ലോകരാജ്യങ്ങളിലൂടെയുള്ള എന്റെ യാത്രയിൽ, ഇത്തരത്തിലുള്ള ജീവിത നിലവാര തത്വങ്ങളെക്കു റിച്ച് കാണുകയും പഠിപ്പിക്കുകയും ചെയ്യുവാൻ ശ്രമിച്ചപ്പോൾ, മത്തായി സുവിശേഷം 20 ൽ യേശു നിരസിച്ച എല്ലാ വിധത്തിലുമുള്ള സങ്കൽപവ്യതിയാനങ്ങളെയും എനിക്കു കാണുവാൻ കഴിഞ്ഞു. മുകളിൽ പറഞ്ഞിരിക്കുന്ന ചിന്തകളെ തിരിച്ചറിഞ്ഞതിൽ നിന്നും പല പ്രതിബദ്ധതകളും സഹായ കമാണെന്ന് ഞാൻ കണ്ടെത്തി. ഒന്ന്, ക്രിസ്തുവിൻ ജനത്തെ ശക്തീകരിക്കുന്നതിലുള്ള പ്രതിബ ദ്ധത. അത് നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട കണക്കാക്കാവുന്ന ഒരു നാഴികക്കല്ലാകുന്നു. രണ്ട്, ഒരു പക്ഷേ നേതാക്കന്മാരുടെ സംസ്ക്കാരിക നിലവാരം ഇതിനോട് രമ്യപ്പെടുന്നില്ലെങ്കിൽ കൂടി, മത്തായി സുവിശേഷത്തിലും, എഫെസ്യ ലേഖനത്തിലും, കൂടാതെ കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖ നത്തിലും ഞാൻ കണ്ടെത്തിയതുപോലെ, അവരോട് പൊരുത്തപ്പെടുവാനായുള്ള പ്രതിബദ്ധത എന്റെ ഹൃദയത്തിൽ ഞാൻ സൂക്ഷിക്കുന്നു. ഒരുപക്ഷേ അവരുടെ പ്രവർത്തി എന്താണോ അതിനനുസാര മായി എനിക്ക് പ്രവർത്തിക്കുവാൻ കഴിഞ്ഞില്ലെന്നു വരാം. എന്നാൽ എന്റെ ഹൃദയത്തിലെന്താണോ അതിന് മാറ്റം വരുത്തുവാനും അവരോടുള്ള എന്റെ പെരുമാറ്റത്തിന് മാറ്റം വരുത്തുവാനും എനിക്കു കഴിയും. മൂന്നാമത്, മിക്ക സംസ്ക്കാരങ്ങളിലും നമുക്ക് മാതൃകയാക്കുവാൻ കൊള്ളാവുന്നതുണ്ടെ ങ്കിൽ അത് ആ സംസ്ക്കാരിക അവകാശത്തെ പ്രശംസിക്കുന്നതിനു തുല്യമാണെന്ന് ഞാൻ മനസ്സി ലാക്കുന്നു. പ്രശംസിക്കപ്പെടുന്ന ആ ഉന്നതാവസ്ഥ പിന്നീട് യേശുവിന്റെ മാതൃകയെ പിൻപറ്റുവാൻ തുടങ്ങുന്നു.

യേശുവിന്റെ മാതൃകയോട് പൂർണ്ണമായും പൊരുത്തപ്പെടുവാനുള്ള കഴിവ് നഷ്ടപ്പെട്ടു പോകുന്നു എന്നുള്ളത്, നമുക്ക് ശരീരത്തിലെ നേതൃത്വം എന്ന നിലയിൽ അതിന്റെ സ്വഭാവത്തോടു പൂർണ്ണ മായും ചേർന്നു പോകുവാനുള്ള കഴിവ് നഷ്ടമാകുന്നു എന്നുള്ള ദുഃഖകരമായ അവസ്ഥയെയാണ് കാണിക്കുന്നത്. അങ്ങനെ ദൈവത്തിന്റെ രൂപകല്പനയായ സഭയോട് ഇഴുകിച്ചേരുവാനുള്ള നമ്മുടെ കഴിവും നാം നഷ്ടപ്പെടുത്തുന്നു. ഇതിന്റെ പ്രകാശനത്തിന്റെ പൂർണ്ണത എന്നത് നേതൃത്വത്തിന്റെ അന്തർലീനമായ സ്വഭാവത്തിൽ വഴുതിമാറുവാനാവാത്ത വിധം പൂർണ്ണമായും ഇഴികിച്ചേരുന്ന

സങ്കീർണ്ണമായ ബന്ധമാണ്. ശരീരത്തിന്റെ നൈസർഗ്ഗീക സ്വഭാവം യാതൊരു കാരണവശാലും മാറ്റം വരുത്തുവാൻ കഴിയാത്തവയിൽ ഒന്നാണെന്ന എന്റെ ചിന്ത ശരിയാണെന്നുണ്ടെങ്കിൽ, പൂർണ്ണമായ നൈസർഗ്ഗീക നേതൃത്വത്തേക്കാൾ കുറഞ്ഞതായ എന്തും നേതൃത്വത്തിന്റെ ശാക്തീകരണത്തിനുള്ള പൂർണ്ണ പ്രാപ്തിയേക്കാൾ താണതായിരിക്കും. ദൈവം പരമാധികാരിയും അതോടൊപ്പം നമ്മുടെ തന്മയീഭാവത്തോടൊപ്പം പ്രവർത്തിക്കുന്നവനുമാണ്. എന്നാൽ, നമ്മുടെ നേതൃത്വത്തിന്റെയും സഭ യുടെയും ആശയങ്ങളെ ഉടച്ചു വാർത്തെടുക്കുവാൻ കഴിഞ്ഞാൽ എത്രയധികം സന്തോഷവും അതിന്റെ പൂർണ്ണതയും അവിടെയുണ്ടാകും!

ചില സുപ്രധാന നിർദ്ദേശങ്ങളോടെ ഇത് നാം ഇവിടെ നിർത്തുകയാണ്. ഒന്ന്, നേതൃത്വം എന്നത് ബഹുമുഖമാണ്-ഒന്നിൽ അധികമാണ്! ഒരു പ്രാദേശിക സഭയിലെ നേതൃത്വത്തിലിരിക്കുന്ന ഒരു വ്യക്തിക്ക് പാസ്റ്റർ എന്നു മാത്രമുള്ള തലക്കെട്ട് യോജിക്കുന്നതാണോ എന്നത് തർക്കവിഷയം ആക്കേ ണ്ടതാണ്. ആ വ്യക്തിക്ക് ഇപ്രകാരം പ്രത്യേകമായി ഒറ്റപ്പെട്ട ഒരു അധികാരസീമ ഉള്ളതായി പുതിയ നിയമത്തിൽ ആധികാരികമായി കാണുവാൻ കഴിയുന്നില്ല. നേതൃത്വത്തെ സംബന്ധിച്ചുള്ള പുതിയ നിയമത്തിന്റെ പഠിപ്പിക്കലുകളിൽ നേതൃത്തിൽ ഏകമായ ഒരു അവസ്ഥ ഉള്ളതായി ഒരു വേദഭാ ഗവും ചൂണ്ടിക്കാണിക്കുന്നില്ല. ഇതിലെല്ലാമുപരി, ശരീരത്തിന്റെ നൈസർഗ്ഗികമായ സ്വഭാവം നൈസർഗ്ഗികവും സഹജവുമായ നേതൃത്വത്തെ ആവശ്യപ്പെടുന്നു. കൂടാതെ, വൈവിധ്യ സ്വഭാവ മുള്ള യേശുവിന്റെ ജനതയെ ദൈവം ആഗ്രഹിക്കുന്ന പ്രകാരം ശക്തീകരിക്കേണ്ടതിന് സ്വാഭാവിക മായും ഒരു വ്യക്തി എന്നതിനേക്കാൾ ഒന്നിലധികം കൃപാവര പ്രാപ്തിയെയും ആവശ്യപ്പെടുന്നു.

രണ്ട്, നാം നമ്മുടെ വൈവിധ്യാനുഭവത്തിൽ നിൽക്കുമ്പോൾ തന്നെ, ക്രിസ്തുവിന്റെ ശരീരത്തിൽ ത്രിത്വം തുന്നിച്ചേർത്തിരിക്കുന്ന ഐക്യത എന്ന അതുല്യമായ അനുഭവം ഒരു വലിയ വെല്ലുവിളി തന്നെയാണ്. ത്രിത്വം സഭയിലേക്ക് പാകിയ വിത്തുകളാണ് കാഴ്ചപ്പാടുകളായി നമുക്ക് മനസ്സിലാ ക്കുവാൻ കഴിയുന്ന ക്രിസ്തുവിന്റെ ശരീരത്തിനുള്ളിലെ തർക്കങ്ങൾ. വൈവിധ്യമാർന്ന കൃപാവര ങ്ങളാൽ അതിന്റെ സംരക്ഷണത്തിനായി സാഹസിക ഓട്ടം തന്നെ ഓടേണം! വർണ്ണങ്ങൾകൊണ്ടുള്ള ഒരു ലളിതമായ പട്ടികയിലൂടെ ഇതിന്റെ അപകടാവസ്ഥ വെളിപ്പെടും. കരുണ എന്ന കൃപാവരത്തെ അതിന്റെ ഒരറ്റത്ത് എഴുതിയാൽ, അ കൃപാവരത്തിന്റെ ചില സവിശേഷതകളെ നിങ്ങൾ തന്നെ വിവ രിക്കുകയും വേണം, മറ്റെ അറ്റത്ത് ഭരണനിർവ്വഹണം എന്ന കൃപാവരത്തെ എഴുതിച്ചേർക്കണം, പിന്നാലെ അതിന്റെയും സവിശേഷതകളും കുറിച്ചു വയ്ക്കണം, അപ്പോൾ നിങ്ങൾക്ക് പ്രശ്നത്തിന്റെ ശരിയായ ഒരു ചിത്രം ലഭിക്കും. ഭരണനിർവ്വഹണത്തിന്റെ വരങ്ങളെ ഭരമേല്പിക്കപ്പെട്ട ഉത്തരവാ ദിത്തങ്ങളുടെ ഭൂമികയിലൂടെ ലോകം കാണുമ്പോൾ കരുണയുടെ കൃപാവരങ്ങളെ ആളുകളിലൂടെ ലോകം കാണും. ദൈവാത്മാവിനാൽ നൽകപ്പെട്ടിരിക്കുന്ന വൈവിധ്യമാർന്ന കൃപാവരങ്ങളെ വില മതിക്കുവാൻ പഠിച്ചില്ലെങ്കിൽ, പട്ടികയിലേക്ക് കൊണ്ടുവരുന്ന ഓരോ കാഴ്ചപ്പാടുകൾ തമ്മിലും വൈരുദ്ധ്യങ്ങൾ ഉണ്ടാകും.

ഇതേ അവസ്ഥ തന്നെ എഫെസ്യ ലേഖനത്തിൽ 4:11 ൽ പറഞ്ഞിരിക്കുന്ന കൃപാവര പ്രാപ്തർക്കും സംജാതമാകാം എന്നത് നാം പിന്നാലെ കാണുവാൻ പോകുന്നു. ക്രിസ്തുവിന്റെ ശരീരത്തിലും നേതൃത്വത്തിലും ത്രിത്വത്താൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ഈ വ്യത്യസ്തതകൾ സഭയുടെ വാഗ്ദ ത്തങ്ങളെ മുറുകെ പിടിച്ച് പൂർണ്ണമായ ഒരു ശാക്തീകരണത്തിലേക്കു നയിക്കാം. അതുപോലെ തന്നെ കയ്പേറിയ പ്രശ്നങ്ങളെയും ഉളവാക്കാം. എന്നിൽ നിഷിപ്തമായിരിക്കുന്ന വ്യത്യസ്തതകൾ എപ്ര കാരം ആവശ്യത്തിനനുസരിച്ച് അതിനെ ഉപയോഗിക്കുന്നുവോ, അതുപോലെ മറ്റ് കൃപാവരങ്ങളെ അതിന്റെ പ്രാധാന്യതയോടെ അവയെ എപ്രകാരം സമീപിക്കുന്നുവോ, അതാണ് നേതൃത്വനിരയി

ലുള്ള വ്യക്തികളുമായുള്ള ബന്ധത്തിന്റെ ആക്കം വർദ്ധിപ്പിക്കുന്നതും നേതൃത്വത്തിന്റെ ഏറ്റവും മൂല്യവത്തായ ഫലപ്രാപ്തിയിലേക്ക് എത്തിക്കുന്നതിന് കാരണമാകുന്നതും.

മൂന്ന്, നേതൃത്വത്തിന്റെ പരിണിത ഫലം മിക്കവാറും ഒന്നുതന്നെയായിരിക്കും. ക്രിസ്തുവിന്റെ ആളുകൾ ശക്തീകരിക്കപ്പെടുന്നു എന്നുള്ളതു തന്നെ. അവരുടെ പൗരോഹിത്യ വ്യവഹാരത്തിൽ അവർ ശക്തീകരിക്കപ്പെടുകയും സ്വർഗ്ഗീയ പിതാവുമായുള്ള ഏറ്റവും അടുത്ത ബന്ധത്തിലുള്ള അവരുടെ ജീവിതത്തിൽ വളർച്ചയുണ്ടാകുകയും ചെയ്യുന്നു. അവരുടെ ജീവിതത്തിൽ ദൈവം ഒരുക്കിക്കൊടുത്ത കൃപയുടെ സാക്ഷ്യങ്ങളെ തങ്ങളുടെ വ്യക്തിബന്ധങ്ങളുടെ നടുവിൽ ജീവിത്തിലൂടെ പ്രദർശിപ്പിക്കുന്നതിനായി അവർ ശക്തരായിത്തീരുകയും അതിനായുള്ള വഴികളെ ദൈവം തന്നെ ഒരുക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ അവരിൽ പകരപ്പെട്ടിരിക്കുന്ന കൃപാവരങ്ങളെ ഉപയോഗിക്കുവാൻ അവരുടെ അതേ ബന്ധങ്ങളിൽ തന്നെ ദൈവം സാഹചര്യമൊരുക്കുകയും ശുശ്രൂഷയ്ക്കായി അവരെ ശക്തീകരിക്കുകയും ചെയ്യുന്നു.

സഭയുടെ ശക്തി എന്നത്, സഭയ്ക്കുള്ളിലും അതേ ജനങ്ങളിലൂടെ മറ്റുള്ളവരിലും പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ഇടപെടലുകളാണ്. അത് ക്രിസ്തു തന്റെ സഭയിൽ ആക്കി വച്ചിരിക്കുന്ന നേതാക്കന്മാർ എന്ന കൂട്ടത്തിന്റെ ശുശ്രൂഷയിലൂടെ സഭാജനങ്ങൾ ശക്തീകരിക്കപ്പെടുമ്പോൾ സംഭവിക്കുന്നതാണ്. ഈ നേതാക്കന്മാർ, സഹവർത്തനത്തിലൂടെയും ഏകോപനത്തിലൂടെയും അപ്പോസ്തലിക, പ്രവാചക, സുവിശേഷക, ഉപദേഷ്ടക, ഇടയ ശുശ്രൂഷയിലൂടെ ക്രിസ്തുവിന്റെ ജനത്തെ മുന്നോട്ട് നയിക്കുന്നതിൽ പൂർണ്ണത വരുത്തുന്നു: 1. പിതാവായ ദൈവത്തോടുള്ള അതിയായ അടുപ്പം, 2. ദിനേനയുള്ള അവരുടെ കൃപയുടെ സാക്ഷ്യങ്ങൾ പ്രസ്താവിക്കൽ, 3. ആത്മാവിനാൽ നൽകപ്പെട്ട കൃപാവരങ്ങൾ തിരിച്ചറിയലും, ഈ കൃപാവരങ്ങളിലൂടെ ദൈവം നമ്മെ നിയമിച്ചിരിക്കുന്ന സ്ഥലത്തുള്ള എല്ലാ സ്ത്രീ പുരുഷന്മാരും കുഞ്ഞുങ്ങളും അടങ്ങിയ കൂട്ടങ്ങളുടെ നടുവിൽ നിരപ്പിന്റെ സന്ദേശത്തെ ദൈവം അനുവദിച്ച സമയപരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് വിളിച്ചുപറയുകയും, അതിന്റെ കണക്ക് ദൈവത്തോടു ബോധിപ്പിക്കുകയും ചെയ്യുക.

## അദ്ധ്യായം 5

## സഭയുടെ വിജയചിത്രം അവൾ എങ്ങനെയാണ് നിർവ്വചിക്കുന്നത്?

എന്നെ അമ്പരിപ്പിക്കുന്ന ഒരു ചോദ്യം ദൈവം എന്നോടു ചോദിച്ചത് വളരെ സ്പഷ്ടമായി എനിക്ക് ഓർക്കുവാൻ കഴിയുന്നു: നിന്റെ പ്രസംഗം കേൾക്കേണ്ടതിനു വേണ്ടി ആളുകളെ നിറയ്ക്കുന്ന ഒരു പണ്ടകശാലയാണ് സഭ എന്ന് നീ കരുതുന്നുണ്ടോ? അതെ, തീർച്ചയായും. കർത്താവേ, അത് തെറ്റാണോ? നിന്റെ പ്രസംഗം കേൾക്കുവാനല്ലേ അവർ വരുന്നത്? ആദ്യമായിട്ടാണ് യാഥാർത്ഥ്യം മനസ്സിലാക്കിയപ്പോൾ ആഘാതമേറ്റവനേപ്പോലെ ഞാൻ ആയിപ്പോയത്, സഭയെക്കുറിച്ചുള്ള എന്റെ ധാരണ തികച്ചും അബദ്ധമാണെന്ന തിരിച്ചറിവായിരുന്നു അത്. പ്രസംഗം കേൾക്കുവാനായി ജനം കൂടിവരുന്നത് തെറ്റാണെന്നോ, അക്കാര്യത്തിൽ ബൈബിളിന്റെ പഠിപ്പിക്കൽ ശരിയല്ലെന്നോ അല്ല അതിനർത്ഥം. എന്നാൽ കുറഞ്ഞത് രണ്ട് വലിയ തെറ്റിദ്ധാരണകളെങ്കിലും ആ ചോദ്യത്തിൽ നിന്നും വെളിപ്പെട്ടു. ഒന്ന്, സഭ എന്നത് ഒരു കൂട്ടം കൂടൽ ആണെന്ന് കരുതുണമെന്ന് ഞാൻ പരിശീലിപ്പിക്കപ്പെട്ടു. രണ്ടമത്തേത്, ആ കുടിവരുന്ന കൂട്ടം ആരുടെയെങ്കിലും പ്രസംഗം കേൾക്കുന്നതിനോ, അല്ലെങ്കിൽ, ഏതെങ്കിലും കാരണത്താൽ അവരെ കൂട്ടിവരുത്തുന്നതോ, ഒരു ''നേതാവ്'' എന്ന നിലയിൽ എന്നെ സംബന്ധിച്ചിടത്തോളം ഫലപ്രാപ്തിയുടെ ഒരു അളവുകോലായിരുന്നു എന്നു തെറ്റിദ്ധരിച്ചു.

ദൈവം എന്നോട് ആദ്യമായി ആ ചോദ്യം ചോദിച്ചതിന് ചില വർഷങ്ങൾക്കു ശേഷം, ഞാൻ ഒരു കാര്യം മനസ്സിലാക്കി. നേതൃത്വത്തിന്റെ വിളിയുടെ സുപ്രധാന ഉദ്ദേശ്യം ക്രിസ്തുവിന്റെ ജനത്തെ ശക്തീകരിക്കുക എന്നതാണെങ്കിൽ, നമ്മുടെ അനുശാസനങ്ങളുടെയും ഫലപ്രാപ്തിയുടെയും അളവ് എടുക്കുന്നതിനായി നാം പരിശീലിപ്പിക്കപ്പെട്ടിരിക്കുന്നത് തെറ്റായ അളവുകോൽ കൊണ്ടാണ്. നമ്മൾ ''സഭ'' എന്നു വിളിക്കുന്ന ഒരു സ്ഥലത്തേക്ക് അവർ വന്നാൽ, എന്തിനാണ് വന്നതെന്നോ വന്നിട്ട് എന്തു തോന്നുന്നു എന്ന് അവരോടു ചോദിക്കുന്നതോ അങ്ങേയറ്റം വഞ്ചനാപരമായ കാര്യമാണ്. കൂടാതെ, നിശ്ശബ്ദമായി ഏറെ വഴിവിട്ട നിലയിൽ മോഹിപ്പിക്കുന്ന ചിലതിലേക്ക് നാം നയിക്കപ്പെടുന്നു: എത്ര പേർ വന്നു, അവർ എത്രമാത്രം നൽകി, അവർ സന്തുഷ്ടരാണെന്ന് തോന്നുന്നുണ്ടോ, തുടങ്ങിയവയെല്ലാം, നമ്മുടെ വിശ്വാസത്തിന്റെ പ്രസംഗം കേൾക്കുന്ന ക്രിസ്തുവിന്റെ ജനത്തിന് വളരെ ദോഷം ചെയ്യും.

ദൈവജനത്തിനായി ദൈവം എന്ത് ആഗ്രഹിക്കുന്നു എന്നതിനെക്കുറിച്ച് നാം പഠിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യങ്ങളിലെല്ലാം അവർക്ക് വളർച്ച ഉണ്ടായിട്ടുണ്ടോ എന്ന് നമുക്ക് എങ്ങനെ ഉറപ്പാക്കാം, അതുപോലെ അവർ അവയിൽ നടക്കത്തക്കവണ്ണം അവയോട് താദാത്മ്യപ്പെടുവാനും അതിനായി നിർബന്ധിതരാകുവാനുമുള്ള സാഹചര്യങ്ങൾ നമുക്ക് എങ്ങനെ ഉളവാക്കിയെടുക്കാം എന്നിവയെക്കുറിച്ചും നാം പഠിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള ഒരു സമർപ്പണമില്ലാതെയിരുന്നാലും ക്രിസ്തുവിന്റെ അനുഗാമികൾ എന്നു വിളിക്കപ്പെടുന്ന ഒരു തലമുറയെ കണ്ടെത്തുവാൻ നമുക്ക് കഴിയും, എന്നാൽ വാസ്തവത്തിൽ അവർ നാമധേയർ എന്നതൊഴികെ മറ്റൊന്നുമാകുന്നില്ല.

എന്താണ് ഇവയെല്ലാം, ഇവയെ നാം എങ്ങനെയാണ് അളക്കുന്നത്, നമുക്ക് ആളുകളെ എങ്ങനെയാണ് ഫലപ്രദമായി ശക്തീകരിക്കുവാൻ സാധിക്കുക? ഈ വിഷയമാണ് വളരെ ആഴത്തിൽ ഞാനിവിടെ വരച്ചുകാണിക്കുവാൻ ഉദ്ദേശിക്കുന്നത്. മാറ്റിവയ്ക്കുവാൻ സാധ്യമല്ലാത്തതും ബൈബിളിൽ നിന്നും ഞാൻ മനസ്സിലാക്കിയതുമായ മൂല്യവത്തായ കാര്യങ്ങളാണ് ഇവ. സഭ എന്നു നാം വിളിക്കുന്നതും നാം എല്ലാവരും കൂടിവരുന്നതുമായ കൂട്ടത്തിന് ഒഴിച്ചുകൂടാനാവാത്തവയാണ് അവ. ഇപ്ര

കാരം കൂടിവരുന്ന ആളുകളിലെ ഭൂരിഭാഗം പേരും തങ്ങളുടെ ദൈനംദിന ജീവിതത്തിന് പോഷണം ലഭിക്കത്തക്ക വിധത്തിൽ ഇക്കാര്യങ്ങളിൽ ഒരു ചെറിയ ചുവടുപോലും വയ്ക്കാത്തവരാണ്. അങ്ങനെയെങ്കിൽ വാസ്തവത്തിൽ നമുക്ക് ഒരു യഥാർത്ഥ സഭയുണ്ടെന്ന് അവകാശപ്പെടാനാവുമോ? ഇല്ല എന്നതാണ് എന്റെ ആശങ്ക! അവിടെ നല്ല പ്രസംഗം, നല്ല ആരാധന, നല്ല പരിപാടികൾ തുടങ്ങിയവ എല്ലാമുണ്ടെങ്കിലും, അവർ എന്തിനായിട്ട് കൂടിവരുന്നുവോ, അവ ഒരു മതപരമായ കൂടിവരവ് എന്നതിലുപരി മറ്റൊന്നുമാകുന്നില്ല. ദൈവവചനത്തിൽ ഉയർന്നു നിൽക്കുന്ന മൂല്യത്തിനനുസാരമായി ഗണിക്കത്തക്കതായ ഒരു വളർച്ച കാണുന്നില്ല എങ്കിൽ, ഒരുപക്ഷേ, മിക്കവാറും, നമുക്ക് ഒരു സഭയില്ല!

സി.എസ്. ലെവിസ് പറയുന്ന രീതിയിൽ പറഞ്ഞാൽ: ''നാം ഒരോരുത്തരും അവരവരുടെ വ്യക്തിജീവിതത്തിൽ വിവിധതരത്തിലുള്ളതായ നാട്യം, ആട്ടം, രീതി തുടങ്ങിയവ ചെയ്യേണ്ടതാണ്: (മറ്റൊരു വിധത്തിൽ പറഞ്ഞാൽ), നമ്മിൽ ഓരോരുത്തരും നമ്മുടെ ആട്ടം ആടേണ്ടതിനായി ആ ഒരു രീതിയിലേക്ക് നാം പ്രവേശിച്ചേ മതിയാവൂ. സന്തോഷത്തിനായി നാം സൃഷ്ടിക്കപ്പെട്ടെങ്കിൽ അതിലേക്ക് പ്രവേശിക്കേണ്ടതിന് വേറെ വഴിയൊന്നുമില്ല. നല്ലതും ചീത്തയുമായവ ഓരോന്നും ഓരോ തരം അണുബാധയാൽ പിടിപെടുന്നു എന്ന് നിങ്ങൾക്കറിയാം. നിങ്ങൾക്ക് ചൂട് അനുഭവപ്പെടേണം എന്നുണ്ടെങ്കിൽ തീയുടെ അടുത്ത് നിന്നേ മതിയാവൂ, അതുപോലെ നനവ് അനുഭവേദ്യമാകേണം എന്നുണ്ടെങ്കിൽ വെള്ളത്തിൽ ഇറങ്ങുകയും വേണം. അങ്ങനെ തന്നെ നിങ്ങൾക്ക് സന്തോഷം, ശക്തി, സമാധാനം, നിത്യജീവൻ തുടങ്ങിയവ പ്രാപ്യമാകണമെങ്കിൽ അവ ലഭ്യമാകുന്നതുമായി ചേർന്നു വരികയോ അതിൽ ആകുകയോ വേണം. ഊർജ്ജത്തിന്റെയും സൗന്ദര്യത്തിന്റെയും യാഥാർത്ഥ്യത്തിന്റെ കേന്ദ്രമായ വലിയ ഉറവയിൽ നിന്നും ഉയർന്നു വരുന്നവയാണത്. നിങ്ങൾ അതിനോട് ഏറ്റവും ചേർന്നാണ് നിൽക്കുന്നതെങ്കിൽ, തെറിച്ചുവരുന്ന തൂവാനകണങ്ങൾ നിങ്ങളെ ഈറനാക്കും. ചേർന്നല്ല നിൽക്കുന്നതെങ്കിൽ, നിങ്ങൾ നനവു തട്ടാതെ വരണ്ട അവസ്ഥയിൽ തുടരും. ഒരിക്കൽ ദൈവവുമായി ഒരുവൻ ഒരുമിച്ചാൽ അവന് എങ്ങനെ നിത്യമായ ജീവനിൽ വാഴാതിരിപ്പാൻ കഴിയും. ഒരിക്കൽ മനുഷ്യൻ ദൈത്തിൽ നിന്നും വേർപെട്ടു പോയാൽ, മാഞ്ഞു പോകുകയും മരിച്ചു പോകുകയും അല്ലാതെ അവനെന്തു ചെയ്യും?'' (എ മൈൻഡ് എവേക്ക്, പേജ് 130)

സത്യം മാത്രം പര്യാപ്തമല്ല! വിശ്വാസിയെന്ന് പേരെടുത്ത ഒരുവനെ സംബന്ധിച്ച്, വർഷങ്ങൾ കൊണ്ട് അവൻ നേടിയെടുക്കുന്നത് എത്രമാത്രം സത്യങ്ങളാണോ, അത് മാത്രം അവന് പര്യാപ്തമല്ല. ആരാധന മാത്രവും പര്യാപ്തമല്ല! ഇന്ന് നാം വിളിക്കുന്ന ആരാധന എന്ന പ്രക്രിയ എത്രമാത്രം ഉത്തേജകമായിരുന്നെന്നാലും, ആരാധന മാത്രം കൊണ്ട് പര്യാപ്തമാകുന്നില്ല. അതുപോലെ, നാടകങ്ങളിലൂടെയോ സൃഷ്ടിപരമായ ആശയങ്ങളിലൂടെയോ ഇന്നത്തെ പുത്തൻ കാലത്തിനനുസരിച്ച് ഊന്നൽ കൊടുത്തു എന്നതുകൊണ്ട്, കാലത്തിന്റെ പ്രസക്തിയും പര്യാപ്തമല്ല. തിരുവെഴുത്തിലെ അടിസ്ഥാന തത്വങ്ങൾക്കനുസരിച്ച് ആളുകൾ ക്രിയാത്മകമായും ശക്തമായും ജീവിക്കുന്നില്ല എങ്കിൽ കൊള്ളാമെന്ന് പറയപ്പെടുന്ന ഈ ചര്യകൾ എല്ലാം വെറും അർത്ഥശൂന്യമായവയാണ്.

റോമാ ലേഖനം 6-ാം അദ്ധ്യായത്തിൽ ദൈവം തന്റെ ജനത്തിനായി നിയമിച്ചിരിക്കുന്ന പുതിയ ജീവിത തലത്തെക്കുറിച്ച് വളരെ വ്യക്തമായി പൗലോസ് എഴുതിയിരിക്കുന്നു (റോമ. 6:1-10). ''ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിന് പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരുനാളും അരുത്. പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നത് എങ്ങനെ? അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം എറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ

നാം അവന്റെ മരണത്താൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും. നാം ഇനി പാപത്തിനു അടിമപ്പെടാതവണ്ണം പാപശരീരത്തിന് നീക്കം വരേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു. അങ്ങനെ മരിച്ചവൻ പാപത്തിൽ നിന്നു മോചനം പ്രാപിച്ചിരിക്കുന്നു. നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു വിശ്വസിക്കുന്നു. ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിന് അവന്റെ മേൽ ഇനി കർത്തൃത്വമില്ല എന്നു നാം അറിയുന്നുവല്ലോ. അവൻ മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു; അവൻ ജീവിക്കുന്നതോ ദൈവത്തിനു ജീവിക്കുന്നു.''

ദൈവജനത്തിന് ദൈവം നൽകിയിരിക്കുന്ന ഈ വാഗ്ദത്തത്തെ ചെറുതാക്കി കാണിക്കുന്ന വിധത്തിലുള്ള നേതൃത്വത്തിന്റെ യാതൊരു ആഗ്രഹത്തെയും ഒരിക്കലും സ്വീകരിക്കാവുന്നതല്ല. അവരെക്കുറിച്ച് പ്രതീക്ഷിക്കുന്നതിൽ ഏതെങ്കിലും വിധത്തിൽ കുറവു കാണിക്കുന്നതും നമുക്ക് സ്വീകാര്യമല്ല. ദൈവം തന്റെ ജനത്തിനായി രൂപകൽപന ചെയ്തിരിക്കുന്ന സ്വാതന്ത്ര്യത്തേക്കാൾ കുറവുള്ള എന്തെങ്കിലും കാണുന്നത് അംഗീകരിക്കുവാനാകില്ല. ശാക്തീകരണം എന്ന കാര്യത്തേക്കാൾ കുറവായുള്ള എന്തെങ്കിലും കാര്യത്തിനു മാത്രം നേതൃത്വം എന്ന നിലയിൽ ഉത്തരവാദിത്തമുള്ളവരായിരിക്കുക എന്നതും അംഗീകരിക്കാവുന്നതല്ല.

നമുക്ക് ഒരു സഭയുണ്ടെന്നു പറയത്തക്കവണ്ണം വളരെ പ്രബലമായ അഞ്ചു പ്രാരംഭ മൂല്യങ്ങൾ എന്നു ഞാൻ വിളിക്കുന്ന കാര്യങ്ങൾ ബൈബിളിൽ ഞാൻ കാണുന്നു.  എന്നാൽ ഭൂരിപക്ഷം ആളുകളും ഇക്കാര്യത്തിനനുസാരമായി നടക്കുന്നില്ല. ഇത് നമ്മെയും ഇതിൽ പങ്കെടുക്കുന്നവരെയും വഞ്ചിക്കുന്നതാണ്. ദൈവം സൃഷ്ടിച്ചതുപോലെ തന്നെ ഈ മൂല്യങ്ങൾ സഭയുടെ യഥാർത്ഥ സത്തയിൽ നിന്നു ഉയർന്നു വരുന്നതും, എഫെസ്യ ലേഖനം 2:19–22 വരെയുള്ള വാക്യങ്ങളിൽ പൗലോസ് ഇതിനെക്കുറിച്ച് പരാമർശിച്ചിട്ടുള്ളതുമാകുന്നു. യഹൂദാ മതത്തിന്റെ കണ്ണുകളിലൂടെ നാം ദൈവത്തെ നോക്കിക്കാണുന്നില്ലെന്ന് സഭയിലെ വിജാതീയരെ പൗലോസ് ഓർമ്മിപ്പിക്കുന്നു. എന്നാൽ നാം പൗരന്മാരും, കുടുംബത്തിലെ അംഗങ്ങളും, ദൈവം പണിയുന്ന കെട്ടിടവും, യഥാർത്ഥത്തിൽ, ദൈവം വസിക്കുന്ന മന്ദിരവുമാകുന്നു. ''ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ. ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകമന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്ന് കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു'' (എഫെ. 2:19–22).

അദ്ധേഹം പറയുന്നത്, ദൈവം വസിക്കുന്ന ഈ മന്ദിരത്തിൽ, ക്രിസ്തുവിൽ രണ്ട് സ്വഭാവങ്ങളുണ്ട്: ആകുവാനും (ഒരുമിച്ചു ചേർത്തിരിക്കുന്നു), വളരുവാനും (ഉയരുന്നു). സഭയിലുള്ള പലരും ഈ ദ്വന്ദ്വസ്വഭവത്തിന്റെ അർത്ഥത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. തന്മൂലം, സഭയിൽ ദൈവം ''എന്തു'' ചെയ്യുന്നു എന്നതിലുള്ള ധാരണയെ സംബന്ധിച്ച്, രണ്ടു ധ്രുവങ്ങളെപ്പോലെ വ്യത്യസ്തതകൾ രൂപപ്പെട്ടിരിക്കുന്നു. പരസ്പരം ചേർന്നിരിക്കേണ്ടുന്നതും വളരേണ്ടുന്നതും ആയവർ വിരുദ്ധധ്രുവങ്ങളെപ്പോലെയാണ് കാണപ്പെടുന്നത്. ഇതിന്റെ ഫലം മുകളിലോട്ടും താഴോട്ടും ചാഞ്ചാടുന്ന സീസോ കളിയുടെ ചിത്രം കാണുന്നതുപോലെയാണ്. തൽഫലമായി രണ്ടു സത്തകളെയും എങ്ങനെ സന്തുലി

താവസ്ഥയിൽ കൊണ്ടുവരാം എന്നതിൽ സന്ദേഹപ്പെടുന്ന നിലയിലേക്ക് നാം എത്തപ്പെടുന്നു. ആദ്യം മേന്മയും പിന്നെ എണ്ണവും എന്നതിനാണോ നാം പ്രാധാന്യത കല്പിക്കുന്നത്? അതോ ആദ്യം എണ്ണത്തിനും അതിനുശേഷം മേന്മയ്ക്കുമാണോ നാം പ്രാധാന്യത നൽകുന്നത്? മറ്റൊരു തരത്തിൽ നോക്കിയാൽ, നാം കൂടുതൽ ആളുകളെ ശിഷ്യരാക്കുവാനായി നമ്മെത്തന്നെ സമർപ്പിക്കുകയും പിന്നീട് അവരെ നല്ല ശിഷ്യന്മാരാക്കി വാർത്തെടുക്കുന്നതിനെക്കുറിച്ചു ചിന്തിക്കുകയുമാണോ ചെയ്യു ന്നത്? അതല്ല, പെട്ടെന്ന് വളരെയേറെ ശിഷ്യരെ വാർത്തെടുക്കുന്നതിന് മുമ്പായി സാവധാനമാണെ ങ്കിലും ശരിയായ കുറച്ചു ശിഷ്യരെയാണ് ഉരുവാക്കിയെടുക്കുന്നത് എന്ന് ഉറപ്പുവരുത്തുകയാണോ? യുവത്വമുള്ള ഒരു നേതൃത്വ തലമുറ തങ്ങളുടെ മുൻഗണനകളെ ഒഴിച്ചു നിർത്തുന്നു. സഭയെ വളർത്തു ക, പിന്നീട്, തങ്ങളുടെ നല്ല നല്ല പരിപാടികളിലൂടെ സഭ വളരുവാനായി ദൈവത്തെ ഏല്പിക്കുക. അല്ലെങ്കിൽ, ചെറുത് തിരഞ്ഞെടുത്തു, എന്നാൽ ഗുണനിലവാരം തിരഞ്ഞെടുത്തു എന്നു തോന്നു ന്നുണ്ടോ?

ഇവിടെ കുഴഞ്ഞുപോകേണ്ട ആവശ്യകതയേ ഇല്ല. ഗുണവും എണ്ണവും വിരുദ്ധധ്രുവങ്ങളല്ല; അവ പരസ്പരം ഇഴുകിച്ചേർന്നതാണ്, സഭയെ ദൈവം ഉരുവാക്കിയപ്പോൾത്തന്നെ സഹജീവിപരമായ സത്തയെ ഒരുമിച്ചു ചേർത്ത് ദൈവം തന്നെ നെയ്തെടുത്തു. പ്രവർത്തിക്കുന്ന സ്വഭാവസവിശേഷത യുടെ മാറിൽ പറ്റിനിന്നുകൊണ്ട് അതേ സ്വഭാവം ഏറ്റെടുക്കേണം. യഥാർത്ഥത്തിൽ, ഇരുകൂട്ടരും സുവിശേഷത്തിന്റെ അന്തസത്തയിൽ നിന്നുകൊണ്ട് പദ്ധതി രൂപവത്ക്കരിക്കണം. സുവിശേഷം എന്നത് ഒരുവന് രക്ഷപ്പെടുവാനോ (നരകത്തിൽ നിന്ന്) അല്ലെങ്കിൽ പ്രതിഫലത്തിനോ (സ്വർഗ്ഗ ത്തിൽ) അല്ല, മറിച്ച് ഉല്പത്തി പുസ്തകം 1-ാം അദ്ധ്യായത്തിൽ കാണുന്നതുപോലെ ദൈവത്തിന്റെ യഥാർത്ഥ രൂപകൽനയിലേക്ക് സ്ത്രീയും പുരുഷനും യഥാസ്ഥാനപ്പെടുന്നതിനാണ്.

ആദിയിൽ ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെയും സ്ത്രീയെയും സൃഷ്ടി ച്ചു. മറ്റു ജീവിവർഗ്ഗങ്ങളെപ്പോലെയോ, വസ്തുക്കളെപ്പോലെയോ ആയിരുന്നില്ല അവർ. നിത്യതയി ലുള്ള യാതൊന്നിന്റെയും പോലെയുമായിരുന്നില്ല അവർ. അതുല്യമായ സൃഷ്ടിയുടെ (മനുഷ്യൻ) ഉത്തമോദ്ദേശ്യം ദൈവത്തോടു ബന്ധപ്പെടേണ്ടുന്നതിനും (ഉത്തമമായിരിക്കുക), അവനെ പ്രതിനി ദാനം ചെയ്യേണ്ടുന്നതിനും (എണ്ണത്തിനനുസരിച്ച്) ആയിരുന്നു. തിരുവചന ചരിത്രത്തിൽ അങ്ങോ ളമിങ്ങോളം ചരിക്കുന്ന ഏകസന്ദേശമാണ് ഇത്. ഉല്പത്തി പുസ്തകം 1, 2 അദ്ധ്യായങ്ങളിലെ സൃഷ്ടി പ്പിന്റെ ഏകസംഭാഷണത്തിൽ നമുക്ക് ഇത് ദർശിക്കാവുന്നതാണ്. ആവർത്തന പുസ്തകത്തിലെ നിയമസംഹിതയ്ക്ക് മുന്നോടിയായി നമുക്ക് ഇതിനെ കാണാം: പൂർണ്ണ ഹൃദയത്തോടും, പൂർണ്ണാ ത്മാവോടും, പൂർണ്ണമനസ്സോടും നിന്റെ ദൈവത്തെ നീ സ്നേഹിക്കുക, നിന്റെ അയൽക്കാരനെ നിന്നേപ്പോലെ തന്നെ സ്നേഹിക്കുക. ഇതു തന്നെ യേശുക്രിസ്തുവിന്റെ വാക്കുകളിലൂടെ മത്തായി സുവിശേഷം 22 ൽ ആവർത്തിക്കുന്നതു നമുക്കു കാണാം.

അങ്ങനെയെങ്കിൽ തിരുവെഴുത്തിന്റെ ആദ്യ ആഹ്വാനവും ഇതുതന്നെയാണ്. അതുപോലെ ഏറ്റവും പ്രധാനമായ പ്രാരംഭ പടി എന്നത് ദൈവത്തിന്റെ സൃഷ്ടിപ്പിൻ ഹേതുവിനോട് പ്രതികരിക്കുക: ദൈവത്തോടു നിരപ്പു പ്രാപിക്കുന്നതിലൂടെ അവനുമായി ബന്ധപ്പെട്ടിരിപ്പാൻ കഴിയുന്നു; കൂടാതെ, ലോകത്തോടുള്ള നമ്മുടെ ബന്ധത്തിൽ നാം ആയിരിക്കുമ്പോൾ, അവനെ പ്രതിനിധീകരിക്കുന്ന നാം ഓരോരുത്തരും അവനെ അനുസരിക്കുക. സഭ തന്റെ പ്രവർത്തികൾ തുടരുമ്പോൾ ഒന്നാമ തായി വില കല്പിക്കുന്നതിൽ മുന്നിട്ടു നില്ക്കേണ്ടത്, അതിന്റെ ശാക്തീകരണത്തിലും അതിന്റെ പ്രതീക്ഷയിലും ആയിരിക്കണം. ദൈവവുമായി ആഴമായ ബന്ധത്തിലാകുന്നതിനാണ് നാം വിളിക്ക പ്പെട്ടിരിക്കുന്നത്. സങ്കീർത്തനം 40:1-3 വരെയുള്ള വാക്യങ്ങളിൽ വിളിയുടെയും വാഗ്ദത്തിന്റെയും

സത്തയെ നമുക്ക് വായിക്കാവുന്നതാണ്.

‘‘ഞാൻ യഹോവയ്ക്കായി കാത്തു കാത്തിരുന്നു. അവസാനം അവൻ എങ്കലേക്കു നോക്കി; ഒടുവിൽ അവൻ എന്നെ കേൾക്കുവാൻ തയ്യാറായി. അവൻ എന്നെ കുഴിയിൽ നിന്നും പുറത്തെടുത്തു, അഴമുള്ള ചെളിയിൽ നിന്നും വലിച്ചെടുത്തു. ഞാൻ തെന്നി വീഴുകയില്ലെന്ന് ഉറപ്പാക്കുവാൻ ഉറപ്പുള്ള പാറമേൽ എന്നെ നിറുത്തി. ഏറ്റവും പുതിയ പാട്ടു ദൈവത്തിനായി പാടുവാൻ അവൻ എന്നെ പഠിപ്പിച്ചു, നമ്മുടെ ദൈവത്തിന് സ്തുതി ഗീതം തന്നെ. ആളുകൾ കൂടുതൽ കൂടുതൽ കാണുന്നത് ഇതാണ്: അവർ നിഗൂഢതയിലേക്ക് ഊളിയിടുന്നു, ദൈവത്തിന്റെ പക്കൽ തന്നെത്താൻ ഏൽപ്പിക്കുന്നു.’’ (ഒരു സന്ദേശം).

സങ്കീർത്തനക്കാരന്റെ ഈ ക്ഷണം ഓരോ വർഷവും നമ്മുടെ പിതാവായ ദൈവത്തോട് ആഴമായ ബന്ധത്തിലേക്ക് പ്രവേശിക്കുവാനുള്ള ആഹ്വാനമാണ്. എന്നാൽ മിക്കപ്പോഴും, നമുക്കു ചുറ്റുമുള്ള ലോകം, ദൈവത്തോടു ആഴമായ ഹൃദയബന്ധത്തിലേക്ക് പ്രവേശിക്കുവാൻ കാംഷിക്കുന്ന മനുഷ്യമനസ്സുകളെയും ഹൃദയങ്ങളെയും മയക്കിക്കളയുന്ന ലഹരിവസ്തുപോലെ പ്രവർത്തിക്കുകയും അത് വർദ്ധിച്ചുവരികയുമാണ്. ഒരുപക്ഷേ നാം ജീവിക്കുന്ന സംസ്ക്കാരം പാപ പങ്കിലമായിരിക്കുന്നതിനാലോ, അല്ലെങ്കിൽ ഒരുപക്ഷേ മുമ്പത്തേക്കാളുപരി ദിവസംപ്രതി എന്ന നിലയിൽ നമ്മുടെ വിരൽത്തുമ്പിലെന്നപോലെ കാര്യങ്ങൾ കരഗതമാക്കുന്നതിനും മറ്റും നാം ഉപയോഗിക്കുന്ന മാദ്ധ്യമങ്ങളോ ആകാം കാരണം. ഏതായാലും, എനിക്ക് ചിന്തിക്കുവാൻ കഴിയുന്നതിനേക്കാൾ കൂടുതൽ ആളുകൾ ദൈവവുമായുള്ള ബന്ധത്തിൽ പ്രതിസന്ധി നേരിടുന്നുണ്ടെന്ന് എനിക്കു തോന്നുന്നു.

ഇക്കൂട്ടർ നാമമാത്രമാണ്. അവരെക്കുറിച്ചാണ് യേശു, താൻ ഒരുനാളും അവരെ അറിഞ്ഞിട്ടില്ലെന്ന് സൂചിപ്പിക്കുന്നത് എന്നു തോന്നുന്നു. ക്രിസ്ത്യാനിത്വം ചടങ്ങായി പിൻപറ്റുകയും, എന്നാൽ യേശു വാഗ്ദത്തം ചെയ്ത ശക്തിയും രൂപാന്തരവും വെളിപ്പെടുത്തുവാൻ കഴിയാതെ പോകുന്നതും അവർ മുഖാന്തരമാണ്. സഭ ഇന്നു നേരിടുന്ന ഏറ്റവും വലിയ അപകടം എന്നത്, ഇക്കൂട്ടർ ഇന്നും സഭയിൽ ശേഷിക്കുന്നു എന്നുള്ളതാണ്. ഒരിക്കൽ നാം അവരെ ‘‘പുരോഗമനവാദ’’ സഭകളിൽ മാത്രമേ കണ്ടിരുന്നുള്ളൂ എങ്കിൽ, ഇന്ന് ‘‘സുവിശേഷവിഹിത’’ സഭകളും അവരെക്കൊണ്ടു നിറഞ്ഞിരിക്കുന്നു.

കുറച്ച് ആളുകൾക്ക് ദൈവവുമായി ആഴത്തിലുള്ള ബന്ധം സ്ഥാപിക്കേണ്ടിരിക്കുന്നു എന്ന കളങ്കമറ്റ ആഗ്രഹമുണ്ടെങ്കിലും മുൻവിധി കൈവശം വച്ചിരിക്കുന്നവരാണ്. ഇവരാണ് സംസ്ക്കാരത്തിന്റെ മനം മയക്കുന്ന ലഹരിക്ക് അടിപ്പെട്ട് കഷ്ടപ്പെടുന്നത്. അവരുടെ പ്രതിഫലം എന്നത്, അവർ ഹൃദയത്തോടു ചേർത്തുപിടിച്ചിരിക്കുന്ന വചനസത്യത്തോടൊപ്പം അധികരിക്കുന്ന വരണ്ട അവസ്ഥയാണ്. വളരെയേറെ സഭകളിലും പരിപാടികൾ വാഗ്ദാനം ചെയ്യുന്ന ക്രിസ്തുമതത്തിന്റെ ചടങ്ങുകളേക്കാൾ കൂടുതലായി എന്തെങ്കിലും അനുഭവിക്കുവാൻ അവർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അവരുടെ ജീവിതത്തെയും പ്രതീക്ഷകളെയും ക്രമമായും കർശനവുമായുമുള്ള വിലയിരുത്തൽ നടത്തേണം.

നിഗൂഢതയിലേക്ക് പ്രവേശിക്കുകുയും ദൈവത്തിങ്കലേക്ക് തങ്ങളെത്തന്നെ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്യേണമെന്ന് ആണ് നമ്മിൽ ശേഷിക്കുന്നവരോട് സങ്കീർത്തനക്കാരന്റെ വാഗ്ദാനത്തോടൊപ്പമുള്ള ക്ഷണം. നമ്മുടെ സ്വർഗ്ഗീയ പിതാവിനോടൊത്തുള്ള നിമിഷങ്ങളെക്കുറിച്ച് നാം ഓർക്കുമ്പോൾ, അവയെ നാം ഊഷ്മളതയോടെയാണ് സ്മരിക്കുന്നത്. അതാരു വെല്ലുവിളിയായും, അതെ, അതൊരു തിരുത്തലിനായും നമുക്ക് ഉപകരിക്കുന്നു. ആ നിമിഷങ്ങളെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ, അവൻ വിശ്വസിക്കുവാൻ കൊള്ളാകുന്നവനെന്ന് നാം അറിയുന്നു, ആയതിനാൽ തന്നെ

ഒരുവന് തന്നെത്താൻ അവന്റെ കരങ്ങളിലേക്ക് എറിഞ്ഞുകൊടുക്കുന്നതിന് യാതൊരു സന്ദേഹവുമില്ല.

എന്നാൽ, നമ്മിൽ ശേഷിക്കുന്നവർക്ക്, ആഴമായ നിലയിൽ തങ്ങളെത്തന്നെ വിട്ടുകൊടുക്കേണ്ടതിന് സമയം, ചിട്ട എന്നിവ പരിപാലിക്കപ്പെടേണ്ടതിന് സുസ്ഥിരമായ ആവശ്യം അവശേഷിക്കുന്നു. ദൈവവുമായി ആഴമായുള്ള ബന്ധം വെറുതെ അങ്ങു സാദ്ധ്യമാകുകയില്ല. ഇതിനായി ചിലതു പ്രവർത്തിച്ചേ മതിയാവൂ. നിരവധി സഭകൾ പ്രസംഗിക്കുന്നതുപോലെ ക്രിസ്തീയ കാര്യപരിപാടിയുടെ ആത്മീകാനുഭവം ഇല്ലാത്ത, നിയമത്തിൽ മാത്രം ആശ്രയിക്കുന്ന സിദ്ധാന്തവും, എനിക്ക് ക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ പിതാവായ ദൈവം നൽകിയ നിരപ്പിന്മേൽ പണിതുയർത്തിയ ശിക്ഷണങ്ങളും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നതിനാണ് ചിലത് പ്രവർത്തിച്ചേ മതിയാകൂ എന്നു ഞാൻ പറഞ്ഞത്.

തിരുവെഴുത്തിന്റെ പ്രഥമവിളിയെ പിന്തുടരുക

2 കൊരിന്ത്യ ലേഖനം 5:20 ൽ പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. ''ആകയാൽ ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു; അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു.''

ദൈവപുത്രനായ ക്രിസ്തുവിനാൽ ദൈവത്തോടു നിരപ്പു പ്രാപിക്കുന്നു എന്നുള്ള തിരിച്ചറിവിൽ നിന്നു തന്നെയാണ് ദൈവവുമായുള്ള അടുപ്പത്തിനു നാന്ദികുറിക്കേണ്ടത്. 2 കൊരിന്ത്യ ലേഖനത്തിലെ 5–ാം അദ്ധ്യായത്തിലേതുപോലെ, പ്രത്യേകിച്ചും 20–ാം വാക്യം പോലെ, ഇനിയും വ്യക്തമായി പറയേണ്ടതായ ആവശ്യം ഇല്ല. ദൈവത്തോട് നിരപ്പു പ്രാപിക്കേണ്ടതിന് ശ്രമിച്ചുകൊൾവാൻ ദൈവത്തിന്റെ ഒരു സ്ഥാനാപതിയായി നിന്നുകൊണ്ട് താൻ കെഞ്ചുകയാണ്.

ഈ സന്ദേശം തിരുവെഴുത്തു മുഴുവനും നിറഞ്ഞുനിൽക്കുന്നു. ഉല്പത്തി പുസ്തകം 1–ാം അദ്ധ്യായത്തിൽ കാണുന്ന സൃഷ്ടിപ്പിൻ ചരിത്രത്തിൽ ഇത് അന്തർലീനമായിരിക്കുന്നു. ദൈവത്തിന്റെ മറ്റേതൊരു സൃഷ്ടിയേക്കാളും ഉപരിയായി ദൈവവുമായിട്ടുള്ള ബന്ധത്തിലേക്കാണ് മനുഷ്യൻ ജന്മംകൊണ്ടത്. പാപം മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റിയെങ്കിലും മനുഷ്യസൃഷ്ടിയിലൂടെ ഉണ്ടായിരുന്ന ദൈവത്തിന്റെ യഥാർത്ഥ ഉദ്ദേശ്യത്തിലേക്ക് ഒടുക്കത്തെ ആദാം ആയിരിക്കുന്ന യേശുവിലൂടെ നമുക്ക് പുനസ്ഥാപിക്കപ്പെടുവാൻ സാധിക്കുന്നു.

ഇതു തന്നെയാണ് യേശുക്രിസ്തുവിന്റെ സന്ദേശവും. മത്തായി 20 ലും യോഹന്നാൻ 17 ലും യേശു ഇതു വ്യക്തമാക്കുന്നു. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കേണം എന്നത് പഴയ നിയമത്തിലെ പ്രധാന കൽപ്പനയാണ്. പിതാവായ ദൈവം പുത്രനെ അയച്ചു എന്നും പിതാവിനെയും പുത്രനെയും നാം അറിയേണം എന്നും ഉള്ളതുകൊണ്ടാണ് യേശു ഈ ഭൂമിയിലേക്ക് വന്നത്. ഈ അടിസ്ഥാനത്തിലാണ് ക്രിസ്ത്യാനിത്വം ആരംഭിച്ചതും അവസാനിക്കുന്നതും, അതല്ലെങ്കിൽ അത് ക്രിസ്ത്യാനിത്വം അല്ല. സഭയുടെ ഒന്നാമത്തെ ''തൊഴിൽ'' എന്നതു തന്നെ ഇതിനെ ശക്തീകരിക്കുക എന്നതാണ്. അല്ലെങ്കിൽ നാം ആളുകളുടെ സമയം വെറുതെ പാഴാക്കുകയാണ്.

എന്നാൽ, നിരപ്പ് എന്നതിനപ്പുറത്ത്, ദൈവവുമായുള്ള ബന്ധം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്, അവന്റെ പുത്രൻ, അവന്റെ ആത്മാവ്, അവന്റെ വചനം എന്നിവയെകൊണ്ട് നമ്മുടെ ദൈനംദിന ജീവിതത്തിൽ എന്ത് പ്രാധാന്യമാണ് ഉള്ളത്? അത് ഇതാണ്, നാം ദൈവവുമായുള്ള നമ്മുടെ

ബന്ധത്തിലേക്ക് പാപത്തെ കൊണ്ടുവന്നു. അതെ, നമ്മുടെ പാപത്തിന്റെ ന്യായവിധിതീർപ്പിന്റെ ഫലങ്ങളെല്ലാം യേശുവിന്റെ മരണം, അടക്കം, പുനരുത്ഥാനം എന്നിവയിൽ എന്നെന്നേക്കുമായി കൈകാര്യം ചെയ്യപ്പെട്ടിരിക്കുന്നു. എന്നാൽ, റോമാ ലേഖനം 6 ൽ പൗലോസ് പറയുന്നതുപോലെ എന്റെ പാപസ്വഭാവത്തിന്റെ ശേഷിപ്പ് എന്റെ ജഡത്തിൽ നിലനിൽക്കുന്നതിനാൽ, ഞാൻ മരിക്കുകയും അവനോടൊപ്പം സ്വർഗ്ഗത്തിൽ ആയിത്തീരുന്നതു വരെയും, ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾ അവൻ പദ്ധതിയിട്ട ഉദ്ദേശ്യത്തിന് എതിരെ നിൽക്കുന്ന ആഴമേറിയ ബന്ധത്തിനെതിരെ യുദ്ധം ചെയ്യേണം. അസൂയ, പരദൂഷണം, അപവാദം മുതലായവയ്ക്കെതിരെ നിരന്തരം യുദ്ധം ചെയ്യുമ്പോൾ, എന്റെ ദൈനംദിന ജീവിത പാതയിലെ മാനുഷിക അനുഭവങ്ങളെ ആ പാപം മുറിവേൽപ്പിക്കും. ഇവ എന്റെ വ്യക്തിബന്ധങ്ങളെ മാത്രമല്ല എന്റെ കുടുംബത്തെ വരെയും ക്ഷതമേല്പിക്കും. കൂടാതെ, അവയിൽ ചിലത് എന്റെ ജീവിതത്തിൽ എത്രത്തോളം നീണ്ടുനിൽക്കുന്നുവോ അത്രയധികം പാടുകൾ ഉണ്ടാക്കുന്നു. പക്ഷേ, എനിക്ക് ആവശ്യമുള്ളതിനെ മറികടക്കുന്നതിനും, ഭൂതകാലത്തിൽ നിന്ന് എനിക്ക് ലഭിക്കുന്ന ക്ഷതങ്ങൾക്കും ഒക്കെ ദൈവസന്നിധിയിൽ പരിഹാരമുണ്ട്.

രക്ഷാനിർണ്ണയത്തിന്റെ നിമിഷത്തിൽ എല്ലാ വിധത്തിലുമുള്ള ക്ഷതങ്ങളും ഇല്ലാതാകണമെന്ന് നാം ആഗ്രഹിക്കുന്നു. രക്ഷയുടെ നിമിഷത്തിൽ, അതിരു കവിയുന്ന ശക്തി പൊടുന്നനവെ ഒരു മാനദണ്ഡം (നിയമം) ആകണമെന്ന് നാം ആഗ്രഹിക്കുന്നു. എന്നാൽ അങ്ങനെയല്ലെന്ന് മാത്രമല്ല, ദൈവത്തിൽ നിന്ന് അങ്ങനെ ഒരു വാഗ്ദാനവുമില്ല. ഏതൊരു ബന്ധത്തിലുമെന്നപോലെ തന്നെ ദൈവവുമായുള്ള നമ്മുടെ ബന്ധം ശക്തിപ്പെടുത്തുവാനും നിലനിർത്തുവാനുമുള്ള ശിക്ഷണം ആണ് ആവശ്യപ്പെടുന്നത്. വേദപുസ്തകത്തിൽ ബന്ധങ്ങളെക്കുറിച്ചുള്ള അനിവാര്യതയെ സംബന്ധിച്ച് നാല് ആപേക്ഷിക ശിക്ഷണങ്ങൾ എനിക്കു കാണുവാൻ കഴിയുന്നുണ്ട്. അത് ദൈവവുമായുള്ള എന്റെ ബന്ധത്തിന് ആക്കം കൂട്ടുന്നതിനുള്ള ആഗ്രഹത്തെ ശക്തിപ്പെടുത്തുന്നു.

ഒന്നാമത്തെ ശിക്ഷണം മറ്റുള്ളവർക്ക് അവസരമൊരുക്കുന്നതും, കൂടാതെ എന്റെ ജീവിതത്തിൽ ദൈവം കൊണ്ടുവരുവാൻ പോകുന്ന രോഗവിമുക്തിയുടെ അടിസ്ഥാനവും ഇതാണ്. ദൈവവചനത്തിൽ സമയം ചിലവഴിക്കുക എന്നതാണ് ഈ ശിക്ഷണം. എബ്രായാ ലേഖന എഴുത്തുകാരൻ അതിന്റെ 4:12-16 ൽ, ദൈവത്തിന്റെ വചനം പോലെ സത്യമായ മറ്റൊരു വചനവും ഇല്ലെന്നാണ് പറയുന്നത്.

''ദൈവത്തിന്റെ വചനം ജീവനും ചൈതന്യവും ഉള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കും വരെ തുളെച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു. അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു: അവനുമായിട്ടാകുന്നു നമുക്ക് കാര്യമുള്ളത്. ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽകൂടി കടന്നുപോയോരു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്കു ഉള്ളതുകൊണ്ട് നാം നമ്മുടെ സ്വീകാരം മുറുകെ പിടിച്ചുകൊൾക. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക.''

അവന്റെ വചനം ജീവനുള്ളതാണ്. ദൈവശ്വാസം അതിൽ ഉള്ളതിനാലാണ് അതിന് ജീവനുള്ളത്.

കൂടാതെ, അതിനു ജീവനുള്ളതിനാലാണ് അതുമായി ഇടപഴകുന്നവരുടെ ജീവിതത്തിൽ തുടർമാനമായി അത് സജീവമായിരിക്കുന്നത്. രക്ഷയെ സംബന്ധിച്ച് ഇത് സത്യമായിരിക്കുന്നിടത്തോളം വളർച്ചയെ സംബന്ധിച്ചും സത്യമാണ്. ലളിതമായി ദൈവവചനം വായിക്കുന്നതിലൂടെ വായനക്കാരന്റെ ഹൃദയത്തിലും മനസ്സിലും സജീവമായ വിത്തു വിതയ്ക്കപ്പെടുവാൻ ഇടയാകുന്നു. ആ വിത്താണ് വളരേണ്ടത്. ഒരു അവിശ്വാസിയെ സംബന്ധിച്ച് ഇതിനാൽ ബോധ്യം, അനുതാപം, രക്ഷ എന്നിവയിലേക്ക് നയിക്കപ്പെടാൻ ഇടയാക്കിയേക്കാം. പലപ്പോഴും ചെറിയ പ്രക്രിയയിലൂടെ തന്നെ എന്തിനും അല്ലെങ്കിൽ ആർക്കും ഇതിനാൽ കാര്യങ്ങൾ സാധ്യമാകാം.

നമ്മിൽ നിരപ്പിന് വിധേയരാകുന്നത് ആരൊക്കെയാണോ അവർക്കും, ഇപ്പോൾ ദൈവവുമായുള്ള ബന്ധം പണിതെടുക്കുന്നവർക്കും ഇതേ പുനർജനകമായ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു. ദൈവവചനം തുടർമാനമായി വായിക്കുന്നതിലൂടെയും പഠിക്കുന്നതിലൂടെയും നമ്മുടെ ജീവിതത്തിൽ വചനം നടപ്പെടുകയും അതിന്റെ പ്രവർത്തനം വെളിപ്പെടുകയും ചെയ്യും. എബ്രായ ലേഖന എഴുത്തുകാരൻ വ്യക്തമാക്കുന്നത് എന്തെന്നാൽ, പരമകാഷ്ഠയിലെത്തിയ ഈ പ്രവർത്തനത്തിന്റെ ഫലം എന്നത് നമ്മുടെ യഥാർത്ഥ വ്യക്തിത്വത്തെ വെളിപ്പെടുത്തലാണ്. ദൈവം നമ്മെ അറിയുന്നതുപോലെ തന്നെ നമ്മെത്തന്നെ നമുക്ക് കാണുവാൻ അത് ഇടയാക്കുന്നു. സന്ധിയും മജ്ജയും പ്രാണനും ആത്മാവും തുറന്നു കാട്ടപ്പെടുന്നു. അവിടെ യാതൊരുവിധ വഞ്ചനയ്ക്കോ, തെറ്റിദ്ധാരണയ്ക്കോ സാദ്ധ്യതയില്ല. നാം അവന്റെ മുമ്പിലും നമുക്കുതന്നെയും നഗ്നരായി വെളിപ്പെടുന്നു.

വളരെയധികം പേർക്കും ഈ ചിത്രം ഭയംകൊണ്ട് ചായം തേച്ചതാണ്. തുളച്ചു കയറുന്ന ദൈവത്തിന്റെ കണ്ണിൻ മുമ്പിൽ നമ്മെക്കുറിച്ചുള്ള വ്യക്തമായ ഒരു ചിത്രം തുറന്നുകാട്ടപ്പെടുന്നതിനായി വരിക എന്നത് ഇത്തിരി കഠിനമാണ്. ആയതിനാൽ നാം നമ്മെത്തന്നെ മറയ്ക്കുന്നു! കൂടാതെ, മിക്കപ്പോഴും ഉപരിപ്ലവമായി നല്ല കാര്യങ്ങൾക്ക്  പിന്നിൽ ഒളിക്കുന്നു. സഭയുടെ പ്രവർത്തനങ്ങളിൽ ഒളിച്ചിരിക്കുന്നു. ആരാധനയിൽ സംബന്ധിക്കുന്നതിൽ നിന്ന് ഒളിക്കുന്നു. ബന്ധങ്ങളെക്കുറിച്ചും മറ്റും നാം പാടുന്നതിനും പ്രസംഗിക്കുന്നതിനും പകരം മറ്റു വല്ലവരും പാടുന്നതിലും അവയെക്കുറിച്ചു പ്രസംഗിക്കുന്നതിലും നാം സംതൃപ്തിപ്പെടുന്നു.

മിക്കവാറും ഇത് തികഞ്ഞ അലസതയാണ്. ചിലയവസരങ്ങളിൽ എന്റെ പുതിയനിയമ പൗരോഹിത്യത്തിൽ ഞാൻ ജീവിക്കുന്നതിനു പകരം എന്നെ ശുശ്രൂഷിക്കുന്ന പാസ്റ്റർ പഴയനിയമ പൗരോഹിത്യത്തിൽ വീഴുന്നതുമൂലമുള്ള അജ്ഞതയാണ്. എന്നാൽ, പലപ്പോഴും ഇത് കേവലം ഭയമാണ്. എന്നെക്കുറിച്ചുള്ള അറിവിൽ എന്നെ വിശ്വസിക്കാൻ പറ്റുന്ന ആരും ഇല്ലെന്ന് ഭയപ്പെടുക. അല്ലെങ്കിൽ ഞാൻ കാണുന്നതിനെ എനിക്ക് ഇഷ്ടപ്പെടാൻ കഴിയില്ലെന്ന് ഭയപ്പെടുക. അതിനാൽ നമ്മൾ മറഞ്ഞിരിക്കുന്നു!

കൂടാതെ, മറഞ്ഞിരിക്കുന്നത് വേദന വർദ്ധിപ്പിക്കുകയും, മുറിപ്പാടുകളുടെ നീറ്റൽ കൂട്ടുകയും, എല്ലാത്തരത്തിലും രൂക്ഷമാകുകയും, അതിൽ നിന്ന് സൗഖ്യം പ്രാപിക്കുവാൻ കഴിയാതെയും വരുന്നു. ദൈവത്താലും അവന്റെ വചനത്താലും അല്ലാതെ മറ്റൊന്നിനാലും നമുക്ക് ഇതിൽ നിന്നുള്ള സൗഖ്യം പ്രാപിക്കുവാൻ സാദ്ധ്യമല്ല. ഇതാണ് എബ്രായ ലേഖനം തരുന്ന വാഗ്ദത്തം. അനുസരിക്കുമെന്ന മുൻതീരുമാനമുള്ള മനോഭാവത്തോടെ ദൈവവചനം വായിക്കുന്നതിനായുള്ള സ്വയ സമർപ്പണത്താൽ ഉണ്ടാകുന്നതിലൂടെയാണ് തുറന്നുകാണിക്കുന്ന അനുഭവം വെളിപ്പെടുന്നത്. അത് യേശുക്രിസ്തു എന്ന മഹാപുരോഹിതന്റെ പൂർണ്ണവസ്ത്രധാരണങ്ങളോടെയാണ് വെളിപ്പെടുന്നത്. അവന്റെ വസ്ത്രങ്ങൾ ധരിച്ച് നാം നമ്മെത്തന്നെ വെളിപ്പെടുത്തുകയാണ്, എന്നാൽ നാം അവിടെ കുറ്റവാളിയാക്കപ്പെടുകയല്ല. എല്ലാ ശിക്ഷാവിധികളും നമുക്കായി അവൻ ഏറ്റെടുത്തുകഴിഞ്ഞിരിക്കുന്നു.

എന്നാൽ, അവൻ നമുക്കുവേണ്ടി സൗഖ്യം അനുഭവിക്കുകയല്ല, മറിച്ച് നാം സൗഖ്യം അനുഭവിച്ചറിഞ്ഞേ മതിയാവൂ.

അതുകൊണ്ട്, ദൈവത്തിന്റെ പ്രേമലേഖനം പതിവായി വായിക്കുന്നതിലൂടെ, യഥാർത്ഥ വെളിപ്പാടിനും, അനുസരണത്തിനും വിധേയരാകുവാൻ മുൻതൂക്കം നൽകിക്കൊണ്ട്, നാം യഥാർത്ഥത്തിൽ ആരെന്ന് തിരിച്ചറിഞ്ഞ്, എന്നാൽ, യേശുവിന്റെ പരിപൂർണ്ണതയെ ധരിച്ചുകൊണ്ട് നാം എങ്ങനെയാണോ അങ്ങനെതന്നെ നാം ദൈവസന്നിധിയിലേക്ക് ദൈവത്താൽ ക്ഷണിക്കപ്പെടുന്നു. ആ സാന്നിദ്ധ്യത്താൽ നമുക്ക് ആവശ്യമായത് എന്താണോ അത് നാം സ്വീകരിക്കുന്നു: യേശുവിൽ നമുക്ക് ഇതിനകം, പാപമോചനത്തിന്റെ ഓർമ്മപ്പെടുത്തലായി കരുണ ലഭിച്ചിരിക്കുന്നു. കൂടാതെ, കൃപ, ദൈവത്തിന്റെ രോഗസൗഖ്യത്തിന്റെ ശക്തി എന്നിവ നമ്മുടെ ജീവതത്തിലേക്ക് അവൻ അയച്ചു.

ഈ പ്രക്രിയ ഏവർക്കും വേണ്ടി ഒരു പ്രാവിശ്യം മാത്രമുള്ളതല്ല. ഇതെങ്ങനെ സാധിക്കും? നമ്മുടെ ജീവിതത്തിൽ ഉള്ള എല്ലാ വ്രണങ്ങളും ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും ദൈവം നമ്മുടെ മുമ്പാകെ തുറന്നു കാട്ടിയിരുന്നെങ്കിൽ, യഥാർത്ഥത്തിൽ നമുക്ക് അവ കൈകാര്യം ചെയ്യാൻ കഴിയുമായിരുന്നോ? അതുകൊണ്ട്, ദൈവവുമായുള്ള സ്ഥിരമായ ബന്ധം കെട്ടിപ്പടുക്കേണ്ടതിനായി ദൈവത്തോടൊപ്പം ചിലവഴിക്കുവാൻ നാം സമയം കണ്ടെത്തണം. മിക്കപ്പോഴും ദൈവം നമുക്ക് പ്രോത്സാഹനവും സന്തോഷവും പകർന്നുതരുന്നു. പക്ഷേ, അവൻ ശരിയായി അറിയുമ്പോൾ, നാം ആരാണെന്ന് അവൻ നമ്മെ തുറന്നുകാണിക്കുകയും, എവിടെയാണ് നമുക്ക് സൗഖ്യം ആവശ്യമുള്ളതെന്നും അവൻ വെളിപ്പെടുത്തും.

ദൈവവുമായുള്ള ബന്ധത്തിന്റെ രഹസ്യം, അതും ഒരു ജീവനുള്ള സംഗതിയാണ് എന്നുള്ളതാണ്. സമയാസമയങ്ങളിൽ ബന്ധത്തെ തള്ളിക്കളയുന്ന തരത്തിലുള്ള ഒരു അറിവും നമ്മൾ പ്രാപിച്ചിട്ടില്ല. ദൈവവുമായുള്ള ബന്ധത്തോടുനുബന്ധിച്ച് ഏറ്റവും അടിസ്ഥാനപരമായ ശിക്ഷണകാര്യങ്ങളെ പരിപോഷിപ്പിക്കുന്നതിൽ പരാജയപ്പെടുന്നതാണ് അധഃപ്പതനം അഥവാ പിന്മാറ്റം. ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ സത്യവും അറിവും ഏറ്റവും പ്രധാനപ്പെട്ടതാണ്. എന്നാൽ അവ ഒരിക്കലും ബന്ധത്തിന്റെ പ്രാധാന്യതയ്ക്ക് പകരംവയ്ക്കുകയല്ല നാം. തന്നെയുമല്ല, അത് നമ്മുടെ സ്വർഗ്ഗീയ പിതാവുമായുള്ള അഗാധ ബന്ധത്തെ പരിപോഷിപ്പിക്കുന്നില്ലെങ്കിൽ, എന്നു പറഞ്ഞാൽ, നമുക്ക് വേണ്ടുന്നതായ സൗഖ്യങ്ങൾ നടക്കുന്നില്ലെങ്കിൽ, ദൈവം നമുക്ക് വാഗ്ദത്തം ചെയ്യുന്ന ചൈതന്യത്തെ സംരക്ഷിക്കുവാൻ സത്യത്തെക്കൊണ്ട് മാത്രം ആവില്ല.

ആവശ്യമായ രണ്ടാമത്തെ ശിക്ഷണം ആകുന്നു നിശബ്ദത. പുറപ്പാടു പുസ്തകം 14:4 ൽ, യിസ്രായേൽ ജനത്തെ മോശെ ഓർപ്പിക്കുന്നത്, ‘‘യഹോവ നിങ്ങൾക്ക് വേണ്ടി യുദ്ധം ചെയ്യും, നിങ്ങൾ മിണ്ടാതിരുന്നാൽ മതി.’’ സങ്കീർത്തനം 37:7 ൽ സങ്കീർത്തനക്കാരൻ നമ്മെ എല്ലാവരെയും ഓർപ്പിക്കുന്നത്, ‘‘യഹോവയുടെ മുമ്പാകെ മിണ്ടാതെയിരുന്ന് അവന്നായി പ്രത്യാശിക്ക; കാര്യസാദ്ധ്യം പ്രാപിക്കുന്നവനെയും ദുരുപായം പ്രയോഗിക്കുന്നവനെയും കുറിച്ചു നീ മുഷിയരുത്.’’ കൂടാതെ സങ്കീർത്തനം 46:10 ൽ, ‘‘മിണ്ടാതിരുന്നു ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവിൻ’’ എന്നുമെഴുതിയിരിക്കുന്നു.

നാം ജീവിക്കുന്ന ഈ ശബ്ദമുഖരിതമായ ലോകത്തിൽ ഒരിടത്തും നിശ്ശബ്ദമായ സ്ഥലമില്ല. അങ്ങനെയെങ്കിൽ ഒരാൾക്ക് നിശ്ശബ്ദമായ ഒരു സ്ഥലം തേടി എവിടെ പോകാനാകും? എന്നാൽ, യഥാർത്ഥത്തിൽ, എല്ലാ വശങ്ങളിലും നമുക്ക് നിശ്ശബ്ദത ലഭ്യമാണ്. അത് ഒരുവൻ തിരഞ്ഞെടുക്കേണ്ടതുണ്ട്. തിരക്കേറിയ വിമാനത്താവളത്തിൽ പോലും നിങ്ങൾക്ക് വേണമെങ്കിൽ നിശബ്ദത കണ്ടെത്തുവാൻ കഴിയുമെന്ന് ഞാൻ മനസ്സിലാക്കുന്നു. എനിക്ക് ദൂരേക്ക് നടക്കേണ്ടി വന്നേക്കാം. ഒരുപക്ഷേ എനിക്ക്

വഴിയരികിൽ നിന്ന് ദൂരെ മാറി ഇരിക്കേണ്ടി വന്നേക്കാം. പക്ഷേ, നിശ്ശബ്ദതയാണ് എനിക്ക് വേണ്ട തെങ്കിൽ, എനിക്ക് അത് കണ്ടെത്തുവാൻ കഴിയും.

നിശബ്ദത ഒരു തിരഞ്ഞെടുപ്പാണ്. എനിക്കു ചുറ്റുമുള്ള ലോകത്തിന്റെ ശബ്ദവും ആരവവും ഓഫാ ക്കേണമെന്നുള്ള തിരഞ്ഞെടുക്കലാണ്. ടിവിയിലോ റേഡിയോയിലോ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനോ, അല്ലെങ്കിൽ അടുത്തുള്ള ഒരാളോട് സംസാരിക്കുമ്പോഴോ ആയിരിക്കാം അത്. ടിവിയ്ക്കു വേണ്ടിയും റേഡിയോയ്ക്കു വേണ്ടിയും അല്ലെങ്കിൽ ഒരു പുസ്തകത്തിനു വേണ്ടിയോ മറ്റ് ആളുകൾക്കു വേണ്ടിയോ സമയങ്ങളും സ്ഥലങ്ങളുമുണ്ട്. നിശ്ശബ്ദത തിരഞ്ഞെടുക്കുവാനും പരിശീലിക്കുവാനും നാം പഠിക്കുമ്പോൾ നമ്മുടെ ആത്മാക്കൾ ആഴമേറിയ ചിന്തകൾക്കും അതിന്റെ പ്രതിഫലനത്തിനു മായി ജീവിതത്തിൽ ഒരു ഇടം കണ്ടെത്തുവാൻ ആരംഭിക്കുന്നു.

നിശബ്ദതയിൽ നാം പുതിയ സന്തോഷങ്ങളെ കണ്ടെത്തുന്നു. ഉദാഹരണത്തിന്, ദൈവവചനം വായിക്കുവാനായി ശിക്ഷണബോധം നല്കുവാനായി നമ്മുടെ ഹൃദയത്തിൽ നാം വചനങ്ങളെ നട്ടു വച്ചിട്ടുണ്ട്. അവയ്ക്ക് നമ്മുടെ ഹൃദയത്തിലേക്കും മനസ്സിലേക്കും അതിന്റെ ചൈതന്യത്തോടും അർത്ഥത്തോടും കൂടെ ഒഴുകുവാനുള്ള അവസരമുണ്ട്. നമുക്കു ചുറ്റും ദൈവം സൃഷ്ടിച്ച ലോക ത്തിന്റെ സൗന്ദര്യം, തന്റെ ശക്തിയെയും പരമാധികാരത്തെയും നിശബ്ദമായി വിളിച്ചറിയിക്കുകയാ ണ്. എന്റെ ശ്രദ്ധ പിടിച്ചെടുക്കുവാനായി എന്റെ ഹൃദയത്തിലെ ഇടങ്ങൾ മുക്തമാക്കുവാൻ എന്റെ പുതിയ ഏറ്റുപറച്ചിലിലൂടെ ദൈവം ആഗ്രഹിക്കുന്നു. എല്ലാറ്റിലും ഉപരിയായി, അവന്റെ സാന്നിദ്ധ്യ ത്താൽ ഒരിക്കൽക്കൂടി ഞാൻ സ്വാധീനിക്കപ്പെട്ടു.

വ്യക്തിപരമായി പറഞ്ഞാൽ, നിശബ്ദമായ അവസരങ്ങളിലല്ലാതെ ദൈവത്തിന്റെ നിഗൂഢമായ ബന്ധ ത്തിലേക്ക് പ്രവേശിക്കുവാനുള്ള ഒരു വഴിയും എനിക്കു കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ഈ നിശ ബ്ദാനുഭവം സാധ്യമാക്കാതിരിക്കുന്ന ധാരാളം കാരണങ്ങൾ നമുക്ക് നിരത്തുവാൻ കഴിയും. പക്ഷേ, നിശബ്ദത എന്നത് ഒരു തിരഞ്ഞെടുപ്പാണ്. കൂടാതെ, നാം തുടർമാനമായി നിശബ്ദത പാലിക്കു ന്നത് പഠിക്കുന്നതുവരെ ദൈവവുമായി ബന്ധം സ്ഥാപിക്കുന്നതിനായുള്ള അവന്റെ പദ്ധതിയിൽ നമ്മുടെ ജീവിതം അപൂർണ്ണമായി തുടരും.

മൂന്നാമതായി ഞാൻ മനസ്സിലാക്കിയതും ആവശ്യവുമായ ശിക്ഷണം ആണ് ഏകാന്തത. മത്തായി 14:23 ൽ കാണുന്നതുപോലെ യേശു തനിയെ ഇരിക്കുവാനായി സമയം കണ്ടെത്തിയ അവസരങ്ങൾ പല ഭാഗങ്ങളിലും നമുക്കു കാണുവാൻ കഴിയുന്നുണ്ട്. "അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ട് പ്രാർത്ഥിപ്പാൻ തനിയെ മലയിൽ കയറിപ്പോയി; വൈകുന്നേരം ആയപ്പോൾ ഏകനായി അവിടെ ഇരുന്നു."

ഇതിനേക്കാൾ അധികമായി ഇനി പറയേണമെന്ന് തോന്നുന്നില്ല, യേശുവിന് ഏകാന്തത ആവശ്യമാ യിരുന്നെങ്കിൽ, നമുക്ക് അതിന്റെ ആവശ്യകത കുറവാണെന്നാണോ? നമ്മുടെ പരിതസ്ഥിതിയിൽ നമുക്ക് മിണ്ടാതിരിക്കുവാൻ പ്രയാസമാണെങ്കിൽ, ഒറ്റയ്ക്കിരിക്കുന്നത് ദശലക്ഷം മടങ്ങ് ദുരിതമാ ണ്. നമ്മെ ഒരുക്കിയെടുക്കുന്ന ദൈവവചനം ദീർഘനേരം ശ്രവിക്കുന്നതിൽ നാം പരാജയപ്പെടു ന്നുണ്ടെങ്കിൽ, ഒരുപക്ഷേ നാം തനിയെ ഇരിക്കുവാനും ആഗ്രഹിക്കുന്നുണ്ടാകില്ല. നമ്മെ സ്വയം കണ്ടെത്തുമെന്നുള്ള ഭയമാണോ നാം തനിച്ചിരിക്കുന്നതിൽ നിന്നും നമ്മെ അകറ്റി നിർത്തുന്നത്?

നമ്മെ ചുറ്റിപ്പറ്റിയുള്ള നമ്മുടെ സംസ്കാരത്തിന്റെ വിനോദങ്ങളിൽ നിന്ന് നാം സന്തോഷം കണ്ടെ ത്തുന്നെങ്കിൽ, ഒരുപക്ഷേ നാം തനിയെ ആയിരിക്കുവാൻ ആഗ്രഹിക്കുന്നില്ല. നമുക്ക് ശാന്തമായിരി ക്കുന്നതിനും ഏകാന്തമായിരിക്കുന്നതിനും സമയം ഇല്ലെന്നും തിരക്കിലാണെന്നും ഉറപ്പാക്കുവാൻ

നമ്മുടെ സംസ്ക്കാരം നമ്മിൽ രാജാവായി വാഴുകയാണ്. ശാന്തമായിരിക്കുക, അതിൽ നിന്നും ലഭിക്കുന്ന തിരിച്ചറിവിൽ നമ്മുടെ സംസ്ക്കാരം വെറും പുകയോളമോ കണ്ണാടിയോളമോ വരില്ലെന്നതും തിരിച്ചറിയുക.

എന്നാൽ, ഏകാന്തതയിൽ ശാന്തതയ്ക്കു പുറമേ പ്രസരിപ്പോടുകൂടി അവന്റെ വചനത്തിൽ നിന്നും കേൾക്കുവാനുമുള്ള ഇടവും അവിടെയുണ്ട്. നമ്മുടെ ഏകാന്തതിൽ നാം ഈ ലോകത്തിൽ എത്ര ലഘുത്വമുള്ളതാണെന്നും നമ്മുടെ നൈമിഷികതയും ഒക്കെ ഓർമ്മിപ്പിക്കും. എന്നാൽ അതിലും പ്രധാനമായി, നാം ഈ ലോകത്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ടതല്ല എന്നതും നമ്മെ ഓർമ്മിപ്പിക്കും. പാപത്തിന്റെ സ്വാധീനങ്ങൾ ഇക്കാര്യത്തിൽ ആധിപത്യം പുലർത്തുന്നു. ഉല്പത്തി 1 ൽ കാണുന്നത് അവൻ നമുക്കുവേണ്ടി സൃഷ്ടിച്ചതാണ് നാം സൃഷ്ടിക്കപ്പെട്ടത് അവനുവേണ്ടിയും. അത് പുനസ്ഥാപിക്കപ്പെടുകയും ചെയ്യുന്ന ഒന്നാണ്.

നമ്മുടെ ജീവിതത്തിന്റെ പരിഗതി പുനഃക്രമീകരിക്കുന്നതിന് ആവശ്യമായ നിമിഷങ്ങൾ ഏകാന്തത നമുക്കു ഒരുക്കിത്തരുന്നു. പക്ഷേ, ഏറ്റവും പ്രധാനമായി, ആ ഏകാന്തതയിൽ നാം ഒറ്റയ്ക്കല്ല എന്നത് നാം കണ്ടെത്തുന്നു! അവൻ അവിടെയുണ്ട്.

ദൈവവുമായുള്ള ബന്ധത്തിൽ അത്യാവശ്യവും സമ്പുഷ്ടവുമാണെന്ന് ഞാൻ കണ്ടെത്തിയ അവസാനത്തെ ആപേക്ഷിക ശിക്ഷണം എന്നത് സമർപ്പണമാണ്. എബ്രായ എഴുത്തുകാരൻ 12:9 ൽ നമ്മെ ഓർമ്മിപ്പിക്കുന്നത് എന്തെന്നാൽ, ‘‘നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണങ്ങിപ്പോന്നുവല്ലോ; ആത്മാക്കളുടെ പിതാവിനു ഏറ്റവും അധികമായി കീഴടങ്ങി ജീവിക്കേണ്ടതല്ലയോ?’’ അതുപോലെ, 5:7–9 ൽ, ‘‘ക്രിസ്തു തന്റെ ഐഹിക ജീവകാലത്തു തന്നെ മരണത്തിൽ നിന്നു രക്ഷിപ്പാൻ കഴിയുന്നവനോടു ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കുകയും ചെയ്തു. പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു.’’

സമർപ്പണത്തിന്റെ പ്രാധാന്യതയെ ഉറപ്പിക്കുന്ന യേശുവിന്റെ തന്നെ വാക്കുകൾ മത്തായി 28:19–20 വരെയുള്ള വാക്യങ്ങളിൽ ഉണ്ട്. എന്റെ വാക്കുകളിൽ വിശദീകരിച്ചാൽ: സ്വർഗ്ഗത്തിലെയും ഭൂമിയിലെയും സകല അധികാരവും എനിക്കുള്ളതാണ്. നിങ്ങൾ എവിടെ പോയാലും, ആളുകളെ എന്റെ ശിഷ്യന്മാരാക്കേണം. അവരെ പഠിപ്പിച്ചതിന് അനുസാരമായി അവർ ജീവിതകാലം മുഴുവനും ചെയ്തു പോരേണ്ടതിന് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനം കഴിപ്പിച്ചും അവരെ ശിഷ്യരാക്കേണം. നിങ്ങൾ എവിടെ പോയാലും ഞാൻ നിങ്ങളോടൊപ്പം ഉള്ളതുകൊണ്ട് നിങ്ങൾ ഭയപ്പെടരുത്.

തെറ്റിദ്ധാരണയും ഭയവും ചേർന്ന് ഉത്തേജിപ്പിക്കപ്പെട്ടതാണ് സമർപ്പണം എന്ന പദം. യേശുവിനോട് ചേർന്ന് ബന്ധിക്കപ്പെട്ട അടിമയെന്ന് പൗലോസ് തന്നെക്കുറിച്ച് സ്വയം പ്രസ്താവിക്കുന്നതുപോലും ഇതിനോട് തുല്യമായി തെറ്റിദ്ധരിക്കപ്പെടുന്നു. ഉല്പത്തി പുസ്തകം പ്രസ്താവിക്കുന്നതുപോലെ ദൈവം ഈ ഗ്രഹത്തിന്റെ പരമാധികാരിയായ സൃഷ്ടാവാണ് എങ്കിൽ, സങ്കീർത്തനക്കാരൻ പറയുന്നതുപോലെ ദൈവം നമ്മെ അതിശയകരമായും അത്ഭുതകരമായും അമ്മയുടെ ഉദരത്തിൽ ഉരുവാക്കിയെങ്കിൽ, ആ സൃഷ്ടിതാവിന് തന്റെ സൃഷ്ടിയിൽ നിന്നും തന്റെ സ്നേഹമുള്ള ജ്ഞാനത്തോട് യഥാവിധി പ്രതികരിക്കേണമെന്ന് ന്യായമായും അവകാശപ്പെടാം. അപ്പോൾ, അവനോട് പൂർണ്ണഹൃദയത്തോടെയും മനപ്പൂർവ്വമായും നമ്മുടെ ഹൃദയാന്തർഭാഗത്തുനിന്നും സ്വാഭാവികമായി ഒഴുകുന്ന നിലയിൽ ഒരു സമർപ്പണം നാം പ്രതീക്ഷിക്കാതിരിക്കുന്നത് എങ്ങനെയാണ്?

പിതാവായ ദൈവത്തോട് താൻ സമർപ്പിക്കുന്നു എന്ന യേശുവിന്റെ സ്വന്തം വാക്കുകളെത്തന്നെ പിന്തുടരുന്നതാണ് പൗലോസിന്റെ വാക്കുകളും. സമർപ്പണത്തിന്റെ ശരിയായ സ്വഭാവം എന്തെന്ന് അവർക്ക് രണ്ടുപേർക്കും മനസ്സിലായിരുന്നു. യേശവിന്റെയും പൗലോസിന്റെയും സമർപ്പണം യഥാർത്ഥ ബന്ധത്തിന്റെ പിൻബലത്തിലായിരുന്നു. കൂടാതെ അവർക്ക് അടുത്തറിയാവുന്ന ഒരാളോടുള്ള വിശ്വാസം അപകടവുമല്ല.

ദൈവത്തിൽ വിശ്വസിക്കുവാനായി അവൻ നമ്മെ ക്ഷണിക്കുകയാണ്. തിരുവെഴുത്തുകളിലുള്ള പരിശീലനം, നിശബ്ദത, ഏകാന്തത തുടങ്ങിയവ എല്ലാം വിശ്വാസത്തെ വർദ്ധിപ്പിക്കുന്നു. നാം വിശ്വസിക്കുന്നവനെ കണ്ടെത്തുന്ന അവന്റെ പ്രണയലേഖനം, ബൈബിൾ, അത് നൈസർഗ്ഗീകമാണ്. ഈ ജീവിതത്തിൽ ദൈവം നമുക്ക് നല്കിയ സന്ദർഭവും വിളിയും വച്ചുനോക്കുമ്പോൾ, സമർപ്പണമാണ് നമ്മുടെ ഏറ്റവും പ്രധാനമായ പ്രതികരണം എന്നതും നമ്മുടെ ലക്ഷ്യം അതാണെന്നും നാം തിരിച്ചറിയേണം. കാലങ്ങൾ ഏറുന്തോറും അവന്റെ വാക്കുകളോട് മനപ്പൂർവ്വമായി അനുസരണത്തോടെ പ്രതികരിക്കുക എന്നതു മാത്രമല്ല, എന്റെ അനുസരണത്തെ വൈകാരിക പ്രതികരണം ആക്കുവാനും ഞാൻ പഠിക്കുന്നു.

സത്യത്തെക്കുറിച്ചുള്ള എന്റെ ബോധ്യവും അവന്റെ വചനത്തിൽ അവൻ വെളിപ്പെടുത്തിയ കാര്യങ്ങളുടെ വിശ്വാസ്യതയും എന്റെ മനസ്സിൽ അനുസരണത്തിനായുള്ള ഒരു പ്രവണതയ്ക്ക് ഉദ്ദീപനം നല്കുകയും അത് ആവശ്യപ്പെടുകയും ചെയ്യുന്നു. എന്നാൽ അവന്റെ വചനത്തിലൂടെ അവനോടു കേൾക്കുവാനായി പഠിക്കുകയും ചെയ്യുന്നു. ഏകാന്തതയിലും നിശബ്ദതയിലും അവനെ കേൾക്കുവാൻ പഠിക്കുന്നതിലൂടെ എന്റെ ഹൃദയത്തിലും ജീവിതത്തിലെ തീരുമാനങ്ങളിലും അവൻ ഇച്ഛിക്കുന്ന നിലയിൽ അനുസരണയോടെ പ്രതികരിക്കുന്ന അനുഭവം വർദ്ധിപ്പികയും ചെയ്യുന്നു.

സാത്താനും അവന്റെ അനുയായികളും എന്നെ പ്രക്ഷുബ്ദമാക്കുവാനായി എന്റെ ചുറ്റുമുള്ള ലോകം, എന്നിലുള്ള ജഡസ്വഭാവം എന്നിവ രണ്ടിനെയും ഉപയോഗിക്കുന്നു. സ്വർഗ്ഗീയ പിതാവുമായുള്ള അഗാധ ബന്ധത്തിലേക്ക് ഞാൻ പ്രവേശിക്കാതെ എന്നെ അകറ്റി നിർത്തുവാൻ ഇവയെല്ലാം ചേർന്ന് ഗൂഢാലോചന നടത്തുവാൻ ശ്രമിക്കുന്നു. എന്നാൽ, ആയിരക്കണക്കിനു വർഷങ്ങളായി, പ്രകടമായ ആപത്തിനെ അവഗണിക്കുവാൻ തയ്യാറുള്ളവരുടെ ജീവിതത്തിൽ വിളി അവശേഷിക്കുന്നു: നിങ്ങളെത്തന്നെ ദൈവത്തിങ്കലേക്ക് കൈവിടുക.

**രണ്ടാമത്തെ പ്രാരംഭമൂല്യമായി**, പുതിയനിയമത്തിൽ എഫെസ്യ ലേഖനം 3:1-11 വരെയുള്ള ഭാഗമാണ് നമ്മുടെ ശ്രദ്ധയെ പിടിച്ചിരുത്തുന്നത്. കാലത്തിനും നിത്യതയ്ക്കുമായി സഭയുടെ ഉദ്ദേശ്യത്തിന്റെ വ്യക്തവും ലളിതവുമായ പ്രഖ്യാപനം നമുക്ക് ഇവിടെ കാണുവാൻ കഴിയുന്നു.

“അതുനിമിത്തം പൗലോസ് എന്ന ഞാൻ ജാതികളായ നിങ്ങൾക്ക് വേണ്ടി ക്രിസ്തുയേശുവിന്റെ ബദ്ധനായിരിക്കുന്നു. നിങ്ങൾക്കായി എനിക്കു ലഭിച്ച ദൈവകൃപയുടെ വ്യവസ്ഥയെക്കുറിച്ച് ഞാൻ മീതെ ചുരുക്കത്തിൽ എഴുതിയതുപോലെ വെളിപ്പാടിനാൽ എനിക്കു ഒരു മർമ്മം അറിയായ്വന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. നിങ്ങൾ അതു വായിച്ചാൽ ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിൽ എനിക്കുള്ള ബോധം നിങ്ങൾക്ക് ഗ്രഹിക്കാം. ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്കു അറിയായ്വന്നിരുന്നില്ല. അതോ ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളതു തന്നേ. ആ സുവിശേഷത്തിനു ഞാൻ അവന്റെ ശക്തിയുടെ വ്യാപാര പ്രകാരം എനിക്കു ലഭിച്ച ദൈവത്തിന്റെ

കൃപാദാനത്താൽ ശുശ്രൂഷക്കരനായിത്തീർന്നു. സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനായ എനിക്കു ജാതികളോടു ക്രിസ്തുവിന്റെ അപ്രമേയധനത്തെക്കുറിച്ചു പ്രസംഗിപ്പാനും സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞുകിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്നു എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായി ഈ കൃപ നല്കിയിരിക്കുന്നു. അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം, അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദിനിർണ്ണയപ്രകാരം സഭമുഖാന്തരം അറിയായ്‌വരുന്നു.''

''സഭ എന്തിനുവേണ്ടി നിലകൊള്ളുന്നു?'' അതിന്റെ പ്രാധാന്യതയെ സംബന്ധിച്ച് ഇതേ അദ്ധ്യായത്തിൽ നാം ചൂണ്ടിക്കാണിച്ചു കഴിഞ്ഞു. പൗലോസ് സഭയുടെ ഉദ്ദേശ്യത്തെക്കുറിച്ച് വ്യക്തമായി, അതും നിത്യതയ്ക്കായി നിയമിക്കപ്പെട്ട കേൾവിക്കാരുടെ ഭൗമിക പശ്ചാത്തലത്തിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിൽപ്പിന്നെ, ഇതിനുവേണ്ടി പങ്കാളിത്തം വഹിക്കുന്നവരെ കുറച്ചുകാണിക്കാനാവില്ല. പ്രാദേശിക സഭയുടെ ഫലപ്രാപ്തി അളക്കുന്ന രണ്ടാമത്തെ ഒരു അളവുകോൽ എന്നത്, തങ്ങളുടെ കൃപയുടെ സാക്ഷ്യങ്ങളെ ദൈവാത്മാവിന്റെ നിയോഗമനുസരിച്ച് നയിക്കപ്പെടുന്ന ആളുകളുകൾ, തങ്ങളുടെ എല്ലാ ബന്ധങ്ങളിലും പ്രകടമാക്കുന്നതിന്റെ ആധിക്യത്തിനനുസരിച്ചുള്ളതാണ്. സഭ എന്നു വിളിക്കപ്പെടുന്ന ഇടങ്ങളിൽ കൂടിവരുന്നവരിൽ ബഹുഭൂരിപക്ഷവും ഈ നിലവാരത്തിനനുസരിച്ച് വളരുന്നില്ല എന്നു കാണുന്നത് അംഗീകരിക്കാവുന്നതല്ല.

**മൂന്നാമത്തെ പ്രാരംഭമൂല്യം**, ''സഭ എന്തിനുവേണ്ടി നിലകൊള്ളുന്നു?'' എന്ന അദ്ധ്യായത്തിൽ വിസ്താരമായി വിവരിച്ചുകഴിഞ്ഞു. ദൈവത്തെ സേവിക്കുന്നതിലേക്കായി ദൈവാത്മാവ് തന്റെ പരമാധികാരത്തിൽ നിന്നുകൊണ്ട് ക്രിസ്തുവിന്റെ ജനത്തിന് കൃപാവരങ്ങളെ നൽകിയിട്ടും, അവ ഉപയോഗിക്കുന്ന കാര്യത്തിലും, അവയെക്കുറിച്ച് വേണ്ടുന്നതുപോലെ മനസ്സിലാക്കുന്ന കാര്യത്തിലും വളരുന്നില്ല എങ്കിൽ അത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. യേശു തന്റെ ജനതയിലൂടെ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ ശുശ്രൂഷകൾക്കും തന്ത്രപരമായ ആവിഷ്ക്കാരം നൽകുവാൻ ഉപയോഗിക്കുന്ന ശക്തിയാണ് കൃപാവരങ്ങൾ. സഭയിലും ലോകത്തിലും ആക്കിവച്ചിരിക്കുന്ന ഒരു വ്യക്തിയുടെ പക്വത നഷ്ടപ്പെടുക എന്നത്, ദൈവം തന്റെ ജനത്തിനായി രൂപകല്പന ചെയ്ത സൃഷ്ടിപരമായ പ്രതിഭാധനത്തെ ചെറുതാക്കിക്കാണിക്കുക എന്നതാണ്.

**നാലാമത്തെ പ്രാരംഭമൂല്യം** എന്നത് പരിശുദ്ധാത്മാവ് ദൈവജനത്തിന് നൽകിയ ഫലങ്ങളാൽ തങ്ങൾ തമ്മിൽ തമ്മിലും, ലോകത്തോടുമുള്ള ദൈവജനത്തിന്റെ ഇടപെടലുകളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തികൾ പ്രകടമാകുന്നതാണ്. ഗലാത്യർ 5:22-23 വരെയുള്ള വാക്യങ്ങളിൽ വ്യക്തികൾ തമ്മിലുള്ള പരസ്പരബന്ധത്തിന്റെ ഗുണാത്മകമായ സവിശേഷതകളെ നിരത്തുന്നു. ''ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല.'' ആത്മാവ് വസിക്കുന്ന ക്രിസ്തുവിന്റെ ജനതയിലുള്ള സ്വാഭാവിക ഫലങ്ങളാണ് ഇവ. അതുപോലെ അവർ പക്വതയിലും അതിന്റെ ആവിഷ്ക്കാരത്തിലും വളരുന്നു.

ഫലങ്ങൾ വളരുകയും അവ പ്രകടമായി കാണപ്പെടുകയും ചെയ്യുന്ന വ്യക്തികൾ, വിവാഹബന്ധങ്ങൾ, കുടുംബങ്ങൾ, സഭകൾ എന്നിവ ഭൂമിയിൽ ശവക്കുഴി ശൂന്യമാണെന്നും യേശു തന്റെ ജനങ്ങളിൽ ജീവിക്കുന്നു എന്നുമുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ്. വളരുകയും പ്രകടമായി കാണുകയും ചെയ്യുന്ന ഇവ, അല്ലെങ്കിൽ സമസ്യപോലെ തോന്നുന്ന പരസ്പര വ്യക്തിബന്ധങ്ങൾ, അവരിൽ ഓരോരുത്തരിലും വസിക്കുന്ന അതുല്യമായ ശക്തിയെ പ്രദർശിപ്പിക്കുന്നു.

ലോകത്തിൽ വസിക്കുന്ന ക്രിസ്തുവിന്റെ ജനങ്ങളിൽ വെളിപ്പെട്ട ഈ ഫലത്തിന്റെ പ്രകാശനത്തിന് എതിരെ അവർ ആയിരിക്കുന്ന ലോകത്തിൽ നിന്നുള്ള തുല്യ എതിർശക്തിയുമുണ്ട്. ഇതാണ് യാക്കോബ് ചൂണ്ടിക്കാണിക്കുന്ന വസ്തുത. ‘‘പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു.’’ (യാക്കോബ് 1:27)

സഭ, അതിന്റെ നാഥന്റെ അവതാരമായി ജീവിക്കുമ്പോൾ, ലോകത്തിന് അത് എല്ലായ്പ്പോഴും ഒരു സമസ്യയാണ്. ലോകം ലോകത്തിലെ അരക്ഷിതരായവർക്ക് വളരെ കുറച്ച് ശ്രദ്ധയെ നൽകുന്നുള്ളൂ. എന്നാൽ സഭ, ഈ ജനങ്ങളെ തങ്ങളുടെ ലോകത്തിൽ ഉൾപ്പെടുത്തുവാനുള്ള വഴികൾ കണ്ടെത്തുന്നു. അതുപോലെ അക്ഷരാർത്ഥത്തിൽ അവരുടെ ജീവിതത്തിലേക്ക് സൗഖ്യം എത്തിക്കുവാനായി ശുഷ്ക്കാന്തിയോടെ പ്രവർത്തിക്കുന്നു. സഭയുടെ തുടർമാനമായ സുവിശേഷ ദൗത്യത്തിനായുള്ള ഏറ്റവും ശക്തമായ ഒരു അടിത്തറയായി ഇത് വർത്തിക്കുന്നു എന്ന് എനിക്കു തോന്നുന്നു.

മനുഷ്യനിലും അവന്റെ വ്യവസ്ഥകളിലുമുള്ള പാപത്തിൽ നിന്ന് ഉടലെടുക്കുന്ന ലോകത്തിലെ വ്യവസ്ഥാപരമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന് ഞാൻ തിരുവെഴുത്തിൽ ഒരിടത്തും കാണുന്നില്ല. പക്ഷേ, മനുഷ്യന്റെ വ്യവസ്ഥകളുടെ ഏറ്റവും നീചമായ ഫലങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ആളുകൾ വ്യക്തിപരമായി സ്പർശിക്കപ്പെടുകയും സുഖപ്പെടുകയും രക്ഷപ്പെടുകയും ചെയ്യുന്നുവെന്നുള്ളത് സ്പഷ്ടമാണ്. ലോകമെമ്പാടുമുള്ള സഭയുടെ ശക്തിയാണിത് എന്ന് കാണുന്നതിനുള്ള യോഗ്യത എനിക്കു ലഭിച്ചു. പ്രാദേശിക സഭകളിൽ, സഭാധിഷ്ടിത അനാഥമന്ദിരങ്ങൾ, മയക്കുമരുന്നു പുനരധിവാസ കേന്ദ്രങ്ങൾ, അന്നദാന പദ്ധതികൾ തുടങ്ങിയവ സഭ തങ്ങളുടെ മഹാനിയോഗം ഏറ്റെടുത്തുകൊണ്ട് തങ്ങളുടെ പ്രദേശങ്ങളിൽ തീക്ഷ്ണതയോടെ വർത്തിക്കുന്നതിൽ അതിശയപ്പെടാനില്ല.

സ്വർഗ്ഗത്തിലേക്കുള്ള പാതയിലാണെന്ന് അവകാശപ്പെടുകയും എന്നാൽ അവരുടെ വിളിക്കനുസാരമായ ജീവിതം നയിക്കാത്തവരുമായ ജനക്കൂട്ടത്തിന് ഇരയാകാതിരിക്കേണ്ടതിന് പ്രാദേശിക സഭകൾ തങ്ങളുടെ അംഗങ്ങളിൽ തമ്മിൽ തമ്മിൽ ആത്മീകവളർച്ച ഉണ്ടോയെന്ന് പരിശോധിക്കുവാൻ തയ്യാറാകണം. താൽപര്യമുള്ള സഭയെ സംബന്ധിച്ച് ഇത് ചെയ്യുവാൻ അവർക്ക് പ്രയാസമുണ്ടാകില്ല. പ്രത്യേകിച്ചും, ഭൂരിപക്ഷം അംഗങ്ങളും ചെറു ഗ്രൂപ്പുകളിൽ ശുശ്രൂഷകൾ ചെയ്യുന്നതിനാൽ ഇത് സാദ്ധ്യവുമാണ്. അത്തരമൊരു സാഹചര്യത്തിൽ സഭാജനങ്ങളുടെ പരസ്പര ബന്ധങ്ങളിൽ ക്ഷമിക്കുക, മറക്കുക, സഹിക്കുക, സ്നേഹിക്കുക തുടങ്ങിയ ആത്മാവിന്റെ ഫലം വെളിപ്പെട്ട് പ്രവർത്തിക്കുന്നത് നമുക്ക് പ്രതീക്ഷിക്കാവുന്നതാണ്. സഭകൾ സ്ഥിതി ചെയ്യുന്ന നഗരങ്ങളുടെയും അയൽപ്രദേശങ്ങളുടെയും പശ്ചാത്തലത്തിൽ നാം മുൻപന്തിയിൽ നിൽക്കുന്നതോടൊപ്പം, നമ്മുടെ സ്ഥലത്തെ ഓരോ ഉപവിഭാഗത്തിലെയും ജനങ്ങൾക്ക് ശുശ്രൂഷയിൽ വളരാനാകുമെന്നുള്ള പ്രതീക്ഷയും ഉണ്ടാകുന്നു. ഇക്കാര്യം സംഭവിക്കുന്നില്ല എങ്കിൽ, എന്തോ വലിയ അപാകത ഉണ്ടെന്നുള്ളതാണ് വാസ്തവം.

**അഞ്ചാമത്തെ പ്രാരംഭമൂല്യം**, ഭൂമിയിലെ ദൈവരാജ്യത്തിന്റെ വിപുലീകരണത്തിനായി നമ്മുടെ സ്വത്തുക്കളുടെമേൽ സൂക്ഷ്മതയോടെയുള്ള മേൽനോട്ടം വഹിക്കുവാൻ പഠിക്കുക എന്നതാണ്. പ്രാരംഭമൂല്യത്തിലെന്നപോലെ ഇതിന് കൂടുതൽ വിശദീകരണം ആവശ്യമാണ്. അതിനാൽ, ഏഴാം അദ്ധ്യായത്തിൽ നമ്മൾ ഇത് കൂടുതൽ വിശദമായി കൈകാര്യം ചെയ്യും.

## അദ്ധ്യായം 6

## നിങ്ങളുടെ ഗ്രാമത്തിലെയും പട്ടണത്തിലെയും ഓരോ സ്ത്രീപുരുഷന്മാരിലേക്കും, കുട്ടികളിലേക്കും എത്തിച്ചേരുന്നു

ഈ അദ്ധ്യായത്തിൽ സഭയിലെ നേതൃത്വത്തിന്റെ പങ്ക്, അതായത്, ലോകത്തിലെ ദൈവജനങ്ങളുടെ ശുശ്രൂഷ എന്നതിൽ നാം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. പ്രാദേശിക സഭയെ സംബന്ധിച്ചിടത്തോളം വ്യക്തിഗത ക്രിസ്ത്യാനികൾക്കായുള്ള പ്രാദേശിക ദൗത്യമേഖലയെ പ്രാദേശിക ഉത്തരവാദിത്തമാണ് നിർവ്വചിക്കുന്നത്.

> കൂട്ടുത്തരവാദിത്ത മനോഭാവം പരിശുദ്ധാത്മാവാം ദൈവത്തോട് ആവശ്യപ്പെടുന്ന ചില കാര്യങ്ങളുണ്ട്. പ്രവർത്തിക്കുവാൻ കൃത്യമായ ഒരിടം ഞങ്ങൾക്ക് ആവശ്യമുണ്ടെന്നും, തന്മൂലം അവിടങ്ങളിൽ ഞങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന എല്ലാ സാധ്യതകളും ഉപയോഗിപ്പാനും അതിലൂടെ ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് ആ ദേശപരിധിയിലുള്ള എല്ലാ സ്ത്രീപുരുഷന്മാരുടെ അടുക്കലും കുഞ്ഞുങ്ങളുടെ അടുക്കലും സുവിശേഷം എത്തിക്കുകയും അവർ അത് ഗ്രഹിച്ചിരിക്കുന്നു എന്നു ഉറപ്പാക്കുകയും അതിലൂടെ അവർ ദൈവത്തോട് നിരപ്പ് പ്രാപിച്ച് ഒരു പ്രാദേശിക സഭയോട് ബന്ധപ്പെടുത്തിക്കൊണ്ട് തങ്ങളുടെ ഉത്തരവാദിത്തം ആ കൂട്ടത്തിനുള്ളിൽ നിവർത്തിച്ചു എന്നുമുള്ള അവസരത്തിനായും അവർ പ്രാർത്ഥിക്കുന്നു.

ഈ ദർശനം എങ്ങനെ സാക്ഷാൽക്കരിക്കേണം എന്നുള്ളതിനെക്കുറിച്ച് ആഴത്തിൽ നാം ചിന്തിക്കുമ്പോൾ, പ്രാദേശിക ഉത്തരവാദിത്തത്തോടനുബന്ധിച്ച് സുവിശേഷത്തിന്റെ പ്രഘോഷണത്തെക്കുറിച്ചും അത് ജീവിതത്തിൽ പ്രകാശിപ്പിക്കപ്പെടുന്നതിനെക്കുറിച്ചും ചില തിരുവെഴുത്തുകളെ അടിസ്ഥാനപ്പെടുത്തി വേണം നമുക്കു ചിന്തിക്കുവാൻ.

പഴയ ഇംഗ്ലീഷ് ഭാഷയിലെ സുവിശേഷം എന്ന വാക്കിനർത്ഥം നല്ല വാർത്ത എന്നതാണ്. നൂറ്റാണ്ടുകൾ കൊണ്ട് ഈ പദം പിന്നീട് ക്രിസ്തുവിലൂടെ ദൈവത്താൽ ഭൂമിയിൽ സ്ഥാപിക്കപ്പെട്ട ദൈവരാജ്യം എന്ന ക്രിസ്തീയ സന്ദേശത്തിന്റെ പര്യായപദമായി മാറി. യേശുക്രിസ്തുവിന്റെ സുവിശേഷം കേൾക്കുക, മനസ്സിലാക്കുക, വിശ്വസിക്കുക, സ്വീകരിക്കുക, പ്രവർത്തിക്കുക തുടങ്ങിയവയിലൂടെ രക്ഷ വരുന്നു (റോമ. 1:16-18; 1 കൊരി. 15:1,2). കൃപയുടെ സുവിശേഷം സഭയിലും ലോകത്തിലും ഉളവാക്കിയ സ്വാധീനത്തിന്റെ വശങ്ങളെക്കുറിച്ച് ഇനിപ്പറയുന്ന മൂന്ന് പുതിയനിയമ ഭാഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

1) തിത്തൊസ് 2:11-14

രക്ഷ ലഭിക്കുന്നത് കൃപായാലാണ്. അത് ദൈവത്തിൽ നിന്നുള്ള അനർഹമായ കൃപായണ്. ഈ കൃപ യേശുവിനെ ക്രൂശിലെ വേദനാജനകമായ മരണത്തിലേക്ക് നയിച്ചു. ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ ദൈവത്തിന്റെ ദാനമായ രക്ഷ എല്ലാവർക്കുമായി തുറന്നിരിക്കുന്നു. പൗലോസിൽ നിന്നും തീത്തൊസിന് അയച്ച കത്തിൽ സുവിശേഷം എന്ന വാക്ക് പരാമർശിച്ചിട്ടില്ലെങ്കിലും, രക്ഷയുടെ വേലയിൽ ദൈവകൃപയുടെ പ്രമേയം വ്യക്തമാണ്. കൃപ എന്നത് ദൈവത്തിൽ നിന്ന് മനുഷ്യർക്ക് ലഭിച്ച ദയയോ കാരുണ്യമോ ആണ്. കാരുണ്യം എന്നത് നേടിയെടുക്കുന്നതല്ല, അത് അർഹതപ്പെട്ടതല്ല, അത് യോഗ്യതയനുസരിച്ച് ലഭിക്കുന്നതും അല്ല. കൃപ എന്നത് മനുഷ്യന്റെ ഏതൊരു മനോ

ഹാരിതയെക്കാളും ഉന്നതമായ ദൈവത്തിന്റെ സ്വഭാവസത്തയെ അടിസ്ഥാനമാക്കിയുള്ള സ്നേഹ നിർഭരമായ ഹൃദയത്തിന്റെ പ്രകടനമാണ്.

കൃപയുടെ ഏറ്റവും ഉന്നതമായ പ്രകടനം എന്നത് ''കൃപയും സത്യവും നിറഞ്ഞവനായവനെ'' (യോഹ. 1:14), ദൈവപുത്രനായ യേശുക്രിസ്തുവിനെത്തന്നെ നല്കുന്നതിലായിരുന്നു. കൃപ പാപരഹിതനായ രക്ഷകൻ തന്നെത്തന്നെ ക്രൂശിലെ മരണത്തിനായി നമുക്കുവേണ്ടി ഏല്പിച്ചു (തിത്തൊ. 2:14). ഈ രീതിയിൽ കൃപയാണ് രക്ഷയെ പ്രദാനം ചെയ്യുകയും അത് നമുക്കെല്ലാവർക്കും ലഭ്യമാക്കുകയും ചെയ്തത് (തീത്തൊ. 2:11). ദൈവത്തിന്റെ കൃപ മുതിർന്ന പുരുഷന്മാർക്കും (തിത്തൊ. 2:2), മുതിർന്ന സ്ത്രീകൾക്കും ((തിത്തൊ. 2:3), ഇളയവരായ സ്ത്രീപുരുഷന്മാർക്കും (തിത്തൊ. 2:4,6), ക്രിസ്തീയ നേതാക്കന്മാർക്കും (തിത്തൊ. 2:7-8), അടിമകൾ (തിത്തൊ. 2:9-10) തുടങ്ങിയവർക്കും ഒരുപോലെയാണ് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത്.

അതിനാൽ ദൈവകൃപയുടെ വെളിപ്പെടുത്തലിനോടുള്ള അവരുടെ വിശ്വാസത്തിന്റെ പ്രതികരണത്തിലൂടെ രക്ഷിക്കപ്പെട്ട ഏവരും തങ്ങൾ രക്ഷിക്കപ്പെട്ടവരാണെന്ന് തിരിച്ചറിയേണം (എഫെസ്യർ 2:8-9). വിശ്വാസത്തിൽ പ്രതികരിക്കുവാനുള്ള കഴിവുപോലും ദൈവകൃപയുടെ തെളിവാണ്. നമ്മുടെ കഴിവുകളോ നമ്മുടെ പ്രവർത്തികളോ ഒന്നുംതന്നെ ദൈവരാജ്യത്തിനു വേണ്ടി നമ്മെ പ്രാപ്തരാക്കുന്നുമില്ല. അവ ഒന്നും നമുക്ക് രക്ഷയും നേടിത്തരുന്നില്ല. പൂർണ്ണമായും ക്രിസ്തുവിന്റെ യോഗ്യതയാലാണ് നമുക്ക് രക്ഷ വരുന്നത്.

ക്രിസ്തുവിന്റെ കുടുംബത്തിലെ ഓരോ അംഗത്തിനും അതുല്യമായ കൃപയുടെ ഗീതങ്ങൾ ഉണ്ടെന്നുള്ളത് നാം വിശദമായി ചർച്ച ചെയ്തുകഴിഞ്ഞിരിക്കുന്നു. യോഗ്യതയില്ലാത്ത പാപിക്ക് ഏതൊരു പരിവർത്തനവും രൂപാന്തരവും വരുന്നതിനു മുമ്പുതന്നെ രക്ഷ സൗജന്യമായി വരുന്നു. എന്നാൽ കൃപ, അവൻ (അവൾ) എങ്ങിനെ കാണപ്പെട്ടിരുന്നോ ആ നിലയിൽത്തന്നെ ഉപേക്ഷിച്ചുകളയുന്നില്ല. ''യേശു നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്ത് സൽപ്രവർത്തിളിൽ ശുഷ്കാന്തിയുള്ളോരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിനു തന്നെത്താൽ നമുക്കുവേണ്ടി കൊടുത്തു'' (തിത്തൊസ് 2:14).

കൃപ വിശ്വാസിയെ ജീവിതത്തിന്റെ വിശുദ്ധിയിലേക്കും സ്വഭാവമഹിമയിലേക്കും നയിക്കുന്നു. ഇത് ദൈവവുമായുള്ള നിരന്തരമായ അടുപ്പത്തിലേക്കുള്ള വാതിൽ തുറക്കുന്നു. ക്രിസ്തുവിലൂടെ ദൈവവുമായി ഏറ്റവും അടുപ്പത്തിലാകുവാനാണ് സുവിശേഷം പ്രാഥമികമായി നമ്മെ വിളിക്കുന്നത്.

അഭക്തിയോടും ലൗകിക അഭിനിവേശങ്ങളോടും ''ഇല്ല'' എന്നു പറയുവാനും, അതുപോലെ ആത്മനിയന്ത്രണം, നേര്, ദൈവഭക്തി എന്നിവയോട് ''ഉവ്വ്'' എന്നു പറയുവാനും കൃപ നമ്മെ പഠിപ്പിക്കുന്നു (തിത്തൊസ് 2:12). എല്ലാ മനുഷ്യരുടെയും ആത്മീയ അവസ്ഥ എന്തുതന്നെയായാലും ദൈവം അവരെ സ്നേഹിക്കുന്നു എന്നതാണ് സത്യം. എന്നാൽ അവന്റെ സ്നേഹം അർത്ഥമാക്കുന്നത്, അവൻ അവരെ കണ്ടെത്തുന്നതുപോലെ അവരെ വിട്ടുപോകുവാൻ ആഗ്രഹിക്കുന്നില്ല എന്നതാണ്. ദൈവത്തിന്റെ ആഗ്രമെന്നത്, അവർ ശുദ്ധീകരിക്കപ്പെടുകയും അവനുമായി ഏറ്റവും അടുപ്പമുള്ള ഒരു ബന്ധത്തിലേക്ക് അവരെ ഒരുക്കുകയും തന്മൂലം അവന്റെ ശുശ്രൂഷയ്ക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതാണ്. യേശു ഭൂമിയിലേക്ക് മടങ്ങിവരുന്ന ദിവസം അവനോടൊപ്പം അനന്തമായ കൂട്ടായ്മയ്ക്കായി അവർ ഒന്നിക്കുമെന്നതാണ് അവന്റെ ആത്യന്തിക ലക്ഷ്യം (തിത്തൊസ് 2:13).

പിതാവായ ദൈവവുമായുള്ള കൂട്ടായ്മ (അടുപ്പം) ആണ് രക്ഷയ്ക്കുവേണ്ടിയുള്ള ദൈവകൃപ

പ്രവർത്തിക്കുന്നതിനു കാരണമായത്. പാപം മൂലം അകൽച്ച സംഭവിച്ചതിനുശേഷം ദൈവവുമായി അനുരഞ്ജനം സാധ്യമാണ് എന്നതാണ് സുവിശേഷത്തിന്റെ നല്ല വാർത്ത. ഈ അനുരഞ്ജനം ദൈവവും അവന്റെ ജനവുമായുള്ള പുതുക്കപ്പെട്ട കൂട്ടായ്മയിലേക്ക് നയിക്കുന്നു. സഭയാകുന്ന മണവാട്ടി ദൈവത്തിന്റെ കുഞ്ഞാടാകുന്ന യേശുക്രിസ്തുവിനോടുകൂടെ നിത്യമായ വിവാഹത്തിൽ ഏർപ്പെടുമ്പോൾ ആ ദിനം ആഗതമാകും (വെളിപ്പാട് 19:7-9). സുവിശേഷത്തിന്റെ പ്രാഥമികവിളി എന്നത്, നരകത്തിൽ നിന്ന് രക്ഷപ്പെടുത്തുവാനോ പ്രശ്നങ്ങളുടെ പരിഹാരങ്ങൾക്കോ, പാപങ്ങൾ കഴുകിക്കളയുവാനോ അല്ല, മറിച്ച് ക്രിസ്തുവിലൂടെ ദൈവവുമായുള്ള ഉറ്റ ചങ്ങാത്തത്തിലേക്കു പ്രവേശിക്കുവാനുള്ള വിളിയാണത്.

2) മത്തായി 28:18-20

ക്രിസ്തുവിൽ ദൈവവുമായി അടുത്ത സ്നേഹബന്ധത്തിലേക്ക് പ്രവേശിച്ചവർ ലോകത്തിന് ദൈവത്തിന്റെ ഹൃദയം പങ്കുവയ്ക്കുവാൻ വരുന്നു. ദൈവവുമായി ബന്ധത്തിലിരിക്കുന്ന അവർ അവനെ പ്രതിനിധീകരിക്കുന്ന മേലങ്കി ധരിക്കേണം. യേശു പറഞ്ഞതുപോലെ: നിങ്ങളുടെ കർത്താവവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം, അതുപോലെ നിങ്ങളുടെ അയൽക്കാരനെയും നിങ്ങളെപ്പോലെ തന്നെ സ്നേഹിക്കേണം. ന്യായപ്രമാണവും പ്രവാചകന്മാരും ഇതിൽ തൂങ്ങിനിൽക്കുന്നു എന്നത് വളരെ പ്രധാനമാണ്. ഇത് മറ്റൊരു വിധത്തിൽ വ്യക്തമാക്കുകയാണെങ്കിൽ: ദൗത്യത്തിൽ നിലനിൽക്കുന്ന ദൈവവുമായി ബന്ധപ്പെടേണമെങ്കിൽ, ആ ദൗത്യവുമായി ബന്ധപ്പെട്ടേ മതിയാകൂ. കൃപയുടെ സുവിശേഷത്തെക്കുറിച്ചുള്ള അറിവ് ലോകത്തിൽ നിറയ്ക്കേണമെന്ന ദൗത്യത്തിന്റെ ഉദ്ദേശ്യം പുനരുത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും ഇടയിലുള്ള വേളയിൽ കർത്താവ് വിശദമാക്കിയിരുന്നു.

സുവിശേഷത്തിന്റെ ആഹ്വാനത്തോട് പ്രതികരിക്കുകയും അതുവഴി ക്രിസ്തുവിന്റെ മരണത്താൽ ലഭിച്ച യോഗ്യതയിലൂടെ ദൈവവുമായുള്ള ബന്ധത്തിൽ ഏർപ്പെടുകയും ചെയ്ത ദൈവജനം ദൈവത്തെ അറിയുവാനും അവന്റെ ഹൃദയമിടിപ്പ് അനുഭവിക്കുവാനും അവന്റെ ദർശനം പങ്കുവയ്ക്കുവാനും തുടങ്ങുന്നു. അവർ അങ്ങനെ ചെയ്യുമ്പോൾ, ആളുകളോടുള്ള ദൈവത്തിന്റെ ആഴമായ അനുകമ്പ അവർ മനസ്സിലാക്കുകയും സ്നേഹപൂർവ്വമായ ആരാധനയിൽ ലോകം മുഴുവൻ അവനോട് പ്രതികരിക്കേണമെന്ന അവന്റെ ആഗ്രഹത്തിൽ പങ്ക് ചേരുകയും ചെയ്യുന്നു. ഇത് അവർക്ക് മുന്നമേ ഇല്ലാത്ത ഒരു അവബോധമാണ്. ദൈവജനത്തിന്റെ മേൽ ദൈവം ധാരാളമായും സൗജന്യമായും പകർന്നിരിക്കുന്ന കൃപയെക്കുറിച്ച് അവർ മനസ്സിലാക്കുന്നതിനാൽ, മറ്റുള്ളവരും ഇത് പ്രാപിക്കേണമെന്ന് അവർ ആഗ്രഹിക്കുന്നു.

ലോകം മുഴുവൻ ദൈവകൃപയെക്കുറിച്ചുള്ള അവബോധം നിറയ്ക്കുക എന്ന ദൗത്യത്തിന്റെ ഉദ്ദേശ്യം, വ്യക്തിപരമായ ബന്ധത്തിന്റെയും ആത്മീയ അവബോധത്തിന്റെയും തലത്തിൽ മാത്രം അവശേഷിക്കുന്നില്ല. സ്വർഗ്ഗാരോഹണത്തിന് മുമ്പ് കർത്താവ് തന്റെ ശിഷ്യന്മാർക്ക് നൽകിയ മഹാനിയോഗത്തിന്റെ വ്യവസ്ഥകളിലും അത് വ്യക്തമായി ദർശിക്കാവുന്നതാണ്.

മരണത്തിൽ നിന്നും കർത്താവ് ഉയിർത്തെഴുന്നേറ്റശേഷം, യേശു തന്റെ പതിനൊന്ന് ശിഷ്യന്മാർക്കും മറ്റ് അനേകർക്കും നാൽപ്പതു ദിവസകാലയളവിൽ പ്രത്യക്ഷനായിക്കൊണ്ട് തന്റെ പുനരുത്ഥാനത്തിന് ധാരാളം തെളിവുകൾ നൽകി (മത്തായി 28:9-10; ലൂക്കോസ് 24:13-49; യോഹന്നാൻ 20:10-21; അപ്പൊസ്തല പ്രവർത്തികൾ 1:3). ഈ കാലഘട്ടത്തിനുശേഷം അവൻ തന്റെ ശിഷ്യന്മാരുടെ ദൃഷ്ടികൾക്കു മുമ്പാകെ സ്വർഗ്ഗാരോഹണം ചെയ്തു (അപ്പൊസ്തല പ്രവർത്തികൾ 1:9). സ്വർഗ്ഗാരോഹ

ണത്തിനു മുമ്പ്, കൃപയുടെ സുവിശേഷം ലോകമെമ്പാടും എത്തിക്കുവാനുള്ള ദൗത്യത്തെക്കുറിച്ച് കർത്താവ് തന്റെ ശിഷ്യന്മാരോട് വ്യക്തമായി പ്രസ്താവിച്ചു.

ഓരോ സുവിശേഷ വിവരണത്തിന്റെ അന്ത്യഭാഗത്തും ദൈവത്തിന്റെ ദൗത്യത്തെക്കുറിച്ചുള്ള പ്രദർശനം വളരെ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. ഓരോ അവസരത്തിന് അനുസരിച്ച് വ്യത്യസ്തമായ ഊന്നലുകളാണ് ഉള്ളത്. എന്നാൽ ആ വിവരണങ്ങളെല്ലാം ചേർത്ത് വായിച്ചാലുള്ള അതിന്റെ സ്വാധീനം ശക്തവും സമഗ്രവുമാണ്.

ഈ മഹാദൗത്യത്തെ വാക്കുകളാൽ രൂപപ്പെടുത്തിയിരിക്കുന്ന രീതിക്ക് സുവിശേഷ വിവരണങ്ങളിൽ വ്യത്യാസങ്ങളുണ്ട്. എന്നാൽ, ഈ വിവരണങ്ങളെ കൂട്ടിച്ചേർത്തുവായിച്ചാലുള്ള അതിന്റെ സ്വാധീനം ശക്തവും സമഗ്രവുമാണ്. മർക്കോസിന്റെ സുവിശേഷ വിവരണം സുവിശേഷീകരണത്തിന് പ്രാധാന്യം നൽകുന്ന പ്രകൃതമാണ്. അതോടൊപ്പം ദൗത്യത്തെ ഒരു കല്പനയുടെ രൂപത്തിൽ രൂപപ്പെടുത്തിയിരിക്കുന്നു:

‘‘നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും’’ (മർക്കോസ് 16:15-16).

ലൂക്കോസ് തന്റെ പ്രബന്ധത്തിന്റെ ആദ്യപകുതിയുടെ (അത് ലൂക്കോസിന്റെ സുവിശേഷം ആണെന്ന് നമുക്ക് അറിയാം) ആവസാനവും, രണ്ടാം പകുതിയുടെ തുടക്കത്തിലും (അതിനെ നാം വിളിക്കുന്നത് അപ്പൊസ്തല പ്രവർത്തികൾ എന്നാണ്) സുവിശേഷം കൈമാറുവാനുള്ള യേശുവിന്റെ വാക്കുകളാണ് കാണുന്നത്. മർക്കോസിൽ നിന്ന് വ്യത്യസ്തമായി ഒരു അവസരത്തിലും ലൂക്കോസ് ഒരു കല്പനയുടെ രൂപം പ്രയോഗിച്ചിട്ടില്ല. മറിച്ച് യരുശലേമിൽ നിന്ന് ഭൂമിയുടെ അറ്റംവരെയുള്ള സുവിശേഷത്തിന്റെ പുരോഗതിയെക്കുറിച്ച് അദ്ദേഹം വിവരിക്കുന്നു, കൂടാതെ ഈ ദൗത്യം നിറവേറ്റേണമെങ്കിൽ ദൈവത്തിന്റെ ശക്തി ആവശ്യമാണെന്ന് പ്രസ്താവിക്കുന്നു:

> ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കുകയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു... എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെമേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്ന് ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നും അവരോടു പറഞ്ഞു (ലൂക്കോസ് 24:46-47, 49).
>
> എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു (അ.പ്രവർത്തികൾ 1:8).

മാത്തായി, മർക്കോസ്, ലൂക്കോസ് എന്നീ മറ്റ് സുവിശേഷകരുമായി താരതമ്യപ്പെടുത്തുമ്പോൾ അവർ വിവരിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി പുനരുത്ഥാനശേഷമുള്ള സംഭവങ്ങളെ യോഹന്നാൻ വിവരിക്കുന്നു. സുവിശേഷം ലോകത്തിലേക്ക് എത്തിക്കുകയെന്ന ദൗത്യത്തോടനുബന്ധിച്ച് ഭൂമിശാസ്ത്രപരമായ പരിധികളെക്കുറിച്ച് യോഹന്നാൻ പ്രത്യേകം എഴുതിയിട്ടില്ല. എന്നാൽ താൻ നിറവേറ്റുവാൻ അയച്ച അതേ ദൗത്യത്തിൽ മുഴുകുവാനായി യേശു ശിഷ്യന്മാർക്ക് വ്യക്തമായി അധികാരം നൽകിയ സന്ദർഭം അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

> യേശു പിന്നെയും അവരോട്: നിങ്ങൾക്ക് സമാധാനം; പിതാവു എന്നെ അയച്ചതു പോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെമേൽ ഊതി അവരോട്: പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു. (യോഹന്നാൻ 20:21-23).

പാപങ്ങൾ ക്ഷമിക്കുവാനുള്ള അധികാരത്തെക്കുറിച്ചുള്ള പ്രസ്താവനയുടെ യഥാർത്ഥമായ അർത്ഥത്തെക്കുറിച്ച് സംവാദത്തിൽ ഏർപ്പെട്ട് കലഹം ഉണ്ടാക്കുകയല്ല നമ്മുടെ ഉദ്ദേശ്യം! യേശു താൻ തന്നെ ഏർപ്പെട്ടിട്ടില്ലാത്ത ഒരു ദൗത്യത്തിനായി തന്റെ ശിഷ്യന്മാരെ അയച്ചിരുന്നില്ല എന്ന പൊതുവായ വിശ്വസമാണ് ഈ ഭാഗത്തെക്കുറിച്ചുള്ളത്. യഥാർത്ഥത്തിൽ യേശുവിന്റെ ദൗത്യപൂർത്തീകരണത്തിൽ യേശുവിനോടൊപ്പവും യേശുവിനു വേണ്ടിയും അവരെയും ഉൾപ്പെടുത്തി. തന്റെ ദൗത്യം നിറവേറ്റുവാൻ യേശുവിനെ ആത്മീയാധികാരത്തോടെ അയച്ചതുപോലെ, തന്റെ നാമത്തിൽ പോകുവാനായി ശിഷ്യന്മാരെ അധികാരപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തു.

മത്തായി സുവിശേഷം 28-ാം അദ്ധ്യായത്തിൽ മഹനിയോഗം സമഗ്രമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. യേശു ഉയർത്തപ്പെടുകയും അവന്റെ ശരീരമാകുന്ന സഭ ഇപ്പോൾ ലോകത്തലിൽ ആയിരിക്കുകയും ചെയ്യുന്നുവെങ്കിലും അവന്റെ ഉദ്ദേശ്യത്തിന് ഒരു മാറ്റവുമില്ലാതെ പൂർണ്ണമായും ശേഷിക്കുന്നു. കൃപയുടെ സുവിശേഷത്താൽ ലോകം നിറയപ്പെട്ടു കാണേണമെന്നുള്ളതാണ് ഇന്നും യേശുവിന്റെ ഉദ്ദേശ്യം.

മത്തായി സുവിശേഷത്തിൽ കാണപ്പെടുന്ന മഹാനിയോഗം എന്നതിലേക്ക് നാം ഇപ്പോൾ മടങ്ങിപ്പോകുകയാണ്. ഈ കാണുന്ന മൂന്നു വാക്യങ്ങളെ ഒരുമിച്ചു ചേർത്താണ് മഹാനിയോഗം എന്ന് പറയപ്പെടുന്നത്. മുമ്പെ പ്രസ്താവിച്ച വേദഭാഗങ്ങളോടനുബന്ധിച്ച് മത്തായിയുടെ വിവരണങ്ങൾ പ്രാധാന്യത്തിൽ കൂടുതലോ കുറവോ ആണെന്നുള്ളതല്ല. എങ്ങനെയായാലും, ഇത് മഹാനിയോഗവുമായി ബന്ധപ്പെട്ടുള്ള ഭാഗങ്ങളുടെ ഏറ്റവും വിശദമായ വിവരണമാണിത്:

> യേശു അടുത്തു ചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കൽപ്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു. (മത്തായി 28:18-20).

സൃഷ്ടിക്കപ്പെട്ട എല്ലാ ക്രമീകരണത്തിന്റെയും മേൽ യേശുവിന്റെ സമ്പൂർണ്ണ അധികാരത്തെക്കുറിച്ചുള്ള പ്രസ്താവനയാണ് മഹാനിയോഗത്തിന് മുമ്പുള്ളത്. *എക്സൗസിയ* എന്ന ഗ്രീക്കുപദം അധികാരത്തിന്റെയും അധികാരപരിധിയുടെയും ഒരു സമ്പൂർണ്ണ രൂപത്തെ അർത്ഥമാക്കുന്നതാണ്. ഭൗമിക ജീവിതത്തിൽ ദാസത്വത്തിലേക്കും തുടർന്ന് മരണത്തിലേക്കും എളിമപ്പെട്ടവൻ (മത്തായി 1-27; ഫിലപ്പിയർ 2:6-8) ഇപ്പോൾ മഹത്വജീവതത്തിലേക്കുള്ള പുനരുത്ഥാനത്തിന് പ്രതിഫലം പ്രാപിച്ചു (മത്തായി 28:18; ഫിലിപ്പിയർ 2:9-11). ഏറ്റവും ഉന്നതസ്ഥാനത്തേക്ക് എടുക്കപ്പെടുകയും ഏറ്റവും അധികാരമുള്ള സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയും ചെയ്തിട്ടും ഒരു ഭൗമികനായ രാജാവിന്റെ നിലവാരത്തിൽ, യേശു തന്നെ ഉപദ്രവിച്ചവരെയും, ലോകത്തെയും അവർ അർഹിക്കുന്നതിനനുസരിച്ച് അവരോട് പ്രതികാരം ചെയ്യുന്നില്ല.

യേശു ഇപ്പോൾ ഉന്നതമായ അവസ്ഥയിലായിരുന്നാലും അവന്റെ കൃപയും ഉദ്ദേശ്യവും യാതൊരു മാറ്റവുമില്ലാതെ തുടരുന്നു. അവന്റെ ഉദ്ദേശ്യം എന്തായിരുന്നോ, യേശു സാരാംശത്തിൽ എങ്ങനെയായിരുന്നോ, അവൻ ആന്നും ഇന്നും അങ്ങനെതന്നെയാണ് (എബ്രായർ 13:8). തന്റെ മനുഷ്യാവതാരത്തിനു പിന്നിൽ തന്റെ ചേതോവികാരം എന്തായിരുന്നോ, അതായത്, ലോകം മുഴുവനും കൃപയുടെ സുവിശേഷത്താൽ നിറയേണം എന്ന ചേതോവികാരത്തോട് അവൻ ഇപ്പോഴും പ്രതിജ്ഞാബദ്ധനാണ്. എന്നുവരികിലും, ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുവാനായുള്ള ഉപാധി എന്നത് സഭയായിരുന്നു. ശിഷ്യന്മാർ എല്ലാവരും ക്രിസ്തുവിന്റെ അധികാരത്തിൽ ലോകത്തിന്റെ എല്ലാ ദിക്കുകളിലേക്കും പോയി സകലരെയും ശിഷ്യരാക്കേണ്ടതായിരുന്നു (മത്തായി 28:19). കൃപയുടെ സുവിശേഷത്തിന്റെ പ്രയാണം ചെയ്യുവാനുള്ള കല്പനയാണ് മഹാനിയോഗം.

‘‘എല്ലാ രാജ്യങ്ങളും’’ എന്നു പറയുന്നത് രാഷ്ട്രീയ അസ്ഥിത്വങ്ങളെയല്ല മറിച്ച് വംശീയ വിഭാഗങ്ങളെയാണ് സൂചിപ്പിക്കുന്നത്. വിജാതീയരായ ആളുകൾക്ക് കൃപയുടെ സുവിശേഷം എത്തിച്ചുകൊടുക്കുവാൻ യഹൂദ ശിഷ്യന്മാർക്കും ആദ്യകാല യഹൂദാസഭയ്ക്കും അവരുടെ മനോഭാവത്തിനും കാഴ്ചപ്പാടിനും വലിയ മാറ്റം ആവശ്യമായിരുന്നു. ദൈവത്തിന്റെ സാർവ്വലൗകികമായ, സകലരാജ്യങ്ങളും എന്ന ഉദ്ദേശ്യത്തിലേക്ക് അവർ വളരെ സാവധാനമാണ് പ്രവേശിച്ചത്. പഴയനിയമം പോലും സകലരാജ്യങ്ങളെയും അനുഗ്രഹിക്കുകയെന്ന ദൈവോദ്ദേശ്യത്തെയാണ് സൂചിപ്പിക്കുന്നത്.

ഇതേ ശിഷ്യന്മാരെത്തന്നെ മുമ്പ് യഹൂദന്മാരുടെ ഇടയിൽ മാത്രം സുവിശേഷം അറിയിക്കുവാനായി അയച്ചിരുന്നു (മത്തായി 10:5). എന്നാൽ ഇപ്പോൾ, ‘‘എല്ലാ രാജ്യങ്ങളിലും’’ കേന്ദ്രീകരിക്കേണ്ടിവരുന്നു. ‘എത്നേ’ എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം രാഷ്ട്രങ്ങൾ എന്നർത്ഥം വരുന്ന കുടുംബങ്ങൾ, ഗോത്രങ്ങൾ വംശീയവിഭാഗങ്ങൾ എന്നാണ്. ഇത് രാഷ്ട്രീയ അസ്ഥിത്വങ്ങൾക്ക് ചേരുന്നവിധമല്ല. ശിഷ്യന്മാർ യഹൂദന്മാരാണെന്ന് ഓർക്കുക. പുറജാതീയരുടെ അടുക്കലേക്ക് ഈ നിയോഗവുമായി പോകുകയും അവരുടെ ഇടയിൽ ഈ നിയോഗം പ്രായോഗികമാക്കുകയും ചെയ്യുന്നെങ്കിൽ അവരുടെ കാഴ്ചപ്പാടുകൾക്ക്, അത് അവരെ സംഭ്രാന്തരാക്കുന്നത് ആണെങ്കിൽക്കൂടി, മാറ്റം അനിവാര്യമാണ്. ആദ്യകാലങ്ങളിൽ, പുതിയതും യഹൂദാ ആധിപത്യമുള്ള സഭകളുമായ അവരെ സംബന്ധിച്ച് യഹൂദേതരുടെ അടുത്തേക്ക് സുവിശേഷം കൊണ്ടുപോകുന്നതിൽ വിഷമമുണ്ടെന്നതിൽ അതിശയോക്തിയില്ല.

അപ്പൊസ്തല പ്രവർത്തികളുടെ പുസ്തകത്തിൽ, ചില പ്രധാന ചുവടുവയ്പ്പുകളെ ലൂക്കോസ് രേഖപ്പെടുത്തുന്നു. പെന്തെക്കോസ്തു ദിനത്തിലും അതിനുശേഷവും യരുശലേമിൽ സഭയുടെ ആരംഭം ഉണ്ടായിരുന്നു, കൂടാതെ യരുശലേം സഭ അതിവേഗം വളർച്ച നേടുന്ന അനുഭവവും ഉണ്ടായി. പീഢനകാലഘട്ടത്തിനു ശേഷം മാത്രമാണ് ശിഷ്യന്മാർ സുവിശേഷവുമായി യഹൂദ്യയിലേക്കും ശമര്യയിലേക്കും കടന്നുപോയത്. ശമര്യരുടെ പട്ടണങ്ങളിൽ സുവിശേഷം എത്തിച്ചവനും (അപ്പൊസ്തല പ്രവർത്തികൾ 8:1), യഹൂദാമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട ആഫ്രിക്കൻ ഷണ്ഡനെ സ്നാനമേൽപ്പിച്ചവനുമായ (അപ്പൊസ്തല പ്രവർത്തികൾ 8:26-39) ഫിലിപ്പോസും ഈ കൂട്ടത്തിലുണ്ടായിരുന്നു.

ആദ്യത്തെ വിജാതീയ മതപരിവർത്തനത്തിന് അപ്പൊസ്തലനായ പത്രോസ് സാക്ഷ്യം വഹിച്ചു, എന്നാൽ ഒരു ദർശനം ലഭിച്ചതിനുശേഷം മാത്രമാണ് ഇത് സംഭവിച്ചത് (അപ്പൊസ്തല പ്രവർത്തികൾ 10:9-48). അപ്പോഴും, വിജാതീയർക്ക് ആത്മാവിനെ നൽകുന്നതിലെ എതിർപ്പ് പ്രാരംഭത്തിൽ തന്നെ ഉന്നയിച്ചിട്ടാണ് ദൈവത്തിന്റെ ഈ വ്യക്തമായ ഉദ്ദേശ്യം താൻ അംഗീകരിച്ചത്. (അപ്പൊസ്തല പ്രവർത്തികൾ 10:14; 11:18). എങ്ങനെയായാലും കോർന്നല്യോസിന്റെ ഭവനത്തിൽ ആത്മാവിന്റെ

ഈ പകർച്ചയുടെ ഫലമായി, ‘‘ദൈവം ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം നല്കി’’ എന്നു പത്രോസും യഹൂദ്യയിലെ സഭയും പറയത്തക്കവണ്ണം കാര്യങ്ങൾ ഗ്രഹിക്കുവാൻ തുടങ്ങി (അപ്പൊസ്തല പ്രവർത്തികൾ 11:18).

ഇത്രയും വലിയ പരിവർത്തനം ഉണ്ടായിട്ടുകൂടി, അന്ത്യോഖ്യയിൽ ഉള്ള യഹൂദരും യവനന്മാരും ഒരേസമയമോ അല്ലെങ്കിൽ ഒരേ ആളുകളിൽ നിന്നോ സുവിശേഷം സ്വീകരിച്ചില്ല (അ.പ്രവർത്തികൾ 11:19–21). ക്രിസ്തുവിന്റെ ഏകശരീരമായ സഭയിൽ യഹൂദരും യവനരും ഒരുമിച്ചു ചേരുക എന്ന ദൈവോദ്ദേശ്യത്തെ വളരെ സാവധാനത്തിൽ മാത്രമേ സഭയ്ക്ക് ഉൾക്കൊള്ളുവാൻ കഴിഞ്ഞുള്ളൂ. അതിനാൽ, ജാതികളുടെ അപ്പൊസ്തലനായ പൗലോസ് സഭകളോട് ഈ മഹത്തായ മർമ്മത്തെക്കുറിച്ച് എപ്പോഴും സംസാരിക്കുകയും എഴുതുകയും ചെയ്തിരുന്നു എന്നത് യാദൃശ്ചികമോ ആശ്ചര്യമോ അല്ല (റോമർ 9:11; എഫെസ്യർ 2:11–3:11).

മത്തായി സുവിശേഷം 28 ലും മറ്റ് സുവിശേഷ വിവരണങ്ങളിലും ദൈവോദ്ദേശ്യത്തെക്കുറിച്ച് പ്രകടിപ്പിച്ചതുപോലെയായിരുന്നില്ല ഈ ഘട്ടത്തിൽ ആദ്യമായി പരാമർശിക്കുന്നത്. ലോകം മുഴുവനും തന്റെ കൃപയുടെ ബഹുത്വത്തെ പ്രദർശിപ്പിക്കേണമെന്ന ദൈവത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് പഴയനിയമത്തിൽ ആദിമുതലേ ദർശിക്കാവുന്നതാണ്. ‘‘നിന്നാൽ ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും’’ എന്ന് ദൈവം അബ്രാഹാമിനോടു വാഗ്ദത്തം ചെയ്തു (ഉല്പത്തി 12:2). ശലോമോന്റെ സങ്കീർത്തനത്തിൽ ഭൂമിയിലെ സകലജാതികളും രാജസന്തതിയാൽ അനുഗ്രഹിക്കപ്പെടുന്നതിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. (സങ്കീർത്തനം 72:17).

യെശയ്യാ പ്രവാചകൻ കർത്താവിന്റെ ദാസനെക്കുറിച്ച് ധാരാളം ഗീതങ്ങൾ എഴുതിയിട്ടുണ്ട്. തന്റെ ഈ വാക്കുകളിലൂടെ യെശയ്യാവ് യിസ്രായേലിനെക്കുറിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും, പ്രവചനാത്മകമായി യേശുവിനെയാണ് താൻ ചൂണ്ടിക്കാണിക്കുന്നത് എന്ന് ഏവരും പൊതുവെ അംഗീകരിക്കുന്ന കാര്യമാണ്. കർത്താവിന്റെ ദാസൻ ജാതികൾക്ക് ഒരു പ്രകാശമായിരിക്കുമെന്ന് യെശയ്യാപ്രവാചകൻ പ്രവചിച്ചിരുന്നു (യെശയ്യാ 42:6). ഇതേ വാക്യം തന്നെ, ‘‘എന്റെ രക്ഷ ഭൂമിയുടെ അറ്റത്തോളം എത്തേണ്ടതിന് ഞാൻ നിന്നെ ജാതികൾക്ക് പ്രകാശമാക്കി വച്ചിരിക്കുന്നു’’ (യെശയ്യ 49:6) എന്ന വാക്യത്തോടനുബന്ധിച്ച് മറ്റൊരു ദാസത്വഗീതത്തിലും ആവർത്തിക്കുന്നുണ്ട്. ഈ പുസ്തകത്തിലെ തന്നെ മറ്റു ചില വാക്യങ്ങളും ദൈവോദ്ദേശ്യത്തിന്റെ ലോകവ്യാപകമായ ലക്ഷ്യത്തിലേക്കും വിരൽ ചൂണ്ടുന്നുണ്ട് (ഉദാഹരണത്തിന്, യെശയ്യാ 59:19; 60:3).

യേശുവിന്റെ ശിഷ്യന്മാരോടുള്ള കല്പന സുവിശേഷീകരണം മാത്രമല്ല, മറിച്ച് ശിഷ്യന്മാരെ ഉളവാക്കുക എന്നതും കൂടിയാണ്. ഒരു നൈപുണ്യവാനായ ഗുരുവിൽ നിന്ന് ഒരുവൻ (ഒരുവൾ) തന്റെ തൊഴിലിനെ സംബന്ധിച്ച് പരിശീലനം പ്രാപിക്കുന്നവനാണ് ശിഷ്യൻ. മറ്റുള്ളവരെ ശിഷ്യപ്പെടുത്തുന്ന പ്രക്രിയയിൽ സ്നാനമേൽക്കുന്നതും അനുസരിക്കുവാനായി പഠിപ്പിക്കുന്നതും ഉൾപ്പെടുന്നു.

മഹാനിയോഗത്തിൽ യേശുവിന്റെ ശിഷ്യന്മാരോടുള്ള തന്റെ കല്പന ‘‘പോയി സകലജാതികളെയും ശിഷ്യരാക്കുക’’ എന്നതായിരുന്നു (മത്തായി 28:19). മർക്കോസിന്റെ സുവിശേഷത്തിലെ ‘‘എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക’’ എന്നതിനേക്കാൾ വ്യത്യസ്തമായ വെല്ലുവിളി നിറഞ്ഞതായിരുന്നു ഇത് (മർക്കോസ് 16:16). സുവാർത്തയുടെ പ്രഖ്യാപനം ആയ സുവിശേഷീകരണം എന്നത്, ഈ പ്രക്രിയയുടെ സുപ്രധാനമായ ആദ്യഘട്ടമായി കാണാവുന്നതാണ്. ആളുകൾ സുവിശേഷഘോഷണം കാണുകയോ കേൾക്കുകയോ വായിക്കുകയോ ചെയ്യുമ്പോൾ, പരിശുദ്ധാത്മാവ് അവരിൽ പാപത്തെക്കുറിച്ചുള്ള ബോധ്യവും, ദൈവകൃപയുടെ ശക്തിയെക്കുറിച്ചുള്ളതും, പാപം ക്ഷമിച്ച്

അതിൽനിന്ന് രക്ഷിക്കുവാനുള്ള അവന്റെ കഴിവിനെക്കുറിച്ചുമുള്ള വിശ്വാസവും നൽകുന്നു.

സുവിശേഷത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ദൈവകൃപയോടുള്ള മനുഷ്യന്റെ പ്രതികരണം പൊതു സമൂഹത്തിനുമുമ്പാകെ ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ തുറന്ന ഏറ്റുപറച്ചിലിലേക്കു നയിക്കുന്നു. തിരുവെഴുത്തിനനുസാരമായി, ജലസ്നാനത്തോടനുബന്ധിച്ചുള്ള സമയത്താണ് ഇത് സംഭവിക്കുന്നത്. സ്നാനം എന്നത്, പാപത്തിലുള്ള പഴയ ജീവിതത്തിന്റെ അവസാനവും, ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിന്റെ ആരംഭവും, ശിഷ്യത്വജീവിത്തിലേക്കുള്ള തുടക്കം എന്നിവയുടെയും അടയാളമാണ് (അപ്പൊസ്തല പ്രവർത്തികൾ 2:38, 41; 9:18; 10:48; റോമർ 6:2-4; തിത്തൊസ് 3:4-7).

സ്നാനത്തെ സംബന്ധിച്ചുള്ള വിവാദങ്ങൾ സഭയെ മൂടുവാൻ തുടങ്ങിയിട്ട് നൂറ്റാണ്ടുകളായി. സ്നാനവേളയിൽ യേശു നിർദ്ദേശിച്ച രീതിയായ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമം ഉപയോഗിക്കുന്നുവെങ്കിൽ മാത്രമേ സ്നാനം എന്ന പ്രക്രിയക്ക് സാധുതയുള്ളൂ എന്ന് കുറെപ്പേർ വാദിക്കുന്നു. മറ്റുള്ളവർ ഇതിനെതിരെ വാദിക്കുവാനായി ഉപയോഗിക്കുന്ന കാര്യം എന്നത്, സ്നാനസമയത്ത് ത്രിത്വത്തിന്റെ നാമത്തിൽ, അതായത് ദൈവത്തിന്റെ ജീവനും ശക്തിയും, ഒരു വ്യക്തി സ്നാനം ഏൽക്കുമ്പോൾ, ആ സമയത്ത് സംസാരിക്കുന്ന വാക്കുകൾക്ക് യാതൊരുവിധ മാന്ത്രികസൂത്രവാക്യത്തിന്റെയും ശക്തി ഇല്ല എന്നതാണ്.

എങ്ങനെയായാലും, സ്നാനം നടത്തുന്ന രീതിയെ സംബന്ധിച്ചുള്ളതാണ് വിവാദത്തിന്റെ പ്രധാനപ്പെട്ട മേഖല. ഏറ്റുപറയുന്ന വിശ്വാസികളെ മുഴുകൽസ്നാനം നൽകുന്നതാണ് ശരിയായ സ്നാനരീതി എന്ന് ഒരുകൂട്ടർ ശഠിക്കുന്നു. മറ്റൊരുകൂട്ടർ പറയുന്നത്, വിശ്വാസികളുടെ മക്കാളായ കുഞ്ഞുകുട്ടികൾ ദൈവത്തിന്റെ കൃപയുടെ ഉടമ്പടിയിൽ ഉൾപ്പെട്ടവരാണെന്നും അവരെ സ്നാനം കഴിപ്പിക്കുന്നതിലൂടെ അത് ഉറപ്പിക്കുന്നതും സ്നാനം അതിന്റെ അടയാളവുമാണെന്നാണ്. സാധാരണയായി കഞ്ഞുങ്ങളെ സ്നാനം കഴിപ്പിക്കുന്നത് അവരുടെ നെറ്റിമേൽ വെള്ളം തളിച്ചുകൊണ്ടാണ്. സ്നാനത്തെ ചുറ്റിപ്പറ്റിയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതല്ല ഈ പുസ്തകത്തിനുള്ള ലക്ഷ്യം.

മാത്തെറ്റെസ് എന്ന ഗ്രീക്കുപദത്തിന്റെ അടിസ്ഥാനത്തിൽ, ഒരു ശിഷ്യൻ എന്നു പറയുന്നത്, പഠനപ്രക്രിയയിൽ തുടർമാനമായി നിലകൊള്ളുന്നവൻ എന്നതാണ്. ഒരു അദ്ധ്യാപകനോടും ഉപദേശകനോടും ബന്ധപ്പെട്ടു നിൽക്കുന്ന വ്യക്തിയായ ഒരുവനോ (ഒരുവൾക്കോ), കേവലം പാഠ്യസംബന്ധിയായ വിവരങ്ങൾ കൈമാറ്റം ചെയ്യപ്പെടേണം എന്ന അർത്ഥത്തിലല്ല, മറിച്ച് മാതൃകയായി നിന്ന് പരിശീലിപ്പിക്കുന്നവനായിരിക്കേണം എന്നതാണ്. അങ്ങനെയുള്ള ഒരു ഗുരുവിനോട് ശിഷ്യൻ ആശയവിനിമയം ചെയ്യുകയും അതിലൂടെ പഠിപ്പിച്ച കാര്യങ്ങൾ പ്രായോഗികമാക്കുകയും ചെയ്യുന്നു. ഇക്കാരണത്താൽ, അപ്രന്റിസ് എന്ന ഇംഗ്ലീഷ് പദം വിദ്യാർത്ഥി എന്ന അർത്ഥത്തേക്കാൾ ശിഷ്യൻ എന്ന അർത്ഥത്തോടാണ് കൂടുതൽ ചേർന്നു നിൽക്കുന്നത്.

ക്രിസ്തീയ ശിഷ്യത്വ പരിശീലനത്തിന്റെ ഉള്ളടക്കം എന്നത് ഉപദേശപരമായുള്ളതിനേക്കാൾ ധാർമികതയിൽ ഊന്നിയുള്ളതാണ്. പരിശീലന കാലയളവിന്റെ അന്ത്യത്തിൽ ശിഷ്യൻ എഴുത്തുപരീക്ഷയിൽ ഇരുന്ന് അതിൽ വിജയിക്കുകയല്ല ലക്ഷ്യം. മറിച്ച്, ശിഷ്യനായിക്കഴിയുമ്പോൾ, ഈ അപ്രന്റിസ്, ക്രിസ്തുവിൽ ദൈവത്തോടു അടുത്ത ബന്ധം ആസ്വദിക്കുന്നതിനും ക്രിസ്തു കല്പിച്ചതെല്ലാം അനുസരിക്കുവാനായി ജീവിക്കേണം എന്നതാണ് ലക്ഷ്യം. ശിഷ്യനും ശിഷ്യപ്പെടുത്തുന്ന ആളും തമ്മിൽ ഏറ്റവും അടുത്തതും, ആഴമുള്ളതും, ദീർഘകാലം നീണ്ടുനിൽക്കുന്നതുമായ ബന്ധം ആവശ്യമാണ്. ഉപദേശകൻ ക്രിസ്തുവിനോട് സമർപ്പിതനായിരിക്കുന്നതുപോലെ തന്നെ ശിഷ്യൻ തന്റെ ഉപദേശകനോട് സമർപ്പിതനായിരിക്കേണം (1 കൊരിന്ത്യർ 11:1 കാണുക).

ശിഷ്യന്മാർ മറ്റുള്ളവരെ പഠിപ്പിക്കുന്നതുപോലെ, അവർ മറ്റുള്ളവരെ പഠിപ്പിക്കും. അവരുടെ ജീവിതവും സാക്ഷ്യവും പുനരുത്പാദിപ്പിക്കപ്പെടുകയും പെരുകുകയും ചെയ്യുന്നു (2 തിമൊത്തി 2:2). ശിഷ്യരായിരിക്കുവാനും മറ്റുള്ളവരെ ശിഷ്യരാക്കുവാനും ഉള്ള ദീർഘകാലത്തേക്കുള്ളതും വിലയേറിയതുമായ പ്രതിബദ്ധത, എല്ലാ ലോകരാജ്യങ്ങളിലും സുവിശേഷം ജീവിക്കുകയും പ്രസംഗിക്കപ്പെടുന്നതിനനുസരിച്ച് ദൈവരാജ്യം വളരുന്നതിന്നതിനു കാരണമാക്കും. സുവിശേഷം തലങ്ങും വിലങ്ങും പരന്നു കാണേണമെന്നുള്ള ആഗ്രഹം നമുക്ക് ഉണ്ടാകാത്തിടത്തോളം ഈ പ്രക്രിയയ്ക്ക് മറ്റ് കുറുക്കുവഴികൾ ഒന്നുമില്ല. കേൾക്കുന്നവരുടെ ഹൃദയത്തിൽ ആഴത്തിൽ വേരൂന്നിയെങ്കിൽ മാത്രമാണ് അത് സംഭവിക്കുകയുള്ളൂ. ഓരോ ശിഷ്യരിലും സുവിശേഷ കേൾവി ഉണ്ടാകുന്നതിലൂടെ അത് സ്വീകരിക്കപ്പെടുകയും ഉൾക്കൊള്ളുകയും പുനർനിർമ്മിക്കപ്പെടുകയും ചെയ്തു എങ്കിൽ മാത്രമേ സുവിശേഷീകരണത്തിന്റെ പ്രവർത്തി പൂർണ്ണമാകുകയുള്ളൂ. ഈ ദർശനം യേശു വിത്തു വിതയ്ക്കുന്ന വിതക്കാരന്റെ ഉപമയിലൂടെ മമ്പോട്ടു വയ്ക്കുന്നു.

3) മർക്കോസ് 4:1–20

തടാകത്തിലുണ്ടായിരുന്ന ഒരു പടകിലിരുന്ന് യേശു ജനത്തോട് ഉപമകളിലൂടെ സംസാരിച്ചു. സ്വർഗ്ഗീയ യാഥാർത്ഥ്യങ്ങളുടെ ആഴമേറിയ കാര്യങ്ങളെ യേശു വളരെ ലളിതമായി ഉപമകളിലൂടെ ചിത്രീകരിച്ചു. എന്നാൽ ഏറിയപങ്ക് കേൾവിക്കാർക്കും അവയുടെ അർത്ഥമോ പ്രാധാന്യമോ മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ഉപമകളിൽ ഏറ്റവും പരിചിതമായ ഉപമയാണ് വിത്ത് വിതയ്ക്കുന്ന കൃഷിക്കാരന്റെ ഉപമ.

യേശുവിന്റെ ഉപമകളിൽ ഏറ്റവും അറിയപ്പെടുന്ന ഉപമയാണ് മർക്കോസ് 4 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. അത് സുവിശേഷത്തോടുള്ള നമ്മുടെ പ്രാദേശിക ഉത്തരവാദിത്തത്തെ സംബന്ധിച്ച് നാം ചിന്തിക്കുന്ന വിഷയത്തിൽ പ്രസക്തമായതാണ്. ഈ കഥയ്ക്കായുള്ള ക്രമീകരണം തീർച്ചയായും അസാധാരണമാണ്. ഗലീല തടാക്കരയിൽ വലിയ ജനക്കൂട്ടം ആണ് ഉണ്ടായിരുന്നത്. തന്മൂലം അവരോടു സംസാരിക്കുന്നതിനായി ഒരു പടകിൽ കയറി ഇരിക്കുവാൻ താൻ നിർബന്ധിതനായി. (മർക്കോസ് 4:1). യഹൂദന്മാരുടെ രീതിയനുസരിച്ച് പ്രസംഗിക്കുന്നവൻ ഇരുന്നു സംസാരിക്കുമ്പോൾ കേൾവിക്കാർ നിന്നാണ് ശ്രദ്ധിക്കുന്നത് (മർക്കോസ് 4:1).

യേശു സാധാരണയായി ആളുകളോടു സംസാരിക്കുന്നതുപോലെ ഉപമയിലൂടെ (മർക്കോസ് 4:2) അവരോടു സംസാരിച്ചു (ഉദാഹരണമായി, മത്തായി 13:1–53; 25:1–46; ലൂക്കോസ് 15:1–16:9). ഉപമകൾ "സ്വർഗ്ഗീയ അർത്ഥങ്ങൾ ഭൗമീക കഥകളിലൂടെ" വിശദമാക്കപ്പെടുന്നവയായിരുന്നു. യേശുവിനെ കേൾക്കുന്ന ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ അവർ കാണുന്ന യാഥാർത്ഥ്യങ്ങളെ അടിസ്ഥാനപ്പെടുത്തി വളരെ ലളിതമായ കഥാരൂപത്തിലായിരുന്നു അവ. എങ്കിലും അവയിലെല്ലാംതന്നെ പലപ്പോഴും ഒളിഞ്ഞിരിക്കുന്നതും ആഴമേറിയതുമായ അർത്ഥങ്ങൾ ഉണ്ടായിരുന്നു. അവയെല്ലാം സ്വർഗ്ഗരാജ്യത്തിന്റെ ചിത്രീകരണങ്ങളായിരുന്നു. മിക്കവാറുമുള്ള ഉപമകൾ ആരംഭിക്കുന്നതു തന്നെ, "സ്വർഗ്ഗരാജ്യം ഇങ്ങനെയാകുന്നു..." എന്ന് തുടങ്ങുന്ന വാക്കുകളിലൂടെയാണ് (ഉദാ. മത്തായി 22:1).

അവർക്കു ചൂണ്ടിക്കാണിച്ചുകൊടുത്ത ലളിതമായ ഭൗമിക കഥയും രാജ്യത്തിന്റെ സ്വർഗ്ഗീയ യാഥാർത്ഥ്യങ്ങളും തമ്മിലുള്ള ബന്ധം പലപ്പോഴും ശ്രോതാക്കൾക്ക് വ്യക്തമല്ലായിരുന്നു. ഇത് യേശുവിന്റെ ഭാഗത്തുനിന്ന് മനഃപ്പൂർവ്വം ഉണ്ടായതാണെന്ന് തോന്നുന്നു (മർക്കോസ് 4:11–12). അങ്ങനെ ഉപമകൾ യേശുവിന്റെ ശുശ്രൂഷയിൽ നെല്ലും പതിരും വേർതിരിക്കുന്നതുപോലെ വേർതിരിക്കുന്ന പ്രക്രിയയുടെ ഭാഗമായി. ജ്ഞാനികളെന്ന് കരുതിയിരുന്നവർക്ക് മറച്ചുവച്ച് ശിശുക്കൾക്ക് ദൈവം കാര്യ

ങ്ങളെ വെളിപ്പെടുത്തിയത് ഈ ഉപമകളിലൂടെയായിരുന്നു (മത്തായി 11:25-26). അതിനാൽ ഉപമകളിൽ പലതും അവസാനിക്കുന്നത്, ''കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ'' എന്ന വാക്കുകളിലൂടെയും ആയിരുന്നു. (മർക്കോസ് 4:9).

മർക്കോസ് 4 ൽ പറഞ്ഞിരിക്കുന്നതും വിശദീകരിച്ചിരിക്കുന്നതുമായ ഉപമ, മറ്റ് സമാന്തരസുവിശേഷങ്ങളിൽ കാണപ്പെടുന്ന 6 ഉപമകളിൽ ഒന്നാണ് (ഇത് മത്തായി 13:1-23; ലൂക്കോസ് 8:1-15 എന്നിവയിലും കാണപ്പെടുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ ഉപമകൾ ഒന്നുംതന്നെയില്ല.) ഉപമകളിൽ ഏറ്റവും പ്രചാരമേറിയ ഒന്നാണ് ഇത്. യേശു തന്റെ ശിഷ്യന്മാരോടും ജനക്കൂട്ടത്തോടും പറഞ്ഞ പല കഥകളിലൊന്നായ ഈ കഥ ശിഷ്യന്മാരും ജനങ്ങളും യേശുവിൽ നിന്ന് വിവരിച്ചു കേട്ടു (മർക്കോസ് 4:1-2). പിന്നീട് ശിഷ്യന്മാർ യേശുവിനോടൊപ്പം തനിച്ചിരിക്കുമ്പോൾ ഉപമകളുടെ അർത്ഥം അവർ അവനോടു ചോദിച്ചു (മർക്കോസ് 4:10). അതിന്റെ സ്വർഗ്ഗീയ അർത്ഥം യേശു അവർക്ക് വിശദീകരിച്ചു കൊടുത്തു (4:13-20).

ലോകമാകുന്ന വിളഭൂമിയിൽ വിത്തു വിതയ്ക്കുവാനായി വിളിക്കപ്പെടുന്ന വിതക്കാരനെ സഭ പ്രതിനിധാനം ചെയ്യുന്നു. ദൈവജനം വിത്തു വിതയ്ക്കുവാനായി നിലം തയ്യാറാക്കുന്നതിന്റെയും വിത്തു വിതയ്ക്കുന്നതിന്റെയും പ്രവർത്തികൾക്കു മുമ്പ്, വിജയകരമായ വിളവെടുപ്പിന് മണ്ണിന്റെ ഘടന നിർണ്ണായകമാണ്. നാം ദൈവത്തിൽ ആശ്രയിച്ചിരിക്കുന്നു.

വയലിൽ വിത്ത് വിതച്ചശേഷം അവിടെനിന്നും പോകുന്ന ഒരു കർഷകനെക്കുറിച്ചുള്ളതാണ് കഥ. അവൻ വിത്തു വിതയ്ക്കുമ്പോൾ അവയിൽ ചിലത് വേരുറപ്പിക്കുവാൻ സാധിക്കാത്ത ഇടമായ പാതയിൽ പതിക്കുന്നു. അവിടെ നിന്നും അത് പക്ഷികൾ തിന്നുന്നു (മർക്കോസ് 4:4). മറ്റു ചിലത് മണ്ണിന് ആഴം കുറഞ്ഞതായ പാറക്കെട്ടുകൾക്കിടയിൽ പതിക്കുന്നു. അവിടെ അവയ്ക്ക് ചെറിയ വേരുകൾ മാത്രമേ ഉണ്ടാകൂ. കുറച്ചുകാലത്തേക്ക് എല്ലാം ശരിയാണെന്ന് തോന്നുമെങ്കിലും സൂര്യന്റെ നട്ടുച്ചനേരത്തെ കൊടിയ ചൂടിൽ ചെടി നശിച്ചുപോകുന്നു (മർക്കോസ് 4:5-6). ചില വിത്തുകൾ നല്ല മണ്ണിൽ വീഴുകയും അവിടെ അവയ്ക്ക് വേരുറപ്പിക്കുവാൻ സാധിക്കുന്നു. എന്നിരുന്നാലും ചുറ്റുമുള്ള മുള്ളുകളും കളകളും അതിനെ ഞെരുക്കുന്നു. അതിനു ലഭിക്കേണ്ടുന്ന പോഷണം മറ്റുള്ളവ അപഹരിക്കുന്നു. തന്മൂലം അത് കെട്ടുപോകുവാനും ഇടവരുന്നു (മർക്കോസ് 4:7). ചില വിത്തുകൾ നല്ല മണ്ണിൽ പതിക്കുകയും യഥാസമയം സമൃദ്ധമായ വിളവെടുപ്പിന് തയ്യാറാകുകയും ചെയ്യുന്നു (മർക്കോസ് 4:8).

ദൈവവചനം എന്ന വിത്ത്, അഥവാ നല്ല വാർത്തയാകുന്ന സുവിശേഷം വിതക്കുന്ന ആളെ കൃഷിക്കാരൻ പ്രതിനിധീകരിക്കുന്നു. വിതയ്ക്കുന്നവന്റെ ഉദ്ദേശ്യം താൻ വിതയ്ക്കുന്ന വിത്തിൽ നിന്ന് തക്കസമയത്ത് വിളവെടുപ്പ് നടത്തേണ്ടതിന് വയലിൽ വിത്ത് നിറയ്ക്കുക എന്നതാണ്. കഴിയുന്നത്ര വലിയ വിളവെടുപ്പ് നടത്തുവാൻ അവൻ ആഗ്രഹിക്കുന്നതുകൊണ്ട്, വയലിലെ ഒരു സ്ഥലവും ബാക്കി ശേഷിപ്പിക്കാതെ അതിന്റെ ഏറ്റവും അറ്റത്തുവരെയും വിത്ത് വിതയ്ക്കുന്നു. കൊയ്യുന്നവൻ കൊയ്യുന്നത് വിതക്കാരൻ വിതച്ചിടത്തുനിന്നു മാത്രമാണ്. കണ്ണുനീരോടെ വിതയ്ക്കുന്നവൻ ആർപ്പോടെ കൊയ്യുമെന്നതാണ് വാഗ്ദത്തം. (സങ്കീർത്തനം 126:6).

കൃഷിക്കാരൻ വിതയ്ക്കുന്ന വിത്ത് നല്ല വിത്തു തന്നെയാണ്. അപ്പൊസ്തലനായ പത്രോസ് ദൈവവചനത്തെ നശിക്കാത്ത വിത്ത് എന്നാണ് വിശേഷിപ്പിക്കുന്നത് (1 പത്രോസ് 1:23). വളർച്ചയുടെയും വിളവെടുപ്പിന്റെയും പ്രക്രിയയിൽ ദൈവവചനത്തിന്റെ പ്രധാന പങ്കിനെക്കുറിച്ച് യശയ്യാവും പ്രസ്താവിക്കുന്നു. ആ സന്ദർഭത്തിൽ വചനം മഴയുടെയും ഹിമത്തിന്റെയും സ്വാധീനവുമായി താരതമ്യപ്പെ

ടുത്തുന്നു. അത് നിലത്തിന് വെള്ളം നൽകുന്നു ഫലഭൂയിഷ്ടമായ വിളവും നൽകുന്നു. അതിനാൽ ദൈവവചനം അയച്ചത് എന്തിനാണോ അത് നിറവേറ്റുന്നതിൽ അത് പരാജയപ്പെടുന്നില്ല (യെശയ്യാ 55:10-11). വിത്തിൽ ദൈവശക്തി പ്രവർത്തിക്കേണമെന്ന് ദൈവജനം പ്രതീക്ഷിക്കുന്നു. മുളയ്ക്കുക വളരുക എന്നതാണ് വിത്തിന്റെ തനതായ സ്വഭാവവും.

യേശുവിന്റെ അഭിപ്രായത്തിൽ, വിളവെടുപ്പിന്റെ ഫലത്തെ സാരമായി ബാധിക്കുന്ന മറ്റൊരു ഘടകം കൂടിയുണ്ട്. ഈ പ്രക്രിയയിൽ വിത്ത് വിതയ്ക്കപ്പെട്ട വയലിന്റെ ഘടനക്ക് പ്രധാന പങ്കു വഹിക്കുവാനുണ്ട്. വയൽ കാണിക്കുന്നത് മനുഷ്യരെയാണ്. വയലിൽ ദൈവവചനം വിതയ്ക്കപ്പെടുമ്പോൾ, അത് വ്യത്യസ്ത നിലവാരത്തിലുള്ള സാഹചര്യങ്ങളിലാണ് വീഴുന്നത്. അതിനാൽ കൃഷിക്കാരൻ വിത്തു വിതയ്ക്കുവാൻ ആരംഭിക്കുന്നതിനു മുമ്പ് വയൽ വേണ്ടുന്നരീതിയിൽ ഒരുക്കിയെടുക്കേണ്ടതുണ്ട്. ഉഴവുക, ചാലുകീറുക, കല്ലുകളും കളയും നീക്കം ചെയ്യുക തുടങ്ങിയ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ആത്മാക്കളുടെ വലിയ ഒരു കൊയ്ത്തു നടത്തേണമെന്നുള്ളവർ സുവിശേഷീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാ മേഖലകളിലും എല്ലാ നിലയിലും ഇടപെട്ടേ മതിയാകൂ.

വയൽ വിത്തു വിതച്ച് പൂർത്തിയാക്കുന്നതിനുമുമ്പ് വയലിൽ സമഗ്രമായ ഒരുക്കം നടന്നുവെങ്കിൽപ്പോലും, മാനുഷികമായി ചെയ്യുവാനുള്ളതെല്ലാം ചെയ്തുകഴിഞ്ഞു എങ്കിൽപ്പോലും, ഏറ്റവും നല്ല വിളവെടുപ്പിനായി കൃഷിക്കാരൻ ദൈവത്തെ ആശ്രയിക്കുന്നു. ദൈവവചനം എത്രമാത്രം വ്യക്തമായി പ്രസംഗിച്ചാലും എത്ര നല്ല ജീവിതം ജനത്തിനുമുമ്പാകെ കാഴ്ച വെച്ചാലും പരിശുദ്ധാത്മാവിന്റെ ശുശ്രൂഷകൾ വെളിപ്പെടാതെ സുവിശേഷം അവർക്ക് ഗ്രഹിക്കുവാനാകില്ല. സഭ ദൈവത്തെ ആശ്രയിച്ചാണിരിക്കുന്നത്.

വിശ്വസിക്കുന്നതിന് തടസ്സങ്ങൾ ഉണ്ട്, അവയ്ക്ക് സുവിശേഷത്തിന്റെ ഫലത്തെ വ്യർത്ഥമാക്കുവാൻ കഴിയും. ദൈവവചനം മൂലം സാത്താന്റെ എതിർപ്പ്, കഷ്ടത, പീഢനം കൂടാതെ ജീവിതം നാശോന്മുഖമാകുന്ന പശ്ചാത്തലങ്ങൾ എന്നിവ വചനത്തിന്റെ വിത്തിന് മുളയ്ക്കുവാനും വളരുവാനും ഉള്ള തടസ്സങ്ങൾ ആകുന്നു. സുവിശേഷത്തിനെതിരെയുള്ള ഈ തടസ്സങ്ങൾ ഒക്കെത്തന്നെയും സുവിശേഷത്തിന് സാധ്യതകളായും മാറാവുന്നതുമാണ്.

വിശ്വസിക്കുന്നതിന് ധാരാളം തടസ്സങ്ങൾ ഉണ്ട്, സുവിശേഷത്തിന്റെ ഫലത്തെ അസാധുവാക്കുവാൻ അവയ്ക്ക് കഴിയും. അവയിൽ മൂന്നു കാര്യങ്ങളെ യേശു തന്റെ ഉപമയിലൂടെ ചൂണ്ടിക്കാണിക്കുന്നു. അതിൽ പറഞ്ഞിരിക്കുന്ന അവസാനത്തെ കൂട്ടരായ ആളുകളാണ് ആരോഗ്യകരമായ വിളവ് ഉത്പാദിപ്പിക്കുന്നവർ. ആദ്യത്തെ മൂന്ന് കൂട്ടം ആളുകൾക്കും വ്യത്യസ്തമായ കാരണങ്ങളാൽ അങ്ങനെ ആകുവാൻ കഴിയുന്നില്ല. വചനം വിതച്ചിട്ടു വഴിയരികെ വീണത് എന്നു പറയുന്ന ആളുകൾ വചനം കേട്ട ചിലരെ ഉദ്ദേശിച്ചുള്ളതാണ്. എന്നാൽ കേട്ട ഉടനെ സാത്താൻ വന്നു ഹൃദയങ്ങളിൽ വിതയ്ക്കപ്പെട്ട വചനം എടുത്തുകളഞ്ഞു. (മർക്കോസ് 4:15). ഇവിടെ പ്രകടിപ്പിക്കപ്പെട്ട സുവിശേഷത്തിന്റെ ആത്മീകമാനവും അതിനെത്തുടർന്നുള്ള സ്വീകാരവും കുറച്ചുകാണുവാൻ കഴിയില്ല. ആളുകൾ തന്റെ സർവ്വാധിപത്യത്തിൽ നിന്ന് രക്ഷപ്പെടുന്നതിൽ നിന്നും ക്രിസ്തുവിൽ രക്ഷ കണ്ടെത്തുന്നതിൽ നിന്ന് അവരെ തടയുന്നതിനായും സാത്താൻ വളരെ ഉത്സാഹത്തോടെ പ്രവർത്തിക്കുന്നു. (2 കൊരിന്ത്യർ 4:4).

ചിലരുടെ ജീവിതത്തിൽ സുവിശേഷ വിത്തിന്റെ ഫലപ്രദമായ വളർച്ചയെ ഇല്ലാതെയാക്കുവാൻ ഗൂഢാലോചന നടത്തുന്ന മറ്റ് ഘടകങ്ങളാണ് പ്രശ്നങ്ങളും പീഢനവും (മർക്കോസ് 4:16-17).

അത്തരം ആളുകൾ സുവിശേഷം സ്വീകരിക്കുന്നതിൽ ആരംഭശൂരന്മാരാണ്. അവർ വിശ്വാസജീവിതം നന്നായി ആരംഭിക്കുകയും പിന്നീട് അവർ തങ്ങളുടെ ചില വേരുകളെ തഴയുകയുമാണെന്ന് കാണാവുന്നതാണ്. എങ്ങനെയായാലും, ബുദ്ധിമുട്ടു നിറഞ്ഞ സാഹചര്യങ്ങൾ കടന്നുവരുമ്പോൾ അവർക്ക് നിൽക്കുവാൻ കഴിയാതെ വരുന്നു. അതിലൂടെ തങ്ങളുടെ വേരിന് ആഴമില്ല എന്നും ക്ഷയിച്ചതാണെന്നും ഇതിലൂടെ തെളിയുന്നു. ''വചനം നിമിത്തം ഉപദ്രവമോ പീഢയോ ഉണ്ടായാൽ ക്ഷണത്തിൽ ഇടറിപ്പോകുന്നു'' (മർക്കോസ് 4:17).

മൂന്നാമത്തെ കൂട്ടത്തെ സംബന്ധിച്ചിടത്തോളം, ഉപഭോഗ പശ്ചാത്തലം വലിയ മുള്ളുകൾ പോലെ വർത്തിക്കുന്നു, ഇത് ചെടിയിലുള്ള ജീവനെ ശ്വാസംമുട്ടിക്കുകയാണ് ചെയ്യുന്നത്. ശ്വാസം മുട്ടിക്കുന്ന മൂന്ന് പ്രതിനിധികളാണ് ഉള്ളത്, ഇഹലോകത്തിന്റെ ചിന്തകൾ, ധനത്തിന്റെ വഞ്ചനയും മറ്റു വിഷയ മോഹങ്ങളും ആണ് അവ (മർക്കോസ് 4:19). മത്തായി സുവിശേഷം 6:19-24 വരെയുള്ള ഭാഗങ്ങളിൽ മത്തായി ഈ വിഷയങ്ങൾ കൂടുതൽ ആഴത്തിലാണ് കൈകാര്യം ചെയ്യുന്നത്. ഇവിടെ കാണുന്ന ആത്മീക വിഷമസന്ധി എന്നത്, സാത്താന്റെ എതിർപ്പല്ല, കഠിന പരിശോധനയുടെ സ്വാഭാവിക പ്രതിസന്ധിയുമല്ല. മറിച്ച് മന്ദഗതിയിലുള്ളതും, മനുഷ്യന്റെ മോഹങ്ങളുടെയും അശ്രദ്ധയുടെയും സമ്മർദ്ദങ്ങളിൽ നിന്നുണ്ടാകുന്ന വീർപ്പുമുട്ടലുകളാണ് ഇത്. ഇവയെല്ലാം ചേർന്ന് ഒരു വ്യക്തിയുടെ ജീവിതത്തിൽ ദൈവത്തിന്റെ ശക്തിയെ നശിപ്പിക്കുന്നതിന് വേണ്ടി യോജിച്ചു പ്രവർത്തിക്കുന്നവയാണ്.

സുവിശേഷത്തിനു മുമ്പാകെയുള്ള ഈ തടസ്സങ്ങൾ സുവിശേഷത്തിനു വേണ്ടിയുള്ള അവസരങ്ങളായി മാറുമെന്നത് ശ്രദ്ധിക്കേണ്ടതാണ്. ആളുകൾ യേശുവിന്റെ അടുക്കലേക്ക് വരാതെ തടയേണ്ടതിന് വചനത്തിന്റെ വിത്തുകളെ മോഷ്ടിച്ചുകളയുവാൻ നോക്കുകയാണ്. എങ്ങനെയായാലും ചിലയവസരങ്ങളിൽ, സാത്താനാൽ ബുദ്ധിമുട്ടനുഭവിക്കുന്നവർ വിടുതലിനുവേണ്ടി ക്രിസ്തുവിന്റെ അടുക്കലേക്ക് വരുന്നു (മത്തായി 4:24; 8:16; 9:32; 12:22; മർക്കോസ് 1:32). കൃഷിക്കാരന്റെയും വിതക്കാരന്റെയും ഉപമയിൽ, വചനംമൂലം കഠിനമായ പ്രശ്നങ്ങൾ നേരിട്ടവരിൽ ചിലർ പിൻതിരിഞ്ഞു മാറിപ്പോയി, മറ്റുള്ളവരെ സംബന്ധിച്ച് അവരുടെ പരിശോധന യേശുവിലേക്ക് നയിക്കപ്പെടുന്നതിന് കാരണമാകുന്നു (യോഹന്നാൻ 11:20, 32).

സുവിശേഷത്തിന്റെ വിജയം സുനിശ്ചിതമാകാൻ കാരണം അവനിൽ വേരൂന്നുകയും വളർച്ച പ്രാപിക്കുകയും ചെയ്യുന്നു എന്നതാണ്. അതിന്റെ ഫലമായി വലിയ നിലയിൽ ആത്മീയ വിളവെടുപ്പു നടത്തപ്പെടുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ആളുകളിൽ ദൈവത്തിന്റെ കൃപയും പരിശുദ്ധാത്മാവിന്റെ ശക്തിയും പരിവർത്തിക്കുകയും സുവിശേഷത്തിന്റെ വിത്ത് കിളിർക്കുകയും അവ വളരുകയും ചെയ്യുന്നു എന്നുള്ളത് സംശയമില്ലാത്തതാണ്. എന്നിരുന്നാലും, ദൈവത്തിന്റെ കൃപയ്ക്ക് പാത്രീഭൂതരായവർ അവരുടെ വിളവ് കഴിയുന്നത്ര ആരോഗ്യകരമായി വളർച്ച നിലനിർത്തുന്നതിനു വേണ്ടി നിരന്തരമായ വെല്ലുവിളിയെ അഭിമുഖീകരിക്കേണ്ടി വരുന്നു (1 കൊരിന്ത്യർ 3:10-16; ഫിലിപ്പിയർ 2:12-13).

ഇവയെല്ലാം നമ്മെ നമ്മുടെ ആരംഭത്തിലെ നിഗമനത്തിലേക്ക് നയിക്കുന്നു: ക്രിസ്തുവിന്റെ ജനത്തെ ആത്മാവിന്റെ കരങ്ങളിലെ പ്രഥമ ഉപകരണമായി ഉപയോഗിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു: അങ്ങനെ ജീവിക്കുവാനും, പക്വത പ്രാപിക്കുവാനും, എല്ലാ സ്ത്രീ പുരുഷന്മാരോടും കുഞ്ഞുങ്ങളോടും സുവിശേഷം പങ്കുവയ്ക്കുവാനും അവർക്ക് അതു കേൾക്കുവാനും, മനസ്സിലാക്കുവാനും, ആ സന്ദേശത്തോട് പ്രതികരിക്കുവാനുമുള്ള അവസരം വേണമെന്നും ദൈവം ആഗ്രഹിക്കുന്നു. സഭ ആളുകളാൽ നിർമ്മിക്കപ്പെട്ടതുപോലെ സുവിശേഷത്തിന്റെ ഉത്തരവാദിത്തം ''സ്ഥലങ്ങളിൽ''

ഏറ്റെടുക്കുന്നു. നാം ആ സ്ഥലങ്ങളെ പ്രവർത്തനകേന്ദ്രം എന്നു വിളിക്കുന്നു. ഓരോ സഭയ്ക്കും കുറഞ്ഞത് അഞ്ച് പ്രവർത്തനകേന്ദ്രങ്ങളും, അവിടങ്ങളിൽ ദൈവത്തിന്റെ ഉദ്ദേശ്യം അവിടുത്തെ ആളുകളിലൂടെയും വിഭവങ്ങളിലൂടെയും പകർന്നുകൊടുക്കേണ്ടതും ഉണ്ട്.

ആദ്യമായി, അവർക്കു ചുറ്റുപാടുമുള്ള പ്രദേശത്തെ ഉടനടി ലക്ഷ്യം വയ്ക്കണം. ഇത് 10,000, 50,000, അല്ലെങ്കിൽ 100,000 എന്നിങ്ങനെ ജനസംഖ്യയുള്ള പ്രദേശമാകാം. എന്നാൽ അവരുടെ ആളുകൾക്ക് ഏറ്റവും വലിയ മാറ്റം വരുത്തുവാൻ കഴിയുന്ന പ്രദേശമാണ് ഇത്. ഈ പ്രദേശം അവർ ജീവിക്കുന്നതും, ജോലി ചെയ്യുന്നതും, ഉല്ലസിക്കുന്നതുമായ ഇടമാണ്.

രണ്ടാമത്തെ പ്രവർത്തനകേന്ദ്രം എന്നത് അവർ താമസിക്കുന്ന നഗരമാണ്. ഈ സമയത്ത്, മറ്റ് സഭകളുമായി ഉത്തരവാദിത്തം പങ്കിടുന്നതും പുതിയ സഭകൾ പണിയുക എന്നതും സുപ്രധാനമായ കാര്യണ്. ഈ രണ്ട് ആശയങ്ങളെക്കുറിച്ചും നമുക്ക് പിന്നീട് കൂടുതൽ സംസാരിക്കാം. മൂന്നാമത്തെ പ്രവർത്തനകേന്ദ്രം അവർ താമസിക്കുന്ന സംസ്ഥാനമാണ്. നാലാമത്തെ പ്രവർത്തനകേന്ദ്രം എന്നത് അവർ വസിക്കുന്ന രാജ്യമാണ്. അതുപോലെ അവസാനത്തെ പ്രവർത്തനകേന്ദ്രം എന്നത് ലോകത്തിൽ സഭകൾ സംയുക്ത സംരംഭത്തിനായി കൂടിവന്ന് തദ്ദേശീയ ഇടങ്ങളിൽ പ്രവർത്തിനായി കൂടുന്ന ഒരു പ്രദേശം ആണ്.

## അദ്ധ്യായം 7

# പുതിയ വിശ്വാസികളെ വിശ്വാസജീവിതത്തിലേക്കും സഭയുടെ ഉദ്ദേശ്യലക്ഷ്യത്തിലേക്കും സമന്വയിപ്പിക്കുന്നു

ദൈവജനം ഇവയിൽ വളരുന്നു എന്ന് എങ്ങനെ ഉറപ്പാക്കാം, അവർ വിശുദ്ധരായി നടക്കേണ്ടതിനുള്ള പരിസ്ഥിതികൾ എങ്ങനെ സംജാതമാക്കാം, അതിനെ ഇഷ്ടപ്പെടുവാനും അതിൽ നടക്കുവാനായി അവരെ എങ്ങനെ നിർബന്ധിക്കാം? തുടങ്ങി ദൈവം തന്റെ ജനത്തിനുവേണ്ടി എന്താണ് ആഗ്രഹിക്കുന്നതെന്ന് വ്യക്തമായി സ്ഥിരീകരിക്കുന്നതിനേക്കാളും പ്രാധാന്യമുള്ള ഒരു ജോലിയും പ്രാദേശിക സഭകളുടെ നേതൃത്വത്തിന് ഇല്ല. യേശുവിലൂടെ വീണ്ടും ജനനം പ്രാപിച്ച് വ്യക്തമായ വിശ്വാസം സ്വീകരിച്ച പുതിയ വ്യക്തികളെ ദൈവം ആഗ്രഹിക്കുന്ന എല്ലാ വഴികളിലും നടക്കുവാൻ സജ്ജരാക്കാതെ അവരെ മുന്നെക്കൂട്ടി കൈവശപ്പെടുത്തി വയ്ക്കുന്നത് മാരകമായ തകരാറാണ്.

മത്തായി 7:15-23 വരെയുള്ള വാക്യങ്ങളിലെ യേശുവിന്റെ വാക്കുകളെ ആവർത്തിച്ചു പറയുവാൻ കൊള്ളാകുന്നവയാണ്: "കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ ഫലത്താൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം; മുള്ളുകളിൽ നിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴവും പറിക്കുമാറുണ്ടോ? നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു; ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന് ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിന് നല്ല ഫലവും കായ്പ്പാൻ കഴിയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ അവരെ നിങ്ങൾ തിരിച്ചറിയും. എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തുപറയും."

ഇവ എന്തൊക്കെയാണ്, എങ്ങനെയാണ് നമുക്ക് അവരെ അളക്കുവാൻ കഴിയുന്നത്, അതുപോലെ അവരിലുള്ള ആളുകളെ ശക്തിപ്പെടുത്തുവാൻ എങ്ങനെ നമുക്കു കഴിയും? ഈ വിഷയത്തെപ്പറ്റിയാണ് എനിക്ക് വ്യക്തമായി പറയുവാനുള്ളത്. ഞാൻ ഇതിനകം പ്രസ്താവിച്ച അഞ്ചു മൂല്യങ്ങൾ ബൈബിളിലുള്ള എന്റെ ഗ്രാഹ്യത്തിൽ നിന്നും ഉള്ളതാണ്. ഈ കാര്യങ്ങളെല്ലാം വളരെ പ്രധാനപ്പെട്ടതാണ് എന്തെന്നാൽ, ഒരുകൂട്ടം ആളുകൾ കൂടിവരുന്നത് സഭയെന്ന് പറയുമ്പോൾത്തന്നെ അവരിൽ നല്ല പങ്ക് ആളുകളും അവരുടെ ദൈനംദിന ആത്മീക പോഷണത്തിനായി ജീവിതത്തിൽ ആദ്യ ചുവടുപോലും എടുത്തുവയ്ക്കാത്തവരാണ്. അങ്ങനെയെങ്കിൽ നമുക്ക് വാസ്തവത്തിൽ സഭ എന്നൊന്നുണ്ടോ? എന്റെ നിഗമനത്തിൽ ഇല്ല എന്നുള്ളതാണ്! അത് ഒരുപക്ഷേ ഒരു മതപരമായ കൂടിച്ചേരൽ അല്ലാതെ മറ്റൊന്നുമല്ലായിരിക്കാം. ഒരു പക്ഷേ അവർ വന്നത് നല്ല പ്രസംഗം ഉണ്ടായതുകൊണ്ടായിരിക്കാം, നല്ല ആരാധന ഉള്ളതുമൂലമാകാം, നല്ല പരിപാടികൾ തുടങ്ങിയവ നടത്തപ്പെടുന്നതുകൊണ്ടാകാം. ദൈവവചനത്താൽ പരുവപ്പെടുന്ന നിലയിലുള്ള മാറ്റങ്ങൾ കാണുവാൻ കഴിയുന്നില്ലെങ്കിൽ ഒരുപക്ഷേ, ഒരുവിധത്തിൽ പറഞ്ഞാൽ നമുക്ക് ഒരു സഭയുണ്ടാകുവാൻ സാധ്യല്ല!

ദൈവജനത്തിനായി വാഗ്ദാനം ചെയ്തിരിക്കുന്ന തിരുവെഴുത്തിന്റെ ഈ വാഗ്ദത്തത്തെക്കാൾ കുറഞ്ഞത് നേതൃത്വം ആഗ്രഹിക്കുന്നത് അംഗീകരിക്കാനാവില്ല. അവരിൽ നിന്നും കുറവായുള്ളത് എന്തെങ്കിലും പ്രതീക്ഷിക്കുന്നതും സ്വീകാര്യമല്ല. ദൈവം രൂപകല്പന ചെയ്തിട്ടുള്ളതിൽ നിന്നും ചെറുതായിട്ടുള്ള കാര്യങ്ങൾ ദൈവജനങ്ങൾക്കായി പ്രതീക്ഷിക്കുന്നതും സ്വീകാര്യമല്ല. നേതൃത്വമെന്ന നിലയിൽ എപ്പോഴും കണക്ക് ബോധിപ്പിക്കുന്നവരായിരിക്കുകയും അപ്പോൾത്തന്നെ ശാക്തീകരണത്തേക്കാൾ കുറവായുള്ളത് അംഗീകരിക്കുവാൻ പറ്റുന്നതുമല്ല.

**നമുക്ക് പാരമ്പര്യമായി കൈമാറ്റം ചെയ്തുകിട്ടിയ സമസ്യ**

അമേരിക്കയിലുള്ള ഏതൊരു സഭയിലേക്കും എന്നെ കണ്ണടച്ചു കൊണ്ടുപോകാമെന്ന് ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. കൂടാതെ അവിടുത്തെ ആളുകളെക്കുറിച്ച് നിരവധി കാര്യങ്ങൾ എനിക്ക് പറയുവാൻ കഴിയും. വളരെ നാളുകൾ സഭകളിൽ പ്രസംഗിക്കുകയും, എല്ലാതരത്തിലുമുള്ള കാര്യങ്ങൾ അനുഭവിക്കുകയും ചെയ്തശേഷം ഒരു സഭയുടെ സ്വഭാവം എങ്ങനെയാണെന്ന് സങ്കല്പിക്കാവുന്നതേയുള്ളൂ. കണ്ണുമൂടിക്കെട്ടി ലഭിച്ച ഈ അനുഭവത്തിൽ നിന്ന് നേതൃത്വത്തിന് ഇപ്പോൾ മുന്നിട്ടു നിൽക്കുന്ന അഥവാ ജയിച്ചു നിൽക്കുന്ന ആത്മീയ ദാനങ്ങൾ എന്തെന്ന് എനിക്ക് നിങ്ങളോടു പറയുവാൻ കഴിയും. ജയിച്ചു നിൽക്കുന്നത് എന്ന് ഞാൻ പറയുന്നതിന് കാരണം, എനിക്ക് ചില സഭകളിൽ നിന്ന് അനുഭവിക്കുവാൻ കഴിഞ്ഞതിൽ, അവിടെയുള്ള നേതൃത്വത്തിൽ ആത്മീയ ദാനങ്ങളുടെ സന്തുലിതാവസ്ഥ ഉണ്ടായിരുന്നു. രണ്ടാമതായി, ആളുകളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രതിബദ്ധതയെക്കുറിച്ച് എനിക്കു പറയുവാൻ കഴിയും എന്നാണ്. ചില സഭകൾ തങ്ങളെക്കാൾ സഭാ സമൂഹത്തിന്റെ പ്രാഥമികവും പ്രായോഗികവുമായ മൂല്യത്തെ ദർശിക്കുന്നു. അതിനാൽ, അവർ ഉപയോഗിക്കുന്ന വാക്കുകൾ, അവർ പാടുന്ന പാട്ടുകൾ, പ്രത്യേകിച്ച് വ്യക്തികൾ പറയുന്ന പദങ്ങൾ എന്നിവയെല്ലാം പഠിപ്പിക്കുന്നത് അവർ ആ സഭയുടെ യഥാർത്ഥ മൂല്യവും അവരുടെ പ്രായോഗിക തലത്തിൽ ഉള്ളവയെ ഒക്കെയും വെളിപ്പെടുത്തുന്നു എന്നുള്ളതാണ്. അവസാനമായി എനിക്ക് സഭയുടെ ഒരു സംഘടനാവിഭാഗത്തെക്കുറിച്ച് പറയുവാൻ പ്രേരണയുണ്ട്. എന്നുവച്ചാൽ, ഒരർത്ഥത്തിൽ അവ ഒരു വലിയ ഉപദേശ സമൂഹമായാണ് നിലകൊള്ളുന്നത്.

വർഷങ്ങൾക്കു മുമ്പ് എന്റെ ആദ്യകാല ദൈവശാസ്ത്ര പരിശീലനത്തിൽ എനിക്കു ലഭിച്ച ശിക്ഷണവും പാരമ്പര്യവും ഞാൻ ചിന്തിക്കുകയാണ്. അവ തെറ്റായിരുന്നു എന്നല്ല, മറിച്ച് അവ അപൂർണ്ണമായിരുന്നു. അതല്ലെങ്കിൽ അത് കാണുവാൻ കഴിയാത്ത വിധത്തിൽ മങ്ങിയവയായിരുന്നു. ഹ്രസ്വദൃഷ്ടി പോലെയുള്ള ഇവയെക്കുറിച്ചും, അതിന്റെ ചരിത്രപരമായ വേരുകളെക്കുറിച്ചും, തന്നെയുമല്ല 21-ാം നൂറ്റാണ്ടിൽ അതിന്റെ സ്വാധീനം എന്നിവയെക്കുറിച്ചുമെല്ലാം മറ്റ് ലേഖനങ്ങളിൽ ഞാൻ പരാമർശിച്ചിട്ടുണ്ട്. മനുഷ്യന്റെ തത്വചിന്തകളും, പാശ്ചാത്യ സഭയുടെ ''വരുവിൻ കാണുവിൻ'' എന്ന പുതിയ പരിഷ്ക്കാരം സഭയുടെ ചരിത്രത്തിനു തെറ്റായ ഒന്നിനെയാണ് പ്രകാശിപ്പിക്കുന്നത്. ആയതിനാൽ, ചുരുക്കത്തിൽ 21-ാം നൂറ്റാണ്ട് അത്രമാത്രം വിശിഷ്ടമായ ഒരു നൂറ്റാണ്ടല്ല. അതിനനുസൃതമായി സഭയുടെ ജീവിതത്തിന്റെ വന്നു കാണ്മിൻ എന്ന സമീപനം ശിഷ്യരുടെ കൂട്ടംചേരലിന്റെ നിർവ്വചനങ്ങൾക്ക് വലിയ ഭാരമാണ് വരുത്തിവച്ചത്. ഇതിന്റെ ഫലം ഒരുപക്ഷേ പലരും ചിന്തിച്ചതുപോലെയായിരുന്നില്ല. അതായത്, യേശുക്രിസ്തുവിന്റെ അനുയായി എന്ന നിലവിലുള്ള തനിമ നഷ്ടപ്പെട്ടു. ദൈവം നമ്മെ കണ്ടെത്തിയതും അവനുമായുള്ള ബന്ധത്തിൽ ജീവിക്കുന്നതിന്റെയും ഉദ്ദേശ്യത്തേക്കാൾ കൂടുതലായി ഒന്നും നഷ്ടപ്പെട്ടിട്ടില്ല.

ദൈവവുമായി നിരപ്പു പ്രാപിപ്പാനും നമ്മെ സൃഷ്ടിച്ചതിൽ അവന്റെ ഉദ്ദേശ്യങ്ങൾക്കുള്ള ബൈബിളിന്റെ ആഹ്വാനമാണിത്. ഈ കഥയുടെ ആരംഭം കുറിക്കുന്നത് ഉല്പത്തി ഒന്നാം അദ്ധ്യായവും

ഇതിന്റെ അവസാനം കുറിക്കുന്നത് വെളിപ്പാട് 21-ാം അദ്ധ്യായവുമാണ്. അതിനിടയിൽ ദൈവം തന്നെ തന്റെ ഉദ്ദേശ്യം നിറവേറ്റുന്നതെങ്ങനെയെന്നതിന്റെ ചരിത്രം മനുഷ്യചരിത്രത്തിലുടനീളം കണ്ടെത്തുവാൻ കഴിയും. പ്രപഞ്ചത്തിലെ ഒരു സൃഷ്ടിയും മനുഷ്യസൃഷ്ടിയുടെ അതുല്യമായ അനുഭവത്തെ വഹിക്കുന്നില്ല. അത് മൃഗങ്ങളിലില്ല, പ്രകൃതിയിലില്ല, ദൂതന്മാരിൽപ്പോലും ഇല്ല. പ്രപഞ്ചത്തിലെ മറ്റെല്ലാ കാര്യങ്ങളിൽ നിന്നും വ്യത്യസ്തമായി, ആദമിനെയും ഹവ്വയെയും ദൈവം സൃഷ്ടിക്കുന്നു. രണ്ട് സുവ്യക്തമായ ഉദ്ദേശ്യപൂർത്തീകരണത്തിനായി ദൈവം അവരെ സന്തതിപരമ്പരകളായി വിപുലീകരിക്കുന്നു. ഒന്ന്, അവനെ അറിയുക, അല്ലെങ്കിൽ വ്യക്തമായി പറഞ്ഞാൽ അവനുമായി ബന്ധം പുലർത്തുക. രണ്ടാമതായി, അവനെ പ്രതിനിധീകരിക്കുക.

എറിക് സോവർ, തന്റെ ഇൻ ദ ഡോൺ ഓഫ് റിഡംപ്ഷൻ എന്ന പുസ്തകത്തിൽ പറയുന്നത്, ''പുറമെയുള്ളതു മാത്രമല്ല, പാപത്തിൽ നിന്നും കുറ്റബോധത്തിൽ നിന്നും കേവലം നിയമം നടപ്പിലാക്കിത്തരുന്ന നിയമപരമായ സ്വാതന്ത്ര്യവുമല്ല, മറിച്ച് ദൈവത്തിലുള്ള ധാർമ്മികജീവിതത്തിൽ വ്യക്തിപരമായും ജൈവപരവുമായ പങ്കാളിത്തമാണ് അത്തരം ആത്മീയ ജീവിതത്തിന്റെ സത്തയും, അതുപോലെ സാധാരണമായ യഥാർത്ഥ ധാർഗ്ഗികതയുടെ സാരാംശവും എന്നത്. പരമോന്നതനായ നിയമധാതാവ് എന്ന നിലയിൽ ദൈവത്തെ സംബന്ധിച്ച്, ദൈവം ലോകത്തിന് അവന്റെ സ്വഭാവം അനുസരിച്ച് സാന്മാർഗ്ഗികമായ ചട്ടം നിയമിച്ചു. അവൻ സ്സേഹമാണ്, ഏറ്റവും പരിപൂർണ്ണതയുള്ള സ്നേഹമാണ് (1 യോഹന്നാൻ 4:16). അതിനാൽ സ്വാതന്ത്ര്യമുള്ള ജീവികളുടെ സാന്മാർഗ്ഗിക നിയമനവും സ്നേഹത്തിൽ നിന്ന് ഉളവാകുന്നവയായിരിക്കണം. സൃഷ്ടിയും സൃഷ്ടിതാവും തമ്മിലുള്ള കൂട്ടായ്മാ ജീവിതത്തിന്റെയും സ്നേഹത്തിന്റെയും സംസ്ഥാപനത്തിലൂടെ, പരിപൂർണ്ണനും, പരിശുദ്ധനും, സ്നേഹവാനുമായ ദൈവമാകുന്ന തന്നെ വെളിപ്പെടുത്തുന്നതിലും പ്രകടമാക്കുന്നതിലും തികഞ്ഞവയായിരിക്കേണം എന്ന അന്തിമവും പരമവുമായ ഉദ്ദേശ്യമാണ് തന്റെ സൃഷ്ടിയെക്കുറിച്ച് ദൈവത്തിനുള്ളത്. എന്നാൽ ഇതിനർത്ഥം എന്തെന്നാൽ, ലോകത്തെ സ്നേഹിക്കുവാൻ കഴിയുന്ന തരത്തിൽ ദൈവം ലോകത്തെ അസ്തിത്വത്തിലേക്ക് കൊണ്ടുവന്നു എന്നുള്ളതും അതിനുപകരം ഇത് തന്നെ തിരിച്ചു സ്നേഹിക്കേണം എന്നുമാണ്. ദൈവത്തിന്റെ ലക്ഷ്യം എന്നത്, അവന്റെ വിശുദ്ധിയുടെയും സ്നേഹത്തിന്റെയും സന്തോഷത്തിൽ ഒരു നിത്യമായ പങ്കു വഹിക്കുകയും തന്മൂലം അനുഗ്രഹത്തിലേക്കും മഹത്വത്തിലേക്കും നയിക്കുക എന്നതുമാണ്.'' (ഡോൺ ഓഫ് വേൾഡ് റിഡംപ്ഷന്റെ ഓൺലൈൻ പതിപ്പിൽ നിന്ന്, രണ്ടാം അദ്ധ്യായം)

രണ്ടാമത്തേതിൽ, നമ്മുടെ മാനുഷിക വ്യക്തിത്വം ഭൂമിയിൽ ദൈവത്തെ പ്രതിനിദാനം ചെയ്യുന്നു. സോവർ പറയുന്നത്: ''അവൻ ദൈവത്തിനു വിധേയനായിരുന്നെങ്കിൽ, ഭൂമിയിലെ എല്ലാ സംഗതികളെയും ലോകത്തിലെ സാന്മാർഗ്ഗിക ഉദ്ദേശ്യത്തിലേക്ക് കൊണ്ടുവരുവാനും, ഭൂമിയെയും ഒപ്പം അതിന്റെ സൃഷ്ടിയെയും വീണ്ടെടുപ്പിലേക്കും പരിപൂർണ്ണതയിലേക്കും മുന്നോട്ടു കൊണ്ടുവരുവാനും, മനുഷ്യന്റെ ഭരണം ഭൂമിയിലെമ്പാടും വ്യാപിപ്പിക്കുന്നതിലൂടെ സാധിക്കുമായിരുന്നു. അങ്ങനെയെങ്കിൽ, ആത്മമണ്ഡലത്തിന്റെ നിലയിലേക്ക് പ്രകൃതിയെ ഉയർത്തുന്നതിന്റെ ആരംഭം കുറിക്കുന്ന നിശ്ചിതസ്ഥാനമാകുമായിരുന്നു പറുദീസ എന്നത്. ദൈവമായിരുന്നു ഈ ഉദ്ദേശ്യത്തെ നിയമിച്ചത്, അതിനാൽ ഇവിടം തുടങ്ങി ഭൂമി മുഴുവനും പറുദീസയായി വളരേണ്ടിയിരിക്കുന്നു. തോട്ടം എന്നത് അതിപരിശുദ്ധ സ്ഥലവും, ഏദെൻ എന്നത് പരിശുദ്ധ സ്ഥലവും, അതിനുചുറ്റുമുള്ള ഭൂപ്രദേശം വേദിയും പ്രാകാരവും ആകുന്നു. ഇതിന്റെ പരമകാഷ്ഠ എന്നത്, സകലവും അതിപരിശുദ്ധിയുടെ പരിവേഷം ധരിച്ചുകൊണ്ട് മഹത്വവൽക്കരിക്കപ്പെട്ട സാദൃശ്യത്തിലേക്ക് രൂപാന്തരപ്പെടും.''

ഇക്കാര്യത്തിൽ ആദം തന്നെ ഒരു വ്യക്തിയെന്ന നിലയിൽ കണക്കാക്കുക മാത്രമല്ല, അതേസമയം തന്നെ അവന്റെ മുഴുവൻ പിൻഗാമികളുടെയും ആദ്യപൂർവ്വികനും സ്വഭാവേനയുള്ള പ്രതിനിധിയു

മായി തത്ത്വത്തിൽ അവനെത്തന്നെ ഇതിനകം കണ്ടുകഴിഞ്ഞു (1 കൊരിന്ത്യർ 15:22; റോമർ 5:12–21). അതുകൊണ്ട് ആദ്യംതന്നെ ''ഫലമുള്ളവരാകുകയും പെരുകുകയും ഭൂമിയിൽ മനുഷ്യരെക്കൊണ്ട് നിറയുകയും ചെയ്യുക'' എന്നും അതിനുശേഷം മാത്രമാണ് ''നിങ്ങൾ ഇതിനെ കീഴടക്കി വാഴുവിൻ'' എന്നും പറയുന്നത് (ഉല്പത്തി 1:28). അതിനാൽ തോട്ടമാകുന്ന പറുദീസ തുടക്കവും ഒടുക്കവും, ആരംഭവും ലക്ഷ്യവും, ആധാരവും, കാര്യക്രമവും, ഭൂമിയിലെ മനുഷ്യന്റെതായ എല്ലാതരത്തിലുമുള്ള ഉദ്ദേശ്യലക്ഷ്യങ്ങളും ആകുന്നു.

ഇതേ സന്ദേശം ബൈബിളിലെ പേജുകളിൽ ഉടനീളം കാണാം. ന്യായപ്രമാണം നൽകുന്നതിൽ, മോശെ ആവർത്തനപുസ്തകം 6:4–5 ൽ എഴുതുന്നു, ''യിസ്രായേലേ കേൾക്ക, യഹോവ നമ്മുടെ ദൈവമാകുന്നു, യഹോവ ഏകൻ തന്നെ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം.'' പിന്നെ ലേവ്യാപുസ്തകം 19:18 ൽ ''നിന്റെ ജനത്തിന്റെ മക്കളോടു പക വെയ്ക്കരുത്; കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം; ഞാൻ യഹോവ ആകുന്നു.''

ഏറ്റവും വലിയ കല്പന ഏതാണ്, നിത്യജീവൻ പ്രാപിക്കുവാൻ ഞാൻ എന്തു ചെയ്യേണം എന്ന് രണ്ടു പ്രാവശ്യം ചോദിക്കുമ്പോൾ യേശു ഇതുതന്നെയാണ് പ്രസ്താവിക്കുന്നത്. ''ഗുരോ, ന്യായപ്രമാണത്തിൽ ഏതു കല്പന വലിയതു എന്നു ചോദിച്ചു. യേശു അവനോടു: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോടു സമം: കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം. ഈ രണ്ടു കല്പനകളിൽ സകലന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു.''

കൂടാതെ, ''അനന്തരം ഒരു ന്യായശാസ്ത്രി എഴുന്നേറ്റു: ഗുരോ, ഞാൻ നിത്യജീവന്നു അവകാശി ആയിത്തീരുവാൻ എന്തു ചെയ്യേണം എന്നു അവനെ പരീക്ഷിച്ചു ചോദിച്ചു. അവൻ അവനോടു: ന്യായപ്രമാണത്തിൽ എന്തു എഴുതിയിരിക്കുന്നു; നീ എങ്ങനെ വായിക്കുന്നു എന്നു ചോദിച്ചതിന് അവൻ: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം എന്നും കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കേണം എന്നും തന്നെ എന്നുത്തരം പറഞ്ഞു. അവൻ അവനോടു: നീ പറഞ്ഞ ഉത്തരം ശരി; അങ്ങനെ ചെയ്ക; എന്നാൽ നീ ജീവിക്കും എന്നു പറഞ്ഞു.'' (ലൂക്കോസ് 10:25–28).

അപ്പൊസ്തലനായ പൗലോസും ഇതുതന്നെ പറയുന്നു: ''ആകയാൽ ഞങ്ങൾ ഇന്നുമുതൽ ആരെയും ജഡപ്രകാരം അറിയുന്നില്ല; ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞു എങ്കിലും ഇനിമേൽ അങ്ങനെ അറിയുന്നില്ല. ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു. അതിന്നൊക്കെയും ദൈവം തന്നെ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തുമൂലം തന്നോടു നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു. ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചിരിക്കുന്നു. ആകയാൽ ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിന്നു പകരം അപേക്ഷിക്കുന്നു; അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു. പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കു വേണ്ടി പാപം ആക്കി.'' (2 കൊരിന്ത്യർ 5:16–21)

ദൈവത്തിന്റെ പ്രാഥമിക വിളിയുമായി സഹകരിക്കുക എന്നതാണ് സഭയുടെ ചുമതല. അതിനാൽ സഭയുടെ നേതൃത്വം അവന്റെ ജനത്തെ തന്റെ ഉദ്ദേശ്യങ്ങളിൽ വളരുന്നതിനായി പരിപോഷിപ്പിക്കുന്നു. ഒന്നാമതായി, പിതാവായ ദൈവവുമായി തുടർമാനമായതും വളരുന്നതുമായ ബന്ധത്തിൽ ഏർപ്പെടുക; രണ്ടാമതായി, ലോകത്തിൽ പിതാവിനെ വിശ്വസ്തതയോടെ പ്രതിനിധീകരിക്കുക. അപ്പോൾ പ്രധാനമായി ചില ചോദ്യങ്ങൾ ഉടനടി ഉയരും. യഥാർത്ഥത്തിൽ സഭയുടെ ജീവിതത്തിൽ വിശ്വസ്തതയോടും, നിരന്തരമായും, ഫലപ്രദമായും ഇത് വിജയിപ്പിക്കുന്ന ഒരു സാഹചര്യം നാം സൃഷ്ടിച്ചിട്ടുണ്ടോ? ദൈവവുമായുള്ള ബന്ധം വളർത്തുന്നതിനുള്ള മാർഗ്ഗങ്ങൾ അവരുടെ കൈകളിൽ നാം ഭരമേൽപിച്ചിട്ടുണ്ടോ? ദൈവവുമായി അവരുടെ വ്യക്തിപരമായ ബന്ധത്തെ പിന്തുടരുന്നതിന് ഉപരിയായി നമ്മുടെ സഭയുടെ പരിപാടികൾ അറിഞ്ഞോ അറിയാതെയോ അതിനു പകരമാകുന്നുണ്ടോ? നാം ഇല്ലാതെ അവർക്ക് ദൈവവുമായി ആവശ്യമെങ്കിൽ ബന്ധപ്പെടുവാൻ കഴിയുമോ?

പിതാവായ ദൈവവുമായുള്ള ബന്ധത്തിൽ സഭയിലുള്ള ഓരോരുത്തരും വളരുന്നുണ്ടോ എന്ന് വീക്ഷിക്കുന്നതിനേക്കാൾ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യവും സഭയ്ക്കില്ല. നേതൃത്വം എന്ന നിലയിൽ, അത് നടക്കുന്നുണ്ടോ എന്ന ചോദ്യം ചോദിക്കുന്നതിൽ നാം പരാജപ്പെട്ടാൽ, എത്ര അസ്വസ്തതയോ ബുദ്ധിമുട്ടോ ആകട്ടെ, നമ്മുടെ പ്രഥമ ദൗത്യത്തിൽ നാം പരാജിതരാണ്. ഓരോരുത്തരുടെയും ഈ സ്വഭാവം സംബന്ധിച്ച് അവരുടെ പരിശ്രമത്തിന്റെ ഫലപ്രാപ്തി നിരന്തരമായി പരിശോധിക്കുന്നതിൽ നാം പരാജയപ്പെടുമ്പോൾ, അവരെ നാം ഇക്കാര്യത്തിൽ സഹകരിപ്പിക്കുകയോ ഉൾപ്പെടുത്തുകയോ എന്തുമാകട്ടെ, ഇവിടെ നമ്മുടെ പ്രാഥമിക ലക്ഷ്യത്തിന്റെ പരാജയമാണ് സംഭവിക്കുന്നത്.

ഇക്കാര്യത്തിൽ പൗലോസിന് വളരെ വ്യക്തതയുണ്ട്, ‘‘അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു; അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീകവർദ്ധനയ്ക്കും ആകുന്നു.’’ (എഫെസ്യർ 4:11-13).

ദൈവം രൂപകല്പന ചെയ്ത രണ്ടാമത്തെ സ്വഭാവം എന്നത് അവനെ പ്രതിനിധീകരിക്കുക എന്നതാണ്. എന്റെ ജീവിതത്തിന്റെ ആകത്തുക എന്നു പറയുന്നത് ആ പ്രാതിനിധ്യത്തിൽ നിറയുന്നു എന്നുള്ളതാണ്. അതിനാൽ അവനുമായുള്ള എന്റെ ബന്ധത്തിൽ നിന്നും അത് ആവിർഭവിക്കുന്നു. പരിശുദ്ധാത്മാവിലുള്ള വാസത്തിന്റെ ഫലമായി തീരുമാനങ്ങളിൽ യോജിച്ചു പോകുകയും അങ്ങനെ അത് മുന്നോട്ടു ചലിക്കുകയും ചെയ്യുന്നു. കൂടാതെ ലോകവുമായുള്ള എന്റെ ബന്ധത്തിൽ എന്റെ ജഡത്തിലേക്ക് അത് വ്യാപിക്കുന്നു.

ദൈവവചനത്തിലൂടെ ദിനംതോറും ദൈവത്തോടുകൂടെ ചേർന്നു നടക്കുന്നതാണ് തുടക്കം. എന്നാൽ, ഞാനാകുന്ന ഭവനത്തിൽ വസിച്ചുകൊണ്ട് പരിശുദ്ധാത്മാവ് എന്നിൽ ക്രിസ്തുവിന്റെ ജീവൻ പരിപോഷിപ്പിക്കുന്നതിനൊപ്പം, അവനെ പ്രതിനിധീകരിക്കുവാനായി ദൈവം എനിക്ക് എല്ലാ സാധ്യതകളും അനുവദിച്ചുതരുന്നു. എന്റെ സാക്ഷ്യം (എഫെസ്യർ 3:10-11); എന്നിൽ ഭരമേൽപ്പിക്കപ്പെട്ട കൃപാവരങ്ങൾ (1 കൊരിന്ത്യർ 12); കൃപയുടെ ഫലത്താൽ പ്രാപിക്കുന്ന പക്വത (ഗലാത്യർ 5;22-23), കൂടാതെ എന്റെ സമ്പത്തിന്റെ ശരിയായ സൂക്ഷിപ്പ് തുടങ്ങിയവ എല്ലാം ദൈവവുമായുള്ള നമ്മുടെ ബന്ധം പ്രതിനിധാനം ചെയ്യുന്ന വിധത്തിൽ കഴിയുന്നത്ര നിറയ്ക്കപ്പെട്ടിരിക്കുന്നു.

യഥാർത്ഥത്തിൽ നമുക്ക് ഒരു സഭയുണ്ടോ എന്നു നിർണ്ണയിക്കത്തക്കവണ്ണം വിലപേശുവാൻ സാധ്യമാകാത്ത വിധത്തിലുള്ള ഒരു ചട്ടക്കൂടായിട്ടാണ് ഞാൻ ഇതിനെ വിളിക്കുന്നത്. അല്ലാതെ ഇത് കേവലം ഒരു മതപരമായ ഒത്തുചേരലല്ല. തൽഫലമായി, നാം യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ ജനതയെ ശക്തീകരിക്കുകയാണോ (എഫെസ്യർ 4:12) എന്നു ചോദിക്കുവാനുള്ള ഒരു ആരംഭസ്ഥാനമായിട്ട് അവ വർത്തിക്കുന്നു. അതല്ലെങ്കിൽ നാം പഴയനിയമത്തിൽ യിസ്രായേലിന്റെ കേവലം വന്നു കാണ്മിൻ എന്ന രീതിയെ പുനസ്ഥാപിക്കുകയാണ് ചെയ്യുന്നത്.

ദൈവവുമായുള്ള ബന്ധം, നമ്മുടെ കൃപാസാക്ഷ്യങ്ങളെ പ്രസ്താവിക്കുക, നമുക്കുള്ള കൃപാവരങ്ങളെ ഉപയോഗിക്കുക, അത്മാവിന്റെ ഫലത്തിൽ പക്വത പ്രാപിക്കുക എന്നീ പ്രഥമ നാലുകാര്യങ്ങളെ ആദ്യമെതന്നെ ഞാൻ എഴുതിയിരിക്കുന്നു. അതിനെ തുടർന്നുള്ള ചിന്തകളിൽ ദൈവരാജ്യത്തിന്റെ വിപുലീകരണവുമായി പൂർണ്ണമായും ഒത്തുപോകേണ്ടതിന് നമ്മുടെ ജീവിതത്തിലെ കാര്യവിചാരത്തെ അളക്കുവാൻ ആഗ്രഹിക്കുന്നു. നമ്മുടെ വ്യക്തിപരമായ തീരുമാനങ്ങളിൽ നമ്മുടെ പുതിയ ജീവിതത്തിന്റെ സ്വാധീനം അളക്കുവാൻ ആഗ്രഹിക്കുന്നു (പണം, വിശുദ്ധി, വിവാഹം, കുടുംബം, കൂട്ടുകാർ, സഭ, ചന്തസ്ഥലം മുതലായവ). നമ്മുടെ സമയം, പണം കൂടാതെ പ്രീക്ഷകൾ എന്നിവ നാം ഉപയോഗപ്പെടുത്തി അവ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനാൽ ഇതിനെ നാം നമ്മുടെ ജീവിതത്തിന്റെ കാര്യവിചാരകത്വം എന്നു വിളിക്കാവുന്നതാണ്.

നമ്മുടെ ജീവിതത്തിന്റെ വാസ്തവികത നാം മനസ്സിലാക്കേണ്ടതിന് രണ്ടുപേരുടെ വാക്കുകൾ ഞാൻ ചൂണ്ടിക്കാണിക്കുന്നു: ഗിരിപ്രഭാഷണത്തിൽ നിന്നും യേശുവിന്റെ വാക്കുകളും, എഫെസ്യ ലേഖനത്തിലെ 4-6 വരെയുള്ള അദ്ധ്യായങ്ങളെ ആസ്പദമാക്കി പൗലോസിന്റെ വാക്കുകളും.

മത്തായി 6:24 ൽ യേശു പറയുന്നു, നിങ്ങൾക്ക് ദൈവത്തെയും മാമോനെയും സേവിക്കുവാൻ കഴിയില്ല. ഒരിക്കൽ യേശുവിന്റെ മരണപുനരുത്ഥാനത്താൽ മരണത്തിൽ നിന്നും ജീവനിലേക്ക് പ്രവേശിച്ച് യേശുവിനൊപ്പം യാത്രചെയ്യുമ്പോൾ പരിശുദ്ധാത്മാവിന്റെ വാസത്തിലൂടെ ദൈവത്താൽ നൽകപ്പെടുന്ന പുതിയ ഹൃദയത്തെ രൂപകല്പന ചെയ്തിരിക്കുന്നത് ദൈവത്തെ അതിനു നടുവിൽ സ്ഥിരപ്പെടുത്തുവാനായിട്ടാണ്. അതല്ലാതെ മറ്റെന്തെങ്കിലുമായി ഹൃദയം പങ്കിടുന്നതിനായിട്ടല്ല ദൈവം അതിനെ രൂപകല്പന ചെയ്തിരിക്കുന്നത്. ആരംഭത്തിൽത്തന്നെ പണവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചു തുടങ്ങുവാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു. കാരണം, നാം ജീവിക്കുന്ന ലോകവ്യവസ്ഥിതിയിൽ ഏറ്റവും സുവ്യക്തമായത് പണമാണ്. അത് അതിനെത്തന്നെ പ്രകടമാക്കുവാൻ കഴിയുമെങ്കിൽ ആധിപത്യം പുലർത്തുവാനും ആഗ്രഹിക്കുന്നു.

അതിന്റെ ആധിപത്യം അത് കണ്ടെത്തുന്നിടത്ത് ദൈവസാന്നിദ്ധ്യം ഉണ്ടാകുന്നില്ല. അങ്ങനെ വരുമ്പോൾ മനുഷ്യന്റെ അത്യാഗ്രഹത്തിന്റെ ഏതു പ്രകടനവും സാധ്യമാണ്. അല്ലെങ്കിൽ മത്തായി സുവിശേഷം 6:22-23 ൽ യേശു പറയുന്നതുപോലെ, ഇരുട്ട് എത്ര വലിയതായിരിക്കും. അതിന്റെ പ്രകടനം എവിടെ കണ്ടെത്തുന്നുവോ, ദൈവാവബോധം മതപരവും മാനുഷികവുമായ പ്രവർത്തികളുടെ നിലയിൽ നിന്ന് ഏറ്റവും താഴെയാണന്ന് തോന്നുമ്പോഴും, അവിടെ പരിവർത്തനങ്ങൾ നിലവിലില്ല എന്നുള്ളതാണ് കാര്യം. ഒരു രൂപാന്തരം പ്രാപിച്ച ഹൃദയത്തിൽ, ഒരുവനെ ദൈവം രൂപകല്പന ചെയ്തിട്ടുണ്ടെങ്കിൽ അത് തന്നെത്തന്നെയാണ്.

ഈ നിലപാടിൽ നിന്ന് ദർശിക്കുമ്പോൾ മത്തായി 6:19-34 വരെയുള്ള മുഴുവൻ ഭാഗവും മനസ്സിലാക്കാവുന്നതേ ഉള്ളൂ. പ്രത്യേകിച്ചും വീണ്ടും ജനനത്തോടെ ആരംഭിക്കുന്ന രൂപാന്തരത്തിന്റെ വെളിച്ചത്തിൽ ഭൂമിയിലെ എന്റെ ജീവിതം സൂക്ഷിക്കുന്നതിനുള്ള ഒരു തുടക്കമാണ് ഇവിടെ.

**ഭൂമിയിൽ നാം നിക്ഷേപങ്ങളെ സൂക്ഷിക്കേണ്ടതില്ല. എന്തുകൊണ്ട്?**

പണത്തെയും സ്വത്തുക്കളെയും സംബന്ധിച്ചുള്ള ലോകത്തിന്റെ വീക്ഷണം നമ്മുടെ ചിന്തയിൽ ആധിപത്യം സ്ഥാപിക്കുവാൻ അനുവദിക്കാത്തതിന്റെ അഞ്ച് കാരണങ്ങൾ യേശു നമുക്ക് നൽകുന്നു. ഒന്നാമത്തെ കാരണം, അവ ദ്രവിക്കുകയോ അപ്രത്യക്ഷമാകുകയോ ചെയ്യുന്നു. പുതിയ കാറുകളോ പുതിയ വസ്ത്രങ്ങളോ അല്ലെങ്കിൽ മറ്റെന്തെങ്കിലുമോ മൂലം നിങ്ങളുടെ ജീവിതത്തിൽ പൂർണ്ണത വരുത്തുവാനായി നിങ്ങൾ ശ്രമിക്കുന്നില്ല. കാരണം അവ എല്ലായ്പ്പോഴും 'പഴയതായി' തീരുന്നു എന്ന് ഒരുവൻ തിരിച്ചറിയുന്നു. കഴിഞ്ഞ ചില വർഷങ്ങളായി പൂർണ്ണതയിലേക്ക് പ്രവേശിക്കേണ്ടതിനായുള്ള പ്രവണത ഞാൻ കാണിക്കുന്നുണ്ട്. ഞാൻ വാങ്ങിയതോ അല്ലെങ്കിൽ എനിക്ക് ലഭിച്ചതോ ആയ എന്തെങ്കിലും ചളുങ്ങുകയോ, പോറലേൽക്കുകയോ ചെയ്താൽ എനിക്ക് നിരാശ വന്നിരുന്നത് ഇപ്പോഴും എനിക്ക് ഓർക്കുവാൻ കഴിയുന്നു. ചില അവസരങ്ങളിൽ വിലമതിക്കുന്ന എന്തെങ്കിലും മോഷ്ടിക്കപ്പെട്ടുവെന്ന കാര്യം ഓർത്തെടുക്കുവാൻ കഴിയുന്നു. നഷ്ടപ്പെടുന്നതിനാലുണ്ടാകുന്ന വികാരങ്ങൾ ശക്തമായിരിക്കും. യേശു പറഞ്ഞത് ശരിയാണെന്ന് നമുക്കറിയാം. നമുക്കു ചുറ്റുമുള്ള സംസ്ക്കാരങ്ങൾ വിലമതിക്കുന്ന, എന്നാൽ എന്നേയ്ക്കും നിലനിൽക്കുന്നതല്ലെന്ന് നമുക്കറിയാവുന്നതുമായ കാര്യങ്ങൾ കുറഞ്ഞ സമയത്തേക്കാണെങ്കിൽ പോലും നമ്മെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

രണ്ടാമതായി, നമുക്ക് ഏറ്റവും ഇഷ്ടമുള്ളതെന്നു കരുതുന്നവയെ നിക്ഷേപിക്കുവാനുള്ള ഏറ്റവും വിശ്വസനീയമായ സ്ഥലം സ്വർഗ്ഗമാണെന്ന് യേശു നമ്മെ ഓർമ്മിപ്പിക്കുന്നു. അത് നാം കരുതുന്ന ബാഹ്യമായ കാര്യങ്ങളേക്കാൾ വലുതായവയെക്കുറിച്ചാണ് അവൻ പറയുന്നത് എന്ന് ഞാൻ കണക്കുകൂട്ടുന്നു. യഥാർത്ഥത്തിൽ മുറുകെ പിടിക്കുവാൻ കൊള്ളാവന്നവയെപ്പോലെയാണ് കൈവശമുള്ള ബാഹ്യമായ കാര്യങ്ങൾ എങ്കിൽ, അവ സ്വർഗ്ഗത്തിൽ പിടിച്ചിരുന്നവയാണെങ്കിൽ പോലും, യഥാർത്ഥമായ ഒരു വസ്തുത എന്നത് അത് മരണത്തെ അതിജീവിക്കുകയില്ല എന്നുള്ളതാണ്. പക്ഷേ, യഥാർത്ഥത്തിൽ നാം വിലമതിക്കുന്ന ചില പ്രധാന കാര്യങ്ങൾ ആന്തരികമായവയാണ്. പൊരുൾ, പ്രാധാന്യം കൂടാതെ പൂർത്തീകരണം എന്നിവപോലെ ബാഹ്യമായവയല്ല. ഇവയെയും, ദൈവംതന്നെ അതിനെ നിർവ്വചിക്കേണ്ടതിനും, വിലമതിക്കേണ്ടതിനും, "സൂക്ഷിക്കേണ്ടതിനും" സുരക്ഷിതമായ സ്ഥലത്ത്, സ്വർഗ്ഗത്തിൽ നിക്ഷേപിക്കേണ്ടതുണ്ട്.

മൂന്നാമതായി, യേശു നമുക്ക് തരുന്ന മുന്നറിയിപ്പ് എന്നത്, നിങ്ങളുടെ ഹൃദയത്തെ അധീനപ്പെടുത്തുന്നത് എന്താണോ അത് നിങ്ങളെ സ്വന്തമാക്കുന്നു എന്നുള്ളതാണ്. അവയിൽ പലതും "മോശം" അല്ല, എന്നാൽ അവ നമ്മുടെ ഹൃദയത്തിൽ ചെലുത്തുന്ന സ്വാധീനം, തന്മൂലം നമ്മിൽ നിന്ന് പുറപ്പെടുന്ന നമ്മുടെ പ്രവർത്തികൾ, അവ ഗൗരവമേറിയതാണ്. ഒരു ഹൃദയത്തെ സംസ്കാരം നിർവ്വചിക്കുന്ന മൂല്യങ്ങൾ ആധിപത്യം സ്ഥാപിച്ചിരിക്കുന്നുവെങ്കിൽ, ആ മൂല്യങ്ങൾ എപ്പോഴും ദൈവീക നിർവ്വചനങ്ങൾക്ക് എതിരായിരിക്കും. അവ കണ്ണിനെ ആകർഷിക്കും, പക്ഷേ ഹൃയത്തിൽ ആധിപത്യം പുലർത്തും. കൂടാതെ ശരിയായ മൂല്യവും, ശരിയായ ജീവിതവും പിന്നത്തേതിൽ വ്യാജവും, ഉപരിപ്ലവവും, അപകടകരമായ ഇടങ്ങളും മനോഭാവങ്ങളും പ്രവർത്തികളും ആയി പുനർവ്യാഖ്യാനം ചെയ്യപ്പെടുന്നു.

നാലാമത്, മനുഷ്യന്റെ അതിജീവനത്തിനുവേണ്ടി മാത്രം ശുശ്രൂഷിപ്പാൻ ദൈവം ഉദ്ദേശിച്ച ഹൃദയത്തിൽ മറ്റെന്തെങ്കിലും ആധിപത്യം സ്ഥാപിക്കുമ്പോൾ എന്തു സംഭവിക്കുന്നു എന്നതിനെക്കുറിച്ച് യേശു നമുക്ക് ഒരു സുപ്രധാനമായ പ്രായോഗികതയെ നൽകുന്നു. നിങ്ങളുടെ ഹൃദയം ശ്രദ്ധ കേന്ദ്രീകരിക്കാതിരിക്കുമ്പോൾ നിങ്ങളുടെ കാണുവാനുള്ള കഴിവ് ദുർബലമാകും. യഥാർത്ഥ വിശ്ര

മവും അനുഗ്രഹവും പോലെ യഥാർത്ഥത്തിൽ ദൈവം ഉദ്ദേശിക്കുന്ന കാര്യങ്ങൾ കാണ്മാൻ മേഘാവൃതമായ ഹൃദയത്തിന് ബുദ്ധിമുട്ടാണ്. അത്തരം മേഘാവൃതമായ ഹൃദയം ഇരുട്ടിനെയാണ് ആവിഷ്ക്കരിക്കുകയുള്ളൂ. ഈ ചിന്തയിൽ നിന്ന് ഏത്രത്തോളം പ്രായോഗികതയെ നമുക്കു കൊയ്തെടുക്കാനാകും? എന്നാൽ, സമൃദ്ധി എന്ന് ഒരുവൻ വിചാരിക്കുന്നതിനിടയിൽ പോലും, ഏറ്റവും ചുരുങ്ങിയത് സംശയവും വിഷാദവും വരുന്നത് കാണുവാൻ തുടങ്ങിയാലും അസന്തുഷ്ടിയെക്കുറിച്ച് ഒന്നും പറയുന്നില്ല.

അഞ്ചാമതായി, നിത്യമായ കാര്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഭൗമിക കാര്യങ്ങളെ മുറുകെ പിടിക്കുന്നതുമായി ബന്ധപ്പെട്ട് യേശു അതിന്റെ ഉപസംഹാരത്തിലെത്തുന്നു. നിങ്ങൾക്ക് രണ്ട് എതിർ ശക്തികളെ ഒരേസമയം സേവിപ്പാൻ കഴിയുകയില്ല എന്ന മുന്നറിയിപ്പിന്റെ ശബ്ദം നമുക്കെല്ലാവർക്കുമായി ധ്വനിക്കുകയാണ്. ദൈവത്തിന്റെ പുതിയ സൃഷ്ടിക്ക് ഒരു കൈവശക്കാരൻ മാത്രമേയുള്ളൂ, ദൈവം തന്നെ. വീണ്ടെടുക്കപ്പെടാത്ത ഒരുവന് ഇത് ഒരു നിഷേധാത്മക തിരഞ്ഞെടുപ്പായി തോന്നും. പക്ഷേ, ദൈവം ഇത് ഒരു മുന്നറിയിപ്പായിട്ടല്ല തരുന്നത് മറിച്ച് ഒരു വാഗ്ദത്തമായാണ്. എന്നാൽ പുതുജീവനിലേക്ക് വീണ്ടുജനനം പ്രാപിച്ച ഏതൊരാളോടും, എല്ലാം സൃഷ്ടിച്ചവൻ നൽകിയതിന് അനുകൂലമായി അവർക്ക് ചുറ്റുമുള്ള മൂല്യങ്ങളെ നിരസിക്കുവാൻ ആവശ്യപ്പെടുന്നു.

അവസാനമായി, ദൈവം രൂപകൽപ്പന ചെയ്തതിന് അനുകൂലമായി നമുക്കു ചുറ്റുമുള്ള സംസ്ക്കാരത്തിന്റെ അന്തർലീനമായ നിർവ്വചനങ്ങളെയും ആവശ്യങ്ങളെയും നിശിതമായ അവബോധത്തോടെയും ഉചിതമായ ചോദ്യം ചെയ്യലിലൂടെയും നിരസിക്കുന്നതിലൂടെയും മുന്നോട്ടുപോകുമ്പോൾ നമുക്ക് ഉത്കണ്ഠ അനുഭവപ്പെടാം. നമ്മുടെ ഈ ആകുലതകളെ ദൈവം കൈകാര്യം ചെയ്യുമെന്ന് യേശു നമുക്കു വാഗ്ദാനം ചെയ്യുന്നു. അവനു ആകാശത്തിലെ പക്ഷികളെ പോറ്റുവാൻ കഴിയുമെങ്കിൽ, വയലുകളുടെ ഭംഗിയെ പരിപാലിക്കുവാൻ അവനു കഴിയുമെങ്കിൽ, നമ്മുടെ ആവശ്യങ്ങളെ കൈകാര്യം ചെയ്യുവാനും അവനു കഴിയും. നമുക്കു കാണുവാൻ കഴിയുന്നവയെ വിലമതിക്കുന്നതിനേക്കാൾ കാണുവാൻ സാധിക്കാത്ത കാര്യങ്ങളെ വിലമതിക്കുന്നതിന്റെ ലക്ഷണമാണ് ഉത്കണ്ഠ. എന്നാൽ അതിനെ വിശ്വാസം എന്ന് വിളിക്കാവുന്നതാണ്. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം നാം പിതാവെന്ന് വിളിക്കുന്നവനുമായി വേണ്ടത്ര സമയം ചെലവഴിച്ചിട്ടില്ലെന്നതിന്റെ ലക്ഷണമാണ് ഇത്.

**അവന്റെ രാജ്യവും നീതിയും നാം അന്വേഷിക്കേണ്ടവരാകുന്നു.**

നാം ദൈവവുമായുള്ള ബന്ധത്തിലേക്കു വരുമ്പോൾ, കേവലം മരണാനന്തര ജീവിതത്തിനായി ഒരുങ്ങുകയല്ല, മറിച്ച് ദൈവവുമായുള്ള പുതിയ ബന്ധത്തിലേക്കു നാം വീണ്ടുജനിക്കുകയാണ് ചെയ്യുന്നത്. പരിശുദ്ധാത്മാവ് നമ്മിൽ വാസമാക്കുന്നതിലൂടെ ഒരു പുതിയ ജീവിതം നമ്മിലേക്ക് പകരുകയാണ് ദൈവം ചെയ്യുന്നത്. റോമാ ലേഖനം 6-8 വരെയുള്ള അദ്ധ്യായങ്ങളിൽ പൗലോസ് ഈ യാഥാർത്ഥ്യത്തെക്കുറിച്ച് വളരെ വ്യക്തമായി വിവരിക്കുന്നുണ്ട്. അവന്റെ ഉദ്ദേശ്യപ്രകാരം ലോകത്തിൽ വസിക്കുവാനായി അവൻ നമ്മെ ഉണ്ടാക്കിയിരിക്കുന്നു. അതായത്, അവന്റെ നീതിയിൽ, അവൻ നമ്മിൽ വച്ചിരിക്കുന്ന പുതുമയുള്ള ജീവിതത്തിലൂടെ അവന്റെ രാജ്യം അന്വേഷിക്കുന്നതിനായി നമ്മെ സൃഷ്ടിച്ചിരിക്കുന്നു. ഈ രണ്ട് ആശയങ്ങളും പുതിയ നിയമത്തിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഒന്ന്, മനുഷ്യർ ദർശിക്കേണ്ട ഒന്നായ നീതി. അവർ അത് അവരുടെ ജീവിതരീതിയിൽ നിന്ന് വ്യത്യസ്തമായി കാണുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. ഇത് ദൈവം അവരെ തന്നിലേക്ക് അടുപ്പിക്കുന്നതിനോ അവർക്കെതിരായ സാക്ഷിയായോ ഉപയോഗിക്കുന്ന ഒരു ഉപകരണമാണോ. ലോകത്തിന്റെ വീണ്ടെടുപ്പിൻ ലക്ഷ്യത്തിനായി അവൻ നമ്മിലേക്ക്

കൊണ്ടുവരുന്ന മാർഗ്ഗമാണിത്. അങ്ങനെ അവന്റെ രാജ്യത്തിന്റെ വിപുലീകരണവും നടക്കുന്നു. ഇതൊരു കാരണം മാത്രമല്ല, മറിച്ച് നമ്മുടെ ദൈനംദിനപൊരുൾ വെളിപ്പെടുത്തുന്ന സുപ്രധാന മാർഗ്ഗവുമാണ്. ഇത് നമ്മുടെ ജീവിതത്തിന്റെ ഭ്രമണപഥവും നമ്മുടെ ജീവിത തീരുമാനങ്ങളും പ്രവർത്തികളും നിർവ്വചിക്കുന്നു.

മത്തായി 6:1–7:6 വരെയുള്ള ഭാഗങ്ങളിൽ ജീവനുള്ള നീതിയുടെ പ്രത്യേകതയെക്കുറിച്ച് വിവരിക്കുന്നു.

“മനുഷ്യർ കാണേണ്ടതിന് നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ; അല്ലാഞ്ഞാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്ക് പ്രതിഫലമില്ല. ആകയാൽ ഭിക്ഷകൊടുക്കുമ്പോൾ മനുഷ്യരാൽ മാനം ലഭിപ്പാൻ പള്ളികളിലും വീഥികളിലും കപടഭക്തിക്കാർ ചെയ്യുന്നതുപോലെ നിന്റെ മുമ്പിൽ കാഹളം ഊതിക്കരുത്; അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ ഭിക്ഷകൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിന്നു വലങ്കൈ ചെയ്യുന്നത് എന്ത് എന്ന് ഇടങ്കൈ അറിയരുത്. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം തരും. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്; അവർ മനുഷ്യർക്കു വിളങ്ങേണ്ടതിനു പള്ളികളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും. പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജൽപ്പനം ചെയ്യരുത്; അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നത്. അവരോടു തുല്യരാകരുത്; നിങ്ങൾക്ക് ആവശ്യമുള്ളത് ഇന്നതെന്ന് നിങ്ങൾ യാചിക്കുംമുമ്പെ നിങ്ങളുടെ പിതാവ് അറിയുന്നുവല്ലോ. നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകേണമേ; ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ; ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ. നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടു ക്ഷമിക്കും. നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല. ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുത്; അവർ ഉപവസിക്കുന്നത് മനുഷ്യർക്കു വിളങ്ങേണ്ടതിനു മുഖം വിരൂപമാക്കുന്നു; അവരുടെ പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിനു വിളങ്ങേണ്ടതിനു തലയിൽ എണ്ണ തേച്ചു മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം നല്കും.

പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയും ഇരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ. നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും. ശരീരത്തിന്റെ വിളക്കു കണ്ണാകുന്നു; കണ്ണു ചൊവ്വുള്ളതെങ്കിൽ നിന്റെ ശരീരം മുഴുവനും പ്രകാശിതമായിരിക്കും. കണ്ണു കേടുള്ളതെങ്കിലോ നിന്റെ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും; എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ട് എത്ര വലിയത്! രണ്ടു യജമാ

നന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും; നിങ്ങൾക്കു ദൈവ ത്തേയും മാമോനെയും സേവിപ്പാൻ കഴികയില്ല. അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നത്: എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവനായിക്കൊണ്ടും എന്തു ഉടുക്കും എന്നു ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്; ആഹാരത്തേക്കാൾ ജീവനും ഉടുപ്പിനേക്കാൾ ശരീരവും വലുതല്ലയോ? വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോടു ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും? ഉടുപ്പിനെക്കുറിച്ചു വിചാരപ്പെടുന്നതും എന്ത്? വയലിലെ താമര എങ്ങനെ വളരുന്നു എന്നു നിരൂപിപ്പിൻ; അവ അദ്ധ്വാനിക്കുന്നില്ല, നൂല്ക്കുന്നതുമില്ല. എന്നാൽ ശലോമോൻ പോലും തന്റെ സർവ്വമഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നു എങ്കിൽ, അൽപവിശ്വാസികളെ, നിങ്ങളെ എത്ര അധികം. ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്നു അറിയുന്നുവല്ലോ. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊ ക്കെയും നിങ്ങൾക്ക് കിട്ടും. അതുകൊണ്ട് നാളെക്കായി വിചാരപ്പെടരുത്; നാളത്തെ ദിവസം തനി ക്കായി വിചാരപ്പെടുമല്ലോ; അതതു ദിവസത്തിനു അന്നന്നത്തെ ദോഷം മതി. നിങ്ങൾ വിധിക്കപ്പെ ടാതിരിക്കേണ്ടതിന് വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും. എന്നാൽ സ്വന്തകണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരടു നോക്കുന്നത് എന്ത്? അല്ല, സ്വന്തകണ്ണിൽ കോൽ ഇരിക്കെ നീ സഹോ ദരനോടു: നില്ലൂ, നിന്റെ കണ്ണിൽ നിന്ന് കരട് എടുത്തുകളയട്ടെ എന്നു പറയുന്നത് എങ്ങനെ? കപ ടഭക്തിക്കാരാ, മുമ്പെ സ്വന്തകണ്ണിൽ നിന്ന് കോൽ എടുത്തുകളക; പിന്നെ സഹോദരന്റെ കണ്ണിൽ നിന്ന് കരട് എടുത്തുകളവാൻ വെടിപ്പായി തോന്നും. വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്; നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇടുകയുമരുത്; അവ കാൽകൊണ്ട് അവയെ ചവിട്ടു കയും തിരിഞ്ഞു നിങ്ങളെ ചീന്തിക്കളകയും ചെയ്‌വാൻ ഇടവരരുത്.''

ഒന്നാമത്തെ വാക്യത്തിൽ നമുക്ക് നൽകിയിട്ടുള്ള യഥാർത്ഥ നീതി എന്നത് നാം ദൈവമുമ്പാകെ മാത്രം ചെയ്യുന്നതിന് ലഭിക്കുന്നതാണ്. വീണ്ടുംജനനം പ്രാപിക്കാത്ത ഹൃദയത്തിൽ നിന്നു വരുന്ന മറ്റെന്തെങ്കിലും ഉണ്ടെങ്കിൽ, മറ്റുള്ളവർ അത് നിരീക്ഷിക്കുന്നതിലൂടെയുണ്ടാകുന്ന പ്രതിഫലം മാത്രമേ അതിനു ലഭിക്കൂ. അവയുടെ മാതൃകകളെ നാം അനുകരിക്കുന്നതിനുള്ള കാരണം അവ നീതിയാ കുന്നു എന്നുള്ളതും, അവ ദൈവത്തോടുള്ള അനുസരണം നിമിത്തം മാത്രം ചെയ്യുന്നു എന്നതുമാകുന്നു.

ഒന്ന്, കഴിയുന്നത് കൊടുക്കുക. അത് ദൈവം കൊടുക്കുവാൻ ആവശ്യപ്പെടുന്നവന് കൊടുക്കുക. ദൈവം മറ്റുള്ളവരുടെ ആവശ്യങ്ങളെ അറിയുന്നു, അതുപോലെ ഇന്നും നാളെയും തുടർന്നങ്ങോട്ടും എനിക്ക് വേണ്ടതെന്തെന്നും ദൈവത്തിനറിയാം. ഞാൻ അവനുമായി നിരന്തര ബന്ധത്തിലാണെ ങ്കിൽ, അവൻ എനിക്കു തന്ന നന്മകളോടു അനുസരണമുള്ളവനായിരിക്കുന്നു എങ്കിൽ, അവ മറ്റു ള്ളവർക്ക് പങ്കിടുന്നതിൽ എന്നെ നയിക്കുവാൻ അവൻ വിശ്വസ്തനായിരിക്കും. യഥാർത്ഥത്തിൽ, ദൈവത്തിന്റെ നിയോഗപ്രകാരം കൊടുക്കുന്നുവെങ്കിൽ എന്റെ സ്വഭാവം പരിശുദ്ധാത്മാവിന്റെ വാസത്തിലൂടെ, എന്റെ വലതുകൈ ചെയ്യുന്നത് എന്റെ ഇടതുകൈ അറിയുകയില്ല എന്ന സ്വാഭാവി ക സ്വഭാവമായി മാറും. മറ്റൊരു രീതിയിൽ പറഞ്ഞാൽ, കൊടുക്കുക എന്നത് എന്റെ ജീവിതത്തിൽ ഒരു സ്ഥിരതയുള്ള നിലയായിത്തീരും.

രണ്ടാമതായി, നാം പ്രാർത്ഥിക്കുമ്പോൾ, നാം യഥാർത്ഥത്തിൽ സംസാരിക്കുന്നതുപോലെ ദൈവത്തോടു സംസാരിക്കണം. പ്രാർത്ഥന കപടമാകാം. യഥാർത്ഥത്തിൽ ദൈവവുമായി സംസാരിക്കുന്നതുമായി യാതൊരു ബന്ധവും ഇല്ലാത്തപ്പോൾ അത് കപടമാണ്. പൊതുജനം കാണേണ്ടതിനായി മാത്രമാണ് ഇത് ചെയ്യുന്നതെങ്കിൽ ഇത് കപടമാണ്. യഥാർത്ഥപ്രാർത്ഥന എന്നത്, ഒരു സ്വകാര്യമായ മുറിയിൽ ചെയ്യുവാൻ കഴിയുന്നത്ര അടുപ്പമുള്ളതാണ്. ദൈവം കേൾക്കുന്നുണ്ട് എന്ന് അത് തിരിച്ചറിയന്നു. ദൈവം മുന്നമേ അറിയുന്നു എന്ന തിരിച്ചറിവിൽ നിന്നാണ് യഥാർത്ഥ പ്രാർത്ഥന ആരംഭിക്കുന്നത്.

യേശുവിന്റെ പ്രാർത്ഥനാരീതി നമ്മെ ചിലതു പഠിപ്പിക്കുന്നു:

1. ദൈവത്തിന്റെ പരമാധികാരം അംഗീകരിക്കുക
2. അവന്റെ നാമം വിശുദ്ധീകരിച്ചുകൊണ്ട് അവന്റെ പരമാധികാരത്തിലേക്ക് ചായുക
3. അവന്റെ രാജ്യത്തെ തിരഞ്ഞെടുക്കുക
4. അവന്റെ ഹിതത്തെ തിരഞ്ഞെടുക്കുക
5. അവന്റെ ദൈനംദിന കരുതൽ നടപടികൾക്കായി നമ്മുടെ ആവശ്യങ്ങളെ തിരിച്ചറിയുക
6. ദിനേന നമ്മുടെ ക്ഷമയ്ക്കായി അവങ്കൽ അന്വേഷിക്കുക
7. ദിനേന മറ്റുള്ളവരോടു ക്ഷമിക്കുക
8. പ്രലോഭനത്തിൽ നിന്നുള്ള സംരക്ഷണം അന്വേഷിക്കുക
9. ശത്രുവിൽ നിന്നുള്ള സംരക്ഷണം അന്വേഷിക്കുക

ക്ഷമിക്കുക എന്നത് ജീവിതത്തിന്റെ ഒരു ശൈലിയാകേണ്ടതിന്റെ ആവശ്യകത രണ്ടു പ്രാവശ്യം യേശു ആവർത്തിക്കുന്നതിലൂടെ ക്ഷമിക്കുക എന്നതിന്റെ പ്രാധാന്യതയ്ക്ക് യേശു ഊന്നൽ കൊടുക്കുന്നു. സ്വർഗ്ഗീയ പിതാവിനെ ഇത് പ്രതിഫലിപ്പിക്കുന്നതിനാൽ ഇത് താക്കോലായി വർത്തിക്കുന്നു.

മൂന്നാമത്, നാം ഉപവസിക്കുമ്പോൾ, ഉപവസിക്കുന്നില്ലാത്തതുപോലെ ഉപവസിക്കുക. കപടവിശ്വാസികൾ ഉപവസിക്കുന്നത് കാണപ്പെടുന്നവിധമാണ്. യഥാർത്ഥമായ ഉപവാസം ആരോഗ്യകരമായ മുഖപ്രസന്നതയെ സൂക്ഷിക്കുന്നു. അത് സ്വർഗ്ഗീയ പിതാവിനെ മാത്രം കേന്ദ്രീകരിക്കുന്നു, തന്മൂലം സ്വർഗ്ഗീയ പിതാവിൽ നിന്ന് അനുഗ്രഹവും തിരികെ പ്രാപിക്കുന്നു.

അവസാനമായി, ദൈവത്തെ മറ്റുള്ളവരുടെ ന്യായാധിപനാകുവാൻ അനുവദിക്കുക. നിങ്ങൾ നിങ്ങളെത്തന്നെ ന്യായാധിപനായി ഉറപ്പിക്കുകയാണെങ്കിൽ, ദൈവം നിങ്ങളെ അതേ മാനദണ്ഡം അനുസരിച്ച് അളക്കും. മറ്റൊരാളെ നാം സഹായിക്കുവാൻ ഒരുങ്ങുന്നതിനു മമ്പ്, നമുക്ക് വ്യക്തമായി കാണുവാൻ കഴിയേണം. നിങ്ങൾക്ക് ഇതിനകം കൈവശമുള്ളവയുടെ മൂല്യം കുറഞ്ഞുപോകുന്നില്ല എന്നതിൽ ഏറെ ശ്രദ്ധയുണ്ടാകണം.

## എന്റെ സ്വത്തുക്കൾ ദൈവരാജ്യത്തിന്റെ വർദ്ധനവിനായി നിക്ഷേപിക്കുക

**1 തിമൊത്തി 6:17-19**

എനിക്കു ചുറ്റുമുള്ള സംസ്ക്കാരത്തിനെതിരെ സൃഷ്ടിച്ചെടുത്ത ശത്രുതാമനോഭാവത്തോടെ ജീവിക്കുന്നത് എളുപ്പമുള്ള ഒരു കാര്യമല്ല. സൃഷ്ടിച്ചെടുത്തത് എന്ന് ഞാൻ പറയുവാൻ കാരണം, നാം സമൂഹത്തിൽ അനുകൂലമായ ഉപകരണങ്ങളായി നിലനിൽക്കേണ്ടവരാണ്. ശത്രുതാമനോഭാവം എന്നു പറയുവാൻ കാരണം, എന്നിലുള്ള യേശുവിന്റെ ജീവിതാനുഭവത്തെ വളരെ കുറച്ചു മാത്രമേ ഞാൻ പരിപോഷിപ്പിക്കുന്നുള്ളൂ എന്നതിനാലാണ്. എബ്രായർ 10:24 ലെ അഭിപ്രായപ്രകാരം, ‘‘ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവർത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക...’’ ഓസ്വാൾഡ് ചേംബർ പറയുന്നത്: ‘‘നാമെല്ലാവരും ആത്മീയമായി മടിയന്മാരായ വിശുദ്ധന്മാരാകുവാൻ പ്രാപ്തരാണ്.  ജീവിതത്തിന്റെ പരുക്കനായ പാതകളിൽ നിന്ന് ഒഴിഞ്ഞുനിൽക്കേണമെന്നും, നമ്മുടെ പരമപ്രധാനമായ ലക്ഷ്യം തന്നെ ലോകത്തിൽ നിന്ന് സമാധനപരമായ ഒരു പിൻവാങ്ങൽ നേടുക എന്നതുമാണ് എന്നും നാം പറയേണമെന്ന് ആഗ്രഹിക്കുന്നു. എബ്രായർ 10 ൽ നിന്നുള്ള ഈ വാകൃങ്ങളിൽ കാണുന്ന, ഒരുവൻ മറ്റൊരുവനെ തമ്മിൽ പ്രബോധിപ്പിക്കുകയും അങ്ങനെ നാം നമ്മെത്തന്നെ സൂക്ഷിക്കുകയും ചെയ്യുന്നു എന്ന കാര്യമാണ് അത് മുന്നോട്ടു വയ്ക്കുന്നത്. ഇവ രണ്ടിനും മുൻകയ്യോടെയുള്ള പ്രവർത്തി ആവശ്യമാണ്. സ്വയം തിരിച്ചറിയുന്നതിനുള്ള മുൻകയ്യല്ല ആദ്യം നമുക്ക് വേണ്ടത്, മറിച്ച് ക്രിസ്തുവിനെ തിരിച്ചറിയുവാനുള്ള സന്നദ്ധതയാണ് ആദ്യമായി നമുക്കുണ്ടാകേണ്ടത്. ഉദാസീനമായും, പിന്മാറിയും, ഒറ്റപ്പെട്ടുമുള്ള ജീവിതം യേശു പഠിപ്പിച്ചതിനനുസാരമായി തികച്ചും ആത്മീതയ്ക്ക് എതിരായ ജീവിതമാണ്.’’

ഈ പിരിമുറുക്കം തിരിച്ചറിഞ്ഞ അപ്പൊസ്തലനായ പൗലോസ് തിമൊഥെയോസിനെ, 1 തിമോഥെയോസ് 6:17-19 വരെയുള്ള ഭാഗങ്ങളിലൂടെ ഉപദേശിക്കുന്നു: ‘‘ഈ ലോകത്തിലെ ധനവാന്മാരോട് ഉന്നതഭാവം കൂടാതെയിരിപ്പാനും നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്കു സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവത്തിൽ ആശവെപ്പാനും നന്മ ചെയ്വാനും സൽപ്രവർത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളേണ്ടതിനു വരുംകാലത്തേക്കു നല്ലൊരു അടിസ്ഥാനം നിക്ഷേപിച്ചുകൊൾവാനും ആജ്ഞാപിക്ക.’’

ഒരു അപകടം പൗലോസ് വെളിപ്പെടുത്തി, സമ്പത്ത് സംബന്ധമായി അതിൽ മറഞ്ഞിരിക്കുന്ന അപകടത്തെക്കുറിച്ച് പൗലോസ് പ്രസ്താവിച്ചു! അതിന് നാം അർഹരല്ല! അതിനാൽ താൻ പറയുന്നു, ‘‘ഈ ലോകത്തിലെ ധനവാന്മാരോട് അഹങ്കാരം കൂടാതെയിരിപ്പാൻ ആജ്ഞാപിക്ക.’’ ലോകവീക്ഷണങ്ങൾക്കനുസാരമായി ടെലിവിഷനിലൂടെയും മറ്റെല്ലാത്തരം പരസ്യങ്ങളിലൂടെയും വൻതോതിലുള്ള ലോകവിപണനത്തിലൂടെ നാം നമ്മുടെ ആവശ്യങ്ങളെ നിറവേറ്റുന്ന ഉപഭോക്താക്കളായി മാത്രം മാറി. അതിനാൽ, കേവലം സാധനസാമഗ്രികളല്ല, പക്ഷേ നമ്മുടെ ‘പ്രതീക്ഷകൾ’ എല്ലാം ഈ നുണയുടെ വൈദഗ്ദ്യത്തോട് ചേർന്നുപോകുകയും അത് ദൃഢമാകുകയും ചെയ്തിരിക്കുന്നു!

രണ്ടാമതായി, പൗലോസ് അവർക്ക് നൽകുന്ന മുന്നറിയിപ്പ്, സമ്പത്തിൽ അവരുടെ ആശ വയ്ക്കരുത്, കാരണം ഇത് (സമ്പത്ത്) കാണുന്നതുപോലെ അത്ര ഉറപ്പുള്ളതല്ല. 30 വർഷത്തെ വായ്പകൾ, ആജീവനാന്ത ഉറപ്പ്, എല്ലാ പരസ്യവാചകത്തിന്റെയും അവസാനം യാഥാർത്ഥ്യത്തെ അവഗണിക്കുന്ന തരത്തിൽ വശീകരിക്കുന്ന ഇത്തരത്തിലുള്ള ആപ്തവാക്യങ്ങളും. സ്ഥായിയായി ഒന്നിനും നിലനിൽപ്പില്ല!

അവസാനമായി, സമ്പത്ത് നിത്യമായ പ്രത്യാശയ്ക്ക് പകരമാകില്ല എന്നു പറഞ്ഞ് ദൈവത്തിൽ പ്രത്യാശ അർപ്പിക്കുവാൻ അദ്ദേഹം അവരെ പ്രോത്സാഹപ്പിക്കുന്നു. മനുഷ്യ ജീവിതത്തിന്റെ ഏറ്റവും അഗാധത്തിലുള്ള, ദൈവത്തിന് സ്ഥാനം നൽകാത്ത ശൂന്യമായ സ്ഥലത്ത് ഇടം പിടിക്കുവാൻ എന്തും ഉണ്ട് എന്നത് ഒരുപക്ഷേ ഇത്തരം കൂട്ടനുണകളുടെ ഏറ്റവും വലിയ ദോഷമാകാം.

ദൈവത്തിനു പകരമായി എന്തിനെയും അനുവദിക്കുന്നതിനെതിരെ പൗലോസ് മുന്നറിയിപ്പ് നൽകുന്നു. റോമാ ലേഖനം 1:18–20 വരെ താൻ പറയുന്നു: ‘‘അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽനിന്നു വെളിപ്പെടുന്നു. ദൈവത്തെക്കുറിച്ച് അറിയാകുന്നത് അവർക്ക് വെളിവായിരിക്കുന്നു; ദൈവം അവർക്ക് വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവർത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്ക് പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നേ.’’

ഇത്തരത്തിലുള്ള ‘‘പകരംവയ്ക്കലിനെ’’ മാരകമാക്കുന്നത് എന്താണ്? റോമർ 1 ൽ പൗലോസ് തുടർന്നു നമ്മോടു പറയുന്നു: ‘‘സഭവിച്ചത് എന്തെന്നാൽ: ആളുകൾക്ക് ദൈവത്തെ നന്നായി അറിയാമായിരുന്നു, എന്നാൽ അവർ അവനെ ദൈവത്തെപ്പോലെ പരിഗണിക്കാതിരുന്നപ്പോൾ, അവനെ ആരാധിക്കാൻ വിസമ്മതിച്ചപ്പോൾ, അവർ ദൈവത്തെ ഭോഷത്വമായും അവനെക്കുറിച്ച് ആശയക്കുഴപ്പത്തിലേക്കും തിരിഞ്ഞ് ദൈവത്തെ തുശ്ചീകരിച്ചു. അതിനാൽ അവരുടെ ജീവിതം തിരിച്ചറിവോ ലക്ഷ്യമോ ഇല്ലാത്തതായി മാറി. അവർ എല്ലാം അറിയുന്നതായി അവർ നടിച്ചു, എന്നാൽ ജീവിതത്തെക്കുറിച്ച് നിരക്ഷരരായിരുന്നു. ലോകം മുഴുവൻ തന്റെ കരങ്ങളിൽ വഹിക്കുന്ന ദൈവമഹത്വത്തെ റോഡരികിലെ ഏതു വാണിഭശാലയിൽ നിന്നും നിങ്ങൾക്ക് വാങ്ങുവാൻ കഴിയുന്ന വിലകുറഞ്ഞ രൂപങ്ങളായ വില്പനച്ചരക്കാക്കി മാറ്റി. അതുകൊണ്ട്, പരമാർത്ഥത്തിൽ ദൈവം പറഞ്ഞു, ‘‘അതാണ് നിങ്ങൾക്ക് വേണ്ടതെങ്കിൽ, അതാണ് നിങ്ങൾക്ക് ലഭിക്കുന്നത്.’’ മാലിന്യം തേച്ചുപിടിപ്പിച്ച, അകത്തും പുറത്തും മാലിന്യമുള്ള പന്നിക്കൂട്ടത്തിൽ താമസിക്കുവാൻ തുടങ്ങിയിട്ട് അധികം നാളുകളായിട്ടില്ല. ഇതെല്ലാം കാരണം അവർ സത്യദൈവത്തെ വ്യാജദൈവത്തിനു വേണ്ടി കച്ചവടമാക്കി. അവരെ സൃഷ്ടിച്ച ദൈവത്തിനു പകരം അവർ നിർമ്മിച്ച ദൈവത്തെ അവർ ആരാധിച്ചു. നാം അനുഗ്രഹിക്കുന്ന ദൈവം, നമ്മെ അനുഗ്രഹിക്കുന്ന ദൈവം. ഓ, അതെ!’’ (റോമർ 1:21–25) (MSG)

ഈ ലോകവീക്ഷണത്തെ എങ്ങനെ നമുക്കു ചെറുക്കാം? തിമൊഥെയോസിന്റെ ഒന്നാം ലേഖനത്തിൽ 6:17 മുതൽ പൗലോസ് തിമൊഥെയോസിനോടു പറയുന്നു. ഒന്നാമതായി, എല്ലാനിലയിലും പൊതുവായ വിളി, ദൈവത്തിന്റെ ദാനങ്ങൾ സ്വീകരിച്ച് അവ ആസ്വദിക്കൂ, കാരണം, ‘‘ദൈവം തന്നെയാണ് നമുക്ക് ആനന്ദത്തിനായുള്ള കാര്യങ്ങളെ ധാരാളമായി നൽകുന്നത്.’’

എന്നാൽ, നാം ജീവിക്കുന്ന ഈ വീണുപോയ സംസ്ക്കാരത്താൽ മലിനമാക്കപ്പെട്ട ആശയങ്ങൾ പുലർത്തിക്കൊണ്ട് ദൈവത്തിന്റെ വാഗ്ദത്തത്തെ ആശ്ലേഷിക്കരുത്. അദ്ദേഹം കൂട്ടിച്ചേർക്കുന്നത്, നന്മ ചെയ്യുന്നതിലൂടെ അവയുടെ ഉപഭോഗത്തിന്റെ സന്തോഷം കണ്ടെത്തണം. 18–ാം വാക്യത്തിൽ പൗലോസ് പറയുന്നു, ‘‘നന്മ ചെയ്യുവാൻ അവരോട് ആജ്ഞാപിക്ക.’’ എന്താണ് നല്ല പ്രവർത്തി? ഇതിന് പൗലോസ് 1 തിമൊഥെയോസ് 5:10 ൽ ഒരു നല്ല നിർവ്വചനം നല്കുന്നുണ്ട്, ‘‘...മക്കളെ വളർത്തുകയോ അതിഥികളെ സൽക്കരിക്കുകയോ വിശുദ്ധന്മാരുടെ കാലുകളെ കഴുകുകയോ ഞെരുക്കമുള്ളവർക്കു മുട്ടുതീർക്കുകയോ സർവ്വസൽപ്രവർത്തിയും ചെയ്തു പോരുകയോ ചെയ്തു എങ്കിൽ...’’

ഈ പ്രവർത്തികളെല്ലാം വളരെ സുപ്രധാനമായിരിക്കുന്നത് എന്തുകൊണ്ടാണ്? കാരണം, യേശു തന്നെ മത്തായി 5:16 ൽ പറഞ്ഞിട്ടുള്ളതുപോലെ, അവ അവതാരമായ നന്മയുടെ ശക്തിയാണ്. ഇപ്പോൾ ഞാൻ നിങ്ങളെ മലമുകളിൽ, വിളക്കുതണ്ടിന്മേൽ ആണ് നിറുത്തിയിരിക്കുന്നത്-പ്രകാശിക്കുക! നിങ്ങളുടെ വീടുകളെ തുറന്നുവയ്ക്കുക; നിങ്ങളുടെ ജീവിതത്തോട് ഉദാരത പുലർത്തുക. നിങ്ങൾ മറ്റുള്ളവരുടെ മുമ്പാകെ നിങ്ങളെ തുറന്നുകാണിക്കുന്നതിലൂടെ, ഔദാര്യവാനായ ദൈവത്തോട് തങ്ങളെത്തന്നെ തുറന്നുകൊടുക്കുവാനായി മറ്റുള്ളവരെ നിങ്ങൾ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്.

നന്മ ചെയ്യുവാൻ മൂന്ന് വഴികളുണ്ടെന്ന് പൗലോസ് തിമൊഥെയോസിനോട് പറയുന്നു. ആദ്യത്തേത്, നിങ്ങളുടെ ആസ്തി മറ്റുള്ളവരുടെ പ്രയോജനത്തിനായി പരിണമിപ്പിക്കുന്നതിലൂടെ. ‘‘സൽപ്രവർത്തികളിൽ സമ്പന്നരാകുക.’’ നമുക്കുള്ളതെല്ലാം മറ്റുള്ളവരുടെ പ്രയോജനത്തിനായി ഉപയോഗപ്പെടുത്തുന്നതിലൂടെ.

രണ്ടാമതായി, ചിലത് നൽകിക്കൊണ്ട് ഞങ്ങൾ ഞങ്ങളുടെ ആസ്തികൾ നല്ലതിനായി നിക്ഷേപിക്കുന്നു എന്ന് പൗലോസ് പറയുന്നു. അതായത്, ‘‘ഉദാരത പുലർത്തുക.’’ അപ്പൊസ്തല പ്രവർത്തികൾ 20:35 ൽ താൻ വ്യക്തമാക്കുന്നതിലൂടെ പൗലോസിന് യേശുവിന്റെ വാക്കുകളും ജീവിതവും ഇപ്പോഴും കേൾക്കുവാൻ കഴിയുന്നു എന്ന് കാണുന്നു. ‘‘ഇങ്ങനെ പ്രയത്നം ചെയ്തു പ്രാപ്തിയില്ലാത്തവരെ സഹായിക്കുകയും വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്നു കർത്താവായ യേശുതാൻ പറഞ്ഞ വാക്കു ഓർത്തുകൊൾകയും വേണ്ടത് എന്നു ഞാൻ എല്ലാംകൊണ്ടും നിങ്ങൾക്കു ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു.’’

അവസാനമായി, പൗലോസ് പ്രസ്താവിക്കുന്ന നല്ലതു ചെയ്യുക എന്ന മൂന്നു കാര്യങ്ങളുടെ നിർവ്വചനത്തിൽ ഏറ്റവും പ്രയാസകരമായി എനിക്കു തോന്നുന്നത്, എന്റേതായ നന്മകൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുക എന്നുള്ളതാണ്. ഇക്കാര്യം എന്നെ ഏറ്റവും വിഷമസന്ധിയിലാക്കുന്നു. കാരണം, ഇക്കാര്യങ്ങളിലെല്ലാം ഞാൻ സജീവമായി കൃത്യമായ കാര്യവിചാരണകൾ നടത്തുന്നുണ്ട്. അതുകൂടാതെ അവയെല്ലാം മറ്റുള്ളവർ ആസ്വദിക്കുന്നത് കാണുവാനുള്ള സന്തോഷകരമായ ഒരു മനോഭാവം ഞാൻ വളർത്തിയെടുക്കണം. അവർ യഥാർത്ഥത്തിൽ അവയെ എങ്ങനെ ഉപയോഗിക്കുന്നു എന്നതിന് യാതൊരു നിയന്ത്രണവുമുണ്ടാകില്ല! ഒരുപക്ഷേ അവർ അത് വൃത്തികേടാക്കാം, പോറലേൽപ്പിക്കാം അല്ലെങ്കിൽ അത് തകർത്തുകളയാം!

രണ്ട് നിഗമനങ്ങളിലൂടെ പൗലോസ് തിമൊഥെയോസിനോട് വെല്ലുവിളിയെക്കുറിച്ച് വിശദീകരിക്കുന്നു. ഒന്നാമതായി, നിന്റെ സമ്പത്ത് നിന്റെ യഥാർത്ഥ ഭവനത്തിൽ നിക്ഷേപിക്കുക. ഈ വിധത്തിൽ വരും കാലത്തേക്ക് അവർ തങ്ങൾക്കുവേണ്ടി നല്ലോരു അടിസ്ഥാനം നിക്ഷേപിക്കും. രണ്ടാമതായി, അവർ സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളേണ്ടതിന് ആകുന്നു.

ലോകത്തിൽ വസിക്കുന്ന ക്രിസ്തുവിന്റെ ജനങ്ങളിൽ ഈ നിക്ഷേപ മനോഭാവം ലോകത്തിലുള്ളവർ കാണുമ്പോൾ, ക്രിസ്തുവിന്റെ ജനങ്ങളിലുള്ള ശക്തി ലോകത്തിന് കൂടുതൽ അനുഭവവേദ്യമാകുന്നു. നമ്മുടെ ജീവിതത്തിന്റെ നിത്യമായതും തന്ത്രപരമായതും ആയ മൂല്യം നഷ്ടപ്പെടുത്തത്തക്കവണ്ണമുള്ള ബലഹീനതകൾ നമ്മിലും നമുക്കിടയിലും ഉണ്ട്. നാം എങ്ങനെ ജീവിക്കുന്നു എന്നുള്ളത് ദൈവാത്മാവിന്റെ കരങ്ങളിലെ വീണ്ടെടുക്കുന്നതിനുള്ള ശക്തമായ ഒരു ഉപാധിയാണ് ഒരുപക്ഷേ ഇന്ന് ഒരു സംസ്ക്കാരത്തിൽ ഒരുവന്റെ കൈവശമുള്ളതിന്റെ ഏറ്റവും പ്രാമുഖ്യമായതിനെത്തന്നെ അയാൾ ക്രയവിക്രയം ചെയ്യുന്നു.

**അവന്റെ നീതി എന്റെ പാരമ്പര്യ നിലവാരമാണ്**

ഗിരിപ്രഭാഷണത്തിലെ യേശുവിന്റെ വചനങ്ങൾ വേണ്ടുവോളം നാം വായിക്കുന്നില്ലെങ്കിൽ നമുക്ക് ഒരു പ്രശ്നമുണ്ടെന്ന് നാം തിരിച്ചറിയേണം. ചിലർ യേശുവിന്റെ ഈ വാക്കുകളെ ഒരു ധാർമ്മിക പ്രാധാന്യമുള്ളതായി മാത്രമേ കാണുന്നുള്ളൂ. എന്നാൽ ധാർമ്മികമായി ജീവക്കുവാൻ കഴിയാത്ത വിധം അവന്റെ വചനങ്ങൾ കാർക്കശ്യമേറിയതാണ് എന്നതാണ് പ്രശ്നം. ആകയാൽ, ഒന്നുകിൽ യേശു അതിശയോക്തിയോടെ പറഞ്ഞതായിരിക്കാം അല്ലെങ്കിൽ യേശു എന്താണോ അർത്ഥമാക്കിയത് അത് അങ്ങനെതന്നെ പ്രസ്താവിച്ചു. ഈ സാഹചര്യത്തിൽ, ഇങ്ങനെ ജീവിക്കുന്നത് നമുക്ക് അസാദ്ധ്യമാണ്. ഇങ്ങനെ ജീവിക്കുന്നതിനുള്ള ബുദ്ധിമുട്ട് മത്തായി 5:17 ലും തുടർന്നുള്ള വേദഭാഗങ്ങളിലും കാണാം: ''ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരേയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നത്. സത്യമായിട്ടും ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല. ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും. നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.'' (മത്തായി 5:17-20)

എന്നാൽ യേശു ഇതുതന്നെയാണ് ചെയ്യുവാൻ ആഗ്രഹിച്ചത്. ദൈവം ആദമിനും ഹവ്വയ്ക്കും അവരുടെ എല്ലാ സന്തതികൾക്കും വേണ്ടി രൂപകല്പന ചെയ്ത ജീവിതം നയിക്കുവാൻ മനുഷ്യന്റെ മതപരമായ പരിശ്രമം പര്യാപ്തമല്ല എന്ന് വ്യക്തമാക്കുവാൻ യേശു ആഗ്രഹിച്ചു. ദൈവം തുടക്കത്തിൽ രൂപകല്പന ചെയ്തതിൻ പ്രകാരം, ഒരു ദിവസം അത് പൂർണ്ണമായും പുനസ്ഥാപിക്കും എന്ന നിലയിൽത്തന്നെ ഗിരിപ്രഭാഷണം വായിക്കേണ്ടിയിരിക്കുന്നു. അതല്ലാതെ, പാപത്താൽ ദുഷിക്കപ്പെട്ട ഇന്നത്തെ ജീവിതത്തിന്റെ അടിസ്ഥാനത്തിലല്ല അത് വായിക്കേണ്ടത്. അഞ്ചാം അദ്ധ്യായത്തിന്റെ അവസാനം 17-20 വരെയുള്ള വാക്യങ്ങൾക്ക് വിപരീതമാണ്.

നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ എന്ന ഗിരിപ്രഭാഷണത്തിലൂടെ ജീവിത നിലവാരം പുലർത്തുന്നതിനുള്ള താക്കോൽ നമുക്ക് യേശു നൽകുന്നു. പലരും ഈ വാക്കുകൾ ഒരു വെല്ലുവിളിയായി കാണും, അതല്ലെങ്കിൽ ഒരു മോശപ്പെട്ട ഭീഷണിയായി കരുതും എന്ന് ഞാൻ വിചാരിക്കുന്നു. ദൈവം രൂപകല്പന ചെയ്തതുപോലെ ജീവിതം നയിക്കുവാനുള്ള ഒരു താക്കോൽ ആണ് അവയെന്ന് ഞാൻ കരുതുന്നു. അത് യേശു ഭാഗികമായി വിവരിക്കുകയും ചെയ്യുന്നു. എന്റെ പിതാവിൽ നിന്ന് ഞാൻ വഹിക്കുന്ന എന്തെങ്കിലും എന്നിൽ ഉണ്ടെന്ന് നിങ്ങളുടെ പിതാവ് ധ്വനിപ്പിക്കുന്നതുപോലെ ജീവിക്കുക. യേശുവിലൂടെയുള്ള രക്ഷയ്ക്കു മുമ്പ് എന്റെ ഭൗമിക പിതാവായ ആദാമിന്റെ സ്വഭാവം മാത്രമാണ് ഞാൻ വഹിച്ചത്. ആ സ്വഭാവം, ഇപ്പോഴും ദൈവത്തിന്റെ സ്വരൂപത്തിൽ, പാപത്താൽ വികൃതമാക്കപ്പെടുകയും ദുഷിക്കപ്പെടുകയും ചെയ്തു. അതനുസരിച്ച്, പാപത്തിന്റെ കൂടുതൽ ആധിപത്യം പുലർത്തുന്ന ഒരു ജീവിതം നയിച്ചു, പിന്നീട് വീഴ്ചയ്ക്കു മുൻപായി രൂപകല്പന ചെയ്ത അതേ രീതിയിലൂടെയും. എന്നാൽ യേശുവിനോടൊപ്പമുള്ള മരണം, അടക്കം, പുനരുത്ഥാനം എന്നിവയോടുള്ള എന്റെ ഏകീകരണത്താൽ എനിക്ക് വീണ്ടും ജനനം എന്ന അനുഭവം സാധിച്ചു. എന്റെ ജീവിതത്തിന്റെ കേന്ദ്രീയസ്ഥാനത്ത് എന്റെ സ്വർഗ്ഗീയപിതാവിന്റെ സന്തതിയായ ഒരു പുതിയ വിത്ത് എനിക്കായി ഉണ്ട്. 1 യോഹന്നാൻ 3:9 ൽ പറയുന്നതുപോലെ, ''ദൈവത്തിൽ നിന്ന് ജനിച്ചവൻ ആരും പാപം

ചെയ്യുന്നില്ല; അവന്റെ വിത്ത് അവനിൽ വസിക്കുന്നു; ദൈവത്തിൽ നിന്ന് ജനിച്ചതിനാൽ അവനു പാപം ചെയ്യുവാൻ കഴിയുകയുമില്ല.''

ആറാം അദ്ധ്യായത്തിലും ഏഴാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്തും ദൈവത്തോടൊപ്പമുള്ള നമ്മുടെ ജീവിതത്തെക്കുറിച്ച് യേശു വിവരിച്ചിരിക്കുന്നു: കൊടുക്കുക, ദൈവവുമായി സംസാരിക്കുക, ഉപവസിക്കുക, വിധിക്കുക തുടങ്ങിയവ. 5:1–48 ൽ, ദൈവം രൂപകല്പന ചെയ്തതുപോലെ നമുക്കു ജീവിക്കുവാൻ കഴിയുന്നതായ ജീവന്റെ അടിസ്ഥാന നിർദ്ദേശങ്ങൾ യേശു നല്കുന്നു. നമുക്കു ജീവിക്കുവാനായി നാം തന്നെ രൂപകല്പന ചെയ്ത ജീവിതം, ഇപ്പോൾ ജീവിക്കുവാൻ ജീവനുള്ള പരിശുദ്ധാത്മാവിനോട് സഹകരിക്കുവാൻ കഴിയുന്ന ജീവിതം, കൂടാതെ വ്യക്തിപരമായി മരണത്തിലൂടെയോ അല്ലെങ്കിൽ, ഭൂമിയുടെ അന്തിമവിധിയിലൂടെയായാലും മനുഷ്യചരിത്രം അവസാനിക്കുമ്പോൾ ഉണ്ടാകുന്ന ജീവിതം.

ഒന്നാമതായി, ഈ ജീവിതം നമ്മുക്കു ചുറ്റുമുള്ള സങ്കൽപങ്ങളേക്കാളും വ്യത്യസ്തമാണെന്ന് 3–12 വരെയുള്ള വാക്യങ്ങളിലൂടെ അവൻ മനസ്സിലാക്കുന്നു:

''ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്.

ദുഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്ക് ആശ്വാസം ലഭിക്കും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും.

നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്ക് തൃപ്തിവരും.

കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും.

സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ: അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.

നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്.

എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.

സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്ക് മുമ്പെയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചല്ലോ.''

ദൈവത്തിനുവേണ്ടിയുള്ള ആളുകൾ വ്യത്യസ്ത ചിന്താധാരകളാൽ സവിശേഷതകളുള്ളവരാണ്.

അവരുടെ ചിന്താരീതികൾ:

1. അവർ അവരുടെ ആവശ്യം തിരിച്ചറിയുന്നു (ആത്മാവിൽ ദരിദ്രർ)

2. അവരുടെ ''നഷ്ടത്തിന്'' അവർ വിലപിക്കുന്നു

3. അവർ ദൈവമുമ്പാകെ മിണ്ടാതെയിരിക്കുന്നു (സൗമ്യത)

4. സമ്പൂർണ്ണതയ്ക്കായി അവർ ദാഹിക്കുന്നു (നീതിക്കായി)

5. അവർ കരുണ കാണിക്കുന്നു.

6. അവർക്ക് സംശുദ്ധമായ പ്രചോദനങ്ങൾ ഉണ്ട് (ഹൃദയശുദ്ധി)

6. അവർ സമാധാനത്തെ പ്രോത്സാഹിപ്പിക്കുന്നു (സമാധാനം ഉണ്ടാക്കുന്നവർ)

7. അവർ പൂർണ്ണരായിരിക്കുന്നതിന് ഉപദ്രവിക്കപ്പെടുന്നു (നീതിക്കായി പീഡിപ്പിക്കപ്പെടുന്നു).

8. യേശുവിനോടുള്ള കൂറു കാരണം അവർ തള്ളപ്പെടുന്നു (പീഡിപ്പിക്കപ്പെടുകയും ഒപ്പം അവരെക്കുറിച്ച് അപവാദവും പരത്തുന്നു).

അവരുടെ പ്രതിഫലങ്ങൾ:

1. അവർ ദൈവരാജ്യം പ്രാപിക്കുന്നു

2. അവരുടെ നഷ്ടത്തിൽ ആവർ ആശ്വസിപ്പിക്കപ്പെടുന്നു

3. അവർക്ക് ലോകം നൽകപ്പെട്ടിരിക്കുന്നു

4. അവർ സമ്പൂർണ്ണതയുള്ളവരാണ്

5. അവർക്ക് കരുണ ലഭിക്കുന്നു

6. അവർ ദൈവത്തെ കാണുന്നു

7. അവർ ദൈവമക്കൾ എന്നു വിളിക്കപ്പെടുന്നു

8. പ്രവാചകന്മാരെ ശ്രദ്ധിക്കുമ്പോൾ അവർക്ക് സമാനത കാണുവാൻ കഴിയുന്നതിനാൽ അവർക്ക് വിശ്വാസസാധൂകരണം ലഭിക്കുന്നു.

5:13-20 വരെയുള്ള വാക്യങ്ങളിൽ ഈ ജീവിതശൈലിയിലൂടെ ലോകമെമ്പാടും ഉണ്ടാകുന്ന സ്വാധീനത്തെക്കുറിച്ച് യേശു വിശദീകരിക്കുന്നു. ''നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പ് കാരമില്ലാതെ പോയാൽ അതിനു എന്തോന്നുകൊണ്ട് രസം വരുത്താം? പുറത്തുകളഞ്ഞിട്ട് മനുഷ്യർ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല. നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു; മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്കു കത്തിച്ചു പറയിൻകീഴല്ല തണ്ടിന്മേലത്രെ വെയ്ക്കുന്നത്; അപ്പോൾ അതു വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ. ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല. ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും. നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.''

അവർ പ്രധാനപ്പെട്ടവരാകുന്നതിന് കാരണം: അവർ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമാണ് കൂടാതെ അവർ ദൈവരാജ്യത്തിന്റെ സത്യത്തിൽ ജീവിക്കുന്നു. ഉപ്പ് എന്ന നിലയിൽ, ഭൂമിയിലുള്ളവരിൽ ദൈവത്തിന്റെ സാദൃശ്യം സംരക്ഷിച്ചു നിർത്തേണ്ടതിന് അവർ അതിലേക്ക് ആഴ്ന്നിറങ്ങുന്നു. ഇത് എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്ന് അവർ തിരിച്ചറിയുകയും ഈ ഉപ്പുരസം നഷ്ടപ്പെടാതെ അവരുടെ സംരക്ഷണത്തിനായി ഉത്സാഹത്തോടെ പ്രവർത്തിക്കുകയും ചെയ്യുന്നു. അല്ലാത്തപക്ഷം ചവിട്ടിമെതിക്കുകയല്ലാതെ മറ്റൊന്നിനും ഇതു കൊള്ളാതാകുന്നു. അതുമാത്രമല്ല, ഇത് സ്വാധീനിക്കുവാൻ ശ്രമിച്ച ചുറ്റുമുള്ള ലോകം തന്നെ ഇതിനെ അവഗണിച്ചു കളയുന്നു.

അവർ വെളിച്ചമാണ്, കുന്നിൻ മുകളിലുള്ള പട്ടണത്തിലെ വെളിച്ചം പോലെതന്നെ. അത്തരത്തിലുള്ള പ്രകാശത്തെ എല്ലാ വഴിയാത്രക്കാർക്കും എത്ര ദൂരെ നിന്നുപോലും വളരെ വ്യക്തമായി കാണുവാൻ സാധിക്കും. അവരുട വെളിച്ചം ഒരു പാത്രത്തിനു കീഴെ വച്ച് മറയ്ക്കുവാൻ ഉദ്ദേശിച്ചുള്ളതല്ല. എന്നാൽ, തണ്ടിന്മേൽ വച്ചിരിക്കുന്ന വിളക്കുപോലെ ഏവർക്കും കാണത്തക്കവണ്ണം പ്രകാശം നൽകേണ്ടതിന് യേശു നമ്മെ ഓരോരുത്തരെയും പ്രോത്സാഹിപ്പിക്കുന്നു. നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ. അങ്ങനെയാണ് മറ്റുള്ളവർ പിതാവിനെ കാണുന്നത്. നാം ലോകത്തിന് വെളിപ്പാടും, ബോധ്യവും, പ്രത്യാശയെയും പ്രകാശിപ്പിക്കുന്നു. നാം നമ്മുടെ പ്രകാശത്തിന്റെ നിരീക്ഷണക്ഷമത കാത്തുസൂക്ഷിക്കുവാൻ ജാഗ്രത പാലിക്കുന്നു.

രാജ്യത്തിന്റെ സത്യമാണ് അവർ ജീവിക്കുന്നത്. ദൈവത്തിന്റെ നീതിനിഷ്ഠമായ രൂപകൽപനയിൽ നിന്ന് മുക്തിപ്രാപിപ്പാനല്ല യേശു വന്നത്, മറിച്ച് അത് നിറവേറ്റുവാനാണ്! തീർച്ചയായും ദൈവം പ്രസ്താവിച്ചത് നിറവേറപ്പെടുക തന്നെ ചെയ്യും. ഇതിന്റെ ആവശ്യങ്ങൾക്കായി നിലവിൽ ഉള്ളതിനെ നീക്കുവാൻ ശ്രമിക്കുന്നവർ നിരസിക്കപ്പെടും. അവ നിറവേറ്റുന്നവരാണ് വലിയവർ. നമ്മുടെ നീതി പരീശന്മാരുടെയും ന്യായാധിപന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നാം സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശിക്കുകയില്ല എന്നത് ഏതൊരു തലമുറയുടെയും നാമമാത്രമായ മതവിശ്വാസത്തിനുള്ള ശക്തമായ തീർപ്പാണ്. രാജ്യത്തിന്റെ ജീവിതശൈലി എന്നത് മതത്തിന്റെ ചിന്തയേക്കാളും വലുതാണ്.

21-47 വരെയുള്ള വാക്യങ്ങളിൽ, പുരുഷന്റെയും സ്ത്രീയുടെയും സൃഷ്ടിയിൽ ദൈത്തിന്റെ രൂപകൽപ്പനയെക്കുറിച്ച് യേശു പ്രസ്താവിക്കുന്നു. ആദ്യവാക്യങ്ങൾ 21-26 വരെ അവരുടെ വ്യക്തിബന്ധങ്ങളെക്കുറിച്ച് പറയുന്നു. ‘‘കൊല ചെയ്യരുത് എന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്കു യോഗ്യനാകും എന്നും പൂർവ്വന്മാരോടു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത്: സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും: സഹോദരനോടു നിസ്സാര എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടിവരും; മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിനു യോഗ്യനാകും. ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരനു നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെവച്ചു ഓർമ്മവന്നാൽ നിന്റെ വഴിപാടു അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു ഒന്നാമതു ചെന്നു സഹോദരനോടു നിരന്നുകൊൾക; പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക. നിന്റെ പ്രതിയോഗിയോടുകൂടെ വഴിയിൽ ഉള്ളപ്പോൾ തന്നെ വേഗത്തിൽ അവനോട് ഇണങ്ങിക്കൊൾക; അല്ലാഞ്ഞാൽ പ്രതിയോഗി നിന്നെ ന്യായാധിപന്നും ന്യാധിപൻ ചേവകന്നും ഏൽപ്പിച്ചിട്ട് നീ തടവിൽ ആയ്പ്പോകും. ഒടുവിലത്തെ കാശുപോലും കൊടുത്തു തീരുവോളം നീ അവിടെനിന്നു പുറത്തു വരികയില്ല എന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു.’’

മനുഷ്യബന്ധങ്ങൾക്കിടയിലെ എല്ലാത്തരത്തിലുമുള്ള ഇടപെടലുകളിൽ ഏറ്റവും ഹീനകൃത്യമായി

ലോകം കാണുന്നത് കൊല ചെയ്യുക എന്നതാണ്. എന്നാൽ മനുഷ്യരുടെ വ്യക്തിബന്ധങ്ങൾ ദൈവം കണക്കിടുന്നത് അതിലും ആഴമായ രീതിയിലാണ്. അവഹേളനവും (നിസ്സാരൻ) അവഗണിക്കുന്നതും (മൂഢൻ) കോപം എന്നതുപോലെ ന്യായവിധിക്കു വിധേയമാണ്. ഏതെങ്കിലും മതപരമായ ആചാരം നിർവ്വഹിക്കുന്നതിനു മുമ്പ് നാം മറ്റുള്ളവരുമായി അനുരഞ്ജനപ്പെടുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. പുറജാതീയ കോടതിയിൽ വേഗത്തിൽ ഇക്കാര്യങ്ങൾ തീർപ്പാക്കുന്നതുപോലെ ഇവിടെയും ഏറ്റവും വേഗത്തിൽ ചെയ്യേണ്ടുന്ന കാര്യമാണ് ഇത്.

27-30 വരെയുള്ള വാക്യങ്ങളിൽ സ്ത്രീ-പുരുഷ ബന്ധങ്ങളിൽ ദൈവം എന്താണ് ഉദ്ദേശിക്കുന്നതെന്ന് യേശു വിശദീകരിക്കുന്നു. ‘‘വ്യഭിചാരം ചെയ്യരുത് എന്നു അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത്: സ്ത്രീയെ മോഹിക്കേണ്ടതിന്നു അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോടു വ്യഭിചാരം ചെയ്തുപോയി. എന്നാൽ വലങ്കണ്ണു നിനക്കു ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ ചൂഴ്ന്നെടുത്ത് എറിഞ്ഞുകളക; നിന്റെ ശരീരം മുഴുവനും നരകത്തിൽ വീഴുന്നതിനേക്കാൾ നിന്റെ അവയവങ്ങളിൽ ഒന്നു നശിക്കുന്നത് നിനക്ക് പ്രയോജനമത്രേ. വലങ്കൈ നിനക്കു ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറിഞ്ഞുകളക; നിന്റെ ശരീരം മുഴുവനും നരകത്തിൽ പോകുന്നതിനേക്കാൾ അവയവങ്ങളിൽ ഒന്ന് നശിക്കുന്നത് നിനക്കു പ്രയോജനമത്രേ.’’

വ്യഭിചാരം ഏറ്റവും മോശപ്പെട്ട പ്രവൃത്തിയായിട്ടാണ് ലോകം ചിന്തിക്കുന്നത്. എന്നാൽ, സ്ത്രീ-പുരുഷ ബന്ധങ്ങളെക്കുറിച്ചുള്ള എന്റെ ചിന്ത വളരെ ആഴത്തിലുള്ളതാണ്. മറ്റൊരു സ്ത്രീയോടുള്ള എന്റെ മോഹം എന്റെ രൂപകല്പനയെത്തന്നെ വഞ്ചിക്കുന്ന പ്രവർത്തിയാണ്. അതുകൊണ്ട്, കണ്ണിനെ നിയന്ത്രിക്കുക, അല്ലെങ്കിൽ അതിൽ നിന്ന് ഒഴിവാകുക. നിങ്ങളുടെ കൈയുടെ പ്രവർത്തികൾ നിയന്ത്രിക്കുക, അല്ലെങ്കിൽ അതിൽ നിന്ന് ഒഴിവാകുക. വ്യക്തമായും, കണ്ണോ, കയ്യോ ഒഴിവാക്കിയാൽ പ്രശ്നം പരിഹരിക്കാമായിരുന്നു എങ്കിൽ, രണ്ടു കണ്ണുകളും കൈകളും നീക്കം ചെയ്യുവാൻ യേശു ആവശ്യപ്പെടുമായിരുന്നു. എന്നാൽ, ദൈവം പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള ബന്ധം എങ്ങനെ സൃഷ്ടിച്ചിരിക്കുന്നു എന്നതിന്റെ അത്യന്തമായ പ്രാധാന്യത്തെ സാദൃശ്യത്തിലൂടെ ഊന്നിപ്പറയുകയായിരുന്നു. ഒരു ദാമ്പത്യബന്ധത്തിലേക്ക് പ്രവേശിക്കുന്നതുവരെ മനസ്സിലും പ്രവർത്തിയിലും ഉണ്ടാകേണ്ടുന്ന വിശുദ്ധിയെ ഇവ ചൂണ്ടിക്കാണിക്കുന്നു.

31-32 വാക്യങ്ങളിലൂടെ യേശു സ്ത്രീപുരുഷന്മാരുടെ ബന്ധങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ വിവാഹജീവിതത്തിലേക്കു കൂടെ കടന്ന് ചിന്തിക്കുന്നു. ‘‘ആരെങ്കിലും ഭാര്യയെ ഉപേക്ഷിച്ചാൽ അവൾക്ക് ഉപേക്ഷണപത്രം കൊടുക്കട്ടെ എന്നും അരുളിച്ചെയ്തിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത്: പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെക്കൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നു; ഉപേക്ഷിച്ചവളെ ആരെങ്കിലും വിവാഹം കഴിച്ചാൽ വ്യഭിചാരം ചെയ്യുന്നു.’’

വിവാഹമോചനം എന്നത് എന്റെ രൂപകല്പനയെത്തന്നെ വഞ്ചിക്കുന്ന ഒന്നാണെന്ന് ദൈവം തിരുവെഴുത്തുകളിൽ ആവർത്തിച്ച് പ്രസ്താവിക്കുന്നു. ആ രൂപകൽപ്പനയുടെ ഭംഗി അവൻ ഉല്പത്തി 2 ൽ വിവരിക്കുന്നു, 2:18-24. ‘‘അനന്തരം യഹോവയായ ദൈവം: മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; ഞാൻ അവന് തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും എന്ന് അരുളിച്ചെയ്തു. യഹോവയായ ദൈവം ഭൂമിയിലെ സകലമൃഗങ്ങളെയും ആകാശത്തിലെ എല്ലാ പറവകളെയും നിലത്തുനിന്നു നിർമ്മിച്ചിട്ട് മനുഷ്യൻ അവയ്ക്ക് എന്തു പേരിടുമെന്ന് കാണ്മാൻ അവന്റെ മുമ്പിൽ വരുത്തി; സകലജീവജന്തുക്കൾക്കും മനുഷ്യൻ ഇട്ടതു അവെക്കു പേരായി; മനുഷ്യൻ എല്ലാ കന്നുകാലികൾക്കും ആകാശത്തിലെ പറവകൾക്കും എല്ലാ കാട്ടുമൃഗങ്ങൾക്കും പേരിട്ടു; എങ്കിലും മനുഷ്യന് തക്കതാ

യൊരു തുണ കണ്ടുകിട്ടിയില്ല. ആകയാൽ യഹോവയായ ദൈവം മനുഷ്യന് ഒരു ഗാഢനിദ്ര വരുത്തി; അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലുകളിൽ ഒന്ന് എടുത്ത് അതിന്നു പകരം മാംസം പിടിപ്പിച്ചു. യഹോവയായ ദൈവം മനുഷ്യനിൽ നിന്ന് എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ മനുഷ്യൻ; ഇതു ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്നു അസ്ഥിയും എന്റെ മാംസത്തിൽനിന്നു മാംസവും ആകുന്നു. ഇവളെ നരനിൽ നിന്ന് എടുത്തിരിക്കയാൽ ഇവൾക്ക് നാരി എന്നു പേരാകും എന്നു പറഞ്ഞു. അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും; അവർ ഏക ദേഹമായി തീരും.''

ദൈവം രൂപകൽപ്പന ചെയ്ത വിവാഹബന്ധം വളരെ ദൃഢമായതാണ്. ആ ബന്ധം വ്യഭിചാരത്തിന് (അല്ലെങ്കിൽ മരണത്തിന്) മാത്രമേ വേർപെടുത്തുവാൻ സാധിക്കുകയുള്ളൂ. ഫലത്തിൽ വിവാഹമോചനമാണ് വ്യഭിചാരത്തിന് നിമിത്തമാകുന്നതെന്ന് യേശു അതിന്റെ ബന്ധത്തിന്റെ ദൃഢതയിലൂടെ സമർത്ഥിക്കുകയാണ്.

33-37 വരെയുള്ള വാക്യങ്ങളിൽ, മനുഷ്യർ തമ്മിൽ തമ്മിലുള്ള ബന്ധത്തിന്റെ വിശ്വാസ്യതയുടെ പങ്കിനെക്കുറിച്ച് പ്രതിപാദിക്കുന്നു. ''കള്ളസത്യം ചെയ്യരുത് എന്നും സത്യം ചെയ്തതു കർത്താവിന്നു നിവർത്തിക്കേണം എന്നും പൂർവ്വന്മാരോടു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത്: അശേഷം സത്യം ചെയ്യരുത്; സ്വർഗ്ഗത്തെക്കൊണ്ട് അരുത്, അതു മഹാരാജാവിന്റെ നഗരം. നിന്റെ തലയെക്കൊണ്ട് സത്യം ചെയ്യരുത്; ഒരു രോമവും വെളുപ്പിപ്പാനോ കറുപ്പിപ്പാനോ നിനക്കു കഴിയുകയില്ലല്ലോ. നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ; ഇതിൽ അധികമായതു ദുഷ്ടനിൽ നിന്നു വരുന്നു.''

ബന്ധങ്ങളിലുള്ള വിശ്വാസത്തെ സംബന്ധിച്ചിടത്തോളം യേശു പ്രസ്താവിക്കുന്നത് ഇതുപോലെയാണ്: നിങ്ങൾ ആരാണെന്നാണ് നിങ്ങൾ കരുതുന്നത്? പരസ്പരമുള്ള നിങ്ങളുടെ ബന്ധങ്ങൾ തകരാറിലായതിനാൽ നിങ്ങൾ എന്തെങ്കിലും ഗൗരവമായി ചെയ്യുവാൻ താൽപ്പര്യപ്പെടുമ്പോൾ, നിങ്ങൾ വിശുദ്ധമായതിനെക്കൊണ്ട് സത്യം ചെയ്യുന്നു, നിങ്ങൾക്ക് തോന്നുന്ന സമയപരിധിയിലേക്ക് എന്റെ പരമാധികാരത്തെ എടുക്കുന്നു, കൂടാതെ നിങ്ങൾക്ക് യതൊരുവിധ നിയന്ത്രണവും ചെലുത്തുവാൻ കഴിയാത്ത ശപഥം ചെയ്യുന്നു.

ലോകത്തിന്റെ ചിന്തയിൽ ഒരു ശപഥം എന്നത് ആത്മാർത്ഥവും ഉറപ്പുള്ളതുമായ പ്രതിബദ്ധതയാണെന്നാണ്. എന്നാൽ മനുഷ്യന് ദൈവം അത്തരത്തിലുള്ള ഒരു പരമാധികാരം നൽകിയട്ടില്ല. തന്റെ ശപഥത്തിനകത്ത് വന്നേക്കാവുന്ന ഘടകങ്ങളെ തനിക്ക് നിയന്ത്രിക്കുവാൻ സാധിക്കുമോ എന്ന് മനുഷ്യന് വ്യക്തതയില്ല. കൂടാതെ താൻ ഇക്കാലയളവിൽ ജീവിച്ചിരിക്കുന്ന കാര്യത്തിൽ പോലും തനിക്ക് നിയന്ത്രണം കൊണ്ടുവരുവാൻ കഴിയില്ല. ആകയാൽ സ്വർഗ്ഗത്തെക്കാണ്ടോ, ഭൂമിയെക്കൊണ്ടോ, യരുശലേമിനെക്കൊണ്ടോ, തന്റെ സ്വന്ത തലയെക്കൊണ്ടുപോലും ശപഥം ചെയ്യരുത്. പകരം നിങ്ങളുടെ വാക്ക്, ഉവ്വ് എന്നോ ഇല്ല എന്നോ ഉള്ള വാക്കുകളിലൂടെ നിങ്ങൾക്ക് യഥാർത്ഥത്തിൽ കൈവശമുള്ള ഒരേയൊരു പരമാധികാരത്തെ, ഇന്നത്തേക്ക് മാത്രം പ്രകടിപ്പിക്കുവാൻ കഴിയുന്നത് പറയുക.

38-42 വരെയുള്ള വേദഭാഗങ്ങളിൽ, ക്രമരഹിതമായ കുറ്റകൃത്യങ്ങൾ എന്നു ഞാൻ വിളിക്കുന്ന കാര്യങ്ങളെ നാം എങ്ങനെ കൈകാര്യം ചെയ്യണമെന്ന് യേശു വിവരിക്കുന്നു. ദൈനംദിന ജീവിതത്തിന്റെ ഒരു ഭാഗമെന്നപോലെ, നമുക്ക് അറിയാവുന്ന ആളുകളോ അല്ലാത്തവരോ, ആയവരിലൂടെ ധാരാളം കുറ്റകൃത്യങ്ങൾ ഉണ്ടാകുന്നുണ്ട്. ''കണ്ണിനു പകരം കണ്ണും പല്ലിനു പകരം പല്ലും എന്നു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത്: ദുഷ്ടനോടു എതിർക്ക

രുത്; നിന്നെ വലത്തെ ചെകിടത്തു അടിക്കുന്നവന് മറ്റേതും തിരിച്ചുകാണിക്ക. നിന്നോടു വ്യവഹരിച്ചു നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവന്ന് നിന്റെ പുതപ്പും വിട്ടുകൊടുക്ക. ഒരുത്തൻ നിന്നെ ഒരു നാഴിക വഴി പോകുവാൻ നിർബന്ധിച്ചാൽ രണ്ട് അവനോടുകൂടെ പോക. നിന്നോടു യാചിക്കുന്നവനു കൊടുക്ക; വായിപ്പ വാങ്ങുവാൻ ഇച്ഛിക്കുന്നവനെ ഒഴിഞ്ഞുകളയരുത്.''

ലോകത്തെ സംബന്ധിച്ച് പ്രതികാരം ചെയ്യുക എന്നത് അവർക്ക് സ്വീകാര്യമായ കാര്യമാകാം, ഒരുപക്ഷേ അതിനു മുൻഗണനയും നൽകാം. എന്നാൽ ദൈവത്തിന് നിങ്ങളുടെ ജീവിതത്തിലെ ദുഷ്ടന്മാരെ കൈകാര്യം ചെയ്യുവാൻ കഴിയും, അതുകൊണ്ട് അവരോട് എതിർക്കരുത്. വാസ്തവത്തിൽ അവർക്ക് കൂടുതൽ വാഗ്ദാനം ചെയ്യുക: നിങ്ങളുടെ കവിൾ, നിങ്ങളുടെ വസ്ത്രം, നിങ്ങളുടെ സമയം പരിശ്രമം മുതലായവ. കൊടുക്കുക! കൊടുക്കുക! കൊടുക്കുക! കാലാലകാലങ്ങളിൽ നിങ്ങളെ മുതലെടുക്കുമെന്ന് കരുതി ഒരിക്കലും ഭയപ്പെടരുത്.

43–47 വരെയുള്ള വാക്യങ്ങളിൽ ക്രമരഹിതമായ കുറ്റങ്ങളിൽ നിന്ന് ഒരുപടി കൂടി കടന്ന് വ്യക്തിപരമായി അറിയുന്നവരിലും നമ്മെ ദ്രോഹിക്കുവാൻ ആഗ്രഹിക്കുന്നവരിലും കേന്ദ്രീകരിച്ചുകൊണ്ട് യേശു വിവരിക്കുന്നു. ''കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകെക്ക എന്നും അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായി തീരേണ്ടതിനു തന്നേ; അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴപെയ്യിപ്പിക്കയും ചെയ്യുന്നുവല്ലോ. നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്തു പ്രതിഫലം? ചുങ്കക്കാരും അങ്ങനെതന്നെ ചെയ്യുന്നില്ലയോ? സഹോദരന്മാരെ മാത്രം വന്ദനം ചെയ്താൽ നിങ്ങൾ എന്തു വിശേഷം ചെയ്യുന്നു? ജാതികളും അങ്ങനെ തന്നേ ചെയ്യുന്നില്ലയോ?''

നമുക്ക് ''അറിയാവുന്നവരെ'' മാത്രം കരുതിയാൽ മതിയാകും എന്നാണ് ലോകം ചിന്തിച്ചുവച്ചിരിക്കുന്നത്. എന്നാൽ ദൈവത്തിന്റെ വ്യക്തിപരമായ മാതൃക നേരെ വിപരീതമാണ്: ശത്രുവിനെ സ്നേഹിക്കുക, വാസ്തവത്തിൽ ശത്രുവിനുവേണ്ടി പ്രാർത്ഥിക്കുക. സ്വർഗ്ഗീയപിതാവിന്റെ മക്കളായിരിക്കുക. അവന്റെ നന്മ ഭൂമിയിലേക്ക് എത്തുന്നു. നല്ലതും ചീത്തയുമായവ ഒരേ ലോകത്ത് ജീവിക്കുന്നു. അതിനാൽ അവരെല്ലാവരും ദൈവസ്നേഹത്തിന്റെ കരുതൽ അനുഭവിക്കുന്നു. ഏവരെയും സ്നേഹിക്കുകയും വന്ദനം പറയുകയും ചെയ്യുക, പ്രത്യേകിച്ചും വ്യക്തിപരമായി ഒന്നും നേടുവാൻ ഇല്ലാത്തപ്പോഴും.

48–ാം വാക്യത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നുകൂടെ കൂട്ടിച്ചേർത്താണ് യേശു പറഞ്ഞവസാനിപ്പിക്കുന്നത്, ഈ ജീവിതം നമുക്കായി നല്കിത്തന്ന ഒരുവനെക്കുറിച്ച്. ''നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ.'' ഇത്തരത്തിലുള്ള ഒരു ജീവിതം തന്റെ മക്കൾക്ക് ജീവിക്കുവാൻ കഴിയുന്നത്, താൻ അവരിൽ പകർന്ന വീണ്ടും ജനനാനുഭവമാണ്. കാരണം അവരുടെ പിതാവ് പരിപൂർണ്ണനാണ്, അതിനാൽ അവർ രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നതും അവനെപ്പോലെ തന്നെയാണ്.

**പൗലോസിന്റെ വാക്കുകളിൽ**

എഫെസ്യ ലേഖനം 4:17–6:19 വരെയുള്ള വാക്യങ്ങളിൽ പരിശുദ്ധാത്മാ നിവേശിതമായി ഇതേ ജീവിതം തന്നെയാണ് പൗലോസും വിവരിക്കുന്നത്. ആദ്യത്തേതിൽ 4:17–5:7 വരെ യേശു പറഞ്ഞതുപോലെ, നമ്മുടെ ചുറ്റുപാടുമുള്ള പെരുമാറ്റ–ആദർശങ്ങൾ വളരെ വ്യത്യസ്തമായി കാണപ്പെടുന്നു.

“ആകയാൽ ഞാൻ കർത്താവിൽ സാക്ഷീകരിച്ചു പറയുന്നതു എന്തെന്നാൽ: ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ചു നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്. അവർ അന്ധബുദ്ധിക ളായി അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നെ, ദൈവത്തിന്റെ ജീവനിൽ നിന്ന് അകന്നു മനം തഴമ്പിച്ചു പോയവർ ആകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തി പ്പാൻ ദുഷ്ക്കാമത്തിന് തങ്ങളെത്തന്നെ ഏൽപ്പിച്ചിരിക്കുന്നു. നിങ്ങളോ യേശുവിൽ സത്യം ഉള്ളതു പോലെ അവനെക്കുറിച്ചു കേട്ട് അവനിൽ ഉപദേശം ലഭിച്ചു എങ്കിൽ ക്രിസ്തുവിനെക്കുറിച്ച് ഇങ്ങ നെയല്ല പഠിച്ചത്. മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യ ത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ. ആകയാൽ ഭോഷ്കു ഉപേക്ഷിച്ച് ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലോ. കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുത്. പിശാചിനു ഇടം കൊടുക്കരുത്. കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന്നു ദാനം ചെയ്‌വാൻ ഉണ്ടാകേണ്ടതിന്ന് കൈകൊണ്ട് നല്ലതു പ്രവർത്തിച്ചു അദ്ധ്വാനിക്കയത്രേ വേണ്ടത്. കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്നു ആവശ്യം പോലെ ആത്മികവർദ്ധനെക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾക്ക് വീണ്ടെ ടുപ്പുനാളിന്നായി മുദ്രയിട്ടിരിക്കുന്നത്. എല്ലാ കൈപ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണവും സകലദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമു ള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ. ആക യാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പി ച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ. ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങ ളുടെ ഇടയിൽ പേർ പറകപോലും അരുത്; അങ്ങനെ ആകുന്നു വിശുദ്ധന്മാർക്ക് ഉചിതം. ചീത്തത്ത രം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുത്; സ്തോത്രമത്രേ വേണ്ടത്. ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്ക് ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ. വ്യർത്ഥവാക്കുക ളാൽ ആരും നിങ്ങളെ ചതിക്കരുത്; ഈ വക നിമിത്തമല്ലോ ദൈവകോപം അനുസരണം കെട്ടവ രുടെമേൽ വരുന്നു. നിങ്ങൾ അവരുടെ കൂട്ടാളികൾ ആകരുത്. മുമ്പെ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു.” (എഫെസ്യർ 4:17-5:7)

നമുക്കുചുറ്റുമുള്ള ലോകം ജീവിക്കുന്നതിനനുസാരമായി നമുക്കു ജീവിക്കുവാൻ സാധ്യമല്ല. നമ്മുടെ പിതാവായ ആദമിൽ നിന്നാണ് നിരർത്ഥകമായി ചിന്തിക്കുന്ന സ്വഭാവം പകർന്നുകിട്ടിയത്. ആ ചിന്താഗതി എന്നത്: അന്ധകാരം നിറഞ്ഞതും, ദൈവം ചിന്തിക്കുന്ന നിലയിൽനിന്നും വ്യത്യസ്ത തയുള്ളതും, സംവേദനക്ഷമത ഇല്ലാത്തതും, സ്വർത്ഥതയ്ക്കും അതിന്റെ ഇഷ്ടത്തിനായി പൂർണ്ണ മായും വിട്ടുകൊടുക്കപ്പെട്ടതും ഒക്കെയാണ്. ക്രിസ്തുവിലേക്കുള്ള നമ്മുടെ വരവ് ഇക്കാര്യങ്ങളെ അനുവദിക്കുകയില്ല. പകരം, ദൈവത്തെപ്പോലെ യഥാർത്ഥ നീതിയിലും വിശുദ്ധിയിലും ആകുവാ നായി നാം പുതുതായി സൃഷ്ടിക്കപ്പെട്ടതുപോലെ ആയിരിക്കേണം. നാം അവന്റെ പുത്രനായ യേശു വിനെപ്പോലെ ആകുന്നതിനുവേണ്ടിയാണ് നാം വീണ്ടുംജനിച്ചത്. “ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പി ച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ.”

യേശുവിന്റെ ഗിരിപ്രഭാഷണത്തിലെ വചനങ്ങളുമായി പൊരുത്തമുള്ളതുപോലെ പൗലോസ് ഈ ലേഖനത്തിൽ 5-ാം അദ്ധ്യായത്തിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ നിന്നും അതിന്റെ 6-ാം അദ്ധ്യായ ത്തിന്റെ ആദ്യഭാഗങ്ങളിലേക്കും കടന്നുപോകുന്നു. ഈ പുതിയ ജീവിതം അതിന്റെ ചുറ്റുമുള്ള ലോകത്തെ സാരമായി സ്വാധീനം ചെലുത്തുന്നുണ്ട്. 5:8-17. മനുഷ്യന്റെയും സ്ത്രീയുടെയും രൂപക ല്പന അവൻ പ്രകടിപ്പിക്കുന്നു 5:18-6:9, വ്യക്തിപരമായ ബന്ധങ്ങൾ 5:18-21, ഭൗമികമായ ബന്ധ ങ്ങൾ 5:22-33, കുടുംബ ബന്ധങ്ങൾ 6:1-4, വ്യവഹാര സംബന്ധമായ ബന്ധങ്ങൾ 6:5-9.

‘‘മുമ്പെ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു. കർത്താവിന്നു പ്രസാ ദമായതു എന്തെന്നു പരിശോധിച്ചുകൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ. സകല സൽഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം. ഇരുട്ടിന്റെ നിഷ്ഫലപ്രവർത്തിക ളിൽ കൂട്ടാളികൾ ആകരുത്; അവയെ ശാസിക്ക അത്രേ വേണ്ടത്. അവർ ഗൂഢമായി ചെയ്യുന്നതു പറ വാൻ പോലും ലജ്ജയാകുന്നു. അവയെ ശാസിക്കുമ്പോഴോ സകലത്തെയും കുറിച്ചു വെളിച്ചത്താൽ ബോധം വരും; ബോധം വരുന്നതെല്ലാം വെളിച്ചംപോലെ തെളിവല്ലോ. അതുകൊണ്ട് ഉറങ്ങുന്നവ നേ, ഉണർന്നു മരിച്ചവരുടെ ഇടയിൽനന്നു എഴുന്നേൽക്ക; എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാ ശിക്കും എന്നു ചൊല്ലുന്നു. ആകയാൽ സൂക്ഷ്മത്തോടെ, അജ്ഞാനികളായിട്ടല്ല, ജ്ഞാനികളായി ട്ടത്രേ നടപ്പാൻ നോക്കുവിൻ. ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചുകൊൾവിൻ. വീഞ്ഞുകുടിച്ചു മത്ത രാകരുത്; അതിനാൽ ദുർന്നടപ്പ് ഉണ്ടാകുമല്ലോ. ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താ വിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവനു എല്ലായ്പ്പോഴും എല്ലാറ്റിനും വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ. ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ. ഭാര്യമാരെ കർത്താവിന്നു എന്നപോലെ സ്വന്തഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാ കുന്നതുപോലെ ഭർത്താവു ഭാര്യക്കു തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരി ക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിനും കീഴടങ്ങിയിരിക്കേണം. ഭർത്താക്ക ന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്നും കറ, ചുളു ക്കം, മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നേ തേജ സ്സോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചുകൊടുത്തു. അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരുനാളും പകെച്ചിട്ടി ല്ലല്ലോ; ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റി പുലർത്തുകയത്രേ ചെയ്യുന്നത്. നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ. അതുനിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മെ യെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും. ഈ മർമ്മം വലിയത്; ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നത്. എന്നാൽ നിങ്ങളും അങ്ങനെ തന്നെ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപ്പോലെ തന്നേ സ്നേഹിക്കേണം. ഭാര്യയോ ഭർത്താ വിനെ ഭയപ്പെടേണ്ടതാകുന്നു. മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ; അതു ന്യായമല്ലോ. നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യകൽപ്പന ആകു ന്നു. പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോ

പ്രദേശത്തിലും പോറ്റി വളർത്തുവിൻ. ദാസന്മാരേ, ജഡപ്രകാരം യജമാനന്മാരായവരെ ക്രിസ്തുവിനെപ്പോലെ തന്നെ ഹൃദയത്തിന്റെ ഏകാഗ്രതയിൽ ഭയത്തോടും വിറയലോടും കൂടെ അനുസരിപ്പിൻ. മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേവയാൽ അല്ല, ക്രിസ്തുവിന്റെ ദാസന്മാരെപ്പോലെ ദൈവേഷ്ടം മനസ്സോടെ ചെയ്തും മനുഷ്യരെയല്ല കർത്താവിനെ തന്നെ പ്രീതിയോടെ സേവിച്ചുംകൊണ്ട് അനുസരിപ്പിൻ. ദാസനോ സ്വതന്ത്രനോ ഓരോരുത്തൻ ചെയ്യുന്ന നന്മെക്കു കർത്താവിങ്കൽ നിന്നു പ്രതിഫലം പ്രാപിക്കും എന്നു നിങ്ങൾ അറിയുന്നുവല്ലോ. യജമാനന്മാരേ, അവരുടേയും നിങ്ങളുടെയും ജയമാനൻ സ്വർഗ്ഗത്തിൽ ഉണ്ടെന്നും അവന്റെ പക്കൽ മുഖപക്ഷം ഇല്ലെന്നും അറിഞ്ഞുകൊണ്ടു അങ്ങനെ തന്നേ അവരോടു പെരുമാറുകയും ഭീഷണിവാക്കു ഒഴിക്കയും ചെയ്വിൻ.'' (എഫെസ്യർ 5:8-6:9)

ഈ വാക്യങ്ങളിൽ നിന്ന് ധാരാളം കാര്യങ്ങളെ എടുക്കുവാൻ കഴിയുമെങ്കിലും വ്യക്തവും അവ്യക്തവുമായ ചില സുപ്രധാനം നിഗമനങ്ങളെ ചൂണ്ടിക്കണിക്കുവാൻ എന്നെ അനുവദിക്കുക. ഒന്നാമതായി, നമ്മുടെ ഈ ജീവിതം നമുക്ക് യേശുവിൽ നൽകപ്പെട്ടിരിക്കുന്നതാണ്. അവനോടൊപ്പം മരണം, അടക്കം, പുനരുത്ഥാനം എന്നിവ ഇല്ലാതെ നമുക്ക് പുതിയ ഒരു ജീവിതം ഇല്ല. ഈ നിഗൂഢതയാണ് യോഹന്നാൻ 3:4-9 ൽ കാണുന്നത്. ''നിക്കോദെമൊസ് അവനോട്: മനുഷ്യൻ വൃദ്ധനായശേഷം ജനിക്കുന്നത് എങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കാമോ എന്നു ചോദിച്ചു. അതിന്നു യേശു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ കഴികയില്ല. ജഡത്താൽ ജനിച്ചതു ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു. നിങ്ങൾ പുതുതായി ജനിക്കേണം എന്നു ഞാൻ നിന്നോടു പറകയാൽ ആശ്ചര്യപ്പെടരുത്. കാറ്റ് ഇഷ്ടമുള്ളേടത്തു ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അതു എവിടെനിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല; ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു എന്നു ഉത്തരം പറഞ്ഞു. നിക്കോദേമൊസ് അവനോട്: ഇതു എങ്ങനെ സംഭവിക്കും എന്നു ചോദിച്ചു.''

രണ്ടാമതായി, ഈ ജീവിതം നമുക്കു ചുറ്റുമുള്ള ലോകത്തോടു യാതൊരുകാരണവശാലും ചേർന്നു പോകുന്ന ഒന്നല്ല. എല്ലാ മാനുഷികബന്ധങ്ങൾക്കും മാറ്റം സംഭവിച്ചിരിക്കുന്നു. താഴ്മയാണ് ഇവരിലെല്ലാവരുടെയും കേന്ദ്രസ്വഭാവം എന്നത്. അതുകൊണ്ടാണ് പൗലോസ് ഇങ്ങനെ കൂട്ടിച്ചേർക്കുന്നത്, വാ. 21, ''കിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ.'' ആയതിനാൽ, പര്സ്പരാശ്രയത്വം എന്ന ഒരു മർമ്മം ഇവിടെ വെളിപ്പെടുന്നു. ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ തങ്ങളുടെ ശരീരങ്ങളെപ്പോലെ ഇഷ്ടപ്പെടുന്നു. ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരെ പൂർണ്ണമായും ബഹുമാനിമാനിക്കുന്നു. കുഞ്ഞുങ്ങൾ തങ്ങളുടെ അമ്മയപ്പന്മാരെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നു. ചന്തപോലുള്ള വിപണികളിൽ പോലും കച്ചവടം നടത്തുന്ന രീതികൾ മാറിയതിനാൽ ഉടമകൾ അവരുടെ ജീവനക്കാരോട് (അടിമകളോട്) ആദരവോടെ പെരുമാറുന്നു. ജീവനക്കാരാണെങ്കിൽ അവരുടെ യജമാനന്മാരോട് അവർ ദൈവത്തിന് നൽകുന്ന ആദരവോടെ ആവരെ ആദരിക്കുകയും സേവിക്കുകയും ചെയ്യുന്നു.

മൂന്നാതായി, ഇവയെല്ലാം തിരഞ്ഞെടുക്കേണ്ടത് നമ്മളാണ്. തന്റെ പുത്രനെ അയയ്ക്കുന്നതിലും പുത്രനിലൂടെ ലഭ്യമാകുന്ന രക്ഷയെ പിൻപറ്റുന്നവരിലേക്ക് അവന്റെ ആത്മാവിനെ പകർന്നുകൊണ്ടും ഇത്തരത്തിലുള്ള ഒരു ജീവിതത്തിനുള്ള സാധ്യത ദൈവം സൃഷ്ടിച്ചെടുത്തു. എന്നാൽ അത് പ്രവർത്തിപഥത്തിൽ കൊണ്ടുവരേണം. റോമാ ലേഖനം 6:11-14 ൽ പൗലോസ് ഇക്കാര്യം വ്യക്തമാക്കുന്നു. ''അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ. ആകയാൽ പാപം നിങ്ങളുടെ മർത്യ

ശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറു ഇനി വാഴരുത്. നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിനു സമർപ്പിക്കയും അരുത്. നിങ്ങളെത്തന്നെ മരിച്ചിട്ട് ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിനു സമർപ്പിച്ചുകൊൾവിൻ. നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രെ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ.'' നമുക്കു നൽകിയിട്ടുള്ള നീതിയെക്കുറിച്ചുള്ള യേശുവിന്റെ തന്നെ സ്വന്തം വാക്കുകൾ വിശദീകരിച്ചും അത് പിന്തുടരേണ്ടതാണ് എന്നു പറഞ്ഞുകൊണ്ടും ഈ അദ്ധ്യായം ഞാൻ ഇവിടെ അവസാനിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

**പിന്തുടരേണ്ടുന്ന നീതി**

മത്തായി 7:7-28 വരെയുള്ള വാക്കുകളിലൂടെ, നീതി, തമ്മിൽ തമ്മിലും ദൈവവും തമ്മിലുമുള്ള ബന്ധം, ലോകത്തെ എങ്ങനെ നിരീക്ഷിക്കേണമെന്നും അതിനെ പിന്തുടരേണമെന്നും പറഞ്ഞുകൊണ്ട് യേശു തന്റെ ഗിരിപ്രഭാഷണം പൂർത്തീകരിക്കുന്നു. 7-12 വരെയുള്ള വാക്യങ്ങളിൽ, ''യാചിപ്പിൻ എന്നാൽ നിങ്ങക്ക് കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കും. യാചിക്കുന്ന ഏവന്നും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന്നു തുറക്കും. മകൻ അപ്പം ചോദിച്ചാൽ അവന്നു കല്ലു കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളൂ? മീൻ ചോദിച്ചാൽ അവന്നു പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും? മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതുതന്നെ.''

ഇപ്രകാരം ഒരു നീതിയുള്ള ജീവിതം കെട്ടിപ്പടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ദൈവം തന്റെ സാന്നിദ്ധ്യവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു. വാതിൽ തുറന്നുകിടക്കുന്നു, ചോദിക്കുന്നവർക്ക് ലഭിക്കുന്നു, അന്വേഷിക്കുന്നവർ കണ്ടെത്തുന്നു. കാരണം, നാം സ്നേഹിക്കുന്നവർക്ക് നല്ല ദാനങ്ങളെ നാം നൽകുന്നുവെങ്കിൽ, ദൈവത്തെക്കുറിച്ചു ചിന്തിച്ചുനോക്കൂ! മറ്റുള്ളവർ നിങ്ങൾക്ക് ചെയ്യേണം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ അവർക്കും അതു ചെയ്യൂ എന്ന ഒരു കാര്യത്തിലേക്കാണ് ഇതെല്ലാം വരുന്നത്.

13-14 വാക്യങ്ങളിൽ യേശു ഒരു മുന്നറിയിപ്പ് നൽകുന്നു, ''ഇടുക്കുവാതിലിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽക്കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ.'' വളരെ ചുരുക്കം ചിലർ പോകുന്ന പാതയിൽ തുടരുക, കാരണം നാശത്തിലേക്കു പോകുന്ന ഒരുവന്റെ വഴി വിശാലമായതും അത് ജനനിബിഡവുമായിരിക്കും. ഒരുവന്റെ വഴി ഇടുങ്ങിയതും തനിയെയുമുള്ളതാണെങ്കിൽ അത് ജീവന്റെ വഴിയാണ്.

15-23 വരെയുള്ള വാക്യങ്ങളിൽ രണ്ട് മുന്നറിയിപ്പുകൾ കൂടി അവൻ നൽകുന്നു, ''കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം; മുള്ളുകളിൽനിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴവും പറിക്കുമാറുണ്ടോ? നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു; ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന്നു ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിന്നു നല്ല ഫലവും

കായ്പ്പാൻ കഴിയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും. എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗ രാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും.''

വഞ്ചനയെ ശ്രദ്ധിക്കുക എന്ന അവന്റെ ഉദ്ബോധനം വളരെ വ്യക്തമാണ്. വഞ്ചന രണ്ടുതരം ആളുകളിൽ നിന്നും വരാവുന്നതാണ്. ഒന്ന്, മതനേതാക്കളെന്ന് അഭിനയിക്കുന്ന ആളുകളിൽ നിന്ന്. എന്നാൽ ഇവർ ശരിക്കും വെളിപ്പെട്ടെന്നു വരില്ല, പക്ഷേ അനേകരെ നശിപ്പിക്കുവാൻ ഇവർ ലക്ഷ്യമിടും. പിന്നീട് അവരുടെ ഫലത്തിലൂടെ അവർ അപകടകാരികളാണെന്ന് താമസിയാതെ കണ്ടെത്തും. അതുപോലെ യഥാർത്ഥ അനുയായികളെന്ന് അഭിനയിക്കുന്ന ആളുകളിലൂടെയും അപകടം സംഭവിച്ചേക്കാം. സ്വയം സംരക്ഷിക്കപ്പെടേണ്ടതിന്, തന്റെ മക്കൾക്കായി ദൈവം രൂപകൽപ്പന ചെയ്ത ജീവിതത്തിൽ പക്വത പ്രാപിക്കേണ്ടതിന്നും, അവന്റെ ഹിതം ചെയ്യുന്നവരെയും അന്വേഷിക്കുക. അവനെ അവർ അറിയുന്നുവെന്ന് തെളിയുന്നതുവരെ അവരെ ശ്രദ്ധിക്കുക.

24-27 വരെയുള്ള വാക്യങ്ങളിൽ യേശു തന്റെ ആഹ്വാനങ്ങളെ ഉപസംഹരിക്കുകയാണ്. ''ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ട് ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ചു ആ വീട്ടിന്മേൽ അലെച്ചു. അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ചു ആ വീട്ടിന്മേൽ അലെച്ചു, അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു.''

പരിശീലനത്തിന്റെ പാറയിൽ പണിയുമ്പോൾ വിവേകത്തോടുകൂടി പണിയുക. ദൈവത്തിന്റെ വചനങ്ങൾ കേട്ട് അവ പ്രായോഗിക ജീവിത്തിൽ വരുത്തുക. നിങ്ങൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ, നിങ്ങൾ കൊടുങ്കാറ്റിൽ സുരക്ഷിതരായിരിക്കും. പ്രായോഗിക പരിശീലനമില്ലാത്ത ജീവിതത്തിന്റെ അടിസ്ഥാനം തകരും!

## അദ്ധ്യായം 8

## പുതിയ സഭകൾ സ്ഥാപിക്കുന്നു

ഞാൻ മുതിർന്നശേഷമുള്ള ജീവിതകാലം മുഴുവനും ഞാൻ സഭാസ്ഥാപനവുമായി ബന്ധപ്പെട്ടു നിലകൊള്ളുന്നുണ്ട്. വാസ്തവത്തിൽ വളരെ ലളിതമാക്കുവാൻ കഴിയുന്നവയെ സങ്കീർണ്ണമാക്കുന്ന നമ്മൾ അമേരിക്കക്കാർ എത്ര വിചിത്രരാണെന്ന് ഞാൻ സമ്മതിക്കുന്നു. എന്നെ അറിയാവുന്ന നിങ്ങൾക്ക് അറിയാം, അമേരിക്കൻ ഐക്യനാടുകളിലെ സഭകളിലെ ഭൂരിഭാഗം ആളുകളും സഭാ സ്ഥാപനം കണ്ടിട്ടില്ലാത്തതിനാലാണ് ഇത് സംഭവിക്കുന്നത് എന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു ആരാധനാ സ്ഥലത്തുനിന്ന് മറ്റൊരു ആരാധനാസ്ഥലത്തേക്ക് പരിപാടികേന്ദ്രീകൃതമായി ആളുകളെ കൂട്ടിവരുത്തുന്ന ഒരു കാഴ്ചയാണ് നാം സാധാരണയായി കാണുന്നത്. സഭാസ്ഥാപനവുമായി ബന്ധപ്പെടുത്തി ലോകത്തിലെ എല്ലാ നേതാക്കളും ചൂണ്ടിക്കാണിക്കുന്നതും ബുദ്ധിമുട്ടായി കാണുന്നതുമായ ഒരു പ്രവർത്തിയാണിത്.

എന്നാൽ, അടുത്തിടെ, ഒരു പാശ്ചാത്യേതര സഹപ്രവർത്തകന്റെ സംസാരത്തിൽ നിന്ന് അവരുടെ ചുറ്റുപാടുകളിൽ ചെയ്യുന്ന സഭാസ്ഥാപനത്തെക്കുറിച്ചു കേട്ടപ്പോൾ അതിന്റെ ലളിതമായ രീതികൾ എന്നെ ഞെട്ടിച്ചുകളഞ്ഞു. ചുരുക്കത്തിൽ, സഭാസ്ഥാപനം ഒരു തീരുമാനമാണെന്ന് പറയുന്നത് ശരിയാണ്. ലോകമെമ്പാടും സഭകൾ സ്ഥാപിച്ചിട്ടുള്ള അനേകം ആളുകളുമായി ബന്ധപ്പെടുവാൻ കഴിഞ്ഞത് എനിക്കു ലഭിച്ച പദവിയായി ഞാൻ കാണുന്നു. അവരിൽ ചിലർ ആയിരക്കണക്കിനു സഭകൾ സ്ഥാപിച്ച പ്രസ്ഥാനങ്ങളുടെ കേന്ദ്രത്തിൽപോലും കാണുവാൻ കഴിയുന്നുണ്ട്. ഇക്കൂട്ടത്തിൽ ഉന്നത വിദ്യാഭ്യാസം ലഭിച്ചവരും കഷ്ടിച്ച് വായിക്കുവാൻ മാത്രം അറിയാവുന്നവരും ഉൾപ്പെടുന്ന എല്ലാത്തരം വിഭാഗക്കാരുമുണ്ട്. ചിലരെ സംബന്ധിച്ച് അവർക്ക് സാമ്പത്തിക ശ്രോതസ്സ് ഏറെയുള്ളവരാണ്. എന്നാൽ ചിലർക്ക് അവരുടെ വ്യക്തിപരമായതോ അവരുടെ കുടുംബത്തിനോ ഉള്ള തുച്ഛം സാമ്പത്തികശേഷിയല്ലാതെ മറ്റൊന്നുമില്ലാത്തവരുമാണ്. അവരുടെ സ്വാഭാവികമായ കഴിവുകൾ കൃത്യമായി പറയുവാൻ കഴിയാത്തവിധം വളരെ വ്യത്യസ്തയുള്ളവയാണ്.

എന്നാൽ അവരെല്ലാവരിലെല്ലാവരിലും കാണപ്പെടുന്ന ഒരു പൊതുസ്വഭാവം എന്നത്, വളരുന്നതിനും വർദ്ധിക്കുന്നതിനും വേണ്ടിയാണ് യേശുവിന്റെ സഭ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന് അവർ വിശ്വസിക്കുന്നു. അവർ തമ്മിൽ തന്ത്രങ്ങളിൽ വ്യത്യസ്തകളുണ്ടെങ്കിലും പരിശീലനത്തിലൂടെ ലഭിച്ച തന്ത്രങ്ങൾ അവർ പരസ്പരം പങ്കുവയ്ക്കുന്നു. അവരുടെ ഫലപ്രാപ്തിയുടെ രഹസ്യം തന്നെ അവരുടെ ബോധ്യങ്ങളും തിരിച്ചറിവുകളുമാണ്. ആ ബോധ്യങ്ങൾ ലളിതമായി പ്രസ്താവിക്കുവാൻ കഴിയും. ഒന്ന്, ദൈവം ലോകത്തിൽ ചെയ്യുവാൻ പോകുന്നതെന്തും ക്രിസ്തുവിന്റെ ജനത്തിലൂടെയാകുന്നു അവൻ ചെയ്യുവാൻ പോകുന്നത്. ക്രിസ്തുവിന്റെ ശരീരത്തിൽ കാണപ്പെടുന്ന പ്രത്യേക വൈവിധ്യങ്ങൾ ഭൂമിയിലെ മറ്റൊരു അസ്തിത്വങ്ങളും വഹിക്കുന്നില്ല. കൂടാതെ, എല്ലാ മാനുഷിക പശ്ചാത്തലങ്ങളിലും കൃപയുടെ സന്ദേശം അതിന്റെ പൂർണ്ണ ശോഭയോടെ പ്രകാശിപ്പിക്കപ്പെടുന്നു.

രണ്ട്, ക്രിസ്തുവിന്റെ ജനതയിലൂടെ ദൈവം ലോകത്തിൽ ചെയ്യുവാൻ പോകുന്നതെന്തും, പ്രാഥമികമായി വികേന്ദ്രീകൃത രീതിയിലൂടെയാണ് അവൻ ചെയ്യുന്നത്. ഈ നേതാക്കളിൽ പലർക്കും ഒരു പക്ഷേ ഇതിനെക്കുറിച്ച് വാക്കുകളാൽ വെളിപ്പെടുത്തുവാൻ കഴിഞ്ഞേക്കില്ല, എന്നാൽ അവർ അതിൽ ജീവിക്കുന്നു. തങ്ങൾക്ക് ഉള്ള എല്ലാ ബന്ധങ്ങളിലേക്കും ക്രിസ്ത്യാനികൾ തങ്ങളിലുള്ള ദൈവശക്തിയെ പകരുന്നു: അവരുടെ കുടുംബങ്ങളിലേക്കും, അയൽപക്കങ്ങളിലേക്കും, അവരുടെ ചന്തസ്ഥലങ്ങളിലേക്കും ഈ നേതാക്കൾ തങ്ങളുടെ സ്വാധീനം പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നു.

അവരുടെ സഭ എത്ര വലുതാണെങ്കിലും, അവരുടെ സഭാമന്ദിരമോ, ആളുകളോ എത്ര വലുതാണെങ്കിലും, ഇതുവരെ സുവിശേഷം ചെന്നിട്ടില്ലാത്ത ഇടങ്ങളെക്കുറിച്ച് അവർ കൂടുതൽ ശ്രദ്ധാലുക്കളാണ്.

അന്ന് ഞാൻ എന്റെ സഹപ്രവർത്തകന്റെ വാക്കുകൾ ശ്രദ്ധിക്കുമ്പോൾ, ഒരുവൻ ആഗ്രഹിക്കുന്നുവെങ്കിൽ എത്ര എളുപ്പമാണ് മുകളിൽ പറഞ്ഞ കാര്യങ്ങൾ പിന്തുടരുവാൻ കഴിയുക എന്ന ചിന്ത ഒന്നുകൂടെ എന്നെ പിടിച്ചിരുത്തുന്നതിന് ഇടയാക്കി. മേൽപ്പറഞ്ഞ ബോധ്യങ്ങൾ പിന്തുടർന്ന് പുതിയ സഭകൾ സ്ഥാപിക്കുന്നതിനുള്ള ഏഴ് തത്ത്വങ്ങൾ മനസ്സിലാക്കുന്നതിനും പ്രയോഗികമാക്കുന്നതിനും എന്റെ സഹപ്രവർത്തകൻ നൂറുകണക്കിന് ആളുകളെ സഹായിക്കുന്നു.

ഒന്നാമത്തേത്, എല്ലാ സഭാസ്ഥാപനവും നടക്കുന്നത് പ്രാർത്ഥനയോടെയാണ്. സഭാസ്ഥാപനത്തിന്റെ അടിസ്ഥാനമിടുന്നതിലും അതിന്റെ നടപടിക്രമത്തിനാവശ്യമായ ഊർജ്ജത്തിനും മൂന്നുകാര്യങ്ങൾ പ്രാർത്ഥനകൊണ്ട് ഉണ്ടാകുന്നു. യഥാർത്ഥത്തിൽ ഈ മൂന്നു കാര്യങ്ങളാണ് ശക്തമായ ഈ ശുശ്രൂഷയ്ക്കുവേണ്ടി പ്രാർത്ഥനയാൽ സഹായകമാകുന്നത്.

ഒന്ന്, അവരുടെ പ്രാർത്ഥന ദർശനാത്മകമാണ്. ഇതിനർത്ഥം, അവർ ഒരു പുതിയ സഭയുടെ സ്ഥാപനം എവിടെ ആയിരിക്കണമെന്ന് ദൈവത്തോടു പ്രാർത്ഥിക്കുക മാത്രമല്ല, അവർ അവനിൽനിന്നും അതിന്റെ മറുപടിയും പ്രതീക്ഷിക്കുന്നു. പ്രാർത്ഥനയിലൂടെ അവർ ദൈവത്തിൽ നിന്നും പ്രതീക്ഷിക്കുകയാണ് ചെയ്യുന്നത്, മാത്രമല്ല, അവരുടെ അനുസരണത്തിലൂടെ ദൈവം അത് ചെയ്യുന്നതിനു വളരെമുമ്പുതന്നെ ദൈവം എന്താണ് ചെയ്യുവാൻ പോകുന്നതെന്ന് മുൻകൂട്ടി കാണുകയും ചെയ്യുന്നു.

രണ്ട്, അവരുടേത് ലക്ഷ്യബോധത്തോടെ ഉള്ള പ്രാർത്ഥനയാണ്. സുവിശേഷത്തിന്റെ സാക്ഷ്യം ആവശ്യമുള്ള സ്ഥലങ്ങൾ എവിടെയെല്ലാമാണെന്ന് അവരുടെ മനസ്സിൽ ഉണ്ട്. അവരും സഭയും ദൈവത്തിന്റെ ഉപകരണങ്ങളാണെന്ന കാര്യത്തിൽ അവർക്ക് രണ്ടാമതൊന്ന് തീർച്ചപ്പെടുത്തേണ്ട കാര്യമില്ല. അതിനാൽ, അടുത്ത ഗ്രാമത്തിലോ, അയൽപ്രദേശങ്ങളിലോ സഭ സ്ഥാപിക്കപ്പെടേണമെന്നുള്ള കാര്യം ദൈവം ആഗ്രഹിക്കുന്നു എന്ന് അവർ വിശ്വസിക്കുകയും അതിനോട് അനുസരണമുള്ളവരായി നിന്നുകൊണ്ട് അതിനായി പ്രാർത്ഥനയിൽ അവർ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. അതിന്റെ യഥാർത്ഥ്യത്തിനായി എല്ലാ വഴികളും കണ്ടെത്തുകയും അവ പ്രാബല്യത്തിൽ വരുത്തുകയും ചെയ്യുന്നു. പ്രയർ വോക്ക്, വീടുതോറുമുള്ള സന്ദർശനങ്ങളിലൂടെ ഏതെങ്കിലും പ്രാർത്ഥനാ ആവശ്യങ്ങൾ ഉണ്ടോ എന്നു തിരക്കൽ തുടങ്ങിയവ അതിനായി ഉപയോഗിക്കുന്നു. എന്തുതന്നെയായാലും എല്ലായ്പ്പോഴും അവർ പ്രാർത്ഥനയിൽ തങ്ങളുടെ പ്രതീക്ഷകളെല്ലാം ദൈവത്തിൽ അർപ്പിക്കുന്നു.

മൂന്ന്, അവരുടെ പ്രാർത്ഥന പ്രതീക്ഷാനിർഭരമാണ്. അവരുടെ അനുസരണത്തിലൂടെ ദൈവം ആളുകളെ തന്നിലേക്ക് അടുപ്പിക്കും. സുവിശേഷത്തിന് സാക്ഷികളില്ലാത്തത് എവിടെല്ലാമാണോ അവിടങ്ങളിലെല്ലാം ദൈവം യേശുവിന്റെ സഭയെ സ്ഥാപിക്കും. അതിനായി ദൈവം പണവും നേതൃത്വവും അവസരങ്ങളും ഒരുക്കിക്കൊടുക്കും.

ഇത്തരത്തിലുള്ള പ്രാർത്ഥന വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ നിർവ്വഹിക്കുന്നു എന്നുള്ള കാര്യം നിങ്ങൾ ശ്രദ്ധിക്കേണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇത് തങ്ങളിലേക്ക് തന്നെയുള്ള ശ്രദ്ധയെ അവരിൽനിന്നും അകറ്റുന്നു. പ്രപഞ്ചത്തിന്റെ കേന്ദ്രത്തിൽത്തന്നെ മാനുഷിക ഇടപെടലുകൾ കേന്ദ്രീകരിക്കുന്നത് എത്ര സ്വാഭാവികമാണ്. ഈ പ്രവണത സഭകളുടെ സാമൂഹിക ജീവിതത്തിലും തത്തുല്യ

ആവിഷ്ക്കാരം കണ്ടെത്തുന്നു. അതിനാൽ, സഭയെന്ന നിലയിൽ നാം ജീവിക്കുന്നത് എവിടെയാണോ അവിടെ ലോകത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുവാൻ നാം നിർദ്ദേശിക്കുമ്പോൾ നാം ''അഭിവൃദ്ധിപ്പെടുകയാണ്'' എന്ന ഒരുതരം കെണിയിലേക്കാണ് വീഴുന്നത്. മികച്ച കെട്ടിടസമുച്ചയങ്ങൾ, മികച്ച ഫർണിച്ചറുകൾ, മെച്ചപ്പെട്ട പ്രകാശക്രമീകരണങ്ങൾ, നല്ല പ്രോഗ്രാമുകൾ, മെച്ചപ്പെട്ട ഉപകരണങ്ങൾ എന്നിവയുടെ മുമ്പാകെ സഭകൾ തങ്ങളുടെ ശ്രദ്ധയും അതിന്റെ സമയവും ഊർജ്ജവും എല്ലാം കേന്ദ്രീകരിക്കുന്നതിൽ വഴുതിവീഴാം. അതോടൊപ്പം, വളരെ പെട്ടെന്ന് നമ്മുടെ ശ്രദ്ധ തെറ്റിപ്പോകുന്നു, നാം അത് ആഗ്രഹിക്കുന്നില്ലെങ്കിലും, യഥാർത്ഥത്തിൽ നാം അതിനു വിപരീതമായിട്ടായിരിക്കും ആഗ്രഹിക്കുന്നത്, നമ്മുടെ സാധനസമ്പത്തുകളും ഉപാധികളും ഊർജ്ജവും എല്ലാം നമ്മിലേക്ക് മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന നിലയിലേക്ക് വരുന്നു.

കൂടാതെ, ഇത്തരത്തിലുള്ള പ്രാർത്ഥന അവരുടെ ജീവിതത്തോടും അവരുടെ സാക്ഷ്യത്തോടും കൂടെ ദൈവത്തെ അനുസരിക്കുന്നതിലേക്ക് ശ്രദ്ധവയ്ക്കുവാൻ അവരെ പ്രാപ്തരാക്കുന്നു. ഇതിലൂടെ വീണ്ടും ജനനാനുഭവം എന്ന അടിസ്ഥാന യാഥാർത്ഥ്യത്തെ ഗ്രഹിക്കുവാനും ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് വെളിച്ചത്തിന്റെ അധികാരത്തിലേക്ക് മാറുന്നതിന്റെ പ്രാധാന്യത ഗ്രഹിക്കുവാൻ ആളുകളെ സാഹായിക്കുകയും ചെയ്യുന്നു. തന്റെ കൃപയുടെ അനുഭവങ്ങൾ ലോകത്തോടു പറയുവാൻ ദൈവം ഉപയോഗിക്കുന്ന പ്രാഥമിക മാർഗ്ഗമാണ് നമ്മുടെ ജീവിതം! നമ്മുടെ ജോലിസ്ഥലങ്ങൾ പോലെതന്നെ നമ്മുടെ യോഗ്യതകളും ഇക്കാര്യത്തിൽ അപ്രസക്തമാണ്. തന്റെ മക്കളാകുന്ന ഓരോരുത്തരിലൂടെയും ദൈവം തന്റെ പ്രവർത്തികളെ ചെയ്യുന്നു. അവർ ജീവസന്ധാരണത്തിന് ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ തന്നെയും തന്റെ പ്രവർത്തി ചെയ്യുന്നതിനുള്ള പശ്ചാത്തലങ്ങളാക്കി ദൈവം ഉപയോഗിക്കുന്നു. ഇവയെല്ലാം തന്നെ തന്റെ മക്കളുടെ ജീവസന്ധാരണത്തിനായി ദൈവം ഒരുക്കുന്ന സ്വാഭാവിക വഴികളാണ്. അവരുടെ വ്യക്തിപരമായ വളർച്ച, അവരുടെ വിവാഹങ്ങൾ, കുടുംബങ്ങൾ, ക്രൈസ്തീയ ബന്ധങ്ങൾ എന്നിവയുടെ വളർച്ച, തുടങ്ങിയവ പൊതുസ്ഥലങ്ങളിലും, അയൽസ്ഥലങ്ങളിലും നമ്മെ വീക്ഷിക്കുന്ന ലോകത്തിനു മുമ്പാകെ നാം ജീവിക്കുന്നതിലൂടെ തന്നെത്തന്നെ പ്രദർശിപ്പിക്കുവാൻ ദൈവം ഉപയോഗിക്കുന്ന ''സാമഗ്രി'' കളാണ്. ലോകപ്രശസ്തി സമ്പാദിക്കുക, നല്ല ഭാവിയെക്കുറിച്ചു കരുതുക അല്ലെങ്കിൽ സമ്പത്ത് വർദ്ധിപ്പിക്കുക തുടങ്ങിയവ ചെയ്യുന്നതിനേക്കാൾ അവരുടെ ജീവിതത്തിന്റെ കാരണമായി മാറുകയാണ് ഇത്.

അവസാനമായി, ഇത് അവരുടെ ദൃഷ്ടിയെ നിത്യതയിലേക്ക് കേന്ദ്രീകരിപ്പിക്കുന്നു. തിമൊഥെയോസിനുള്ള ഒന്നാം ലേഖനത്തിൽ പൗലോസ് ധനവാന്മാരോടു ഉപദേശിക്കേണ്ടുന്നത് എന്തെന്ന് തിമൊഥെയോസിനോട് പറയുന്നു, നിങ്ങൾ ഗർവ്വില്ലാത്തവരായി ഇരിക്കുകയും ഭൗമിക സമ്പത്തിൽ ആശ്രയിക്കാതിരിക്കുകയും വേണം. അതിനു പകരമായി യഥാർത്ഥ നിക്ഷേപ ഇടമായ സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകേണ്ടതിനായി അതിലേക്ക് തുറന്ന കരങ്ങളുള്ള ജീവിതത്തിന് ഉടമകളായിരിക്കേണം. സ്വയസംതൃപ്തിയുടെ സമ്പൂർത്തിക്കുവേണ്ടി പരിശ്രമിക്കുന്ന ഇന്നത്തെ കാലത്ത് നാം അത്യാവശ്യമായി ഗ്രഹിച്ചിരിക്കേണ്ടുന്ന ഒരു കാര്യം, നിത്യതയാണ് സമയത്തെ നിർവ്വചിക്കുന്നത് അല്ലാതെ നേരെ തിരിച്ചല്ല എന്നുള്ളതാണ്. ഇത്തരത്തിലുള്ള ഒരു  ചിന്താഗതി, ദൈവം തന്റെ പ്രവർത്തിയോ തന്റെ കൃപയുടെ സാക്ഷ്യപ്പെടുത്തലുകളോ ചെയ്യേണ്ടുന്നതിനാവശ്യമായ എല്ലാ മാർഗ്ഗങ്ങളും നമുക്ക് ലഭ്യമാക്കുവാൻ ഇടവരുത്തുന്നു. ഇത്തരത്തിലുള്ള പ്രാർത്ഥന അവരുടെ ജീവിതത്തെയും അവരുടെ പശ്ചാത്തലത്തെയും വഹിക്കുന്നതിനുള്ള എല്ലാ ദൈവശക്തിയെയും അവരിലേക്ക് കൊണ്ടുവരുന്നു!

ഇപ്രകാരമുള്ള തിരിച്ചറിവും അനുസരണവും നാം കണക്കിലെടുക്കുമ്പോൾ, എന്തു സംഭവിക്കും എന്നാണ് നാം പ്രതീക്ഷിക്കേണ്ടത്? യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുക? ആളുകൾ ക്രിസ്തുവിനെ സ്വീകരിക്കുകയും സഭകൾ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു!

രണ്ടാമതായി, എല്ലാ സഭാസ്ഥാപനവും നല്ല സൂക്ഷ്മനിരീക്ഷണം നടത്തിയതിന്റെ അടിസ്ഥാനത്തിലായിരിക്കേണം. അന്വേഷണം പ്രാർത്ഥനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ഇടയാക്കുന്നു! ശരിയായ ആവശ്യങ്ങൾക്കുവേണ്ടിയും ശരിയായ ആളുകൾക്കുവേണ്ടിയും പ്രാർത്ഥിക്കുതിനായി ഇവ മുഖാന്തരമാകുന്നു. ശരിയായ അന്വേഷണത്തിലൂടെ ഒരു ലക്ഷ്യം മുൻനിർത്തുന്നത് ആ വ്യക്തികളെയും അവരുടെ ആവശ്യങ്ങളെയും നമ്മുടെ ഓർമ്മകളിലേക്ക് കൊണ്ടുവരേണ്ടതിനായി പരിശുദ്ധാത്മാവാം ദൈവത്തിന് നിരന്തരമായി അവസരം ഒരുക്കിനൽകുന്നു. നമ്മൾ അറിയുന്നതിനേക്കാൾ ധാരാളം വിദേശികൾ നമ്മുടെ ഇടയിൽ ഉണ്ടെന്ന് നാം കണ്ടെത്തിയിരിക്കുന്നു. നമ്മെ അമ്പരിപ്പിച്ച കാര്യങ്ങൾ എന്നത്, നാം വിചാരിച്ചതിലും അധികം അവിവാഹിതരായ അമ്മമാരെ, അല്ലെങ്കിൽ ഉന്നതപഠനം നടത്തുന്ന വിദ്യാർത്ഥികളെ അല്ലെങ്കിൽ ശ്രവണവൈകല്യമുള്ളവരെ കണ്ടെത്തി എന്നുള്ളതാണ്. ഈ വ്യക്തികളുടെ യഥാർത്ഥ ആവശ്യങ്ങൾ നമ്മുടെ കണ്ണിന്മുമ്പിൽ ശക്തമായി വെളിപ്പെടുകയും നാം എന്തു ചെയ്യും എന്ന് ദൈവത്തോടു ചോദിക്കുവാൻ നാം നിർബന്ധിക്കപ്പെടുകയും ചെയ്യുന്നു.

നാം പ്രാർത്ഥിക്കുന്നതുപോലെ ദൈവം പ്രവർത്തിക്കുന്നു എന്നതുമാത്രമല്ല,  നാമുംകൂടെ പ്രവർത്തിക്കുന്നു. ദൈവം നമുക്കു നൽകിയ അതേ ദർശനങ്ങളും ലക്ഷ്യങ്ങളും പിന്തുടരുന്ന യഥാർത്ഥ വ്യക്തികളുടെ മുഖങ്ങൾ കാണുക എന്നത് വളരെ വലിയ കാര്യമാണ്. പതിനായിരക്കണക്കിന് ആളുകൾ, തങ്ങൾക്ക് ചുറ്റുമുള്ള ആവശ്യങ്ങളെയെല്ലാം തിരിച്ചറിയുന്നമ്പോൾ, തങ്ങൾ ദൈവീകകരുതലിന്റെ  പൂർണ്ണതയാണെന്നുള്ള നല്ല വാർത്ത അവരുടെ നേതൃത്വങ്ങളിലൂടെ തുടർമാനമായി ശ്രവിക്കുകയും, തന്മൂലം പരിശുദ്ധാത്മാവിന്റെ പ്രേരണകൾ സ്വയമായി കേൾക്കുവാൻ ആരംഭിക്കുകയും ചെയ്യുന്നു. അത്തരം സഭകൾ, തങ്ങളുടെ ചുറ്റുപാടുമുള്ള ജനസംഖ്യാശാസ്ത്രപരമായും, ഗോത്രവർഗ്ഗപരമായും ഉള്ള ബഹുസ്വരതയെ സ്വാധീനിക്കുന്നതിനുവേണ്ടി പരിശുദ്ധാത്മാവിനാലുള്ള കൊച്ചു ദർശനങ്ങൾ പ്രാപിച്ച ആളുകളാൽ നിറഞ്ഞു കാണുന്നത് ഒരു സാധാരണമായ അനുഭമാണ്. അത്തരം സഭകളിലെ നേതൃത്വങ്ങൾ, തങ്ങൾ അന്വേഷങ്ങളിലൂടെ കണ്ടെത്തിയ ആവശ്യം, അവതരിപ്പിക്കുകയും തന്റെ ജനങ്ങളിൽ ദൈവം പ്രവർത്തിക്കുമെന്ന് വിശ്വസിക്കുകയും, ജനങ്ങളുടെ വിളിയെ ഉറപ്പിക്കുകയും അവരെ പ്രവർത്തിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു.

ആദ്യപാദ-സുവിശീഷീകരണവേലയെ ഗവേഷണ-നിരീക്ഷണങ്ങൾ നേരിട്ട് ബാധിക്കുന്നു. ആധുനിക സുവിശേഷീകരണത്തിന്റെ ഒരു ബലഹീനതയെന്നത്, വിത്തിന്റെയും വിതയ്ക്കുന്നവന്റെയും ഉപമയുടെ ലളിതമായ സ്വീകാരമാണ്. നിങ്ങൾ വിത്തൊന്നും വിതയ്ക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് ഒരു കൊയ്ത്തു ലഭിക്കുകയില്ലെന്ന് എല്ലാ നല്ല കൃഷിക്കാരനും അറിയാവുന്ന ഒരു യാഥാർത്ഥ്യമാണ്. അതുപോലെതന്നെ വിത്തുവിതച്ചതിന്റെ പിറ്റേന്നുതന്നെ കൊയത്തു പ്രതീഷിക്കേണ്ടതില്ലെന്നും കൃഷിക്കാരനറിയാം. വിത്തു പൊട്ടിമുളെച്ചു വളരുവാൻ സമയം എടുക്കും. നല്ല വിളവെടുപ്പിന് തയ്യാറാക്കുവാനായി സൂര്യപ്രകാശവും, വെള്ളവും, കളപറിക്കലും ഒത്തുചേർന്നുള്ള പ്രവത്തികൾ ആവശ്യമാണ്. അതുപോലെ തന്നെയാണ് സുവിശേഷീകരണത്തിലും. വിത്ത് വിതച്ചേ മതിയാകൂ, അതും വ്യാപകമായിത്തന്നെ വിതക്കേണം. പെട്ടെന്നുള്ള വിളവെടുപ്പ് പ്രതീക്ഷിച്ചുകൊണ്ട് ആയിരിക്കരുത് വിത്ത് വിതയ്ക്കേണ്ടത്. എന്നാൽ, പോകെപ്പോകെ, ദൈവാത്മാവ് നമുക്ക് ദൃശ്യമല്ലാത്ത ദൈവീകശക്തി പകരുന്നതിലൂടെ സഭ തുടർമാനമായി അതിനാവശ്യമുള്ള വെള്ളവും കളപറിക്കലും നടത്തിക്കൊണ്ടേയിരിക്കണം. അപ്പോൾ, അപ്പോൾ മാത്രമാണ് ശരിയായ ഒരു വിളവെടുപ്പ് അവിടെ ഉണ്ടാകൂ.

പര്യാപ്തമായ ഗവേഷണം സഭാസ്ഥാപനത്തിനായി സഭയ്ക്ക് ഈ രീതിയിലുള്ള അവസരങ്ങളെ

നൽകുന്നു. വീടുതോറുമുള്ള സമ്പർക്കം, കേന്ദ്രീകൃതമായ പ്രാർത്ഥന, സുവിശേഷോന്മുഖമായ ചലച്ചിത്ര പ്രദർശനങ്ങൾ, കൂടാതെ മറ്റുപല കാര്യങ്ങളും എന്താണ് നമ്മുടെ പ്രധാനപ്പെട്ട ലക്ഷ്യം എന്ന കാര്യത്തെക്കുറിച്ച് നമ്മോടു സംസാരിക്കുന്നു. അതുകൂടാതെ, ഒരു പുതിയ സഭയുടെ സ്ഥാപനത്തെ സംബന്ധിച്ച് വളരെ ഗൗരവമേറിയ പ്രവർത്തനങ്ങൾക്ക് ആ പ്രദേശത്തെ തയ്യാറാക്കുവാനും സഹായിക്കുന്നു.

അവസാനമായി, ശരിയായ ആത്മപ്രേരണയോടെ സുവിശീഷീകരണ തന്ത്രങ്ങൾ രൂപപ്പെടുത്തണമെങ്കിൽ ഗവേഷണം നിർബന്ധമാണ്. അത് സഭാസ്ഥാപനത്തിലേക്കും അതിന്റെ വിളവെടുപ്പിലേക്കും നയിക്കും. എല്ലാ നല്ല മീൻപിടുത്തക്കാരനും ഈ തത്ത്വം മനസ്സിലാക്കുന്നു. ചില പ്രത്യേകതരം ഇരകളാണ് ചില മത്സ്യങ്ങളെ പിടിക്കുവാനായി ഉപയോഗിക്കുന്നത്. അതുപോലെ വേറെതരത്തിലുള്ള ഇരകൾ അതതു തരത്തിലുള്ള മത്സ്യങ്ങളെ ആകർഷിക്കുവാൻ പ്രയോജനപ്പെടുത്തുന്നു. അതുപോലെതന്നെയാണ് സുവിശേഷീകരണത്തിലും. ലോകത്തിലെ ഓരോ മനുഷ്യന്റെയും ദീർഘമായ യാത്രയെ ദൈവാത്മാവ് അറിയുകയും അവയെ മനസ്സിലാക്കുകയും ചെയ്യുന്നു. ഈ വീണ്ടുംജനനത്തോട് അനുബന്ധിച്ചുള്ള അവന്റെ ശുശ്രൂഷയിൽ ചേർന്നു പ്രവർത്തിക്കുവാനുള്ള പദവി അവൻ നമുക്കു നൽകിയിരിക്കുന്നു. എന്നാൽ, അവൻ എല്ലാം അറിയുന്നതുപോലെ നാം സർവ്വജ്ഞാനികളല്ല. മറ്റുള്ളവർ എന്താണ് ചിന്തിക്കുന്നതെന്നും, അവർ ചോദിക്കുന്ന ചോദ്യങ്ങൾ എന്തെല്ലാമെന്നും സുവിശേഷം അവതരിപ്പിക്കുന്നതിനായി ദൈവത്തിന്റെ പ്രത്യേക കരുതൽ എന്താണെന്നും നിർണ്ണയിക്കുവാൻ മറ്റ് മാർഗ്ഗങ്ങൾ നാം കണ്ടെത്തണം.

പര്യാപ്തവും സമഗ്രവുമായ ഗവേഷണം നടന്നിട്ടില്ലെങ്കിൽ, ദൈവം നമുക്ക് നൽകിയിരിക്കുന്ന ലക്ഷ്യപ്രാപ്തിയായ ആളുകളെ നേടിയെടുക്കാമെന്നും അവരുടെ ഹൃദയത്തിൽ ദൈവം ഒരുക്കിയെടുത്തിരിക്കുന്ന കാര്യങ്ങൾക്കനുസാരമായി അവരെ കൊയ്തെടുക്കാമെന്നും നമുക്ക് പ്രതീഷിക്കുവാനാവില്ല. ഇതാണ് രണ്ട് വ്യത്യസ്ത ഗ്രൂപ്പുകൾ ഒരേ പശ്ചാത്തലത്തിലും ഒരേ ആളുകൾക്കിടയിലും ആണ് പ്രവർത്തിക്കുന്നതെങ്കിലും വളരെ വ്യത്യസ്തമായ ഫലം ഉണ്ടാകുന്നതിനുള്ള പ്രഥമ കാരണം എന്ന് ഞാൻ അനുമാനിക്കുന്നു. ഒന്ന്, സ്വതസിദ്ധമായോ അല്ലെങ്കിൽ പര്യാപ്തമായ ഗവേഷണത്തിലൂടെയോ അവർ ആളുകളെ മനസ്സിലാക്കുകയും അവരിലേക്ക് എത്തിച്ചേരുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. അടുത്ത ഗ്രൂപ്പ്, തങ്ങൾ എത്തിച്ചേരുവാൻ പ്രതിജ്ഞാബദ്ധരായ ആളുകളെക്കുറിച്ച് നല്ല ധാരണയില്ലായെങ്കിലും, തങ്ങൾ ചെയ്യുന്നതെന്തെന്ന് അറിയാമെന്ന ധാരണയിൽ അവർ പ്രവർത്തിക്കുന്നു. ഒരു ഗ്രൂപ്പ്, ആളുകൾ ഏതുവിധത്തിലാണോ, എവിടെയാണോ ആ വിധത്തിൽ അവരുമായി ഇടപഴകുന്നതിൽ സജീവമാണ്, മറ്റേത്, എല്ലാ ആളുകളും ഒരേപോലെ പ്രതികരിക്കുമെന്ന് പ്രതീക്ഷയർപ്പിക്കുന്നു. നല്ല ഗവേഷണം എപ്പോഴും നല്ല തന്ത്രങ്ങൾക്ക് മുന്നോടിയാണ്.

മൂന്നാമത്, സഭാസ്ഥാപനത്തിന് സുവിശേഷീകരണത്തിന്റെ സജീവവും അത്യുത്സാഹത്തോടെയുള്ളതും വ്യാപകവുമായ പ്രവർത്തികൾ ആവശ്യമാണ്. സുവിശേഷീകരണത്തിനുള്ള മാർഗ്ഗങ്ങൾ ധാരാളമുണ്ട്, അത് യഥാർത്ഥത്തിൽ പരീക്ഷിക്കപ്പെടുന്നതുവരെ ഏതാണ് പ്രവർത്തിപഥത്തിൽ എത്തുക എന്ന് ആർക്കാണ് പറയുവാൻ കഴിയുക. കൂടാതെ, ആളുകളുടെ ആവശ്യങ്ങൾ വ്യത്യസ്തങ്ങളായതിനാൽ സുവിശേഷത്തോടൊപ്പം അവ എത്തിച്ചേരുവാനുള്ള അവയുടെ വഴികളും വ്യത്യസ്തങ്ങളായുണ്ട്. ഫലപ്രദമായ സുവിശേഷീകരണം അതിന്റെ പ്രവർത്തന രീതികളിൽ വ്യത്യസ്തങ്ങളായിരിക്കും. യേശുവിന്റെ സുവിശേഷം പല തവണയായി തുടരുന്നതും അത് ചാക്രികവുമായിരിക്കും. യേശുവിന്റെ സുവിശേഷത്തെ സ്വീകരിക്കുവാനോ തിരസ്ക്കരിക്കുവാനോ ആവർത്തിച്ചുള്ള അവസരങ്ങളും ആളുകൾക്ക് ലഭിച്ചുകൊണ്ടിരിക്കും.

എന്റെ സഹപ്രവർത്തകന്റെ സഭാസ്ഥാപക പരിശീലനത്തിലും പ്രവർത്തനങ്ങളിലും ഇത് ശക്തമായി പ്രകടമാകുന്നത് എനിക്കു കാണുവാൻ കഴിഞ്ഞു. ഒന്ന്, അവരുടെ സുവിശേഷീകരണം ഗവേഷണാടിസ്ഥാനത്തിൽ ആണ്. ഒരിക്കൽ ആളുകൾ എവിടെയാണെന്നും അവർ എന്തു ചിന്തിക്കുന്നു എന്നും അവർ കണ്ടെത്തിക്കഴിഞ്ഞാൽ, അവർ സുവിശേഷവുമായി ആളുകളെ സമീപിക്കേണ്ടതിന് വ്യത്യസ്ത മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. ആദ്യചില മാസങ്ങളിൽ സഭാസ്ഥാപന സംഘം സുവിശേഷവുമായി കുറഞ്ഞത് 350 ബന്ധങ്ങളെങ്കിലും സ്ഥാപിക്കേണമെന്നതിൽ പ്രതീക്ഷയർപ്പിക്കുന്നു. ഇക്കാര്യം ചെയ്തില്ലെങ്കിൽ തുടർന്നുള്ള പരിശീലനം ലഭിക്കില്ല എന്നതിനാൽ അവർ ഇതിനായി അത്രമാത്രം സമർപ്പിതരായിരിക്കും.

രണ്ട്, എല്ലാ സുവിശേഷീകരണവും സംയോജിത കേന്ദ്രീകൃതമാണ്. ക്രിസ്തുവിലേക്ക് കേവലം ആളുകളെ നേടേണ്ടതിനായി അവർ സുവിശേഷീകരണം നടത്തുന്നില്ല. അവർ സുവിശേഷത്തിന്റെ വിത്ത് വിതയ്ക്കുകയും ആത്മാവ് വിളിക്കുന്നവരെ കൊയ്തെടുക്കുകയും ആ പ്രദേശത്തുള്ള ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ അവരെ ഉൾപ്പെടുത്തുകയും ചെയ്യുന്നു. കൃപയുടെ ജീവിതത്തിന്റെയും സഭയുടെ സുവിശേഷ വേലയുടെയും സംയോജിതാവസ്ഥയിൽ കുറവോ ഇല്ലായ്മയോ ഉള്ള സാഹചര്യത്തിൽ, വേദപുസ്തക സുവിശേഷീകരണത്തിന്റെ ഫലം ഉളവാകുന്നുവോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ആളുകളോട് നാം പങ്കുവയ്ക്കുന്ന സുവിശേഷകഥയുടെ ഉള്ളടക്കത്തിൽ ഒരു പുത്തൻ രൂപഘടന ദർശിക്കുവാൻ സാധിക്കുന്നത് ഒരു അവശ്യഘടകമാണ്. നരകത്തിൽ നിന്ന് രക്ഷപ്പെടുന്നതിനോ, പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം പ്രാപിക്കുന്നതിനോ അല്ലെങ്കിൽ സ്വർഗ്ഗത്തിലെ നിത്യതയ്ക്കോ മാത്രം ഊന്നൽ നൽകുന്നത് അപൂർണ്ണവും അപര്യാപ്തവുമാണ്. കാരണം, ദൈവം മനുഷ്യന് മുമ്പാകെ വയ്ക്കുന്ന രക്ഷയുടെ കഥ ആരംഭിക്കുന്നത് ഇവിടെയല്ല. സൃഷ്ടിപ്പു മുതൽ ദൈവം മനുഷ്യനെ തന്നിലേക്ക് പുനസ്ഥാപിക്കുവാനായി ദൈവം പ്രവർത്തിക്കുന്നു. അവനുമായുള്ള കൂട്ടായ്മയ്ക്കും ഭൂമിയിൽ അവന്റെ സ്വഭാവത്തെയും രൂപകൽപ്പനയെയും പ്രതിനിധാനം ചെയ്യുന്നതിനും ആകുന്നു ഈ പ്രവർത്തി.

ഇത് തീർത്തും അപര്യാപ്തമാണ്, കാരണം ഈ വേദപുസ്തകത്തിന്റെ ഉള്ളടക്കത്തിൽ നിന്ന് ആരംഭിക്കാത്ത സുവിശേഷത്തെക്കുറിച്ച് പറയുന്നതിലൂടെ സ്വാഭാവികമായും യേശു നിർദ്ദേശിച്ച തരത്തിലുള്ള ശിഷ്യത്വത്തെ വാർത്തെടുക്കുവാൻ ബുദ്ധിമുട്ടാണ്. ശിഷ്യത്വം എന്നത് പുതിയ നിയമം ആവശ്യപ്പെടുന്നത് മാത്രമല്ല, അത് ക്രൈസ്തവ അധിഷ്ടിതമായ സമ്പൂർണ്ണതിരുവെഴുത്തിന്റെയും പ്രതീക്ഷകളെ അടിസ്ഥാനമാക്കിയുള്ളതാണ്.

ഇതിനേക്കാൾ കുറവുള്ളതെന്തും, ക്രിസ്തുവിലൂടെ തന്റെ ജനത്തിൽ ദൈവം ചെയ്തതിൽ നിന്നും അവരിലൂടെ ലോകത്തിൽ ദൈവം പ്രവർത്തിച്ചതിൽ നിന്നും കുറവായുള്ളതെന്തും, ദൈവത്തിന്റെ കൃപയിൽ നിന്നും വീണുപോയിട്ടുള്ളതാകുന്നു. ഈ കൃപയാണ്, ഇതിന്റെ കഥയാണ് വീണ്ടെടുക്കപ്പെട്ട ഓരോ ദൈവപൈതലിന്റെയും മനുഷ്യജഡത്തിൽ ജീവിക്കുന്നതും സഭയുടെ ജീവനും വിശ്വാസത്തിനും ആധാരമായിരിക്കുന്നതും. ഇത്തരത്തിലുള്ള സഭകളെ ഏറ്റവും അസാധാരണമാക്കുന്നു എന്ന് കരുതുന്നത് ലാളിത്യമുള്ള സാമാന്യജനങ്ങളിലൂടെയാണ്! കൂടാതെ, ദൈവം, ലോകത്തിന്റെ അടിസ്ഥാനം മുതൽ തന്റെ അസാധാരണമായ സന്ദേശത്തിന്റെ ശുശ്രൂഷയ്ക്കായി സാധാരണ ഉപകരണങ്ങൾ നിർമ്മിക്കുന്ന പ്രവർത്തിയിലുമാണ്.

മൂന്ന്, മുകളിൽ പ്രസ്താവിച്ചതുപോലെ, സുവിശേഷത്തിന്റെ കഥ ആവർത്തന രീതിയിൽ നൽകേ

ണം. സുവിശേഷത്തിന്റെ ബോംബുകൾ അവർ ആളുകളുടെ മേൽ വർഷിക്കുന്നില്ല. അതുപോലെ ആളുകൾ അവരുടെ ബന്ധങ്ങളുടെ ശൃംഖലയ്ക്ക് പൂർണ്ണമായും പുറത്തുവന്നുകൊണ്ട് തീരുമാനങ്ങൾ എടുക്കുമെന്ന് അവർ പ്രതീക്ഷിക്കുന്നുമില്ല. അതിനാൽ, ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന ഇടത്തിലെ ആളുകൾ സുവിശേഷം കേൾക്കുവാനും, കാണുവാനും, അനുഭവിക്കുവാനും അവരുമായി താദാത്മ്യപ്പെടുവാനും സമയം ആവശ്യമാണ്. തിരുവെഴുത്തിന്റെ യഥാർത്ഥമായ വിളി അവർ കേട്ടേ മതിയാവൂ. ആ ദൈവം അവനുമായി അനുരഞ്ജനപ്പെടുവാൻ അവരെ വിളിക്കുകയാണ്!

ഇന്നത്തെ സുവിശേഷീകരണത്തിന്റെ പല രീതികളും ആധുനിക മനുഷ്യനെ പരാജയപ്പെടുത്തുന്നത് ഇവിടെയാണ്. രക്ഷയുടെ സ്വഭാവവും പ്രക്രിയയും തമ്മിലുള്ള പ്രായോഗിക സംഘട്ടനത്തിലാണ് നമ്മൾ. സർവ്വവ്യാപിയും സർവ്വജ്ഞനുമായ സ്വർഗ്ഗീയ ദൈവത്തിന്മുമ്പാകെ, കാര്യം വ്യക്തമായും അറിയാം; ഞാൻ നിസ്സാരനും അറിവിൽ പരിമിതനുമാണ്. ആളുകൾ രക്ഷ നൽകുന്ന വിശ്വാസത്തിലേക്ക് വരുന്നതും അതിനോടു സഹകരിക്കുന്നതുമായ രീതി സ്വീകരിക്കുന്നതിൽ ആണ് ഞാൻ ഏറ്റവും സുരക്ഷിതൻ!

കൃപയുടെ കഥ ആളുകൾക്ക് പതിവായും ആവർത്തിച്ചും നൽകേണ്ടുന്ന ഒരു പരിതസ്ഥിതി ഉണ്ടാക്കിയെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഞാൻ ഒച്ചപ്പാടുണ്ടാക്കേണ്ടതിന്റെ ആവശ്യമില്ല. ഒന്നാമത്തെ കാരണം, ആളുകളെ രക്ഷിപ്പാനല്ല നമ്മോടുള്ള കല്പന, അത് ദൈവം ചെയ്യുന്ന കാര്യമാണ്. സഭ തന്റെ ജീവിതത്തിൽ അനുവർത്തിച്ചു വരുന്നതും പറഞ്ഞതുമായ കൃപയുടെ സന്ദേശത്തിലേക്ക് അവർ വരുമ്പോൾ ദൈവം അവരെ അത് വിശ്വസിക്കുന്നതിലേക്ക് ആകർഷിക്കും. അങ്ങനെ രക്ഷിക്കപ്പെടുന്നവരെ അവൻ സഭയോടും ചേർക്കും. സഭ വളരുക എന്നതായിരിക്കരുത് നമ്മുടെ ലക്ഷ്യം, മറിച്ച് സുവിശേഷത്തിൽ കാണുന്ന കൃപയിൽ ജീവിക്കുകയും അത് പകരപ്പെടുകയും ചെയ്യുന്ന ഒരു ജീവിതം നയിച്ച് ദൈവത്തിന് പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു പരിതസ്ഥിതിയെ സൃഷ്ടിച്ചെടുക്കുക എന്നുള്ളതാണ്.

രണ്ടാമത്തെ കാരണം, അവർക്ക് സുവിശേഷം പൂർണ്ണമായി കേൾക്കുവാനും മനസ്സിലാക്കുവാനും അവസരം ഒരുക്കിക്കൊടുക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. അവർ യേശുവിനെ സ്വീകരിക്കണോ വേണ്ടയോ എന്ന തീരുമാനം എടുക്കുന്നതിനായി സകലരുടെയും മുന്നിൽ വിശ്വാസ സമൂഹത്തിന്റെ ജീവിതം കാണത്തക്കവണ്ണം വെളിപ്പെട്ടുവരേണ്ടത് ആവശ്യമാണ്. ഈ കേൾവിയും തിരിച്ചറിവും ആശയവിനിമയത്തിലേക്കും, സംഭാഷണങ്ങളിലേക്കും, സമൂഹവുമായി ബന്ധമുണ്ടാകുന്നതിലേക്കും നയിക്കുകയും മിക്ക ആളുകളും വിശ്വാസത്തിലേക്ക് വരികയും ചെയ്യും. അത്തരമൊരു കാര്യം സുവിശേഷ ഘോഷണം കാര്യപരിപാടികളുടെ ക്രമപ്രകാരം അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിലല്ല നടക്കുന്നത്, മറിച്ച് സഭയിലെ ജനങ്ങളുടെ ബന്ധങ്ങളിലൂടെയും ജീവിതബന്ധങ്ങളിലൂടെയും ആയിരിക്കണം നടക്കേണ്ടത്.

നാല്, സുവിശേഷീകരണത്തോടുള്ള അവരുടെ സമീപനം അങ്ങേയറ്റം പ്രായോഗികമാണ്. ഇത് പ്രാവർത്തികമാകുന്നു എങ്കിൽ നാമിത് തുടന്നും ഉപയോഗിക്കും. ഇത് പ്രാവർത്തികമല്ലെങ്കിൽ ഇത് നാം നിരസിക്കുകയോ അനുരൂപപ്പെടുത്തുകയോ ചെയ്യും. സന്ദേശം പ്രചോദിതമാണെന്ന് അവർ നേരത്തെ മനസ്സിലാക്കി, പക്ഷേ അതിന്റെ പ്രക്ഷേപണരീതി പ്രചോദിതമല്ലായിരുന്നു. കൂടാതെ, അവന്റെ കല്പന നിറവേറ്റുവാൻ ദൈവം അവരെ നിർബന്ധിതരാക്കുന്നതിനാൽ, അവർ അത് എങ്ങനെ ചെയ്യുന്നുവെന്ന കാര്യം നിരന്തരം വിലയിരുത്തുവാനും നിർബന്ധിതരാകുന്നു.

നാലാമത്, ഫലകരമായ സഭാസ്ഥാപനം ആളുകളെ എത്രയും പെട്ടെന്ന് ചെറിയ ചെറിയ സംഘങ്ങളായി ക്രമീകരിക്കുന്നു. ഞാനിവിടെ ചെറിയ സംഘങ്ങൾ എന്ന വാക്കുകൾ ഉപയോഗിച്ചത് ശ്രദ്ധി

ക്കണം. ഇങ്ങനെ ഞാൻ ചെയ്യുന്നതിന്റെ കാരണം എന്നത് സാർവ്വത്രികമായി വളരെ ഫലപ്രദമായ പ്രവർത്തനത്തിന്റെ വിശദീകരണമായതിനാലാണ്. ഇതിനെ നാം എന്തുവിളിച്ചാലും, ആളുകളെ 10 –12 വരെ ഗ്രൂപ്പുകളായി സംഘടിപ്പിക്കുന്നത് അവരുടെ നന്മയ്ക്കും, സുവിശേഷത്തിന്റെ ഊർജ്ജസ്വലമായ ജീവിതത്തിനും പ്രഖ്യാപനത്തിനും വേണ്ടിയാണ്. ചെറിയ ഗ്രൂപ്പുകളെ സംബന്ധിച്ച് ധാരാളം അനുകൂല കാര്യങ്ങൾ പറയുവാനുണ്ടെങ്കിലും ഞാൻ അവരുടെ പരിശീലനത്തിൽ കണ്ട നാലു കാര്യങ്ങളെക്കുറിച്ച് പറയാം.

ഒന്ന്, ഈ ഗ്രൂപ്പുകൾ അവരുടെ വിളവെടുപ്പിന്റെ പ്രാരംഭ ഘട്ടങ്ങളായിരുന്നു. ഈ വേദി പുതിയ വിശ്വാസികൾക്കും ആളുകൾക്കും ക്രിയാത്മകമായി വചനകേൾവിക്കുള്ള സ്വാഭാവിക ഇടങ്ങളാകുന്നു. ആളുകൾക്ക് തങ്ങളുടെ ഉള്ളം തുറക്കുവാനും അവരുടെ ആവശ്യങ്ങളെ കരുതലോടെ ശ്രദ്ധിക്കുന്നവരും, ഒരുപക്ഷേ പ്രാർത്ഥനയിലൂടെ എന്തെങ്കിലും ചെയ്യുവാൻ കഴിയുന്ന ആളുകളുടെയും സുരക്ഷിതമായ താവളങ്ങളാകുന്നു അവ. താൽപര്യമുള്ളവർക്ക് സുവിശേഷത്തെക്കുറിച്ച് സംശനിവാരണങ്ങൾ നടത്തുവാനുള്ള സുരക്ഷിതതവും വിവേകഭരിതവുമായ ഇടങ്ങളാകുന്നു അവ. സുവിശേഷത്തെ വസ്ത്രമായി ധരിച്ചുകൊണ്ട് ദൈവം അവർക്കു നൽകിയിരിക്കുന്ന സവിശേഷമായ ബന്ധങ്ങളുടെ നടുവിൽ അവർക്ക് കാണത്തക്കവണ്ണം ജീവിക്കുന്ന യഥാർത്ഥ മനുഷ്യരുള്ളതും സുതാര്യവുമായ ഇടങ്ങളുമാകുന്നു അവ.

രണ്ട്, ഈ ഗ്രൂപ്പുകൾ ശിഷ്യത്വത്തിനുള്ള ഏറ്റവും നല്ല വേദിയാണ്. ഈ സ്ഥലം ആളുകൾ തങ്ങളുടെ മുഖംമൂടി അഴിച്ച് അവരുടെ പ്രാഥമിക ആവശ്യങ്ങളെ വെളിപ്പെടുത്തുന്ന ഇടമാണ്. ഇവിടം വചനത്താലും ആത്മാവിനാലും നിയന്ത്രിക്കപ്പെടുകയും ആളുകളുടെ ആവശ്യങ്ങൾ സാധിക്കപ്പെടുകയും ചെയ്യുന്ന ശുശ്രൂഷയുടെ ഇടമായി മാറുന്നു. ആളുകൾ ബൈബിളിന്റെ പരിധിയിൽ നിന്നുകൊണ്ട് എങ്ങനെ പ്രവർത്തിക്കുവാൻ ആരംഭിക്കുന്നു എന്ന് കണ്ടെത്തുവാനുള്ള സ്ഥലമാണിത്. നാം ദൈവവുമായുള്ള അടുത്ത ബന്ധത്തിലാണോ വളരുന്നത്? നാം നമ്മുടെ വ്യക്തിപരമായ കൃപയുടെ സവിശേഷമായ സാക്ഷ്യത്തിനും അനുഭവത്തിനും അനുസരിച്ചാണോ ജീവിക്കുന്നത്? കൂടാതെ, നാം നമ്മുടെ കൃപാവരങ്ങളെ കണ്ടെത്തുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ടോ?

മൂന്ന്, ക്രിസ്തുവിന്റെ എല്ലാ ആളുകൾക്കും അവരുടെ എല്ലാ ബന്ധങ്ങളിലും സുവിശേഷം പങ്കുവയ്ക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ള മികച്ച ഇടമാണ് ഈ ഗ്രൂപ്പുകൾ. ഒരു പക്ഷേ സുഖകരമല്ലാത്തതാണെങ്കിൽ കൂടി, ദൈവം നമ്മുടെ ഹൃദയങ്ങളിൽ വച്ചിരിക്കുന്ന ആളുകളുടെ പേരുകൾ ചോദിക്കുന്നതിനുള്ള ഏറ്റവും നല്ല ഇടമാണ് ഈ ഗാഢബന്ധമുള്ള മീറ്റിംഗുകൾ. എന്നിട്ട്, ഓരോ ആഴ്ചയിലും ഈ ഗ്രൂപ്പുകൾ പ്രാർത്ഥിക്കുമ്പോൾ ആളുകൾ തമ്മിൽ കാണുവാനും, വീണ്ടും റിപ്പോർട്ടു ചെയ്യുവാനും ഇടയാകുന്നു. എത്ര അതിശകരമായാണ് സാക്ഷിയാകുവാനുള്ള അവസരങ്ങളെ ദൈവം ഒരുക്കുന്നത്. എല്ലാ ദിവസവും യേശുവിന്റെ സുവിശേഷത്തിന്റെ രൂപാന്തര ശക്തിക്ക് വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും സാക്ഷ്യം വഹിക്കുക എന്നത് വിശ്വാസികൾ ചെയ്യുന്ന എല്ലാ പ്രവർത്തികളിലും വെച്ച് ഏറ്റവും ശക്തമായ പ്രവർത്തിയാണ്.

നാല്, നേതൃത്വ വികസനത്തിന് തുടക്കം കുറിക്കുവാനുള്ള ഏറ്റവും നല്ല സ്ഥലമാണ് ഈ ഗ്രൂപ്പുകൾ. ഇത് ഇവിടെ ഏറ്റവും താഴെത്തട്ടിൽ നിന്നാണ് ആരംഭിക്കുന്നത്. പുതിയ നേതാക്കളെ തിരിച്ചറിഞ്ഞ് ഉത്തരവാദിത്തത്തിന്റെ പര്യടനം ആരംഭിക്കുമ്പോൾ, സഭയുടെ ഉദ്ദേശത്തിലും കാഴ്ചപ്പാടിലും മൂല്യങ്ങളിലും അവരെ വളർത്തുന്നതിനുള്ള ഒരു മികച്ച വേദിയാകുന്നു ഇത്. ആളുകളെ എങ്ങനെ ഒരുമിച്ചുകൂട്ടാമെന്നുള്ളത് കാണുവാൻ സാധിക്കുന്ന ഇടമാണിത്. വളർന്നുവരുന്ന ഓരോ നേതാവിന്റെയും കൃപാവരങ്ങളും അവരുടെ കർത്തവ്യവും അളക്കുവാനുള്ള സ്ഥലമാണിത്. ഓരോ

പുതിയ നേതാവും നേതൃത്വ ഉത്തരവാദിത്തങ്ങളിൽ അവരുടെ വളർച്ച ആരംഭിക്കേണ്ട ആദ്യത്തെ ഇടമാണിത്. നിലവിലുള്ള നേതൃത്വം തങ്ങളുടെ സമയവും ഊർജ്ജവും പരിശീലനത്തിനായി ചെലവഴിക്കേണ്ടുന്ന ഇടവുമാണിത്.

അഞ്ചാമതായി, പുതിയ നേതൃത്വങ്ങളെ പരിശീലിപ്പിക്കുന്നതിലൂടെ ഉത്തരവാദിത്തത്തിന്റെ ഭാരം പകർന്നുകൊടുക്കുന്ന കാര്യം സഭാസ്ഥാപനം നടത്തുന്ന സംഘം വളരെ പെട്ടെന്ന് ആരംഭിക്കണം. ഇത് ലംഘിക്കുവാനാവാത്ത നിയമമാണ്; നിങ്ങളോടൊപ്പം ഉത്തരവാദിത്തം ഏറ്റെടുക്കുവാൻ മറ്റുള്ളവരെ ഒരുക്കിയെടുക്കുന്നിടത്തോളം മാത്രമേ നിങ്ങൾക്ക് സുവിശേഷം വ്യാപിപ്പിക്കുവാനും വിപുലീകരിക്കുവാനും കഴിയൂ. പ്രാദേശിക സഭയ്ക്കായിരിക്കണം ഇക്കാര്യത്തിൽ ഏറ്റവും ഊന്നൽ കൊടുക്കേണ്ടുന്ന ആവശ്യം ഉള്ളത്. ക്രിസ്തു സഭയ്ക്കാണ് കൃപാവരപ്രാപ്തരായ വ്യക്തികളെ നൽകിയെന്നത് നിഷേധിക്കാനാവാത്ത കാര്യമാണ്. ശുശ്രൂഷയുടെ വേല ചെയ്യുന്നതിന് മറ്റുള്ളവരെ പ്രാപ്തരാക്കുന്നതിനായി അവൻ അവർക്ക്, അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ എന്നിവരെ നൽകി. അവരുടെ ഫലപ്രാപ്തി അളക്കുന്നത് അവരുടെ പ്രവർത്തനങ്ങളേക്കാൾ മറ്റുള്ളവർ അവരുടെ വാക്കുകളെ അനുസരിക്കുന്നതിലൂടെയാണ്. പ്രാദേശിക സഭയിലും അതിന്റെ സുവിശേഷീകരണ ശുശ്രൂഷയിലും, മറ്റുള്ളവരെ നേതൃത്വസ്ഥാനങ്ങളിലേക്ക് ഒരുക്കുന്നതിലും അവർ ചെലവഴിച്ച സമയവും എല്ലാം അവയുടെ ഫലപ്രാപ്തിയിലൂടെ ചരിത്രം സാക്ഷ്യം വഹിക്കും.

ഭാരം പങ്കിടുന്നതിന് മറ്റുള്ളവരെ പരിശീലിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്ന മൂന്ന് കാര്യങ്ങൾ എനിക്ക് അന്ന് ദർശിക്കുവാനിടയായി. ഒന്ന്, നേതാക്കളെ പരിശീലിപ്പിച്ചെടുക്കുക എന്നത് സഭയെ പൂർണ്ണമായി ഒരുമിച്ചുകൂട്ടുന്നതിനുള്ള ആദ്യപടിയാണ്. ആളുകളെ ഒരുമിച്ചുകൂട്ടുന്നതിനുള്ള പ്രാഥമികമാർഗ്ഗം പ്രസംഗമാണെന്ന് വിശ്വസിക്കുവാൻ എന്റെ ജീവിതത്തിൽ എന്നെ വളരെയധികം സ്വാധീനിച്ചിരുന്ന കാര്യമാണ്. എന്നാൽ ഞാൻ ഇപ്പോൾ അത് വിശ്വസിക്കുന്നില്ല. അതെ, പ്രസംഗിക്കുന്നതിന്റെയും പഠിപ്പിക്കുന്നതിന്റെയും പ്രാധാന്യതയെ ഇപ്പോഴും ഞാൻ വിശ്വസിക്കുന്നുണ്ട്, എന്നാൽ മറ്റു പ്രവർത്തികളുടെ പ്രാധാന്യതയെ തള്ളിക്കളഞ്ഞുകൊണ്ടല്ല ഞാൻ വിശ്വസിക്കുന്നത്. എനിക്കു വീണ്ടും ഒരു തുടക്കം ലഭിക്കുകയാണെങ്കിൽ, നേതാക്കളെ പരിശീലിപ്പിക്കുന്നതിലും പ്രസംഗത്തിലും അദ്ധ്യാപനത്തിലും മറ്റും ഏർപ്പെടുന്നതിൽ ഞാൻ അധികം സമയം ചെലവഴിക്കും.

ഉദ്ദേശ്യം, ദർശനം, മൂല്യങ്ങൾ, ജീവിതം എന്നിവ പകർന്നു കൊടുക്കുന്നതിനായി രണ്ടുപേർ തമ്മിൽ തമ്മിലോ, അല്ലെങ്കിൽ ചെറിയ ഗ്രൂപ്പുകളിലോ ചെയ്യുവാൻ സാധിക്കുന്നതുപോലെ ഈ തിരുവചനസത്യങ്ങൾ സമ്മേളനങ്ങളിൽ ആശയവിനിമയം ചെയ്യുവൻ സാധ്യമല്ല. ആളുകൾക്ക് തങ്ങളുടെ പൗരോഹിത്യം പരിശീലിക്കുവാൻ പ്രേരിപ്പിക്കുന്നതിന് സഹായിക്കുന്ന കാര്യങ്ങൾ പിന്നീടുള്ളതാണ്. എന്നാൽ, അതിനുമുമ്പ് നിർബന്ധമായും നടക്കേണ്ടുന്ന കാര്യങ്ങളുണ്ട്. ഉത്തരവാദിത്തത്തിന്റെ ഭാരം മറ്റുള്ളവരിലേക്ക് പകരുക, നേതൃത്വപരമായ പ്രവർത്തന നിർവ്വഹണത്തിന് ആവശ്യമായ കൃപാവരങ്ങൾ ഏകോപിപ്പിക്കുക, വിശ്വാസികളെ പ്രവർത്തനങ്ങൾക്കായി, കേവലം ഉത്തേജിപ്പിക്കപ്പെട്ടവരായിട്ടല്ല, യഥാർത്ഥമായും ശാക്തീകരിക്കപ്പെട്ടു കാണത്തക്കവണ്ണം അവരുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കുക തുടങ്ങിയവ നിർബന്ധമായ കാര്യങ്ങളാണ്.

രണ്ട്, ചെറിയ കൂട്ടങ്ങളായും കൂട്ടായ്മകളായും പുതിയ സഭകളായും സഭയെ പെരുപ്പിക്കുന്നതിലൂടെയാണ് നേതാക്കളെ പരിശീലിപ്പിക്കുന്നതിനുള്ള ആദ്യപടി. എന്തെങ്കിലും ബഹുലീകരിക്കേണ്ടതിന് കൂടുതൽ നേതാക്കൾ ആവശ്യമാണെന്ന കാര്യം പറയാതെ മുന്നോട്ടു പോകുകയാണെന്ന്

തോന്നുന്നു. അതുകൊണ്ട്, ശുശ്രൂഷയിൽ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്ന ആളുകളുമായി ലോക ത്തെല്ലായിടത്തും ഞാൻ കണ്ടുമുട്ടിയിട്ടുണ്ട് എന്ന കാര്യത്തിലൂടെ മുന്നോട്ടു പോകാം. അവർ സഭയെ വിസ്തൃതിപ്പെടുത്തി, അതുമൂലം സുവിശേഷവും, അവരുടെ തലമുറയിലെതന്നെ മറ്റുള്ളവരെക്കാളും വളരെ മുന്നിൽ, അത് അവർ സമർത്ഥരായതുകൊണ്ടല്ല. എന്നാൽ, അവരോടൊപ്പം ചേർന്നു നിൽപ്പാൻ അവർ അനേകരെ വളർത്തിയെടുത്തു എന്നുള്ളതാണ്.

പുതിയതും കഴിവുള്ളതുമായ നേതാക്കൾക്ക് സഭയുടെ ജീവിതത്തിൽ ഉത്തരവാദിത്തം ഏറ്റെടുക്കു ന്നതിനുള്ള അവസരങ്ങൾ ഉടനടി സൃഷ്ടിച്ചാണ് അവർ ഇത് ചെയ്തെടുക്കുന്നത്. "സഭയുടെ ജീവിതം" എന്ന് ഞാൻ പറഞ്ഞു, പക്ഷേ ഇത് ചരിത്രപരമായി അർത്ഥമാക്കിയതിൽ നിന്നും വ്യക്ത മായ അന്തരമുള്ളതാണ്. പുതിയ നേതൃത്വം സഭയുടെ കാര്യപരിപാടികൾ തുടരുവാൻ മാത്രമേ സഹായിക്കൂ എന്നല്ല ഇതിനർത്ഥം. എല്ലാ സഭകൾക്കും ഒരു നിശ്ചിത എണ്ണം നേതാക്കളും അതു പോലെ ആളുകളും സഭയുടെ കാര്യപരിപാടികൾ പരിപാലിക്കുവാൻ ആവശ്യമാണെന്ന് പറയാതെ വയ്യ. എന്നാൽ, മുൻപേജുകളിൽ ഞാൻ നിർവ്വചിക്കുവാൻ ശ്രമിച്ചതുപോലെ, ഒരു സഭയുടെ വിജയം ഏറ്റവും അധികം കണക്കാക്കുന്നത്, സഭാജീവിതത്തിന്റെ നിലവിലുള്ള പരിപാലനത്തിന് പുറത്തുള്ള അവസരങ്ങളിലേക്ക് ഒരു സഭയ്ക്ക് എത്ര വ്യക്തികൾക്കും എത്ര നേതൃത്വത്തിനും അവസരമൊരു ക്കുവാൻ കഴിയും എന്നതാണ്.

വിവിധ രൂപത്തിലുള്ള സുവിശേഷവത്ക്കരണം സൃഷ്ടിക്കുകയും ആളുകളെ ചെറിയ ഗ്രൂപ്പുക ളായി സംഘടിപ്പിക്കുകയും പുതിയ സഭകൾ സ്ഥാപിക്കുകയും ചെയ്യുന്ന സഭകൾക്ക് എല്ലായ്പ്പോഴും പുതിയതും കഴിവുകളുള്ളതുമായ നേതൃത്വത്തെ നിയമിക്കേണ്ടതിന് പുതിയ സ്ഥലങ്ങളുണ്ട്. മാത്ര മല്ല, ഈ അവസരങ്ങൾ കേവലം സേവനസ്ഥലം മാത്രമല്ല, അവ പരിശീലനത്തിനുള്ള ഇടങ്ങളുമാ ണ്. പ്രാദേശിക സഭകളിൽ സംവേദനാത്മകവും ഔപചാരികവുമായ പരിശീലനം ഉണ്ടാകുന്നത് നല്ലതാണ്. സഭയുടെ ഉദ്ദേശ്യം, കാഴ്ചപ്പാട്, മൂല്യങ്ങൾ എന്നിവയിലെ അത്തരം പരിശീലനവും വ്യക്തിപരമായ ആത്മീയ വിഭാഗങ്ങളിലെ പരിശീലനവും ഏറ്റവും നിർബന്ധവുമാണ്. എന്നാൽ, ഇങ്ങനെ ചെയ്യുന്നത് യഥാർത്ഥ പരിശീലനത്തിനുള്ള മികച്ച വേദിയാണെന്ന് പറയാതെ തന്നെ പോകണം.

മൂന്ന്, നേതാക്കളെ പരിശീലിപ്പിക്കുക എന്നുള്ളതാണ് നേതൃത്വത്തിന്റെ കാതൽ എന്നു ഞാൻ വിളി ക്കുന്ന സഭയുടെ പ്രധാന കർത്തവ്യം. അധികം വാഗ്വാദങ്ങളില്ലാതെതന്നെ നേതൃത്വത്തെക്കുറിച്ച് ഞാൻ വിശ്വസിക്കുന്ന ഒരു യാഥാർത്ഥ്യം പറയാം. നേതൃത്വം എന്നത് ഔദ്യോഗിക കർത്തവ്യത്തെ വിശദീകരിക്കുന്ന ഒരു പദമാണ്. ദൈവം നൽകിയിരിക്കുന്ന ദർശനത്തെ പിൻതാങ്ങി നിൽക്കുന്ന ഒരു കൂട്ടം വ്യത്യസ്തതരം ആളുകളാണ് ഈ പ്രവർത്തനം ഏറ്റവും നന്നായി നിർവ്വഹിക്കുന്നത്. കൂടാതെ സഭയുടെ ദൗത്യത്തെക്കുറിച്ചുള്ള ഉറച്ച ബോധ്യത്തിന്മേലാണ് അത് സ്ഥാപിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള നേതൃത്വത്തിന് മാത്രമേ വാസ്തവമായും ഇതുപോലെയുള്ള നേതാക്കളെ പരി ശീലിപ്പിച്ചെടുക്കുവാൻ കഴിയൂ. പ്രാദേശിക സഭകൾക്ക് പുറത്തുള്ള സംഘടനകൾക്കുള്ളിലും അവ രിലൂടെയും നടക്കുന്ന ഇത്തരത്തിലുള്ള പരിശീലനങ്ങൾക്ക് നാം തീർച്ചയായും ദൈവത്തോടു നന്ദി യുള്ളവരായിരിക്കേണം. പക്ഷേ, ആ പരിശീലനം പ്രാദേശിക സഭകളുടെ സ്വയമേവ നടക്കേണ്ടുന്ന രീതികളെ പരിപോഷിപ്പിക്കുന്നതിന് മാത്രമേ സഹായിക്കൂ. വളരുന്ന മുന്നേറ്റങ്ങൾ ഇത് മനസ്സിലാ ക്കുകയും പരിശീലിക്കുകയും ചെയ്യുന്നു!

ആറാമതായി, സഭയെ ക്രമപ്പെടുത്തുന്നതിനു വേണ്ടി സഭാസ്ഥാപന സംഘം തങ്ങളാൽ കഴിയുന്ന വേഗത്തിൽ നടപടികൾ കൈക്കൊള്ളുന്നു. മറ്റുള്ളവയുമായി താരതമ്യം ചെയ്യുമ്പോൾ ചില ഇടങ്ങ

ളിൽ പ്രാധാന്യം കുറവുള്ള ഒരു കാര്യമാണ് ഇത്. സ്വേച്ഛാധിപത്യ ഘടനയിൽ നിന്ന് പുറത്തുവരുന്ന സർക്കാരുള്ള രാജ്യങ്ങളിൽ, ചിലപ്പോൾ നിലനിൽപ്പിനുള്ള സ്വാതന്ത്ര്യത്തെ നൽകിത്തരുന്ന നിയമപരമായ സ്ഥിതിയെ കണ്ടെത്തുന്നത് വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. അവിടെ സ്വാതന്ത്ര്യം എന്നത് സാങ്കല്പികമാണ്, ഈ ആവശ്യം അടിയന്തിരമായി വേണമെന്ന് തോന്നുന്നത് തന്നെ വിരളമാണ്.

എന്നാൽ, ഉദ്ദേശ്യവും, കാഴ്ചപ്പാടും, മൂല്യങ്ങളും പരമാവധി വർദ്ധിപ്പിക്കുന്ന തരത്തിൽ സഭയെ രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഏറെ അനിവാര്യമാണ്. മാത്രമല്ല, പ്രത്യേക സംസ്ക്കാരവുമായി പൊരുത്തപ്പെടുന്ന രീതിയിൽ വാർഷിക അവലോകനത്തിനും ആസൂത്രണ നിർമ്മാണ പ്രക്രിയയ്ക്കും ആ ഘടന അവശ്യവുമാണ്. എന്റെ സഹപ്രവർത്തകനിൽ നിന്ന് ഞാൻ കേട്ടത്, ഇക്കാര്യത്തിൽ പ്രകടമായ ഭിന്നതകളുണ്ട്, എന്നാൽ ചില സമാനതകളും ഉണ്ടെന്ന് എന്നെ അദ്ദേഹം ഓർമ്മപ്പെടുത്തി.

സഭകൾ എങ്ങനെ തന്നിൽത്തന്നെ ക്രമീകരിക്കപ്പെടുകയും രൂപപ്പെടുകയും ചെയ്യുന്നു എന്നതിന്റെ പ്രകടമായ വ്യത്യാസം പല ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ഇത് ഏതു സംഘടനയാണോ സഭ സ്ഥാപിക്കുന്നത് അവരുമായുള്ള ബന്ധത്തെ ആശ്രയിച്ചിരിക്കും. സഭാസ്ഥാപന സംഘത്തിന്റെ ഉപദേശപരമായ ബോധ്യത്തെ ആശ്രയിച്ചുമായിരിക്കും ഇത്. അതുപോലെ, ഇതു സ്ഥിതി ചെയ്യുന്ന രാജ്യം, ചരിത്രം, അതിന്റെ സംസ്ക്കാരം എന്നിവയെയും ആശ്രയിച്ചും ആയിരിക്കും ഇത്.

എന്നാൽ, അത്തരം സംഘടനാപരമായ/ഘടനാപരമായവ തമ്മിൽ ആവശ്യങ്ങൾ പങ്കിടുന്ന ചില പ്രധാന സമാനതകൾ ഉണ്ട്. ഒന്ന്, സംഘടന എന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, ഒന്നിലധികം സഭകൾ ഒരു പുതിയ ശരീരമായി മാറുന്നതും അവർക്ക് പ്രതീക്ഷിക്കുവാൻ കഴിയുന്നതുമായ ഒരു പ്രധാനപ്പെട്ട ഘട്ടവും ആകുന്നു അത്. വലുതും വളരുന്നതും ചെറുകൂട്ടങ്ങളുള്ളതും സഭാസ്ഥാപനം നടത്തുന്നയാളും എന്റെ മറ്റൊരു സഹപ്രവർത്തകനുമായ ഒരു സഭയുടെ ഇടയനെക്കുറിച്ചു ഞാൻ ഓർക്കുന്നു. ഒമ്പത് വർഷങ്ങളെന്ന ഏറ്റവും ചെറിയ കാലയളവിനുള്ളിൽ 2000 ഓളം പേർ കൂടിവരുന്നതായ ഒരു സഭയായി വളർന്ന അവർ 100 ൽ അധികം സഭകൾ സ്ഥാപിക്കുകയും, ഒരുവന് ചിന്തിക്കുവാൻ കഴിയുന്നതിലുമധികം സുവിശേഷ തന്ത്രങ്ങൾ താൻ വികസിപ്പിച്ചെടുക്കുകയും ചെയ്തു. ഈ സഭ വളരുവാൻ ധാരാളം കാരണങ്ങൾ ഉണ്ട്, വളർച്ചയോടും വളർച്ച കൈവരിക്കുന്ന അവസരങ്ങളോടും സൗഹാർദ്ദപരമായി പെരുമാറുവാൻ അവർ സ്വയം രൂപകല്പന ചെയ്തതിനേക്കാൾ പ്രാധാനമായിട്ട് മറ്റൊന്നുമില്ല.

ഞായറാഴ്ചകളിൽ നഗരമധ്യത്തിൽ മൂന്ന് ആരാധനകളിൽ കണ്ടുമുട്ടുന്നുണ്ടെങ്കിലും, ആഴ്ചയിലുടനീളം അവർ ഒന്നിലധികം സഭകളിലും നഗരത്തിലുടനീളമുള്ള നൂറുകണക്കിന് ചെറുകൂട്ടങ്ങളിലും അവർ കണ്ടുമുട്ടുന്നു. അവരുടെ ഘടനയുടെ രൂപകല്പന ഈ ജീവിതത്തെ സുഗമമാക്കുന്നു!

രണ്ട്, ഒരു സഭ തന്നിലുള്ള ആളുകളുടെ ജീവിതത്തെ പരിപോഷിപ്പിക്കുന്നതിനും അതിലൂടെ അത് അനവധിയായി വർദ്ധിക്കുന്നതിനും അവസരങ്ങളെ ജനിപ്പിക്കത്തക്കവണ്ണം അതിനെ രൂപകൽപന ചെയ്യുവാനും സംഘടിപ്പിക്കുവാനും എങ്ങനെ കഴിയുന്നു? ശരാശരി ഒരു പാശ്ചാത്യസഭ അതിന്റെ നിലനില്പിനുവേണ്ടിയാണ് സംഘടിപ്പിക്കുന്നത്. വളരെ കുറച്ചുമാത്രമേ വളർച്ച പ്രാപിക്കേണ്ടതിനായി സംഘടിപ്പിക്കപ്പെടുന്നുള്ളൂ. എന്നാൽ, അമേരിക്കയിലെ കുറച്ചു സഭകളെ എനിക്കറിയാം, അവർ സഭയുടെ ജീവിതത്തെ പരിപോഷിപ്പിക്കപ്പെടുന്നതിനും തൽഫലമായി പെരുകുവാനായും സംഘടിപ്പിക്കുന്നു. ചെറിയ കൂട്ടങ്ങളുടെ ഘടനയുടെ സൗന്ദര്യം ഇതാണ്. ആത്മാവിന്റെ ഫലവും യേശുവിന്റെ ജീവിതവും അവരിൽ വളരുന്നത് കാണുന്നതിന് ആളുകളുമായി കൂടുതൽ അടുത്ത്

ഇടപഴകുവാൻ ഇതിന് കഴിയും. മറ്റുള്ള ആളുകളുമായി കൂടുതൽ അടുത്ത് ഇടപഴകുന്നതിലൂടെ തങ്ങൾക്ക് അവരുടെയിടയിൽ ജീവിക്കുവാനും തങ്ങളുടെ കൃപയുടെ കഥകളെ പറയുവാനും ആളുകളെ സഹായിക്കുവാനും കഴിയും. പുതിയ നേതൃത്വങ്ങളെ തിരിച്ചറിയുന്നതിനും അവരെ പുറത്തിറക്കുന്നതിനും അവരുടെ കൂടെച്ചേർന്ന് പ്രവർത്തിക്കുന്നതിലൂടെ സാധിക്കുന്നു. കൂടാതെ, കൂടുതൽ ആളുകളിലേക്ക് ദർശനത്തെ കൂടുതൽ ഫലപ്രദമായി പകർന്നുകൊടുക്കുവാൻ ഇതിനാൽ കഴിയും.

ഇത്തരമൊരു ഘടന ഇതിനോടകം തന്നെ കാര്യപരിപാടികളാൽ അതിഭാരം അനുഭവിക്കുന്ന സഭകളുടെമേലുള്ള കേവലം ഒരു കൂട്ടിച്ചേർക്കൽ മാത്രമല്ല, അത് അതിന്റെ ജീവന്റെ നിലനിൽപ്പിനുള്ള കാര്യവുമാണ്. അതിന്റെ മദ്ധ്യത്തിൽ അത് നിലിൽക്കുന്നതിൽ യാതൊരു ഭീഷണിയും അതിനു നേരിടാനില്ല. സ്വരുക്കൂട്ടുന്നതിനും പെരുകുന്നതിനും മുൻഗണന നൽകുന്നതിനുവേണ്ടി വഴങ്ങിക്കൊടുത്തേ മതിയാകൂ!

ഏഴാമത്, ഓരോ പുതിയ സഭയും സ്വയം പെരുകുവാനുള്ള ദർശനം ഉൾക്കൊള്ളണം. സ്വയം ശ്രദ്ധാലുക്കളും സ്വയം സംരക്ഷിക്കുന്നതിനുമുള്ള മാനുഷികപ്രവണത കണക്കിലെടുക്കുമ്പോൾ, ഇക്കാര്യം തുടർമാനമായി പ്രവർത്തിക്കേണ്ട ഒന്നുതന്നെയാണ്. സഭാസ്ഥാപനത്തിന്റെ ഡിഎൻഎ യിൽ ഇത് തുടക്കത്തിൽത്തന്നെ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ, ഇത് സംരക്ഷിക്കുവാനും ഫലപ്രദമാകുവാനും ഏറെ ബുദ്ധിമുട്ടുള്ളതായിരിക്കും.

എല്ലാ പ്രസ്ഥാനങ്ങളുടെയും വാക്കിലും പ്രവർത്തിയിലും ഇത് പ്രകടമായി കാണാവുന്നതാണ്. ഈ പ്രസ്ഥാനങ്ങളിൽ, തങ്ങളിൽത്തന്നെ അവർ അവസാനിക്കുന്നു എന്നകാര്യം സഭകൾ കാണുന്നില്ല. യാതൊരു പ്രതിസന്ധികളുമില്ലാതെ പെരുകുന്നത് എങ്ങനെയെന്ന് അവർ അന്വേഷിക്കുന്നതിൽ ഏറെക്കുറെ വിശ്വസിക്കുകയും പരിശീലിക്കുകയും ചെയ്യുന്നു. ലോകത്തിലെ ഓരോ സഭയ്ക്കും അതിന്റെ ജീവകാലത്ത് കുറഞ്ഞത് മൂന്നു സഭകളെങ്കിലും സ്ഥാപിക്കുവാൻ അസാധ്യമല്ലെന്ന കാര്യത്തിൽ ഞാൻ വിശ്വസിക്കുന്നു. ഈ ജീവിതകാലത്ത് എന്നത്, ഒരു പത്തുപതിനഞ്ച് വർഷം എന്നതാണ് ഞാൻ ഉദ്ദേശിച്ചത്. കുറഞ്ഞത് ഒരു സ്ഥലത്തെങ്കിലും ആരംഭിക്കണം.

ഇത് ആരംഭിക്കുന്നതിന്, തങ്ങൾക്കുവേണ്ടി മാത്രമായി നിലനിൽക്കുന്ന സഭകളുടെ പരിക്രമണത്തെ തകർക്കണം. ഈ പരിക്രമണം ഇപ്പോൾ തകർക്കുന്നത് ആവശ്യമെങ്കിൽ പുതിയ സഭകൾ സ്ഥാപിക്കുന്നതിനേക്കാൾ പ്രയാസകരമാകുമെന്ന് ചിന്തിക്കുന്നുണ്ടെങ്കിലും മറ്റു വഴികൾ ഇല്ലതന്നെ. നിങ്ങൾ നട്ടത് എന്താണോ അത് നിങ്ങൾക്ക് കിട്ടും എന്നത് എല്ലായ്പ്പോഴും ശരിയായ കാര്യം തന്നെയാണ്!

എന്റെ സഹപ്രവർത്തകന്റെ വാക്കുകളെ ശ്രദ്ധിച്ചപ്പോൾ എനിക്ക് വീണ്ടും പ്രചോദനമാണുണ്ടായത്. എന്റെ ജീവകാലത്തുതന്നെ ലോകം മുഴുവൻ സുവിശേഷീകരിക്കപ്പെടേണമെന്ന കാര്യത്തിൽ ദൈവത്തെ വിശ്വസിക്കണമെന്നുള്ള പ്രചോദനം. രാജ്യങ്ങൾക്കായി അവനോടു വീണ്ടും അപേക്ഷിക്കുവാനുള്ള പ്രചോദനം. ദൈവം തന്റെ അഗ്നിയെ പകർന്നവരും ഈ മാർഗ്ഗങ്ങളോടും ലക്ഷ്യങ്ങളോടും പ്രതിബദ്ധതയുള്ള സ്ത്രീപുരുഷന്മാരുമായവർ എവിടെയാണെന്ന് കണ്ടെത്തുവാനുള്ള എന്റെ സ്വന്തം ശ്രമങ്ങൾ ഇരട്ടിപ്പിക്കുവാനും, കൂടാതെ അവരുടെ ശ്രമങ്ങളിൽ വീണ്ടും ഇന്ധനം പകരുവാനും അവരെ സഹായിക്കുവാനും വീണ്ടും ഞാൻ പ്രചോദിതനായി.

ഒരു കലാരൂപത്തേക്കാൾ ഒരു പുതിയ സഭ സ്ഥാപിക്കുന്നതാണ് തീരുമാനമെന്നുള്ള ഒരു പ്രകാശനം എനിക്ക് വീണ്ടും ഓർമ്മിക്കുവാൻ ഇടയായി! ക്രിസ്തുവിന്റെ സഭയിൽ ധാരാളം തീരുമാനമെടുക്കുന്നവരെ നമുക്ക് കണ്ടെത്തുവാൻ കഴിഞ്ഞേക്കാം.

## അദ്ധ്യായം 9

## മറ്റു സഭകളെ അനുഗ്രഹിക്കുന്നു

''തീർച്ചെക്കു എല്ലാവരും ഐകമത്യവും സഹതാപവും സഹോദരപ്രീതിയും മനസ്സലിവും വിനയ ബുദ്ധിയുമുള്ളവരായിരിപ്പിൻ. ദോഷത്തിന്നു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിന്നു വിളിക്കപ്പെട്ടതുകൊണ്ട് അനുഗ്രഹിക്കുവന്നവരായിരിപ്പിൻ.'' (1 പത്രോസ് 3:8-9)

അധികം താമസിയാതെ ഞങ്ങളുടെ പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറുകണക്കിനു പാസ്റ്റർമാരുടെയും നേതാക്കളുടെയും അവരുടെ ഭാര്യമാരുടെയും അത്താഴവിരുന്നിൽ സംസാരിക്കുവാൻ എന്നോടു ആവശ്യപ്പെട്ടു. ഞങ്ങളുടെ നഗരത്തിൽ ഒരു സഭ മാത്രമേയുള്ളൂ എന്നും അത് നൂറുകണക്കിന് പ്രാദേശിക സഭകൾ ചേർന്നതാണെന്നും ഉള്ള തിരിച്ചറിവിന്റെ ആഘോഷമായിരുന്നു വിഷയം. ഇത്രയധികം സഭാനേതാക്കളെ അഥവാ വ്യത്യസ്തമായ സുവിശേഷവിഹിത കൂട്ടായ്മകൾ ഒരുമിച്ച് ആകർഷിക്കുവാൻ സാധ്യതയുള്ളതെന്താണ്? അത് ഉപദേശമോ, സൗഹൃദമോ, സമാനമായ സംഘടനകളുടെ കൂടിച്ചേരലുകളോ ആയിരുന്നില്ല എന്ന് എനിക്ക് ഉറപ്പു നൽകുവാൻ കഴിയും.

കൊളംബിയയിലെ മിഷൻ കൊളംബിയയുടെ മാർഗ്ഗദർശകം എസ്സി എന്നത്, ഏതാണ്ട് വ്യക്തമായും ദൈവത്തിന്റെ ഹൃദയത്തിൽ നിന്ന് വരുന്ന ഒന്നാണ്. കൊളംബിയയിലെ 600,000 ആളുകൾക്ക് ക്രിസ്തുവിനാൽ ദൈവത്തോടു നിരപ്പു പ്രാപിക്കുവാനും ദൈവത്തെ മനസ്സിലാക്കുവാനും സ്വീകരിപ്പാനും ആവർത്തിച്ചുള്ള അവസരങ്ങൾ ലഭിക്കുന്നതിനെപ്പറ്റി സങ്കൽപ്പിക്കുക. ആ രാത്രിയിൽ ആ മുറിയിലുള്ള എല്ലാവർക്കും യേശുവിനെ ശുശ്രൂഷിക്കുവാൻ ലഭ്യമാകുന്ന പ്രേരകശക്തിയാകും ഇതെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ, സമയമോ, പാരമ്പര്യമോ, അല്ലെങ്കിൽ ''പരാജയമോ'', അതുമല്ലെങ്കിൽ അഹംഭാവമോ ഒക്കെ ഞങ്ങളിൽ ചിലരെ ആരംഭം മുതലേ അകറ്റിയിരിക്കാം. എന്നാൽ, ദൈവം ആഗ്രഹിക്കുന്നത് ഇതാണ് എന്ന് ആർക്കാണ് സംശയം?

നമ്മുടെ ജീവകാലത്ത് ഇത് സംഭവിക്കുവാൻ എന്താണ് വേണ്ടത്? മറ്റ് കാര്യങ്ങളോടെപ്പം ഇതിന് കുറഞ്ഞത് മൂന്ന് കാര്യങ്ങളെങ്കിലും വേണം. ഒന്നാമത്തേത്, ലംബമായുള്ള വളർച്ചയേക്കാൾ പ്രധാനം തിരശ്ചീനമായ വളർച്ചയ്ക്ക് പ്രതിജ്ഞാബദ്ധമായ നേതൃത്വം! ''വിജയ''ത്തിന്റെ അടയാളമായി കേവലം വലിപ്പം എന്നതല്ല, മറിച്ച്, നഗരത്തിലെ ഓരോ സ്ത്രീപുരുഷന്മാർക്കും കുട്ടികൾക്കും സുവിശേഷം ആവർത്തിച്ച് അറിയുവാനായി നൽകി എന്നത് പ്രവർത്തിപഥത്തിൽ എത്തുക എന്നുള്ളതാണ്. ഇതിലൂടെ, അവർ ഗ്രഹിച്ചത് അവർ വെളിപ്പെടുത്തുന്നത് എന്തെന്നാൽ, ഒരൊറ്റ സഭയുടെ വളർച്ച പുതിയ നിയമത്തിന്റെ കൽപ്പനയെ പ്രതിഫലിപ്പിക്കുന്നില്ല എന്നുള്ളതാണ്. നമ്മുടെ സ്വന്തം മതിൽക്കെട്ടിനുള്ളിൽ ധാരാളം സഭകൾ വളരുന്നതിന് കൂടുതൽ വിശാലമായ പ്രതിബദ്ധത ഉണ്ടായിരിക്കണം. ഒരു ചെറിയ കൂട്ടം ആളുകൾക്കുവേണ്ടി രാജ്യത്തിന്റെ വിഭവങ്ങളെ പാപകരമായ നിലയിൽ പാഴാക്കുന്നതിനു പകരം, രാജ്യത്തിന്റെ കെട്ടുപണിയിലൂടെ അതിന്റെ വളർച്ചയ്ക്കായി മുതൽമുടക്കുകയാണ് വേണ്ടത്. കൂടാതെ, സാമൂഹ്യപരവും വംശീയപരവുമായ ആളുകൾക്ക് ആവശ്യമായ തനത് ആരാധനാരീതികളുമായി കൂടുതൽ യുക്തിസഹമായി കൈകാര്യം ചെയ്യണം. തത്തുല്യമായി, നമ്മുടെ ആരാധനാ രീതിയ്ക്കനുസാരമായി അതിലേക്ക് ആളുകളെ ആകർഷിക്കുവാനോ ബന്ധപ്പെടുത്തുവാനോ ആയിട്ടല്ല, മറിച്ച് അവർ ആളുളിലേക്ക് എത്തിപ്പെടേണ്ടതിനായി പുതിയ സഭകൾ വളരുന്നതിനായി പങ്കുചേരും. ദൈവം സൃഷ്ടിച്ചതുപോലെ സഭയുടെ സ്വഭാവത്തോടുള്ള അനുസര

ണത്തിന്റെ ഈ പാതയിലൂടെ, നിലവിലുള്ള സഭകളെ അവയുടെ ഇടത്തുതന്നെ പൂർണ്ണമായും ഫല പ്രദമായി കാണുന്നതിന് നാം അവരെ അനുഗ്രഹിക്കുകയും സമ്പുഷ്ടമാക്കുകയും ചെയ്യും.

രണ്ടാമത്, ഒരുപിടി പ്രവർത്തിപരിചയമുള്ള ആളുകൾ ചെയ്യുന്നതിനേക്കാൾ ജനങ്ങൾ ശുശ്രൂഷ ചെയ്യുന്നത് കാണുന്നതിന് പ്രതിജ്ഞാബദ്ധരായ നേതൃത്വം ആവശ്യമാണ്. എന്നാൽ, എന്തിനാണ് ''ശുശ്രൂഷ'' ചെയ്യുന്നത്? അവരുടെ സ്വന്തദൈവവുമായി അടുപ്പം പുലർത്തുന്നതിന്! കഴിഞ്ഞ അനേക നൂറ്റാണ്ടുകളായി വേദാനുസാരമല്ലാത്ത പ്രസംഗങ്ങളിൽ നമ്മെ വ്യാമോഹിപ്പിച്ച് അതിൽ വിശ്വാസമുളവാക്കി, ദൈവത്തിന്റെ ആളുകളെ തന്നിൽ നിന്ന് കേൾക്കുന്നതിൽ നിന്നും വേർതിരിച്ചു. പ്രസംഗം തെറ്റാണെന്നല്ല ഞാൻ പറയുന്നത്. എന്നാൽ, ധാരാളം ക്രിസ്ത്യാനികളെ, ദൈവത്തെ അവർക്കായി വ്യാഖ്യാനിച്ചു നൽകുന്ന അവരുടെ ''പുരോഹിതൻ'' എന്ന നിലയിൽ പ്രതിഭാധനരായ പ്രസംഗകരിലേക്ക് ചായുവാൻ പഠിക്കുന്ന സാഹചര്യം സൃഷ്ടിച്ചു. ദൈവവുമായുള്ള ആഴമായ ബന്ധത്തിൽ മുന്നേറുന്നതിനുവേണ്ടി പ്രേരിപ്പിക്കുന്ന പഠിപ്പിക്കലിനു പകരം, ദൈവത്തിങ്കലേക്കുള്ള അവരുടെ വ്യക്തിപരമായ സമീപനത്തെ പ്രസംഗകന്റെ കൂടുതൽ മനോഹരമായി വിവരിക്കുന്ന സമീപനം ഉപയോഗിച്ച് മാറ്റിസ്ഥാപിച്ചു.

വ്യക്തികളുടെ സ്വന്തം പ്രശ്നമാണ് ഇതെന്ന് ചിലർ പറയും. എനിക്ക് അത്ര ഉറപ്പില്ല! ഇത്രകാലം നമുക്കായി വിശ്വാസത്തിൽ വീരന്മാരായ ആളുകളെ സ്വയമേവ ആലിംഗനം ചെയ്യുന്ന ഇടമായി അംഗീകരിക്കുവാൻ സഭയെ നാം അനുവദിച്ചു, അതും പിന്നീട് നാം അവരോട് ആരെക്കുറിച്ച് പ്രസംഗിക്കുന്നുവോ, അവനുമായി ഇടപഴകുന്നതിൽ അവർ അകലം പാലിക്കുന്നവരായി മാറുവാനിടയായി. അവർ സ്വീകരിച്ച വിശാസത്തിനനുസരിച്ചുള്ള എല്ലാ ഉദ്ദേശ്യങ്ങൾക്കും ലക്ഷ്യങ്ങൾക്കുമായി അവരുടെ ജീവിതത്തിന്റെ ചില ഘട്ടങ്ങളിൽ തീരുമാനമെടുക്കുന്നതിൽ അനുസരണത്തിന്റെ സ്വാധീനം കാണപ്പെടുന്നില്ല. ശിഷ്യത്വത്തിന്റെയും അധ്യാപനത്തിന്റെയും വ്യവസ്ഥകൾ പ്രായോഗത്തിൽ വരുത്തുവാൻ നമ്മൾ അനുവദിച്ച രീതിയാണ് പ്രശ്നത്തിന്റെ ഒരു ഭാഗമെന്ന് എനിക്ക് ബോധ്യമുണ്ട്. ഉപഭക്തൃ പ്രേരിതരായ പാശ്ചാത്യരെ സംബന്ധിച്ച്, നമ്മുടെ ഈ അനുഭവം പ്രസംഗിക്കുന്നതിനുള്ള ഒരു വിഷയമായി ലഭിക്കപ്പെട്ടു, ഇതേത്തുടർന്ന് ദൈവമുമ്പാകെ, ഇത് പൂർത്തീകരിക്കപ്പെടുമ്പോൾ ദൈവത്തിന്റെ സ്ഥാനത്ത് നമുക്ക് ഒരു ഇടമുണ്ടെന്ന് നമുക്ക് പ്രതീക്ഷിക്കത്തക്കവണ്ണം നമ്മുടെ നീതിക്ക് ഏതുവിധേനയായാലും ഇത് ഒരു സംഭാവന നൽകുന്നു!

ആളുകൾ യഥാർത്ഥമായും ശാക്തീകരിക്കപ്പെടുമ്പോൾ, കേവലം സന്തോഷിപ്പിക്കുകയല്ല, അവരുടെ ദൈനംദിന ജീവിതത്തിൽ കാണത്തക്കവണ്ണം പ്രതിഫലിപ്പിക്കപ്പെടുന്ന ദൈവീകബന്ധം ഉണ്ടാകും. അവർ തങ്ങളുടെ കൃപയുടെ സാക്ഷ്യം പ്രസ്താവിക്കും. അവർ തങ്ങളുടെ ബന്ധങ്ങളുടെ ഇടയിലും ജീവിതത്തിലും തങ്ങളുടെ കൃപാവരങ്ങളെ പൂർണ്ണമായും ഉപയോഗിക്കും. അവർ സമൂഹത്തിൽ പരസ്പരാശ്രയത്വത്തിൽ ജീവിക്കുവാൻ പഠിക്കും. ക്രിസ്തുവിന്റെ ശരീരം എന്ന നിലയിൽ അവരുടെ ഇടങ്ങളിൽ, നാം പാർക്കുന്ന ഈ ലോകത്തിൽത്തന്നെ അനേകരുടെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലുവാനിടയാകും.

മൂന്നാമത്, സഭയുടെ സമഗ്രതയ്ക്ക് പ്രതിജ്ഞാബദ്ധരായ നേതൃത്വം ആവശ്യമാണ്. തന്റെ മുഴുശരീരവും കൂടിച്ചേർന്ന് നിർവ്വഹിക്കുവാനായി ദൈവം നൽകിയിരിക്കുന്ന കാര്യങ്ങൾ കേവലം ഒരൊറ്റ സഭയ്ക്ക് നടപ്പാക്കുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നത് അപഹാസ്യമായ കാര്യമാണ്. എന്റെ അഭിപ്രായത്തിൽ, നമ്മുടെ കാലത്തെ ഏറ്റവും വലിയ പാപങ്ങളിലൊന്നാണ് നമ്മുടെ രാജ്യത്തെ സുവിശേഷവിഹിത സഭകൾ തമ്മിലുള്ള പ്രവർത്തനപരമായ അകലം എന്നത്. അതിന് പല കാരണങ്ങളും നിസംശയമായും പ്രാസ്താവിക്കപ്പെടാം. എന്നാൽ, അതിനെ പൂർവ്വസ്ഥിതിയിലാക്കുന്ന കാര്യം

ഇപ്പോൾ, ഇവിടെ, നമുക്കിടയിൽ ചെയ്തെടുക്കണം.

തുടക്കത്തിനായി ഞാൻ നിർദ്ദേശിക്കുന്നത് എന്തെന്നുവച്ചാൽ:

1. ഒരു പട്ടണത്തിലോ, നഗരത്തിലോ, ഒരു ദേശത്തോ ഉള്ള മൊത്തം ആളുകളെയും ദൈവമുമ്പാകെ ഒരുമിച്ചു കൊണ്ടുവരിക എന്നത് നേതൃത്വം കണക്കിലെടുക്കേണ്ട പ്രഥമ കാര്യമാകുന്നു.

2. പ്രാദേശിക സഭകളിലെ ദൈവത്തിന്റെ വിഭവസമ്പത്തുകൾ എടുക്കുന്നതിനും അവ നഗരത്തിൽ പൂർണ്ണമായും നിക്ഷേപിക്കുന്നതിനും നേതൃത്വം പ്രവർത്തനപരവും അർത്ഥവത്തായതും മാർഗ്ഗങ്ങൾ കണ്ടെത്തണം.

3. നഗരത്തിലെ ഉപവിഭാഗങ്ങളിലെ നേതൃത്വം നഗരത്തിലെ മറ്റ് ചെറിയ മേഖലകളെ കേന്ദ്രീകരിക്കുന്നതിന് പുതിയതും കൂടുതൽ ഫലപ്രദവുമായ മാർഗ്ഗങ്ങൾ കണ്ടെത്തണം. അതേ ഉപവിഭാഗത്തിലെ മറ്റ് സഭകൾ അവിടുത്തെ ഓരോ സ്ത്രീപുരുഷന്മാർക്കും കുട്ടികൾക്കും സുവിശേഷം ആവർത്തിച്ച് കേൾക്കുവാൻ സാധ്യമാക്കുന്നതിലൂടെ, അവരെ ഏത് സഭയിൽ ചേർക്കേണമെന്നുള്ള കാര്യത്തിൽ ദൈവം ശ്രദ്ധവയ്ക്കും.

4. **നമ്മുടെ സ്ഥലത്ത് ഒരു സഭ മാത്രമേയുള്ളൂ** എന്ന് നമ്മൾ എല്ലാവരെയും അറിയിക്കുന്നു!

## അദ്ധ്യായം 10

## ലോകത്തിലേക്ക് മിഷണറിമാരെ അയയ്ക്കുന്നു

''സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ; നാം ഭാഗ്യകരമായ പ്രത്യാശെക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടുകൂടെ ജീവിച്ചുപോരേണ്ടതിന്ന് അതു നമ്മെ ശിക്ഷിച്ചുവളർത്തുന്നു. അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്ത് സൽപ്രവർത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിന്നു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു.'' (തിത്തോസ് 2:11-14).

ഈ പ്രസ്താവനയുടെ നിശ്ചയദാർഢ്യത്തോട് അനുസരണമുള്ള ക്രിസ്ത്യനികളുടെ മുൻ തലമുറകളുടെ നിരാശയെ സങ്കല്പിച്ചുനോക്കുക: ദൈവത്തിന്റെ കൃപ ഉദിച്ചുവല്ലോ! ''ലോകത്ത് നമുക്കു ചുറ്റുമുള്ള എല്ലാ രഹസ്യങ്ങളും നിലനിൽക്കുമ്പോൾത്തന്നെ, 1800 വർഷങ്ങൾക്കുശേഷവും ദൈവപുത്രന്റെ പേര് മനുഷ്യവംശത്തിന്റെ വലിയൊരു കൂട്ടത്തിനും ആജ്ഞാതമായിരിക്കുന്നു എന്ന കാര്യം മനസ്സിലാക്കുവാൻ ഇത് അത്ര വിചിത്രവും ദുർഗ്രഹവുമായ ഒന്നല്ല.'' (വർക്കിംഗ് ഫോർ ഗോഡ്, 1901, ആൻഡ്രൂ മുറെ, ഓൺലൈനിൽ നിന്നും എടുത്തത്)

ഇന്നും അനേകരിൽ നിന്നും സമാനമായ സന്ദേശം നാം കേൾക്കുന്നു. എന്നാൽ, ഇതുസംബന്ധിച്ചുള്ള വസ്തുത 1901 നെ അപേക്ഷിച്ച് സമൂലമായും വ്യത്യസ്തമാണ് എന്നുള്ളതാണ്. വിശ്വസ്തരായ ക്രിസ്ത്യാനികളുടെ തലമുറകളുടെ പ്രാർത്ഥനകൾക്ക് പൂർണ്ണമായും ഉത്തരം ലഭിച്ചിട്ടില്ലെങ്കിലും അത്ഭുതകരമായ രീതിയിൽ ഉത്തരം ലഭിക്കുന്നുണ്ട്.

ചൈന ഒരു ഉദാഹരണമാണ്! അല്പം വ്യത്യാസമുണ്ടെങ്കിലും ഏകദേശം ഞാൻ ജനിച്ച വർഷത്തിൽ ലോകത്തിന്റെ മറ്റു ഭാഗങ്ങളുമായി വേർതിരിക്കുന്ന വിധത്തിൽ മതിൽ കെട്ടിപ്പൊക്കി. 200 വർഷത്തെ പാശ്ചാത്യ മിഷണറിപ്രവർത്തനങ്ങൾക്കു ശേഷം അവിടെ ഏകദേശം 4 ദശലക്ഷത്തിൽപ്പരം ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. അവരിൽ ഒരു ദശലക്ഷം പ്രൊട്ടസ്റ്റന്റുകാരും പിന്നെ കത്തോലിക്കരും ആയിരുന്നു ഉണ്ടായിരുന്നത്.

1970 കളുടെ മധ്യത്തിൽ റിച്ചാർഡ് നിക്സൺ ആദ്യമായി ചൈനയിൽ പ്രവേശിച്ചപ്പോൾ, 4 ദശലക്ഷം ക്രിസ്ത്യാനികൾ ഏകദേശം 50 ദശലക്ഷത്തോട് അടുത്ത് അവർ വളർന്നു എന്നുള്ള പ്രഥമ വിവരങ്ങൾ പുറത്തുവന്നു. ഗ്രാമപ്രദേശങ്ങളിലെ ഭവന കൂട്ടായ്മകളുടെ ദ്രുതഗതിയിലുള്ള മുന്നേറ്റം മൂലം ചൈനയിൽ 100 ദശലക്ഷത്തിലധികം യേശുവിന്റെ അനുയായികളുണ്ടാകാമെന്ന് പലരും ഊഹിക്കുന്നു.

കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി സഭയുടെ 2000 വർഷത്തെ ചരിത്രത്തിൽ മുമ്പെങ്ങുമില്ലാത്ത വിധത്തിൽ ക്രിസ്ത്യാനികളെയും സഭകളെയും ദൈവം വർദ്ധിപ്പിക്കുന്നതുപോലെ അവിടുന്ന് ലോകത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെ വച്ചുനോക്കുമ്പോൾ ലോകത്തിലെ ഇന്നത്തെ മറ്റ് ഏതൊരു രാജ്യവും ആ പ്രവർത്തികളെ പ്രതിനിദാനം ചെയ്യുന്നില്ല.

ഇവയെല്ലാം ചില പുതിയ യാഥാർത്ഥ്യങ്ങളെ സഭയിലേക്കു കൊണ്ടുവരികയാണ് ചെയ്യുന്നത്, പ്രത്യേകിച്ചും പടിഞ്ഞാറൻ സഭയിൽ.

പൗലോസ് തീത്തോസിനോടു പറഞ്ഞു, കൃപ നമുക്കു വെളിപ്പെട്ടു. എന്നാൽ, ഈ കൃപ നമ്മെ എന്താണ് പഠിപ്പിക്കുന്നത്, പ്രത്യേകിച്ചും നമ്മുടെ കാലത്തെ ദൈവാത്മാവിന്റെ ലോകവ്യാപകമായ ശുശ്രൂഷയുടെ പുതിയ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ?

ഒന്നാമതായി, അത് രക്ഷയെ കൊണ്ടുവരുന്നു! പടിഞ്ഞാറ് ഇന്ന് ആപത്ക്കരമായ അനർത്ഥങ്ങളിലൂടെയാണ് കടന്നുപോകുന്നത്.

“ഇന്നത്തെ സുവിശേഷീകരണത്തിന്റെ ഭൂരിഭാഗവും രക്ഷയെക്കുറിച്ചുള്ള തെറ്റിദ്ധാരണയിൽ വേരൂന്നിയതാണ്. യേശു തങ്ങളുടെ പാപങ്ങൾ നിമിത്തം മരിച്ചുവെന്ന് വിശ്വസിക്കുന്നു എന്ന് ഏറ്റുപറഞ്ഞതിനാലാണ് തങ്ങൾ ക്രിസ്ത്യാനികളായതെന്നാണ് ആളുകളെ ബോധ്യപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതിന്റെ മുഴുരൂപവും സധാരണ ജീവിതത്തെ സ്പർശിക്കാത്ത വിധത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്. വേദപുസ്തകാടിസ്ഥാനത്തിൽ, രക്ഷ എന്നത് വിടുതലാണ്; ചോദ്യം ഇതാണ്, “എന്തിൽ നിന്നുള്ള വിടുതലാണ്?” പൊതുവെയുള്ള സന്ദേശം എന്നത്, “കുറ്റബോധത്തിൽ നിന്നുള്ള വിടുതൽ” എന്നതാണ്. എന്നാൽ പുതിയനിയമത്തിലെ രക്ഷയെക്കുറിച്ചുള്ള പൂർണ്ണമായ ആശയം നമ്മുടെ ഇന്നത്തെ പാപങ്ങളിൽ നിന്നുള്ള മോചനമാണ്. പാപങ്ങളിൽ നിന്നുള്ള മോചനം നമ്മിലേക്ക് വരുന്നത് യേശു എന്ന വ്യക്തിയിൽ നാം ദൃഢവിശ്വാസം വെച്ചതിലൂടെ ദൈവരാജ്യത്തിൽ നമുക്കു ലഭിച്ച പുതിയ ജീവിതത്തിൽ നിന്നുമാണ്. സ്വർഗ്ഗത്തിലെത്തുന്നതിനായി “വെട്ടിക്കുറയ്ക്കുക” എന്ന ആശയമാണ് നമ്മെ അസ്വസ്ഥപ്പെടുത്തുന്ന പ്രശ്നം. മാനസാന്തരം എന്നതിൽ നിന്ന് നാം ശിഷ്യത്വത്തെ വേർതിരിച്ചെടുത്തു.” (സുവിശേഷീകരണം പുനർവിചിന്തനം, ഡാളസ് വില്ലാർഡിന്റെ വെബ്സൈറ്റിൽ നിന്ന്)

ആഴമേറിയതും, തീവ്രവും, തുടർമാനവുമായ മാറ്റങ്ങളില്ലാതെ ആരും ദൈവത്തിങ്കലേക്ക് വരുന്നതായി ബൈബിൾ സമ്മതിക്കുന്നില്ല. ജീവനുള്ള ദൈവവുമായി ബന്ധത്തിലേക്കു വരുന്നതും, തന്മൂലം പരിശുദ്ധാത്മാവിന് വസിക്കുവാനുള്ള വസതിയായി സമർപ്പിക്കപ്പെടുന്നതുമാണ് ശാശ്വതമായ രൂപാന്തരം എന്നത്. പുതിയ ജനനം എന്നത്, ചില പുതിയ ആഗ്രഹങ്ങളിലേക്കും പുതിയ തീരുമാനങ്ങളിലേക്കും പുതിയ ദിശാസൂചനകൾ ലഭിക്കുന്നതിലേക്കും നയിക്കുന്നു. അല്ലാതെ കേവലം പുതിയ ഭാവിക്കുവേണ്ടിയുള്ളതല്ല.

ഈ പ്രതീക്ഷക്ക് ഊന്നൽ നൽകുക എന്നല്ലാതെ, സുവിശേഷം, സുവാർത്ത എന്നീ വിധത്തിൽ സുവിശേഷം അവതരിപ്പിക്കുക എന്നത് കേവലം വാഗ്ധോരണികൾ മാത്രമാണ്. മാത്രമല്ല, അത്തരമൊരു അവതരണം തെറ്റിദ്ധരിക്കപ്പെട്ട പ്രതീക്ഷകൾക്കാണ് വേദിയൊരുക്കുന്നത്. കാരണം, ഇത് ദൈവത്തിന്റെ അന്യമായ ഒരു സ്വഭാവത്തെയും മനുഷ്യചരിത്രത്തിൽ ദൈവത്തിന്റെ പൊരുത്തമില്ലാത്ത ഇടപെടലിനെയും ആണ് പ്രസ്തവിക്കുന്നത്.

രണ്ടാമതായി, അത് ഇപ്പോഴും എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്. പത്രോസ് പറയുന്നത്: “എന്നാൽ പ്രിയമുള്ളവരെ, കർത്താവിന്ന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്. ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ.” (2 പത്രോസ് 3:8-9)

പൗലോസിന്റെ പ്രസ്താവനയിൽ രണ്ട് കാര്യങ്ങൾ സൂചിപ്പിക്കുന്നതായി കാണുന്നു. ഒന്നാമതായി,

ദൈവം നൽകുന്ന രക്ഷ, അത് ഓരോ സ്ത്രീക്കും ഓരോ പുരുഷനും ഓരോ കുട്ടിക്കുമായി വാഗ്ദാനം ചെയ്യപ്പെടുന്നു. രണ്ടാമതായി, ദൈവം നൽകുന്ന രക്ഷ, അത് എല്ലാ മനുഷ്യവർഗ്ഗത്തിനുമായി ദാനം ചെയ്യപ്പെടുന്നു. ക്രിസ്തു പാപത്തിന് പകരമായി നൽകിയ വിലയ്ക്ക് പര്യാപ്തമല്ലാത്തതായ ഒരു പാപവുമില്ല. ആളുകളുടെ ജീവിതത്തിൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്ന എല്ലാത്തരം പാപത്തിൽ നിന്നും രക്ഷിക്കുവാൻ ദൈവത്തിനു കഴിയും!

മൂന്നാമതായി, എല്ലാത്തരം അഭക്തിയോടും 'ഇല്ല' എന്ന് പറയുവാൻ നമുക്ക് കഴിയണം. പ്രത്യേകിച്ചും, ലൗകീകക അഭിനിവേശങ്ങൾ 'വേണ്ട' എന്ന് നാം പറയണം. ദൈവം വ്യക്തമായി വിലക്കിയിരിക്കുന്ന മോഹങ്ങളാണിവ. പകരം, നമ്മൾ, സ്വയനിയന്ത്രണം, നല്ല മനസ്സ്, അല്ലെങ്കിൽ വിവേകപൂർവ്വമുള്ള വ്യതിരിക്തമായ ജീവിതം നയിക്കണം. നാം നേരുള്ള ജീവിതമാണ് നയിക്കേണ്ടത്, എന്നുവെച്ചാൽ, സത്യാനുസാരമായ, അല്ലെങ്കിൽ യഥായോഗ്യമായ ജീവിതം. നാം ദൈവീകമായ ജീവിതം നയിക്കണം, അഥവാ നാം നയിക്കേണം എന്ന് ദൈവം ആഗ്രഹിക്കുന്ന ജീവിതം നയിക്കണം.

നാലാമതായി, അനുഗ്രഹീതമായ പ്രത്യാശയ്ക്കായി നാം കാത്തിരിക്കേണം. "ഇപ്പോഴത്തെ യുഗം, അതിലെ ജീവിതം, ഈ രണ്ട് സൂചകങ്ങളും അതിന്റെ അർത്ഥത്തെ പ്രസ്താവിക്കുന്നു. ഭൂതകാലസൂചകം എന്നത് ഉറപ്പായതും, ചരിത്രപരവുമാണ്. അത് സുവിശേഷ സന്ദേശത്തിന്റെ സത്തയാണ്. ഭാവിസൂചകം പഴയ സംഭവത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ അതിന്റെ സമയം അനിശ്ചിതമാണ്, അത് മുന്നോട്ടുള്ള നോട്ടവും പ്രത്യാശയും ആവശ്യപ്പെടുന്നു." (ഫിലപ്പ് എച്ച്. ടോണറിന്റെ ഐവിപി പുതിയനിയമ കമന്ററി സീരീസ്, ഓൺലൈൻ എഡിഷൻ)

നാം എന്തിനാണ് ഇങ്ങനെ ജീവിക്കുന്നത്? ഒന്നാമത്തെ കാരണം, അവൻ നമ്മെ എല്ലാ ദുഷ്ടതകളിൽ നിന്നും വീണ്ടെടുത്തിരിക്കുന്നു. എഫെസ്യ ലേഖനം 4:17-24 വരെയുള്ള ഭാഗം പറയുന്നു, "ആകയാൽ ഞാൻ കർത്താവിൽ സാക്ഷീകരിച്ചു പറയുന്നത് എന്തെന്നാൽ: ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ചു നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്. അവർ അന്ധബുദ്ധികളായി അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നേ, ദൈവത്തിന്റെ ജീവനിൽ നിന്ന് അകന്ന് മനം തഴമ്പിച്ചു പോയവർ ആകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്കാമത്തിന് തങ്ങളെത്തന്നെ ഏല്പിച്ചിരിക്കുന്നു. നിങ്ങളോ യേശുവിൽ സത്യം ഉള്ളതുപോലെ അവനെക്കുറിച്ച് കേട്ട് അവനിൽ ഉപദേശം ലഭിച്ചു എങ്കിൽ ക്രിസ്തുവിനെക്കുറിച്ച് ഇങ്ങനെയല്ല പഠിച്ചത്. മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച് നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ."

രണ്ടാമത്തെ കാരണം, അവിടുന്ന് നമ്മെ അവനുവേണ്ടി മാറ്റിവച്ചിരിക്കുന്നു. ഈ സത്യം ബൈബിളിൽ വളരെ വ്യക്തമാണ്, നാം ജീവിക്കുന്ന സംസ്ക്കാരത്തിന് വിരുദ്ധമാണ്. അതെ, എല്ലാ മനുഷ്യചരിത്രത്തിലും അനുഭവത്തിലും ഇത് വിരുദ്ധമാണ്. എന്നാൽ, ഇത് പ്രത്യേകിച്ചും നമ്മോടുള്ള വിരോധമാണ്. പക്ഷേ, ഇത് നമ്മുടെ സൃഷ്ടിപ്പിന്റെ കഥയാണ്. പഴയനിയമത്തിന്റെ കഥയായിരുന്നു ഇത്. "ഈ ഉദ്ദേശ്യത്തിന്റെ വിവരണം കഴുകലും ശുദ്ധീകരണവും എന്ന സാദൃശ്യത്തോടു ബന്ധപ്പെട്ട് തുടർന്നുപോകുന്നതാണ്. ശുദ്ധീകരിക്കപ്പെടുന്നതിനായിട്ടാണ് വഴിപാട് രൂപകല്പന ചെയ്തത്... ഒരുവൻ തനിക്കുവേണ്ടിത്തന്നെ. ഈ അലങ്കാരപ്രയോഗം സ്നാനവുമായി ബന്ധപ്പെട്ടതല്ല (3:5; എഫെസ്യർ 5:25-26 മായി താരതമ്യം ചെയ്യുക). പഴയനിയമത്തിന്റെ സന്ദർഭം സൂചിപ്പിക്കു

ന്നതുപോലെ (യെഹെസ്ക്കേൽ 37:23), "കഴുകുക" എന്നത്, വിഗ്രഹാരാധനയുടെ മലിനീകരണത്തിൽ നിന്ന് തന്റെ വഴിപിഴച്ചവരെ ശുദ്ധീകരിക്കുകയോ വിശുദ്ധീകരിക്കുകയോ - പാപകരമായ ലോകത്തിൽ നിന്ന് ഒരു ജനതയുടെമേൽ അവകാശവാദം ഉന്നയിക്കുന്ന - ചെയ്യുന്ന ദൈവത്തിന്റെ പ്രവർത്തിയെ സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ രക്തം ചൊരിയുന്നതിലൂടെ മാത്രമാണ് ഈ പ്രവർത്തി നടപ്പാകുന്നതെന്ന് ആദ്യകാല സഭ മനസ്സിലാക്കി." (ടോണർ)

മൂന്നാമത്തെ കാരണം, നന്മ ചെയ്യുന്നതിൽ ഉത്സുകരായി അവിടുന്ന് നമ്മെ സൃഷ്ടിച്ചിരിക്കുന്നു: എന്തു ചെയ്യുവാനായിട്ടാണോ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അതു ചെയ്യുവാനായി എപ്പോഴും അന്വേഷിക്കുന്നവരാകുക. എഫെസ്യ ലേഖനം 2:10 ൽ പൗലോസ് പറയുന്നത്, "നാം ദൈവത്തിന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു."

ഇതുകൊണ്ടാണ് യാക്കോബിന്റെ ലേഖനത്തിലെ 1:27 ൽ പറഞ്ഞിരിക്കുന്നതിൽ ആദ്യനൂറ്റാണ്ടിലെ ആളുകൾ അത്ഭുതപ്പെടാതിരുന്നത്. "പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു."

അവസാനമായി രേഖപ്പെടുത്തിയ യേശുവിന്റെ വാക്കുകളുടെ കേന്ദ്രവിഷയമായിരുന്നു "ദൗത്യം" എന്നത്. അപ്പൊസ്തല പ്രവർത്തികൾ 1:1-8. എന്നാൽ, ഇത് ആദ്യമായല്ല അവർ ഈ വാക്കുകൾ കേട്ടത്. സുവിശേഷങ്ങളുടെ ഒരു ഹ്രസ്വ അവലോകനത്തിൽ, ശിഷ്യന്മാർ ഓരോരുത്തരും യേശുവും തമ്മിൽ സമാനമായ സമാഗമം നടന്നതായി കാണാവുന്നതാണ്. മത്തായി 28:19-20 ൽ, യേശുവിന്റെ മനസ്സിലും ജീവിതത്തിലും പിതാവായ ദൈവം തന്ന ദൗത്യത്തിന്റെ പ്രാമുഖ്യത്തെ ഊന്നിപ്പറയുന്ന മൂന്ന് കാര്യങ്ങളെങ്കിലും കാണുവാൻ നമുക്ക് കഴിയുന്നുണ്ട്. ആദ്യമായി, അവരുടെ പുറപ്പാടിന്റെ സ്വാഭാവികതയെ യേശു ഊഹിച്ചെടുക്കുന്നു, പോകുക എന്ന അക്ഷരീയ വിവർത്തനം അതാണ് സൂചിപ്പിക്കുന്നത്, "നിങ്ങളുടെ യാത്രയിൽ" എന്ന് കൂടുതൽ വ്യക്തമായി പറഞ്ഞു. രണ്ടാമതായി, യേശു ചുമതലയെ നിർവ്വചിക്കുന്നു: ശിഷ്യന്മാരെ ഉളവാക്കുക. എല്ലാവിധ കാരണങ്ങളാലും ആളുകൾ യേശുവിന്റെ അടുക്കൽ വരുന്നു. നരകത്തിൽ നിന്നും രക്ഷനേടുവാൻ അല്ലെങ്കിൽ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുവാൻ, അതുമല്ലെങ്കിൽ ഏതെങ്കിലും പ്രത്യേകം ആവശ്യം നിറവേറ്റപ്പെടുവാൻ. എന്നാൽ, യേശു അനുയായികളെയാണ് അന്വേഷിക്കുന്നത്. യേശുവിന്റെ ജീവിതത്തിൽ പിതാവിനോടുള്ള തന്റെ ബന്ധത്തിൽ തുടർന്നതിനെക്കുറിച്ചും, അവനെ എങ്ങനെ സേവിക്കാം എന്നും നിർദ്ദേശങ്ങൾ വേണ്ടവരുണ്ടെങ്കിൽ അതിനായി യേശു അനുയായികളെ അന്വേഷിക്കുന്നു. മൂന്നാമതായി, അത്തരം അനുയായികളെ എങ്ങനെ ഉളവാക്കാം എന്ന് യേശു അവരോടു പറയുന്നു. ആദ്യം, അവരെ യേശുവിനൊപ്പം തിരിച്ചറിയുക. റോമാ ലേഖനത്തിലെ 6-ാം അദ്ധ്യായത്തിലുള്ള പ്രതീകമാകുന്ന ജലസ്നാനത്തിലൂടെ കടന്നുപോകുന്ന വിശ്വാസികൾ ഇതിന്റെ ചിത്രമാണ് നൽകുന്നത്. യേശുവിനെ അനുഗമിക്കുവാൻ തീരുമാനിച്ചവർ അവന്റെ മരണം, അടക്കം, പുനരുത്ഥാനം എന്നിവയെ ആത്മീയമായി തിരിച്ചറിയുകയും അനുഭവിക്കുകയും ചെയ്തുകൊണ്ട് അവനുമായി പുതിയ ബന്ധത്തിലേക്ക് പ്രവേശിക്കുന്നു. അവസാനമായി, അനുസരണത്തിന് മനസ്സുചായ്വുള്ളവരാകുവാൻ അവരെ പഠിപ്പിക്കണം. ഞാൻ നിങ്ങളോട് കല്പിച്ചതെല്ലാം പ്രമാണിക്കുവാനായി അവരെ പഠിപ്പിക്കേണം എന്ന് അവൻ അവരോടു പറയുന്നു. ദൈവത്തിന്റെ വചനം ശ്രദ്ധിക്കുന്നതിലൂടെ ശിഷ്യന്മാരുടെ ജീവിതം നിറവുള്ള അനുഭവമുള്ളതാകും. ഓരോ തവണയും ദൈവം നമ്മെ പഠിപ്പിക്കുന്ന കാര്യങ്ങളോടുള്ള അനുസരണം നമ്മിൽ പ്രകടമാകേണം.

മർക്കോസ് 16:14–16 ൽ ‘‘ലോകത്തിലേക്ക്’’ എന്നതിലൂടെ യേശു ശിഷ്യന്മാർക്ക് ദൈവത്തിന്റെ ദൗത്യത്തിന്റെ സാധ്യതകളെ പകരുകയാണ്. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട പരിണിതഫലം അവൻ തിരിച്ചറിയുന്നു. ചിലർ രക്ഷിക്കപ്പെടും, അതേസമയം ചിലർ ശിക്ഷിക്കപ്പെടും. എന്നാൽ ആർക്കും ഒഴിവുകഴിവു പറഞ്ഞ് മാറാൻ സാധ്യമല്ല. ലൂക്കോസ് 24:43–46 ൽ, ദൈവത്തിന്റെ ദൗത്യവുമായി ബന്ധപ്പെട്ട നാല് ആശയങ്ങളിൽ കൂടി യേശു ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഒന്നാമത്, ശിഷ്യന്മാർക്കു പോലും ഈ വലിയ കാര്യത്തിൽ പരിമിതമായ ധാരണ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പഴയനിയമത്തിലെ വാഗ്ദാനങ്ങളുടെയെല്ലാം നിവൃത്തിയായി യിസ്രായേലിന്റെ പുനസ്ഥാപനത്തിൽ ആണ് അവർ ശ്രദ്ധ കേന്ദ്രീകരിച്ചത്. കൂടാതെ, യിസ്രായേലിന് മാത്രമല്ല, ലോകമെമ്പാടും രക്ഷ നൽകേണ്ട മിശിഹായെ ആണ് അവർ വിട്ടുകളഞ്ഞത്. അതിനാൽ വിശദീകരണങ്ങളിലൂടെയും ദൈവം വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിന്റെ ആഗമനത്തിലൂടെയും അവന് അത് വിശദമാക്കേണ്ടിവന്നു. മൂന്നാമതായി, ഈ ദൗത്യം സ്വാഭവികമായും ഏറ്റവും നന്നായി തിരിച്ചറിയുന്ന യെരുശലേമിൽ നിന്ന് ആരംഭിക്കണം, എന്നാൽ അത് ലോകമെമ്പാടും വ്യാപിക്കും. അല്ലെങ്കിൽ നമുക്കുവേണ്ടി മറ്റൊരു വഴി നൽകാം: അവർക്ക് ഏറ്റവും സുഖപ്രദമായ/ധാരണയുള്ളതായ സ്ഥലങ്ങളിൽ നിന്ന് ആരംഭിക്കും, എന്നാൽ അതിനും അപ്പുറമുള്ള സ്ഥലങ്ങളാണ് ആത്യന്തികമായി രൂപകല്പന ചെയ്യുകയും ലക്ഷ്യമാക്കുകയും ചെയ്തിരിക്കുന്നത്. അന്തിമമായി, ആളുകൾ അവന്റെ സാക്ഷികളാണ്.

യോഹന്നാൻ 20:19–21 ൽ ദൈവത്തിന്റെ ദൗത്യവുമായി ബന്ധപ്പെട്ട് കൂടുതലായി രണ്ട് ആശയങ്ങൾ നമുക്കു കാണാം. ആദ്യമായി, യേശു അയക്കപ്പെട്ടതുപോലെ നാമും അയക്കപ്പെടുന്നു. ഉദ്ദേശ്യങ്ങളുടെ വിധങ്ങൾ വ്യത്യസ്തമാണ്, എന്നാൽ അന്തിമഫലം ഒന്നുതന്നെയാണ്. ഒരു വഴി പ്രയോഗക്ഷമമാക്കേണ്ടതിനായി യേശുവിനെ പിതാവ് അയച്ചു. പിന്നത്തേതിൽ യേശുവിനാൽ ശിഷ്യന്മാർ മറ്റുള്ളവർക്ക് വഴി കാണിക്കേണ്ടതിനായി അയക്കപ്പെട്ടു. യേശുവിനാൽ ചിലതു ചെയ്തെടുക്കേണ്ടതിനായി പിതാവ് അയച്ചത് യേശു നിവർത്തിച്ചെടുത്തു. യേശുവിന്റെ അനുഗാമികളായി വരുന്നവർ അവന്റെ ഉദ്ദേശ്യത്തിൽ പങ്കാളികളാകുന്നു.

അപ്പൊസ്തല പ്രവർത്തികൾ 1:6–8 ൽ, ദൈവത്തിന്റെ ദൗത്യത്തോടു ബന്ധപ്പെട്ട് നമ്മുടെ അറിവിലേക്കായി രണ്ട് പ്രധാന ഘടകങ്ങൾകൂടെ അവസാനമായി ചേർത്തിരിക്കുന്നു. ഒന്നാമത്തേത്, ശക്തി ആദ്യം ആവശ്യമായി വരുന്നത് സാക്ഷിയാകുന്നതിനായിട്ടാണ്, രണ്ടാമതാണ് ജീവിതത്തിന്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, സാക്ഷ്യം വഹിക്കുവാൻ ജീവിതം ഹേതുവാകുകയാണ്. 1 കൊരിന്ത്യർ 6:19–20 ൽ പൗലോസ് വ്യക്തമായി പറയുന്നത്, ‘‘ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ.’’

രണ്ടാമതായി, സാദ്ധ്യത എന്നത് സാംസ്കാരികമായി അറിയുന്നതിനും അപ്പുറത്താണ് അതുപോലെ വിലമതിക്കപ്പെട്ട ആളുകൾക്കും നമ്മുടെ അടുത്തുള്ള പ്രദേശങ്ങൾക്കും അപ്പുറത്തുമാണ്.

ഇന്നത്തെ ചില നിഗമനങ്ങൾ എന്തൊക്കെയാണ്? ഒന്നാമതായി, സുവിശേഷം എന്നത് മുഴുലോകത്തിനുമുള്ളതാണ് അല്ലാതെ മുൻഗണനാക്രമത്തിൽ തുടർന്നുപോകുന്നതല്ല. യേശു പറയുന്നു, യെരൂശലേമിലും... പൗലോസ് തിത്തോസിനോട് 2:11 ൽ പറയുന്നു, ‘‘സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ.’’

രണ്ടാമതായി, നമ്മുടെ ജീവിതം എന്നത് ലോകസുവിശേഷീകരണത്തിനുള്ള ഉപകരണമാണ്. നമ്മിൽ വളരെ കുറച്ചുപേർക്കു മാത്രമേ ആ നിലയിൽ പോകുവാൻ കഴിയുന്നുള്ളൂ. ഭൂരിപക്ഷം ആളുകളും

ഇതിനെക്കുറിച്ചു കരുതുന്നത്, നമ്മൾ പോകുന്നിടത്ത്, അല്ലെങ്കിൽ നാം എവിടെ പോയാലും എന്ന നിലപാടിലാണ്. നമ്മുടെ ജീവിതവും മൂല്യവത്തായതെല്ലാം ഇക്കാര്യത്തിൽ വ്യപൃതമാകേണ്ടതുണ്ട്! ഇവയെല്ലാം ഇതിന് ആവശ്യമാണ്!

മൂന്നാമതായി, വളരെയധികം നേട്ടങ്ങൾ കൈവരിച്ച ഒരു നാളിലാണ് നാം ജീവിക്കുന്നത്. ലോകമെമ്പാടും സുവിശേഷം പ്രസംഗിക്കപ്പെടുകയും ദശലക്ഷക്കണക്കിന് ആളുകൾ യേശുവിന്റെ അനുയായികളാകുന്നതിലൂടെ ദൈവവുമായുള്ള ബന്ധത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. ഈ എണ്ണം അമ്പരിപ്പിക്കുന്നതാണ്. ലോകത്തിന്റെ മുഴുസുവിശേഷീകരണത്തിനും വേണ്ടി പലരും പ്രാർത്ഥിച്ച കാര്യങ്ങൾ വരുന്ന ദശകങ്ങളിൽ കാണുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. തീർച്ചയായും ഏല്ലാവരും വിശ്വാസത്തിലേക്ക് വരുമെന്ന് ഇതിനർത്ഥമില്ല. യേശുതന്നെ പറഞ്ഞതുപോലെ, ചിലർ രക്ഷിക്കപ്പെടും ചിലർ ശിക്ഷിക്കപ്പെടും. എന്നാൽ ലോകത്തിലെ ഓരോ പുരുഷനും സ്ത്രീക്കും കുട്ടിക്കും ദൈവത്തോട് അനുരഞ്ജനപ്പെടുവാനുള്ള അവസരം നൽകും.

നാലാമതായി, നിറവേറ്റപ്പെടുവാനായി അവശേഷിക്കുന്നത് എന്താണോ അത് ഇന്ന് ജീവിച്ചിരിക്കുന്ന നമ്മിൽ നിന്നാണ് പ്രതീക്ഷിക്കുന്നത്. തിരുവെഴുത്ത് എന്തുപറയുന്നു എന്ന് നാം ഓർക്കണം: നാം യേശുക്രിസ്തുവിനെ അനുഗമിക്കുന്നതിനായി തിരഞ്ഞെടുത്തതിലൂടെ ദൈവത്തോടു ബന്ധമുള്ളവരായിരിക്കുമ്പോൾ നമുക്കുള്ള ദൗത്യം ഇന്നതാണെന്ന കാര്യം നാം അനുമാനിക്കുന്നു. നാം ചരിത്രം തീർച്ചയായും മനസ്സിലാക്കണം. ചരിത്രം തുടരുന്നതിനു തിരുവചനപരമായി കാരണമായിരിക്കുന്നത് സുവിശേഷം വ്യാപകമാകുക എന്നുള്ളതാണെന്ന് നാം ശ്രദ്ധിക്കണം. പത്രോസ് വളരെ വ്യക്തമായി പറയുന്നത്: ''എന്നാൽ പ്രിയമുള്ളവരെ, കർത്താവിന്ന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്. ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ.'' (2 പത്രോസ് 3:8-9)

കൂടാതെ, നാം ഈ സമയത്തെ വ്യാഖ്യാനിക്കുകുയും സുവിശേഷം ലോകത്തെ എത്രമാത്രം വ്യാപകമായി ആവരണം ചെയ്തു എന്ന് വീക്ഷിക്കുകയും വേണം. ഒടുവിൽ, അതിനനുസാരമായി നാം പ്രതികരിക്കുകയും വേണം. പാശ്ചാത്യരെ സംബന്ധിച്ച് ഇത് അർത്ഥമാക്കുന്നത്, മിഷണറിമാരെ നാം ആയയ്ക്കുന്നുവെങ്കിൽ അത് എണ്ണത്തിൽ കുറവും എന്നാൽ ഉചിതമായവരെ ആണ് ആയയ്ക്കുന്നതെന്ന് ഉറപ്പാക്കുകയും വേണം എന്നുമാണ്. ലോകത്തിന്റെ മറ്റ് ഭാഗങ്ങളെ സംബന്ധിച്ച് അവർ കൂടുതൽ മിഷണറിമാരെ അയയ്ക്കേണം. പ്രത്യേകിച്ചും മറ്റ് രാജ്യങ്ങളിലേക്കോ അല്ലെങ്കിൽ തൊട്ടടുത്തുള്ള രാജ്യങ്ങളിലേക്കോ. ഇന്ത്യ പോലെയുള്ളതായ ചില രാജ്യങ്ങളിൽ, അവരേപ്പോലുള്ള ആളുകളില്ലാത്ത സ്വന്തം രാജ്യത്തിനുള്ളിലെ സ്ഥലങ്ങളിൽ ഒക്കെ അയയ്ക്കണം. ഓരോ രാജ്യത്തും സുവിശേഷം പ്രചരിപ്പിക്കുകയും സഭകൾ സ്ഥാപിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സംഘടനകളിൽ നാം നിക്ഷേപിക്കുകയും അവരിൽ നിന്ന് ഫലം പ്രതീക്ഷിക്കുകയും ചെയ്യണം. പല നല്ല കാര്യങ്ങളും ചെയ്യുവാൻ കഴിഞ്ഞേക്കാം, എന്നാൽ ഈ രണ്ടു കാര്യങ്ങളും ചെയ്തേ മതിയാകൂ. അവസാനമായി, നമ്മുടെ പങ്കാളിത്തത്തെ നാം ലക്ഷ്യമാക്കണം. ലോകസുവിശേഷീകരണം എന്ന കർത്തവ്യം മിഷണറിമാരെ അയയ്ക്കുക എന്നല്ല, മറിച്ച് എത്തിപ്പെടാത്ത ആളുകളുടെ ഇടയിലേക്ക് സുവിശേഷം എത്തിക്കുകയും അവിടെ സഭകൾ സ്ഥാപിക്കപ്പെടുന്നത് കാണുകയും വേണം. മിക്ക സഭകൾക്കും അധികമായി വരുന്ന നിക്ഷേപങ്ങളെ കൈകാര്യം ചെയ്യുവാനെ കഴിയൂ. അതിനാൽ നിയന്ത്രിത ഇടങ്ങളിൽ വിവേകപൂർവ്വം നിക്ഷേപിക്കുകയും മറ്റ് സ്ഥലങ്ങളെ പരിപാലിക്കുവാനായി ദൈവാത്മാവ് മറ്റുള്ളവരെ ഉപയോഗിക്കുവാൻ

അനുവദിക്കുകയും ചെയ്യുക.

“ദൗത്യസംഘങ്ങൾ” ളുടെ പ്രവർത്തിയിൽ എന്നതാണ് സഭാസ്ഥാപനം എന്നതിന്റെ പ്രാധാന്യത ഇതാകുന്നു. സമൂഹത്തിലെ പാപം എന്ന യാഥാർത്ഥ്യത്തിലേക്ക് നാം സുവിശേഷത്തിന്റെ പ്രകാശ ത്താൽ നമുക്കു ചുറ്റുമുള്ള ലോകത്തിലേക്ക് നാം ആഴ്ന്നിറങ്ങുകയാണ് ചെയ്യുന്നത്. പുതുജനന ത്തിൽ ദൈവം തുടങ്ങിവച്ചതിന് തുല്യമായി പ്രതീക്ഷിക്കുമ്പോൾ, ദൈവം തുടർമാനമായി അവ രിലും വളരുവാൻ ആരംഭിക്കും. കൂടാതെ, അവർ തങ്ങളുടെ പട്ടണങ്ങൾ, നഗരങ്ങൾ, സമീപസ്ഥ ലങ്ങൾ, രാജ്യം എന്നിവയുടെ മുഴുവൻ ഉത്തരവാദിത്തങ്ങളും ഏറ്റെടുക്കുക മാത്രമല്ല, ലോകത്തെവി ടെയാണെങ്കിലും ഒരു ചുമതല ഏറ്റെടുക്കുക തന്നെ ചെയ്യും.

സഭാ കേന്ദ്രീകൃതമായ ജീവിതവീക്ഷണത്തോട് ഞാൻ സംശയലേശമെന്യേ പ്രതിജ്ഞാബദ്ധനാ ണ്. കാരണം, ഈ ലോകത്തിൽ ദൈവം എന്താണോ ചെയ്യുവാൻ പോകുന്നത്, അവയെല്ലാം ക്രിസ്തു വിന്റെ ആളുകളിലൂടെയാണ് അവൻ ചെയ്യുന്നത്! അത് നമ്മിൽ നിന്ന് അകലെയുള്ള സ്ഥലങ്ങളും നാം ചരിത്രപരമായി വിളിക്കുന്ന മിഷനുകളും മിഷണറിമാരും ഒക്കെ ഉൾപ്പെടുന്നതാണ്.

## അദ്ധ്യായം 11

## ഇന്ന് അവസരത്തിന്റെ ദിനമാണ്

സഭയുടെ ചരിത്രത്തിൽ ഒരു സംരംഭത്തിന്റെ തുടക്കത്തിന് സാക്ഷ്യം വഹിക്കുന്നതിനുള്ള പദവി ഒരാൾക്ക് എത്രമാത്രം ലഭിച്ചിട്ടുണ്ടാകും? പലപ്പോഴും സംരംഭം എന്നത് ആ നിലയിൽ അത് യാഥാർത്ഥ്യമായതിനു ശേഷം മാത്രം ഒരാൾ തിരിച്ചറിയുന്ന ഒന്നാണ്. കൊറിയയിലെ മിഷണറി സംരംഭത്തിന്റെ ആരംഭം അമ്പത് വർഷം മുമ്പ് അത് എങ്ങനെയായിരുന്നുവെന്ന് നിരീക്ഷിക്കുന്ന വരെ ഓർത്ത് കഴിഞ്ഞ ചില മാസങ്ങളിലായി ഞാൻ ആശ്ചര്യപ്പെടാറുണ്ട്. കൊറിയൻ സഭയ്ക്ക് കൊയ്ത്തിന്റെ യജമാനന്റെ വലിയ അനുഗ്രഹം ലഭിച്ചിട്ടുണ്ട്. കൂടാതെ പുതുജനനം നടക്കുന്ന തിന്റെയും പുതിയ സഭകളുടെയും അസാധാരണമായ വളർച്ചയും കണ്ടു. പക്ഷേ ഇത് കണ്ടവർക്ക് ഇത് ഒരു അസാധാരണ മിഷണറി ആത്മാവുമായി ചേരുമെന്ന് അറിയുമായിരുന്നോ?

ലോകത്തിലെ പല രാജ്യങ്ങളും കർത്താവിൽ നിന്നുള്ള വലിയ കൊയ്ത്തിന്റെ അനുഗ്രഹം പ്രാപി ക്കുവാൻ കഴിഞ്ഞിട്ടുണ്ട്, പക്ഷേ, എത്രപേരിൽ സ്വന്തം അതിർത്തിക്കപ്പുറമുള്ള ആളുകളോടും പ്രദേ ശങ്ങളോടും ഉള്ള അതിതാല്പര്യം കാണുവാൻ കഴിഞ്ഞു? വളരെ കുറച്ചുമാത്രം. പ്രത്യേകിച്ചും അവരുടെ സ്വന്തം ദേശീയ സഭയിൽ അതിന്റെ മുഴുവൻ അനന്തരഫലവും അനുഭവിക്കുന്ന വിധ ത്തിൽ മാത്രം. അതിലുപരിയായി, ലോകമെമ്പാടുമുള്ള ഒരു രംഗത്ത് സ്വന്തം സഭയിലെ വലിയ വളർച്ചയും ആ സഭയിലെ മിഷണറി വികാരവും അനുഭവിച്ചവരിൽ എത്രപേർക്ക് അത് നടപ്പാക്കു വാൻ കഴിഞ്ഞു?

നമ്മുടെ കാലവും സമയവും ഉദാഹരണമായെടുത്താൽ, അത്തരമൊരു സംരംഭത്തിന്റെ തുടക്കം ഉക്രെയ്നിൽ നാം കാണുന്നു. സഭ മൊത്തത്തിൽ പ്രതിവർഷം 15% ത്തിൽ കൂടുതൽ വളർച്ച പ്രാപി ക്കുകയാണെന്നാണ് ആദ്യകാല സൂചനകൾ തരുന്നത്. അത് തീർച്ചയായും കൊയ്ത്തിന്റെ യജമാ നന്റെ അസാധാരണമായ അനുഗ്രഹമാണ്! ഇതിനുപുറമെ, വ്യത്യസ്ത ദേശീയ വിഭാഗങ്ങളിൽ 2015 ഓടെ 28000 സഭകൾ സ്ഥാപിക്കുന്നതിനായി 15 വർഷത്തെ സംരഭവുമായി അവർ ചില ചുവടുവയ്പ്പു കൾ സമീപകാലത്ത് കൈക്കൊണ്ടിട്ടുണ്ട്. ഉക്രെയ്നിൽ ജീവിക്കുന്ന 50 ദശലക്ഷം ആളുകൾ യേശുവിനെ രക്ഷകനായി മനസ്സിലാക്കുന്നതും സ്വീകരിക്കു ന്നതും കാണുവാനുള്ള ഉത്തരവാദിത്തം അവർ ഏറ്റെടുക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്ന വിശ്വാസത്തോടെയാണ് അവർ ഇത് ചെയ്യുന്നത്. കൂടാതെ, വിശ്വസത്തിലേക്ക് കടന്നുവരുന്നവരെ പുതിയതോ നിലവിലുള്ളതോ ആയ പ്രാദേശിക സഭകളുമായി ബന്ധപ്പെടുത്തും. അങ്ങനെ അവർ വിശ്വാസത്തിലും ശുശ്രൂഷയിലും ലോകത്തിലെ സഭയുടെ ഉദ്ദേശത്തിനായി സജീവമായി വളരുവാൻ ഇടയാകുന്നു.

> 28000 സഭകൾ 2015 ഓടു കൂടി

ഈ ജനതയെക്കുറിച്ചുള്ള പിതാവിന്റെ ഇഷ്ടമാണ് ഇതെന്നുള്ള നിരവധി സൂചനകളുണ്ട്. കഴിഞ്ഞ 10 വർഷത്തിനിടെ 9000 ത്തോളം പുതിയ സഭകൾ സ്ഥാപിക്കുകയും ലക്ഷക്കണക്കിന് വിശ്വാസി കൾ സ്നാനം സ്വീകരിച്ച് പ്രാദേശിക സഭകളിൽ ചേർക്കപ്പെടുകയും ചെയ്തു. ഇതിനുംപറുമെ, ചില കണക്കുകൾ പറയുന്നത്, അവർ ആയിരത്തിലധികം മിഷണറിമാരെ അയിച്ചിട്ടുണ്ട് എന്നാണ്. അവരിൽ ഭൂരിഭാഗവും ലോകത്തെമ്പാടുമുള്ള റഷ്യൻ ഭാഷ സംസാരിക്കുന്ന ആളുകളുള്ള ഇടങ്ങ ളിൽ ശുശ്രൂഷിക്കുന്നു. യാഥാസ്ഥിക കണക്കുകൾ സൂചിപ്പിക്കുന്നത് റഷ്യയിലെ സഭകളിൽ 50 ശത മാനമെങ്കിലും നയിക്കുന്നത് ഉക്രേനിയക്കാരാണ്.

ഉക്രെയ്നിലെ വിശ്വാസികളിലും അവരിലൂടെയും ജീവിക്കുന്ന ഈ അത്ഭുതകരമായ സമർപ്പണത്തിനും സേവകത്വത്തിനും എന്റെ വ്യക്തിപരമായ അനുഭവം കഴമ്പ് നൽകുന്നു എന്നുള്ളതാണ്. ഓരോ പ്രധാനപ്പെട്ട സംഘടകളിലെ നേതൃത്വങ്ങളുമായി ഞാൻ കണ്ടുമുട്ടിയപ്പോഴും അവർക്കെല്ലാം ഇതോ ഇതിലധികമോ ഉള്ള കഥയാണ് പറയുവാനുള്ളത്. ആദ്യമായി അവരുടെ നേതാവ് അവർ താമസിക്കുന്ന നഗരത്തിന്റെ ഒരു ഭൂപടം ചുവരിൽ തൂക്കിയിരിക്കുന്നത് ചൂണ്ടിക്കാണിച്ചു, അതിലൂടെ അവർ ആദ്യത്തെ സഭ എങ്ങനെ സ്ഥാപിച്ചു എന്ന് അവർ വിവരിച്ചു തന്നു. അതേതുടർന്ന് ഈ സഭയിൽ നിന്ന് പോയി മറ്റിടങ്ങളിൽ സ്ഥാപിച്ച സഭകളുടെ എണ്ണവും അവർ വിവരിച്ചുതന്നു. ചില അവസരങ്ങളിൽ ആദ്യത്തെ സഭ നൂറുകണക്കിനു സഭകളും, മറ്റു ചിലരെ സംബന്ധിച്ച് ആയിരക്കണക്കിനു സഭകളും ആയിരിന്നു സ്ഥാപിച്ചവയുടെ എണ്ണം. പക്ഷേ, എപ്പോഴും കഥ ഒന്നുതന്നെയാണ്. ഭൂപടം എന്നത് അവർ എങ്ങനെ ഒരു സഭ സ്ഥാപിച്ചു എന്നതിന്റെ കഥയായിരിക്കില്ല, മറിച്ച് ആ സഭ അവരുടെ നഗരത്തിന്റെ വിസ്തൃതിയിൽ ഉൾക്കൊള്ളുന്ന പതിനായിരക്കണക്കിന് ആളുകളെ സമീപിക്കുന്നതിനായി ശുശ്രൂഷകരെ അയയ്ക്കുവാൻ രൂപപ്പെട്ട ഒരു വിക്ഷേപണ സ്ഥലമായത് എങ്ങനെയെന്നതിന്റെ കഥയാണ്. സുവിശേഷീകരണത്തിനായി അവർതന്നെ വികസിപ്പിച്ചെടുത്ത വിവിധ പദ്ധതികൾ കാണുമ്പോൾ എനിക്ക് അതിയായ സന്തോഷം തോന്നാറുണ്ട്. അവർ തങ്ങളുടെ സാഹചര്യത്തെ നന്നായി പഠിക്കുകയും, അതിന്റെ വൈവിധ്യം മനസ്സിലാക്കുകയും അതിനനുസാരമായി സുവിശേഷീകരണത്തിനുള്ള വിവിധങ്ങളായ രീതികൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ടെന്ന് ഒരാൾക്ക് പെട്ടെന്ന് തിരിച്ചറിയുവാൻ കഴിയും.

ഒരു വ്യത്യാസവുമില്ലാതെ ചുവരിൽ മറ്റ് ഭൂപടങ്ങൾ ഉണ്ട്! അടുത്ത ഭൂപടം അവരുടെ നഗരത്തിനു ചുറ്റുമുള്ള ഒരു പ്രദേശവുമായി ബന്ധപ്പെട്ടുള്ളതാണ്. അവിടെ കാണപ്പെട്ടിരിക്കുന്ന പ്രദേശം ഒരു പക്ഷേ ഒരു രാജ്യമായിരിക്കാം, അല്ലെങ്കിൽ അവർക്കു ചുറ്റുമുള്ള സുവ്യക്തമായ ഒരു ഭൂപ്രദേശമായിരിക്കാം. അവയിൽ എല്ലായ്പ്പോഴും എന്തെങ്കിലും നക്ഷത്രചിഹ്നമോ അല്ലെങ്കിൽ തീനാളത്തിന്റെ അടയാളമോ മറ്റോ ഉണ്ടാകും. അത് ഒരുപക്ഷേ കൂടുതൽ സഭ സ്ഥാപിക്കപ്പെട്ട സ്ഥലങ്ങളെ അടയാളപ്പെടുത്തിയതായിരിക്കാം. എന്തുകൊണ്ടാണ് ഈ പ്രത്യേകസ്ഥലങ്ങൾ എന്ന് നാം ഒരുപക്ഷേ ചോദിച്ചാൽ, ആ സ്ഥലത്ത് പൂർണ്ണമായും ചെന്നേത്തുണ്ടുന്നതിന്റെ ചില തന്ത്രപരമായ സൂത്രവാക്യങ്ങളാണെന്ന് നിങ്ങൾക്ക് ആ ചോദ്യത്തോടു ബന്ധപ്പെടുത്തി പറഞ്ഞുതരും. എല്ലായ്പ്പോഴും ലക്ഷ്യം ഒന്നുതന്നെയാണ്. വാസ്തവത്തിൽ ഞാൻ ഒരു കാര്യം ഓർക്കുന്നു, ഒരവസരത്തിൽ അവരുടെ ഒരു നേതാവ് തന്റെ ഉത്തേജിപ്പിക്കുന്ന ഒരു കഥ പറയുന്നതിനിടയ്ക്ക് എന്റെ കാൽമുട്ടിൽ താൻ കൈചേർത്തുവെച്ചുകൊണ്ട്: ഇവയെല്ലാം നന്മയ്ക്കും ഉത്തമമായതിനും വേണ്ടിയാണ്, എന്നാൽ ഇതെല്ലാം ഞങ്ങൾ ചെയ്യുന്നത് ഞങ്ങളുടെ എല്ലാ ആളുകളുടെ അടുത്തും സുവിശേഷത്തിന്റെ സന്ദേശം എത്തേണ്ടതിനുവേണ്ടിയാണ്.

അനുഗ്രഹത്തിന്മേലുള്ള ഈ അനുഗ്രഹ പരമ്പരയിലേക്ക് കുറച്ചു മണിക്കൂറുകൾ, നമ്മൾ പൂർത്തിയാക്കി എന്നു നിങ്ങൾ ചിന്തിക്കുന്ന അവസരത്തിൽ, ‘‘ബാക്കി കഥ’’ കൂടി പുറത്തുവരുന്നു. റഷ്യൻ ഭാഷ സംസാരിക്കുന്ന മുഴുവൻ ലോകത്തിന്റെയും ഭൂപടം ചുവരിലില്ലെങ്കിൽ, ദൈവത്തിന്റെ ഈ വിരുന്നിൽ എവിടെയെങ്കിലും ഒന്നിൽ നിന്ന് തന്റെ മഹത്വം പുറപ്പെടുവിക്കും. ഈ നേതാക്കളെയെല്ലാം പരിശീലിപ്പിക്കുന്ന ഒരിടമുണ്ടോ എന്ന് ഒരാൾ ചിന്തിക്കുവാൻ തുടങ്ങുന്നു എന്ന വാക്കുകൾ ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. തീർച്ചയായും അങ്ങനെയൊരു ഇടം ഇല്ല. ക്രിസ്തുവിന്റെ ജനങ്ങളിലുള്ള പരിശുദ്ധാത്മാവിന്റെ പരിശീലനം മാത്രമേയുള്ളൂ! ‘‘ഡൈറ്റ്, ഒന്നാം നൂറ്റാണ്ടിൽ പതിനായിരക്കണക്കിന് മൈൽ റോഡുകൾ നിർമ്മിക്കുവാനും തങ്ങൾ ആയിരിക്കുന്ന ലോകത്ത് അവരുടെ ഭാഷയെ അടിച്ചേല്പിക്കുവാനും ദൈവം റോമൻ സാമ്രാജ്യത്തെ ഉപയോഗിച്ചുവെന്ന് നിങ്ങൾക്ക

റിയാമോ? എന്തുകൊണ്ടാണ് അവിടുന്ന് ഇപ്രകാരം ചെയ്തതെന്ന് നിങ്ങൾക്കറിയാമോ? അന്നത്തെ സഭയ്ക്ക് സുവിശേഷം പാശ്ചാത്യ ലോകത്തേക്ക് കൊണ്ടുപോകേണ്ട ആവശ്യമുണ്ടായിരുന്നതു കൊണ്ടായിരുന്നു അത്.

റഷ്യക്കാരും അതുതന്നെ ചെയ്തു. അവരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയിരക്കണക്കിനു മൈൽ റോഡുകൾ നിർമ്മിച്ചു. നമ്മുടെ മേൽ ഒരു ഭാഷ നിർബന്ധത്തോടെ ചുമത്തി. റഷ്യൻഭാഷ. എന്തുകൊണ്ടാണെന്ന് നിങ്ങൾക്കറിയാമോ? അതുകൊണ്ട് ഉക്രെനിയക്കാർക്ക് റഷ്യൻ ഭാഷ സംസാരിക്കുന്ന ലോകത്തിലേക്ക് സുവിശേഷം കൊണ്ടുപോകുവാൻ കഴിയും!'' പ്രത്യേകിച്ചു മോടികാട്ടലോ മാനുഷിക പ്രകോപനമോ ഒന്നുമില്ലാതെ, ഉക്രെനിയൻ സഭ 21-ാം നൂറ്റാണ്ടിൽ ലോകത്ത് ഉദയംകൊണ്ടത് ജ്വലിക്കുന്ന മിഷണറി അഭിനിവേശത്തോടെയാണ്. അവരുടെ സ്വന്തം പട്ടണങ്ങൾ, നഗരങ്ങൾ, പ്രദേശങ്ങൾ, സംഘടനകൾ തുടങ്ങിയവയിലെ അവരുടെ അനുഭവങ്ങൾ ലോകത്തിന്റെ അത്തരത്തിലുള്ള ഭാഗത്തേക്ക് മിഷണറിമാരായി പോകുന്ന ക്രിസ്തുവിന്റെ മറ്റേതൊരു ജനതയ്ക്കും ഒരു വലിയ പ്രാമാണികതയാണ് കാഴ്ച വെക്കുന്നത്. അതെങ്ങനെയാണ്?

റോമും മോസ്കോയും സുവിശേഷ വ്യാപനത്തിനുവേണ്ടി ഒരുങ്ങി

ഒന്ന്, സഭയുടെ ഉദ്ദേശ്യത്തെക്കുറിച്ച് അവർക്ക് ആഴത്തിൽ പരിശുദ്ധാത്മാവിനാലുള്ള ബോധ്യമുണ്ട്. ദൈവം അവർക്ക് നൽകുന്ന കൊയ്ത്തിന്റെ പശ്ചാത്തലത്തിലുള്ള കാര്യങ്ങളല്ലാതെ സഭയുടെ ദൈനംദിന ജീവിതത്തിലെ മറ്റനേകം ആവശ്യകതകളെക്കുറിച്ച് അവർ വാഗ്ദാനം നടത്താറില്ല. ലോകത്തിൽ ദൈവം എന്തുതന്നെ ചെയ്യുവാൻ പോകുന്നു എങ്കിലും അത് തന്റെ സഭയിലൂടെ അല്ലാതെ ചെയ്യുന്നില്ല എന്ന തത്ത്വം അവർ നന്നായി മനസ്സിലാക്കുന്നു.

രണ്ട്, ക്രിസതുവിന്റെ ജനതയുടെ ഇടയിൽ നേതൃത്വത്തിന്റെ പങ്ക് അവർ മനസ്സിലാക്കുന്നു. വ്യാപകമായ ഉടമസ്ഥാവകാശത്തെ തടസ്സപ്പെടുത്തുന്നതായ നേതൃത്വത്തിന്റെ ഉച്ച-നീചത്വ സംവിധാനങ്ങളുടെ തുടർമാനമായ നവീകരണം അവർക്ക് ആവശ്യമില്ല എന്ന് ഇതിനർത്ഥമില്ല. എന്നാൽ ക്രിസ്തുവിന്റെ ശരീരത്തിലൂടെ ദൈവം ചെയ്യുവാൻ പോകുന്നതെന്തു തന്നെയായാലും, പ്രഥമമായും ക്രിസ്തുവിന്റെ ജനങ്ങളെ ശാക്തീകരിക്കുവാനായി വിളിക്കപ്പെട്ട നേതൃത്വങ്ങളിലൂടെയാണ് ദൈവം ചെയ്യുന്നതെന്നും, അത് അവരുടെ കൃപാവരങ്ങൾ പ്രായോഗികമാക്കുന്നതിനേക്കാളും പ്രാധാന്യമുള്ളതാണെന്നും അവർ മനസ്സിലാക്കുന്നു. തൽഫലമായി, ഇന്നത്തെ കാലത്ത് നമ്മുടെ ഇടയിൽ പലർക്കും ചെയ്യുവാൻ കഴിയാത്തവിധത്തിൽ ക്രിസ്തു തന്റെ സഭയ്ക്ക് നൽകിയിട്ടുള്ള ജനവിഭാഗങ്ങളുടെ ഒരു വലിയ ഏകോപനം അവർക്കു നടത്തുവാൻ കഴിയുന്നു.

മൂന്ന്, സഭയുടെ ശക്തി വികേന്ദ്രീകരണത്തിലാണ് എന്ന് അവർ മനസ്സിലാക്കുന്നു. അവർ ചെയ്യുന്നതുപോലെ അവർക്ക് വലിയ കൂട്ടായ്മകൾ ഇല്ല എന്ന് ഇതിനർത്ഥമില്ല. എന്നാൽ, ഒരു വലിയ സഭയുടെ പാസ്റ്റർ എന്നോട് പറഞ്ഞതനുസരിച്ചാണെങ്കിൽ, ''ഇതെല്ലാം ഞങ്ങളുടെ ജനങ്ങളിലേക്ക് സുവിശേഷം എത്തിച്ചുകൊടുക്കുന്നതിന് മാത്രമാണ്.'' മാത്രമല്ല, ഉക്രെയ്നിലെ സഭയിൽ കാണുന്നതുപോലെ വിപുലീകരിക്കുന്നതും വിശാലതപ്പെടുത്തുന്നതുമായ മിക്ക രീതികളും ചില ചെറിയ ഗ്രൂപ്പുകളിലും ചെയ്തുവരുന്നുണ്ട്. ഈ ചെറിയ ക്രമീകരണങ്ങളെല്ലാം വിശ്വാസികളെ അവരുടെ പുതിയ വിശ്വാസത്തിൽ ശിഷ്യരാക്കുന്നതിനും രക്ഷയുടെ വഴി ആളുകൾക്ക് പരിചയപ്പെടുത്തുന്നതിനും ഉപയോഗിക്കുന്നു. കൂടാതെ, പുതിയ നേതൃത്വത്തെ തിരിച്ചറിയുന്നതിനും പരിശീലനം നൽകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവരെ പുറത്തിറക്കുന്നതിനും അനുയോജ്യ

മായ മുട്ട വിരിയിച്ചെടുക്കുന്ന യന്ത്രമായ ഇൻക്യുബേറ്റർ പോലെ ഈ ചെറിയ ഗ്രൂപ്പുകൾ വർത്തിക്കുന്നു. ചെറിയ ഗ്രൂപ്പുകളുടെ ഭൂമിശാസ്ത്രപരമായ വ്യാപനം പുതിയ സഭകൾ സ്ഥാപിക്കുന്നതിനുള്ള ക്ഷിപ്രപ്രവർത്തികൾക്കുള്ള ഇടമായി വർത്തിക്കുന്നു. അതിനാൽ, വികേന്ദ്രീകരണം, ഒരു സഭയിലെ ആളുകൾ പാർക്കുകയും മാറിപ്പോകുകയും ചെയ്യുന്ന അയൽപ്രദേശങ്ങളിലും, വാണിഭ ഇടങ്ങളിലും സുവിശേഷം ഫലപ്രദമായി വ്യാപിപ്പിക്കുന്നതിന് മാത്രമല്ല, പുതിയ സ്ഥലങ്ങളിലേക്കും പുതിയ സംഘടനകളിലേക്കും സുവിശേഷം ഫളപ്രദമായി വ്യാപിപ്പിക്കുന്നതിനും ഇത് സഹായിക്കുന്നു. ഇത്രയധികം സഭകൾ പുതിയ സഭകൾ സ്ഥാപിക്കുന്നതിൽ അതിശയിക്കാനില്ല. ഇത് സാധാരണ ജീവിതഗതിയെന്ന നിലയിലാണ് അവർ ചെയ്യുന്നത്. ഇത് അവരുടെ ശ്വാസോച്ഛ്വാസം പോലെയാണ്!

നാല്, സഭയുടെ സ്വഭാവം ഉക്രെയ്നിന്റെ അതിർത്തിക്ക് പുറത്തുള്ള സ്ഥലങ്ങളിലേക്ക് അവരുടെ ശ്രദ്ധ വെയ്ക്കണമെന്ന് ആവശ്യപ്പെടുന്ന കാര്യം അവർ മനസ്സിലാക്കുന്നു. യേശുവിന്റെ സഭ വളരുന്ന ഇടങ്ങളിലെല്ലാം ആദ്യം പറഞ്ഞ മൂന്നു ബോധ്യങ്ങൾ കാണുവാൻ കഴിയുന്നു. എന്നാൽ ഈ നാലാമത്തേതായ ആഴത്തിലുള്ള ബോധ്യമാണ് യഥാർത്ഥത്തിൽ എന്നെ ഏറ്റവും അനുഗ്രിക്കുന്ന കാര്യം. സ്വന്തം ആളുകളോടും നാടിനോടും ഉള്ള സ്നേഹം മനുഷ്യനിൽ സർവ്വസാധാരണമാണ്. എന്നാൽ, തീവ്രതയോടെയുള്ള യജമാനനോടുള്ള സ്നേഹം ആളുകളിലേക്കും ദേശങ്ങളിലേക്കും കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുമ്പോൾ ഒരാളുടെ സ്വന്തരാജ്യത്തെ സംബന്ധിച്ച് അത് അന്യമായി മാറുകയാണ് ചെയ്യുന്നത്. അത് കൊയ്ത്തിന്റെ കർത്താവിൽ നിന്നുള്ള പ്രത്യേക വിളിയാണ്!

ഉക്രെനിയൻ സഭ ഒരു മിഷണറി സഭ

ഈ സന്ദർഭത്തിലാണ് ഞാൻ കൂടുതൽ ചിന്തിതനായത്. സുവിശേഷത്തിന്റെ പ്രചാരണത്തിനായി തന്നോടൊപ്പം പ്രവർത്തിക്കുന്നതിനുവേണ്ടി ആത്മാവാം ദൈവം എപ്പോഴും സുവിശേഷത്തിന്റെ സാക്ഷികളെ ഒരുക്കിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ 2000 വർഷങ്ങളായി, പ്രത്യേകിച്ചും 250 വർഷത്തിനുള്ളിലുള്ള ഈ പ്രവർത്തനത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ, ഇത് ആവർത്തിച്ചു സംഭവിക്കുന്നത് നമുക്ക് കാണാവുന്നതാണ്. നമ്മുടെ ആധുനിക കാലഘട്ടത്തിന്റെ ആരംഭത്തിൽ, യേശുവിന്റെ സുവിശേഷത്തിലൂടെ തങ്ങളുടെ രാജ്യങ്ങളുടെ രാഷ്ട്രീയ വികാസത്തെ പിന്തുടരുവാൻ യൂറോപ്യൻ രാജ്യങ്ങളിലെ സ്ത്രീപുരുഷന്മാർക്ക് ആത്മാവ് പ്രചോദനമായി. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ, ചർച്ച് ഓഫ് അമേരിക്കയിൽ ആത്മാവ് ചലിക്കുവാൻ തുടങ്ങി. അടുത്ത നൂറു വർഷത്തിനിടെ പതിനായിരക്കണക്കിന് യുവതീയുവാക്കന്മാർ ലോകത്തെ ആവരണം ചെയ്തു. ആധുനിക മിഷണറി മുന്നേറ്റമെന്ന് നാം ഇപ്പോൾ വിളിക്കുന്ന ഈ നിരന്തരമായ പരിശ്രമം, ദൈവാത്മാവിന്റെ പരമാധികാര പ്രവർത്തനത്തിന്റെ കൈയിൽ ഇന്നത്തെ വിളവെടുപ്പു നൽകി.

1900 വർഷം സഭ സാക്ഷ്യം വഹിച്ചിട്ടില്ലാത്ത രണ്ട് കാര്യങ്ങൾ നിരീക്ഷിക്കുവാൻ കഴിയുമെന്ന് കെന്നത് ലറ്റൌറെറ്റ് ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ രേഖപ്പെടുത്തി. ക്രൈസ്തവ വിശ്വാസത്തിന്റെ ചരിത്രത്തിൽ ആദ്യമായി സഭ ആഗോളവും സാർവത്രികവുമായി മാറുകയായിരുന്നു. നീണ്ട 200 വർഷത്തെ മിഷണറി പ്രവർത്തനത്തിന്റെ നിരന്തരമായ പരിശ്രമം ലോകമെമ്പാടുമുള്ള ഒരു സഭയെ ഉല്പാദിപ്പിക്കുയും, എല്ലാ ഗോത്രങ്ങളിൽ നിന്നുമുള്ള ആളുകളെ സൃഷ്ടിക്കുകയും ചെയ്തു. അവിശ്വസനീയമായ വളർച്ച ഇരുപതാം നൂറ്റാണ്ടിലുടനീളം തുടരുകയും നമ്മുടെ ഇന്നത്തെ കാലത്തിലേക്ക് എത്തുകയും ചെയ്തിരിക്കുന്നു.

“എല്ലാ രാജ്യങ്ങളിൽ നിന്നും, ഗോത്രങ്ങളിൽ നിന്നും, ഭാഷകളിൽ നിന്നും ഒരാൾക്കും കണക്കാക്കുവാൻ കഴിയാത്തവിധം വലിയ ജനാവലിയെ സഭ മുമ്പൊരിക്കലും കണ്ടിട്ടില്ല.” (എ.എഫ്. വാൾസ്, ദ മിഷണറി മൂവ്മെന്റ് ഇൻ ക്രിസ്ത്യൻ ഹിസ്റ്ററി, പേജ് 15)

ഊർജ്ജസ്വലമായ യേശുവിന്റെ ഒരു സഭയോട് ഒത്തുപോകാത്ത ഭൂമിയിലെ ഒരു ഗോത്രത്തെയോ ഭാഷയേയോ ആളുകളെക്കുറിച്ചോ എനിക്ക് ചിന്തിക്കുവാൻ കഴിയില്ല. ഏറ്റവും ചുരുങ്ങിയത് ആഫ്രിക്ക, ലാറ്റിനമേരിക്ക, ഏഷ്യ എന്നിവിടങ്ങളിലെ സഭയുടെ വളർച്ച സ്ഫോടനാത്മകമാണ്. ഈ സ്ഥലങ്ങളിലെ ക്രിസ്ത്യാനികളുടെ എണ്ണം തുലനം ചെയ്തു നോക്കിയാൽ ഇപ്പോൾ പാശ്ചാത്യ ലോകത്തെ സഭയുടെ എണ്ണം വളരെ കുറവാണ്. ഉദാഹരണത്തിന്, ചില പഠനങ്ങൾ സൂചിപ്പിക്കുന്നത് അമേരിക്കയിൽ ഉള്ളതിനേക്കാൾ കൂടുതൽ സഭകൾ ഇപ്പോൾ ഇന്ത്യയിലുണ്ടാകാമെന്നാണ്! കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ചർച്ച് ഓഫ് അമേരിക്കയുടെ പ്രകൃതിയിൽ ഒരു പുതിയ നിലയാണ് കാണുന്നത്. അതേസമയം അമേരിക്കയിലെ പരമ്പരാഗത സഭകൾ കുറഞ്ഞുവരികയാണെങ്കിലും വംശീയമായ സഭാസ്ഥാപനങ്ങൾ ഏറിവരികയാണ്.

അതിലും അതിശയകരമെന്ന് പറയട്ടെ, മുമ്പ് സുവിശേഷം സ്വീകരിച്ചിരുന്ന ആഫ്രിക്ക, ഏഷ്യ, ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള സഭകൾ തങ്ങളുടെ മിഷണറിമാരെ ഇപ്പോൾ പടിഞ്ഞാറൻ ദേശങ്ങളിലേക്ക് അയയ്ക്കുന്നു! ഇതിന്റെ വളരെ താത്പര്യമുണർത്തുന്ന ഒരു മാതൃക അമേരിക്കയിൽ പുതുതായി രൂപംകൊണ്ട എ.എം.ഐ.എ യിൽ കാണാം. അമേരിക്കയിലെ ബിഷപ്പുമാരുടെ കീഴിലുള്ള സഭകളുടെ ഒരു വലിയ സംഘം, ബൈബിൾ സത്യത്തിന്റെ വർദ്ധിച്ചുവരുന്ന തകർച്ചയെയും അവരുടെയിടയിലെ ജീവിതത്തെയും കുറിച്ച് ആശങ്കാകുലരായി, ഒരു പുതിയ ഭാവിയെക്കുറിച്ച് കരുതുവാനുള്ള സമയമാണിതെന്ന് തീരുമാനിച്ചു. പക്ഷേ, വീണ്ടും ആരംഭിക്കുന്നതിനു പകരം അവർ മുമ്പ് സുവിശേഷം സ്വീകരിച്ച ഒരു രാജ്യത്തിന്റെ ദൗത്യം തിരഞ്ഞെടുത്തു. അവരുടെ പേരിലുള്ളതുപോലെതന്നെ, ആംഗ്ലിക്കൻ മിഷൻ ഇൻ അമേരിക്ക (എഎംഐഎ) ഓഫ് ദ ചർച്ച് ഓഫ് റുവാണ്ട എന്ന, റുവാണ്ടയിലെയും തെക്ക് കിഴക്കൻ ഏഷ്യയിലെയും ആർച്ച് ബിഷപ്പുമാർ അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്ത പേരുതന്നെ!

“പാശ്ചാത്യ ബൗദ്ധിക സംവാദങ്ങളിൽ ക്രിസ്തുമതം വർദ്ധിതമായി തള്ളിക്കളഞ്ഞ ഒരു കാലത്ത്, ആ സംവാദം ക്രിസ്തുമതം പാശ്ചാത്യേതര മതമെന്ന നിലയിൽ പൊരുത്തപ്പെടേണ്ടതുണ്ട്.” (ibid., p. 17)

വെള്ളക്കാരുടെ ഇടയിലെ അതിശയകരമായ കൊയ്ത്തിനിടയിലും ഉക്രേനിയൻ സഭയുടെ ഈ ജീവിക്കുന്ന ഉദാഹരണത്തിലൂടെ പടിഞ്ഞാറൻ രാജ്യങ്ങളിലുള്ള മറ്റുള്ളവരോട് ദൈവം എന്താണ് പറയുന്നത്? ഇനി പറയുന്നവയെ നമ്മുടെ പരിഗണനയ്ക്കും തുടർന്നുള്ള വർഷങ്ങളിലെ പ്രവർത്തനങ്ങൾക്കും ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കുമായി ഞാൻ ശുപാർശ ചെയ്യുന്നു.

ഒന്ന്, നൂറുകണക്കിന് വർഷത്തെ വിശ്വസ്തതയോടെയുള്ള പ്രാർത്ഥനയ്ക്ക് ഉത്തരം കർത്താവ് കൊണ്ടുവരുന്നു. നമ്മുടെ സ്വന്തം തകർച്ചയുടെ അവസ്ഥയെ നാം ഗൗരവമായി കാണേണ്ടതുണ്ടെങ്കിലും, 250 വർഷത്തെ വിശ്വസ്തതയോടെയുള്ള പ്രാർത്ഥനയുടെ ഫലമാണ് ഇന്നത്തെ ലോകത്തിലെ ഈ യാഥാർത്ഥ്യം എന്നു നാം തിരിച്ചറിയണം. ലോകമെമ്പാടുമുള്ള സഭയുടെ സ്ഫോടനാത്മകമായ വളർച്ച വലിയ അംഗീകാരത്തിനും പ്രശംസയ്ക്കും നന്ദിപറയലിനും കാരണമാകുന്നു. നമ്മുടെ ജീവകാലത്ത് സംഭവിച്ച കാര്യങ്ങളിൽ നമ്മൾ വേണ്ടത്ര ശ്രദ്ധ നൽകിയിട്ടില്ലെന്ന് ഞാൻ വിശ്വസിക്കുന്നതിനാലാണ് ആദ്യമായി ഞാൻ അതിന് അംഗീകാരം നൽകുന്നത്. വില്യം കേരി

യുടെ അതേ കാലഘട്ടത്തിൽ ജീവിച്ചിരുന്നതുപോലെയാണ് നമ്മൾ പലപ്പോഴും പ്രാർത്ഥന തുടരുന്നത്. സംഘടനയുടെ ഐഡന്റിറ്റി രൂപപ്പെടുത്തുന്നതിനോ ധനസമാഹരണത്തിനോ ഉള്ള നമ്മുടെ ഇന്നത്തെ ശ്രമങ്ങൾ എല്ലാംതന്നെ അത്ഭുതങ്ങൾക്ക് ഉയർന്ന ഊന്നൽ കൊടുക്കുവാൻ നമ്മെ പ്രേരിപ്പിച്ചതാകാം. പക്ഷേ, ആ അത്ഭുതം ഇനി ഒരിക്കലും ഒരു കാരണവശാലും അവഗണിക്കുവാൻ പാടില്ല. 21-ാം നൂറ്റാണ്ടിലെ സുവിശേഷത്തിന്റെ ലക്ഷ്യത്തിനായി നമുക്ക് അത് കാണണം, അത് തിരിച്ചറിയണം, അതിൽ സന്തോഷിക്കണം, അതിന്റെ അർത്ഥത്തെക്കുറിച്ച് ചിന്തിക്കുകയും വേണം.

രണ്ട്, അവൻ ലോകസുവിശേഷീകരണ പ്രവർത്തനം പുനക്രമീകരിക്കുന്നു. ലോകമെമ്പാടും ശേഷിക്കുന്ന സഭയിൽ നിന്ന് ഒരു നക്ഷത്രം പ്രകാശിക്കുന്നു. ഭൂമിശാസ്ത്രപരമായി ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് പോകുക എന്ന ചരിത്രപരമായ ആശയം മായ്ക്കുന്നു. ‘‘ദൗത്യസംഘങ്ങൾ’’ മരിക്കുന്നു, ലോകസുവിശേഷീകരണം എവിടെയും എല്ലായിടത്തും മുൻപന്തിയിലേക്ക് വരുന്നു. ഈ അനുഗ്രഹത്തെ കുറ്റപ്പെടുത്തുവാനുള്ള ഒരു കാരണവും ഞാൻ കാണുന്നില്ല. എല്ലാറ്റിലുമുപരി, ‘‘ദൗത്യസംഘങ്ങൾ’’ ഒരിക്കലും ഒരുരീതിയിലും ഒരു വേദപുസ്തകപദമായിരുന്നില്ല. സഭയിലൂടെ ക്രിസ്തു പ്രതിഫലിക്കുന്നതിനുള്ള കാരണം എല്ലായ്പ്പോഴും പ്രാഥമികമായി ബൈബിൾ മാതൃകയാണെന്നുള്ളതാണ്. കൂടാതെ ഇപ്പോൾ, സഭയുടെ വലിപ്പവും, വീതിയും, പക്വതയും, വ്യാപനവും സമഗ്രമായി പ്രകടമാകുന്നതിലും അതിനോടു സമീപിക്കുന്ന കാര്യത്തിലും സഭ അനുവദിക്കുന്നതിൽ നാം സന്തോഷിക്കേണ്ടതുണ്ട്.

**‘‘ദൗത്യസംഘങ്ങൾ’’ മരിക്കുന്നു**

ഇതാണ് നമ്മുടെ ധർമ്മസങ്കടത്തിന്റെയും വെല്ലുവിളിയുടെയും കാതൽ എന്ന് ഞാൻ ചിന്തിക്കുന്ന കാര്യം. ആത്മാവായ ദൈവം ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുക, അതിനോട് ഉത്സാഹത്തോടുകൂടി സഹകരിക്കുവാൻ ശ്രമിക്കുക എന്നിവയാണത്. മിഷണറിമാരെ അയയ്ക്കുന്നതോ, പുതിയ തന്ത്രങ്ങളെ ചൂണ്ടിക്കാണിക്കുകയോ, അല്ലെങ്കിൽ ചരിത്രത്തെ സംരക്ഷിക്കുകയോ ചെയ്യുന്നത് ഒരിക്കലും മഹാനിയോഗത്തിന്റെ ആഹ്വാനമായിരുന്നില്ല, അവ സഭയുടെ ഉദ്ദേശ്യവുമായിരുന്നില്ല. യേശുവിൽ ജീവിക്കുന്ന ദൈവത്തിന്റെ സുവിശേഷം അറിയിക്കുവാനാണ് നമ്മൾ ഇവിടെ വസിക്കുന്നത്. പുതിയ തന്ത്രങ്ങൾ ഉരുവാക്കിയെടുക്കുക, പുതിയ മിഷണറി പ്രസ്ഥാനങ്ങൾ ആരംഭിക്കുക, പുതിയ തന്ത്രങ്ങൾ മെനെയുക, മിഷണറിമാരെ ആയയ്ക്കുക തുടങ്ങിയവ ചെയ്യുന്നതിലൂടെ ആ ലക്ഷ്യത്തെ മികച്ച രീതിയിൽ സാധൂകരിക്കുന്നുവെങ്കിൽ അത് പൂർണ്ണഹൃദയത്തോടെ ചെയ്യാം. പക്ഷേ, നൂറ്റാണ്ടുകളുടെ പ്രാർത്ഥനയിൽ ഉത്തരം നൽകുമ്പോൾ, നമ്മുടെ ഗ്രഹത്തെ പുതിയ ഒരു യാഥാർത്ഥ്യമായി ദൈവം ചായം പൂശുമ്പോൾ, തീർച്ചയായും നാം പ്രതികരിക്കേണം. ഈ പുതിയ കാലത്തിൽ നാം പരിശുദ്ധാത്മാവിനോട് സഹകരിക്കുന്നില്ലെങ്കിൽ അത് പാപമാണ്. തന്ത്രപരമായ അവസരം നഷ്ടപ്പെടുന്നതിനെക്കുറിച്ചും വിഭവങ്ങൾ പാഴാക്കുന്നതിനെക്കുറിച്ചും നാം ഒന്നും പറയുവാൻ പാടില്ല.

മൂന്ന്, വ്യത്യസ്തമായി പ്രതികരിക്കുവാൻ ദൈവം പടിഞ്ഞറൻ ദേശത്തോട് ആവശ്യപ്പെടുന്നു. ലോകമെമ്പാടുമുള്ള നമ്മുടെ സഹോദരങ്ങളുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നത്: 1. ശവക്കുഴി ഇപ്പോഴും തുറന്നിരിക്കുന്നു, ദൈവം ധാരാളം കുട്ടികളെ രാജ്യത്തിലേക്ക് കൊണ്ടുവരുന്നു. 2. ഈ ഉത്തരവാദിത്തത്തിൽ നേതൃത്വം വഹിക്കുവാൻ അവർ തയ്യാറാണ്. 3. നമ്മുടെ പങ്ക് അതിനനുസാരമായി ക്രമീകരിക്കേണം.

നാല്, തന്റെ പുത്രന്റെ പുനരാഗമനത്തിനായി അവൻ ഈ ഗ്രഹത്തെ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. നാം ജീവിക്കുന്ന അനുഗ്രഹങ്ങളെ ഞാൻ വീക്ഷിക്കുമ്പോൾ അത് വളരെ പ്രതീക്ഷയോടെ

യാണ് ചെയ്യുന്നത്. നമ്മുടെ നാളിൽ ലോകം മുഴുവൻ ശിഷ്യന്മാരാകും എന്നതുമാത്രമല്ല, ഓരോ സ്ത്രീപുരുഷന്മാരും ഓരോ കുട്ടിയും സുവിശേഷം കേൾക്കുവാനും അതിനോടു പ്രതികരിക്കുവാനും ഉള്ള അവസരം ലഭിക്കുമെന്ന് മാത്രമല്ല, യേശു അധികാരത്തിലേക്കും മഹത്വത്തിലേക്കും തിരിച്ചെത്തുന്ന ദിവസത്തിലേക്ക് നാം അടുക്കുകയും കൂടിയാണ് ചെയ്യുന്നത്. ഈ ബോധ്യത്തിന്റെ തീവ്രത ലോകമെമ്പാടുമുള്ള നമ്മുടെ സഹോദരന്മാരെ മുന്നോട്ടു നയിക്കുന്നു. മാത്രമല്ല, നമുക്ക് ഇതിന്റെ പ്രാധാന്യതെയ വീണ്ടെടുക്കുവാൻ കഴിയുമെങ്കിൽ വളരെയധികം കാര്യങ്ങൾ ചെയ്യുവാനാകും. എന്നാൽ, ഇവയിൽ നിന്നുള്ള ഏറ്റവും പ്രധാനപ്പെട്ട ചോദ്യം എന്തെന്നാൽ, ഇതിനായി നാം എന്തുചെയ്യണം? ഇനി പറയുന്നവയാണ് ഞാൻ നിർദ്ദേശിക്കുന്നത്.

ഒന്നാമതായി, രാജ്യങ്ങളും അവിടുത്തെ സംഘടനകളും സംയുക്ത സംരംഭമായി ഒത്തുചേർന്ന് ദർശനം അടിസ്ഥാനമാക്കിയുള്ള ഉദ്യമങ്ങൾ നമ്മൾ രചിക്കണം. ദർശന-അടിസ്ഥാനം എന്ന് ഞാൻ പറഞ്ഞതിന് കാരണം, ഇത് ആരോഗ്യകരമായ പങ്കാളിത്തത്തിനുള്ള അടിത്തറ ഉണ്ടാക്കുന്നു എന്നതു മാത്രമല്ല പരമപ്രദാനമായ ഇടങ്ങളിലേക്ക് വിഭവങ്ങൾ ഒഴുകുവാനും ഇത് ഇടയാക്കുന്നു: അതായത്, രാജ്യത്തിന്റെ വിപുലീകരണം! കെട്ടിടങ്ങളുടെ വിപുലീകരണം, ഇടയന്മാർക്കുള്ള പിന്തുണകൾ തുടങ്ങിയവയ്ക്കായി പടിഞ്ഞാറൻ രാജ്യങ്ങളിൽ നിന്നുള്ള ഒഴുക്ക് ഞാൻ മനസ്സിലാക്കുന്നു. എങ്കിലും ഇതിലെ അനേകം ചതിക്കുഴികളെക്കുറിച്ചും അപകടങ്ങളെക്കുറിച്ചും ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നു എന്നും ഞാൻ കരുതുന്നു. ശരിയായ പങ്കാളിത്തം ആരംഭിച്ച്, അത് അവസാനിപ്പിച്ച് ഒരു പങ്കാളിക്ക് സ്വന്തമായി അതിനെ കൊണ്ടുപോകുവാൻ കഴിയുന്നു എങ്കിൽ ഇത് അതിനേക്കാൾ വലിയ കാര്യമാണ്. ഇതിനെക്കുറിച്ചുള്ള കൂടുതൽ ചിന്തകൾക്കായി എനിക്കെഴുതി സംയുക്ത സംരംഭങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള ലേഖനം ആവശ്യപ്പെടുക.

> സംയുക്ത സംരംഭങ്ങൾ ലോകമെമ്പാടുമുള്ള സഭയുമായി ചേർന്ന് ആരോഗ്യകരമായ പങ്കാളിത്തത്തിലേക്ക് നയിക്കുന്നു.

21-ാം നൂറ്റാണ്ടിലെ പങ്കാളിത്തം ആരംഭിക്കുന്നത് ഒരു ജനതയേയോ ഒരു ദേശത്തേയോ സുവിശേഷത്താൽ പൂർണ്ണമായും ശിഷ്യരാക്കുന്നതിന് വേണ്ട ദർശനം പങ്കിടുന്നിടത്താണ്. ഇക്കാര്യത്തിൽ ഒരു പക്ഷേ നമുക്കു പകരം അവരിലുള്ളവരെത്തന്നെ അയയ്ക്കുന്ന കാര്യത്തിൽ സജീവമായ ഒരു പരസ്പരധാരണ വേണമെന്നുവരെ ആവശ്യപ്പെടുന്നു. ഉക്രെയ്നിലെ സഭയുമായുള്ള ബന്ധത്തിൽ ഇത് കൊണ്ടുവരേണ്ടുന്നതിന്റെ സൂചന ആവശ്യമാണെന്നും റഷ്യൻ ഭാഷ സംസാരിക്കുന്ന ഇടങ്ങളിൽ സുവിശേഷം എത്തിക്കുന്നതിന് ദൈവാത്മാവിനാൽ ഉപയോഗിക്കപ്പെടുവാനുള്ള സന്നദ്ധതയും ഇക്കാര്യം വ്യക്തമാക്കുന്നു. മറ്റ് രാജ്യങ്ങൾ മിഷണറിമാരെ അയയ്ക്കരുതെന്നല്ല: മറിച്ച്, ദൈവത്തിന്റെ ഇടപാടുകളുടെ പ്രഥമമായ ക്രമം കൃപയുടെ സുവിശേഷം അറിയിക്കുന്നതും അതിൽ ജീവിക്കുന്നതും ആണെങ്കിൽ, ഇത് ഫലപ്രദമായി ചെയ്യുവാൻ ഒരു കൂട്ടുപ്രവർത്തകൻ ഉണ്ടെങ്കിൽ, ആദ്യതന്ത്രമായി ആ പ്രവർത്തനരീതി പിൻതുടരുക എന്നതാണ് ആവശ്യമായത്.

ഇതിൽ പങ്കുചേരുന്ന മറ്റ് രാജ്യങ്ങളിൽ നിന്നുള്ള മിഷണറിമാർ മുൻമിഷണറിമാരേക്കാൾ വ്യത്യസ്തരായിരിക്കും. മുൻനിര പരിശീലകരേക്കാൾ, മറ്റുള്ളവരെ എങ്ങനെ പ്രചോദിതരാക്കാമെന്ന് അറിയുന്ന പരിചയസമ്പന്നരായ പരിശീലകരും അഭ്യസിപ്പിക്കുന്നവരും ആയിരിക്കും അവരുടെ നിലനിൽപ്പിനുള്ള മുഖ്യകാരണം.

ഇത്തരത്തിലുള്ള പങ്കാളിത്തത്തിന്റെ രണ്ടാമത്തെ സൂചന എന്നത്, സഭയുടെ പ്രവർത്തനം എങ്ങനെ ദൈവവചനാടിസ്ഥാനത്തിൽ ചെയ്യാമെന്ന് പഠിപ്പിക്കുന്നതിന് അവരുടെ നേതാക്കന്മാരെ നമ്മുടെ

സാഹചര്യത്തിലേക്ക് സ്വീകരിക്കുന്നു. ഈ സാധ്യതകളുടെ ശക്തിയെ സംശയിക്കുവാനാവില്ല. ചൈനയിലെ സഭയോ, ആഫ്രിക്കയിലെ സഭയോ അല്ലെങ്കിൽ ലാറ്റിനമേരിക്കയിലെ സഭയോ ആകട്ടെ, ഫലപ്രദമായി നിവർത്തിക്കുവാനായി ദൈവം തന്റെ സഭയെ ഉരുവാക്കിയെങ്കിൽ, വളരെ സജീവമായി ത്തന്നെ നാം അതിന്റെ ഉപദേശം തേടേണ്ടതുണ്ട്. ആഴത്തിൽ ദൈവശാസ്ത്രപരമായ ധാരണകളെ ചൊല്ലിയുള്ള വാദം, അല്ലെങ്കിൽ വേദപുസ്തക അധികാരം എന്നതിനെക്കുറിച്ചുള്ള തർക്കം എന്നത് യാതൊരു കഴമ്പുമില്ലാത്തതാണ്. ഈ രാജ്യങ്ങളിൽ നിന്നുള്ള നൂറുകണക്കിന് ആയിരക്കണക്കിന് നേതാക്കൾക്ക് മിക്ക കേസുകളിലും ഇപ്പോൾ ഒരു ശരാശരി പാശ്ചാത്യ നേതാവിനേക്കാൾ ദൈവശാസ്ത്രത്തിൽ ബിരുദവും പരിശീലനവും ഉള്ളവരാണ്. അതിലുപരിയായി, ദൈവത്തിനു വിരുദ്ധമായി നിൽക്കുന്ന ഒരു സംസ്കാരത്തിന്റെ ശത്രുതയെ അഭിമുഖീകരിക്കുകയും അതിനെതിരെ വിജയം കാണുകയും ചെയ്തവരാണ്. സുവിശേഷത്തോടുള്ള  താൽപര്യം ക്ഷയിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ഇക്കാലത്ത്, സുവിശേഷത്തിന്റെ സവിശേഷമായ ജീവിതനിലവാരത്തെ നമ്മുടെ സമപ്രായക്കാർക്ക് പകർന്നുകൊടുക്കുന്നതിൽ കാര്യക്ഷമതയില്ലായ്മ, അതുപോലെ സഭാ നേതൃത്വത്തിലുള്ള അനേകരുടെ ധാർമ്മിക പരാജയങ്ങൾ എന്നിവ പഠനവിഷയമാക്കേണം എന്ന ഒരു നിലപാട് എടുക്കേണ്ടതാണ്.

ഓസ്ട്രേലിയ, യകെ, യുഎസ് എന്നിവിടങ്ങളിലെ പെന്തെക്കോസ്ത്, ബാപ്റ്റിസ്റ്റ് വിഭാഗങ്ങളിൽ പങ്കാളികളെ കണ്ടെത്തുവാൻ ഉക്രെയ്നിലെ  ബാപ്റ്റിസ്റ്റ് യൂണിയനും പെന്തെക്കോസ്ത് യൂണിയനുകൾക്കും കഴിയുമെങ്കിൽ എന്തു സംഭവിക്കും എന്നു ഞാൻ സ്വപ്നം കാണുകയാണ്. വ്യത്യസ്തരായ ആളുകൾ, സാമ്പത്തിക, പഠന വിഭങ്ങളുടെ പരിശീലനം തുടങ്ങിയവയെല്ലാം മേശമേൽ കൊണ്ടുവരുന്നതുതന്നെ പണ്ടുണ്ടാകാത്ത കാര്യങ്ങളായിരിക്കും. അത്തരമൊരു പങ്കാളിത്തം അടുത്ത രണ്ട് ദശകങ്ങളിൽ റഷ്യൻ ഭാഷ സംസാരിക്കുന്ന ഇടങ്ങളെ മുഴുവൻ സുവിശേഷവത്ക്കരിക്കുമെന്ന കാര്യത്തിൽ നമുക്ക് സംശയമുണ്ടോ?

പ്രാദേശിക സഭകൾ മറ്റ് പ്രാദേശിക സഭകളുമായുള്ള പങ്കാളിത്തത്തെക്കുറിച്ച് ഞാൻ വാദിച്ചിട്ടില്ലെന്ന് നിങ്ങൾക്ക് ശ്രദ്ധിക്കുവാൻ കഴിയും. പല കാരണങ്ങളാലാണ് ഞാൻ ഇത് ചെയ്തത്. ഒന്നാമതായി, സഭയുടെ സമഗ്രതയ്ക്ക് കൂടുതൽ ഊന്നൽ നൽകേണ്ടുന്ന ദിവസം വന്നിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രാദേശിക സഭാപങ്കാളിത്തം ഇത് ചെയ്യുന്നില്ല. സഭ എല്ലായ്പ്പോഴും നാം വിചാരിക്കുന്നതിനേക്കാൾ വളരെയധികം വലുതാണെന്ന് കാര്യം നാം അവരിൽ നിന്നും പഠിക്കേണ്ടതുണ്ട്. നമ്മുടെ അമേരിക്കൻ സ്വാതന്ത്ര്യത്തിന് ഈ ഘട്ടത്തിൽ വിമർശനം ആവശ്യമാണ്. തിരുവെഴുത്തിനെ അവഗണിച്ചു എന്നുള്ളത് മാത്രമല്ല, പരിശുദ്ധാത്മാവിന്റെ നിരന്തരമായ പ്രവർത്തനത്തെ അധികരിപ്പിക്കുന്ന നിലയിൽ ദൈവത്തിന്റെ സമ്പത്തിനെ പലവഴികളിലൂടെ പാഴാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു എന്ന ദുഖകരമായ അവസ്ഥയിൽ നാം എല്ലാവരും കഷ്ടപ്പെടുകയാണ്. നാം സ്വയം ഉൾപ്പെട്ടുനിൽക്കുന്ന സംഘടനകൾ തമ്മിൽ വർദ്ധിച്ചുവരുന്ന വിഭാഗീയത പുലർത്തുന്നതിൽനിന്ന് ദൈവം അവരെ സംരക്ഷിക്കട്ടെ?

ഉയർന്ന തലത്തിൽ സഹകരണത്തിനുള്ള ഈ ആഹ്വാനത്തിന്റെ രണ്ടാമത്തെ കാരണം രാജ്യം മുഴുവനുമായോ അല്ലെങ്കിൽ മുഴുവൻ ആളുകളിലോ സുവിശേഷീകരണത്തിന് ആവശ്യമായ വിഭവങ്ങൾ എത്തിക്കുക എന്നത് പ്രാദേശിക സഭകൾക്ക് സ്വയം ചെയ്യുവാൻ സാധ്യമല്ല എന്നുള്ളതാണ്. ഈ ആശയത്തിൽ നിന്ന് പ്രാദേശിക സഭകളെ ഒഴിവക്കണമെന്ന് ഞാൻ പറയുന്നില്ല. എന്നാൽ, പ്രാദേശിക സഭകളെ ലക്ഷ്യമാക്കുന്നതും അവരെ കൂട്ടിവരുത്തുന്നതും സംഘടനകൾ തമ്മിലുള്ള പങ്കാളിത്തത്തോടെ സാധ്യമാണ്, അതിൽ വളരെ കൂടുതൽ സാധ്യതകൾ ഉൾക്കൊള്ളുന്നു.

എന്റെ രണ്ടാമത്തെ ശുപാർശ എന്നത്, മറ്റ് രാജ്യങ്ങളിലുള്ള നേതൃത്വങ്ങളുമായി പ്രവർത്തിക്കുവാൻ നമ്മുടെ എഫെസ്യർ 4 അടിസ്ഥാനമാക്കിയുള്ള നേതൃത്വത്തിലെ ഏറ്റവും മികച്ച നേതൃത്വത്തെ തിരിച്ചറിഞ്ഞ് അയയ്ക്കുക എന്നതാണ്. ഇത് മുകളിലത്തെ ഖണ്ഡികയിൽ ധ്വനിക്കുന്ന വിഷയമാണ്. എഫെസ്യർ 4 നേതൃത്വം എന്ന പദം ഉപയോഗിക്കുന്നത് ചിലരെ അത്ഭുതപ്പെടുത്തുമെന്ന് എനിക്കറിയാം. എന്നാൽ ഞാൻ ഇവിടെ പരാമർശിക്കുന്നത് ചുരുക്കമായി പറഞ്ഞാൽ, എഫെസ്യർ 4:11 ൽ യേശു തന്റെ സഭയ്ക്ക് കൃപാവരപ്രാപ്തരായ ആളുകളെ നൽകിയിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ അറിവിൽ നിന്ന്, ആവർ ആരെന്നാൽ: 1. അപ്പൊസ്തലൻ-വിപുലീകരണം, 2. പ്രവാചകൻ-തിരുത്തൽ, 3. സുവിശേഷകൻ-വ്യാപനം, 4. ഇടയൻ-കരുണ, 5. അധ്യാപകൻ-സത്യം.

ഈ കൃപാവരപ്രാപ്തരായ വ്യക്തികളുടെ സജീവമായ ഏകോപനവും സഹകരണവുമാണ് നാം അപ്പൊസ്തല പ്രവർത്തികളുടെ പുസ്തകത്തിൽ വായിക്കുകയും, കഴിഞ്ഞ 2000 വർഷങ്ങളിൽ ഇടയ്ക്കിടെ കാണുകയും ചെയ്യുന്നത്. ഇന്ന് പാശ്ചാത്യ ലോകത്ത് ഇത് കാണുവാനോ നേടിയെടുക്കുവാനോ കഴിയുന്നില്ല എന്നത് നമ്മുടെ തന്നെ കുഴപ്പമാണ്. അന്ത്യോക്യയിലെ സഭയിൽ നിന്ന് നേതൃത്വത്തെ വെവ്വേറെയാക്കുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിച്ചപ്പോൾ, ക്രിസ്തുവിന്റെ സഭയിൽ നൽകിയ ദാനങ്ങളെക്കൊണ്ടു തന്നെ പരിശുദ്ധാത്മാവ് അക്കാര്യങ്ങൾ നിവർത്തിച്ചു എന്ന കാര്യം ഞാൻ പറയാതെ പോകുന്നു എന്നെനിക്കു തോന്നുന്നു. എനിക്ക് താല്പര്യം ജനിച്ചത് അവിടുന്ന് വളരെ ലളിതമായി ചിലരെ വേർതിരിക്കുകയല്ല ചെയ്തത് എന്നുള്ളതിലാണ്. എന്നാൽ 40% ത്തോളം വരുന്ന സഭയുടെ നേതാക്കന്മാരെ സ്വതന്ത്രമാക്കി പുറത്തേക്ക് വിളിക്കുകയായിരുന്നു എന്നെനിക്ക് തോന്നുന്നു. അപ്പൊസ്തല പ്രവർത്തികൾ 13 കാണുക. പാശ്ചാത്യ സഭകൾ ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് ആളുകളെ അയയ്ക്കുന്നതും പ്രവർത്തിക്കുന്നതുമായ കാര്യങ്ങളിലും ധാരാളം തിരുത്തലുകൾ ആവശ്യമാണ്. എന്നാൽ, ഇതിനേക്കാൾ പ്രധാനം മറ്റൊന്നുമല്ല, നാം ആദ്യതലമുറ പരിശീലകരെയല്ല, മറിച്ച് പരിചയസമ്പന്നരായ എഫെസ്യർ 4:11 പ്രകാരമുള്ള ആളുകളെ അയയ്ക്കുക എന്നുള്ളതാണ്.

> ഇന്ന്, ദൗത്യങ്ങൾക്ക് വരപ്രാപ്തരം പരിചയസമ്പന്നരും ആയ നേതൃത്വം ആവശ്യമാണ്

നമ്മുടെ ഇടയിലെ പുതിയ വംശീയ സമുദായങ്ങളിൽ പടിഞ്ഞാറൻ സഭകൾ സ്ഥാപിക്കുവാൻ മൂന്നു പേർ അവരുടെ ഏറ്റവും മികച്ച നേതൃത്വത്തോടൊപ്പം സംയുക്ത സംരംഭത്തിന് സജീവമായി ശ്രമിക്കുന്നു. യുഎസിലെ പല സംഘടനകളും സഭാവിഭാഗങ്ങളും ഈ വിജയകരമായ ചലനാത്മകതയെ ഇതിനകം കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷേ, കൂടുതൽ സോദ്ദേശ്യപരമായി ഇത് ചെയ്യേണ്ടതുണ്ട്. ഇതിലെ ഒരു ബുദ്ധിമുട്ട് എന്നത് വർദ്ധിച്ചുവരുന്ന വംശീയ സഭകളുടെ എണ്ണം മൂലം ചില സംഘടനകൾക് സാമ്പത്തികമായി നേരിടുന്ന തകർച്ചയിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ കഴിയില്ല എന്നുള്ളതാണ്. അതിനാൽ ഇത് ചെയ്യുന്നത് സൗകര്യപ്രദമാകയില്ല എന്നു തോന്നുന്നു. എന്നാൽ ജീവനോ മരണമോ, അത് ദൈവത്തിന്റെ കരങ്ങളിലിരിക്കുന്നതാണ്. നാമെല്ലാവരും നിലനിൽക്കുന്നതുതന്നെ ദൈവത്തിന്റെ കൃപാദാനത്തെക്കുറിച്ചു പറയുവാനും അതിൽ ജീവിക്കുവാനുമാണ്. നമ്മുടെ ഉണ്മയിൽ അവൻ ചെയ്യുന്നതെന്താണോ അതിനെ അനുസരിച്ചുകൊണ്ട് അവനിൽതന്നെ നാം ഏൽപ്പിച്ചുകൊടുക്കേണ്ടതാണ്.

നാല്, നാം ചെയ്യുന്നതെന്തും അത് എങ്ങനെ നിവർത്തിക്കുന്നു എന്നും യേശു നമുക്കെല്ലാവർക്കും നൽകിയിട്ടുള്ള ദൗത്യം എങ്ങനെ നന്നായി നിറവേറ്റാമെന്നും ഉള്ള കാര്യങ്ങളെ അവരുടെ ഏറ്റവും നല്ല നേതൃത്വങ്ങൾ സംയുക്തമായും സമഗ്രമായും വിമർശിക്കുവാൻ ശ്രമിക്കണം. ലോകമെമ്പാടു

മുള്ള നമ്മുടെ സഹോദരങ്ങളുടെ ഉപദേശം തേടുവാനും അതിനെ ഗൗനിക്കുവാനും കഴിയുന്ന വിധത്തിൽ പടിഞ്ഞാറൻ സഭകൾക്ക് വളരെയധികം നവീകരണ സാധ്യതകൾ ഉണ്ടെന്ന് ഞാൻ കരുതുന്നു. നാം അഭിമുഖീകരിക്കുന്നതിനേക്കാൾ നാം തിരിച്ചറിഞ്ഞത് എന്താണെന്നും അതിലും ഏറെ അവർ മനസ്സിലാക്കുന്നു.

സഭയുടെ 2000 വർഷത്തെ ചരിത്രത്തിൽ നാം കണ്ടിട്ടില്ലാത്തതുപോലുള്ള വിളവെടുപ്പിലൂടെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ലോകമെമ്പാടുമുള്ള ഇടങ്ങളിൽ ഇന്ന് പ്രവർത്തിക്കുന്നു. ഇത് വിളവെടുപ്പിന്റെ കാലമാണ്. സ്വന്ത രാജ്യങ്ങളിലും അതിനപ്പുറവും തന്റെ സഭ സമ്പൂർണ്ണമായും സജീവമായും സഹവർത്തിക്കുവാൻ ദൈവം കൃപതരട്ടെ!

ഡൈറ്റ് സ്മിത്ത്

പകർപ്പവകാശനിയത്തിൽ പെട്ടത്, ജനുവരി, 2010